27
ജൂൺ 2024
വ്യാഴം
1445 ദുൽഹജ്ജ് 21
1199 മിഥുനം 13

https://gulf-chandrika.com/

ഗൾഫ് ചന്ദ്രിക

facebook.com/@gulfchandrika
instagram.com/@gulfchandrika
youtube/@gulfchandrika

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം

Registered. NO. KL/CT/9/2024-26 | Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal

പേജ് 22
അബുദാബി

സംസ്ഥാനത്ത് കനത്ത മഴ
വൻ നാശനഷ്ടം

- ഒരു മരണം; നിരവധി വീടുകൾ തകർന്നു
- കടലാക്രമണം രൂക്ഷം
- പെരിങ്ങൽക്കുത്ത്, കല്ലാർകുട്ടി, പാംബ്ല, മലങ്കര അണക്കെട്ടുകൾ തുറന്നു

തിരുവനന്തപുരം: സംസ്ഥാനത്ത് വിവിധയിടങ്ങളിൽ പെയ്ത കനത്ത മഴയിൽ വ്യാപക നാശനഷ്ടം. ഒരു മരണം. മണ്ണിടിഞ്ഞും മരം വീണും നിരവധി വീടുകൾ തകർന്നു. വാഹനങ്ങൾക്കും കേടുപാടുണ്ടായി. ആലപ്പുഴ ആറാട്ട് വഴിയിൽ മതിലിടിഞ്ഞ് വീണ് ഫയാസ് എന്ന വിദ്യാർത്ഥിയാണ് മരിച്ചത്. സ് കൂൾ വിട്ട് വീട്ടിലേക്ക് വരും വഴിയായിരുന്നു അപകടം. ആറാ ട്ട്വഴിയിൽ അത്തക്ക് പറമ്പ് വീ ട്ടിൽ അലിയുടെ മകനാണ്. മലപ്പുറത്ത് പുഴയിൽ കുളിക്കാനിറങ്ങിയ 15 വയസുകാരനെ കാണാതായി. ചോക്കാട് മാളിയേക്കലിൽ കുതിരപ്പുഴയിൽ കുളിക്കുന്നതിനിടെയാണ് കാണാതായത്. വീടിന്റെ മേൽക്കൂര തകർന്ന് വീണ് അമ്പലപ്പുഴയിൽ അമ്മക്കും നാല് വയസുള്ള കുഞ്ഞിനും പരിക്കേറ്റു. തിരുവനന്തപുരം പള്ളിപ്പുറത്ത് വീട് ഭാഗികമായി തകർന്നു.

പാലക്കാട് ആലത്തൂരിൽ താൽകാലിക പാലം തകർന്നു. ദേവികുളത്ത് സംരക്ഷണഭിത്തി ഇടിഞ്ഞുവീണ് വീട് തകർന്നു. തിരുവവന്തപുരം കഴക്കൂട്ടം മഹാദേവർ ക്ഷേത്രത്തിനു മുൻപിലെ പരസ്യ ബോർഡ് കാറ്റിലും മഴയിലും നിലംപൊത്തി. യാത്രക്കാർ ഇല്ലാതിരുന്നതിനാൽ അപകടം ഒഴിവായി. കോഴിക്കോട് നാദാപുരത്ത് വീടിന് മുകളിൽ മരം കടപുഴകി വീണു.

എറണാകുളം ചെല്ലാനം പഞ്ചായത്തിലെ കണ്ണമ്മാലിയിലും ഞാറക്കൽ എടവനക്കാട് തീരമേഖലകളിലും കടൽവെള്ളം വീടുകളിലേക്ക് ഇരച്ചുകയറി. കണയന്നൂർ താലൂക്കിൽ ദുരിതാശ്വാസ ക്യാമ്പ് തുറന്നു. പൊന്നാനി അലിയാർപള്ളി ഭാഗങ്ങളിലും വെളിയങ്കോടും പാലപ്പെട്ടിയിലും കടലാക്രമണം ഉണ്ടായി. ആലുവയിൽ കനത്ത കാറ്റിൽ മരങ്ങൾ കടപുഴകി വീണു. പെരിയാർ തീരത്തെ ജി.സി.ബി. എ റോഡിൽ നാല് കൂറ്റൻ മരങ്ങളും ആയുർവേദ ആശുപത്രി വളപ്പിലെ മരങ്ങളും നിലംപൊത്തി. തലശേരി ചൊക്ലിയിൽ ഓടിക്കൊണ്ടിരുന്ന കാറിനു മുകളിൽ മരം വീണു. ഡ്രൈവർ രക്ഷപ്പെട്ടു.

കൊയിലാണ്ടി ദേശീയപാതയിൽ വെള്ളക്കെട്ടും ഗതാഗതക്കുരുക്കും രൂക്ഷമായതിൽ പ്രതിഷേധിച്ച് റോഡ് നിർമ്മാണ കമ്പനിയായ വാഗാഡിന്റെ ഓഫീസ് നാട്ടുകാർ ഉപരോധിച്ചു. ജലനിരപ്പ് ഉയർന്നതോടെ പെരിങ്ങൽക്കുത്ത്, കല്ലാർ കുട്ടി, പാംബ്ല, മലങ്കര അണക്കെട്ടുകൾ തുറന്നു. മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്ന് മുന്നറിയിപ്പുണ്ട്. മഴ ശക്തമായി തുടർന്നാൽ ജലനിരപ്പ് ഉയരുന്നതിന് അനുസരിച്ച് മംഗലം ഡാമിന്റെ സ്പിൽ വെ ഷട്ടറുകൾ തുറക്കുമെന്ന് അധികൃതർ അറിയിച്ചു. ഡാമിന്റെ താഴെ ഭാഗത്തുള്ള ചെറുകുന്നം പുഴയുടെ തീരത്തുള്ളവർ ജാഗ്രത പാലിക്കണമെന്നും നിർദേശമുണ്ട്.

ആറ് ജില്ലകളിൽ ഇന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി

തിരുവനന്തപുരം: സംസ്ഥാന ത്ത് ശക്തമായ മഴയും മഴക്കെടുതികളും തുടരുന്ന പശ്ചാത്തലത്തിൽ ആറ് ജില്ലകളിൽ ഇന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിച്ചു. വയനാട്, പത്തനംതിട്ട, ഇടുക്കി, കോട്ടയം, എറണാകുളം, ആലപ്പുഴ ജില്ലകളി ലാണ് അതത് ജില്ലാ കലക്ട ർമാർ അവധി പ്രഖ്യാപിച്ചത്. മുൻ നിശ്ചയിച്ച പരീക്ഷകളിൽ മാറ്റമുണ്ടാവില്ല. അതിശക്ത മഴക്കുള്ള സാധ്യത കണക്കിലെടുത്ത് എട്ടു ജില്ലകളി ൽ ഓറഞ്ച് അലർട്ടും പത്തനംതിട്ട മുഴിയാർ ഡാം പ്രദേശത്ത് റെഡ് അലർട്ടും പ്രഖ്യാപിച്ചിട്ടുണ്ട്.

ഉള്ളാളിൽ വീടിനുമുകളിൽ മതിലിടിഞ്ഞ് നാലു മരണം 22

പ്രതിപക്ഷം ഉന്നയിക്കുന്നതും ജനങ്ങളുടെ ശബ്ദം

വാക്കുകളിൽ പോരാട്ടവീര്യം നിറച്ച് നേതൃറോളിൽ രാഹുലിന്റെ കന്നി പ്രസംഗം

> സർക്കാറിന് രാഷ്ട്രീയ അധികാരങ്ങളുണ്ട്. എന്നാൽ പ്രതിപക്ഷം ഉയർത്തുന്നതും ജനങ്ങളുടെ ശബ്ദമാണ്. സഭാധ്യക്ഷൻ എന്ന നിലയിൽ താങ്കളെ സഹായിക്കാൻ തയ്യാറാണ്. തിരിച്ച് പ്രതിപക്ഷത്തെ സംസാരിക്കാൻ താങ്കളും അനുവദിക്കണം. പ്രതിപക്ഷത്തെ നിശ്ശബ്ദരാക്കി സഭ മുന്നോട്ടു കൊണ്ടുപോകാമെന്നത് ജനാധിപത്യപരമായ ആശയമല്ല

ന്യൂഡൽഹി: വാക്കുകളിൽ പോരാട്ടവീര്യം നിറച്ച് പ്രതിപക്ഷ നേതാവിന്റെ റോളിലുള്ള കന്നി പ്രസംഗത്തിൽ സഭയുടെ ശ്രദ്ധകവർന്ന് രാഹുൽ ഗാന്ധി. പതിനെട്ടാം ലോക്സഭയുടെ സ്പീക്കറായി ഓംബിർളയെ തിരഞ്ഞെടുത്തതിനു പിന്നാലെ സഭയിൽ നടത്തിയ ഹ്രസ്വമായ അനുമോദന പ്രസംഗത്തിലാണ് രാഹുൽ പ്രതിക്ഷത്തിന് പറയാനുള്ളതെല്ലാം ആറ്റിക്കുറുക്കി പറഞ്ഞത്. വരാനിരിക്കുന്ന അഞ്ചു വർഷവും ജനാധിപത്യ, ഭരണഘടനാ സംരക്ഷണത്തിനായി സന്ധിയില്ലാ പോരാട്ടത്തിനാണ് പ്രതിപക്ഷം എത്തിയിരിക്കുന്നതെന്ന സൂചന രാഹുൽ തുടക്കത്തിലേ നൽകി.

സ്പീക്കർ തിരഞ്ഞെടുപ്പ് നടന്ന ഇന്നലെ ഏവരും ഉറ്റുനോക്കിയത് പ്രതിപക്ഷ നേതാവ് എന്ന നിലയിലുള്ള രാഹുൽ ഗാന്ധിയുടെ ആദ്യ ദിനത്തിലെ സഭയിലെ ഇടപെടലായിരുന്നു. അത് വെറുതെയായില്ല. പതിനേഴാം സഭയിൽ കോടതി വിധിയുടെ സാങ്കേതികത്വം ആയുധമാക്കി എല്ലാ കീഴ്വഴക്കങ്ങളും കാറ്റിൽ പറത്തി മണിക്കൂറുകൾക്കകം തന്നെ പാർലമെന്റംഗത്വത്തിൽ നിന്ന് പുറത്താക്കിയ ഓംബിർളക്കു മുന്നിൽ പാർലമെന്ററി അധികാരങ്ങളോടെ പ്രതിപക്ഷ നേതാവിന്റെ റോളിൽ രാഹുൽ നിന്നത് മധുരപ്രതികാരത്തിന്റെ നിമിഷം കൂടിയായിരുന്നു.

സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ടതിൽ ഓംബിർളയെ സ്വന്തം പേരിലും ഇന്ത്യാ സഖ്യത്തിന്റെ പേരിലും അനുമോദിച്ച് പ്രസംഗം തുടങ്ങിയ രാഹുൽ, ജനങ്ങളുടെ ശബ്ദം സഭയിൽ ഉയർത്താൻ പ്രതിപക്ഷത്തെ അനുവദിക്കുമെന്നാണ് വിശ്വസിക്കുന്നതെന്ന് വ്യക്തമാക്കി.

"സർക്കാറിന് രാഷ്ട്രീയ അധികാരങ്ങളുണ്ട്. എന്നാൽ പ്രതിപക്ഷം ഉയർത്തുന്നതും ജനങ്ങളുടെ ശബ്ദമാണെന്ന് മറക്കരുത്. സഭാ നടപടികൾ നല്ല രീതിയിൽ മുന്നോട്ടു പോകണമെന്നാണ് പ്രതിപക്ഷം ആഗ്രഹിക്കുന്നത്. അതിന് പരസ്പര വിശ്വാസവും സഹകരണവും അനിവാര്യമാണ്. സഭാധ്യക്ഷൻ എന്ന നിലയിൽ താങ്കളെ സഹായിക്കാൻ പ്രതിപക്ഷം തയ്യാറാണ്. തിരിച്ച് പ്രതിപക്ഷത്തെ സംസാരിക്കാൻ താങ്കളും അനുവദിക്കണം. രാജ്യത്തെ ജനങ്ങളുടെ ശബ്ദം സഭയിൽ ഉയർത്താൻ എത്രത്തോളം അവസരം ലഭിക്കുന്നു എന്നതിനെ ആശ്രയിച്ചാണ് സഭ എത്രത്തോളം കാര്യക്ഷമമായി മുന്നോട്ടു പോകുന്നു എന്ന് നിശ്ചയിക്കുക. പ്രതിപക്ഷത്തെ നിശ്ശബ്ദരാക്കിയും അടിച്ചമർത്തിയും സഭ മുന്നോട്ടു കൊണ്ടുപോകാമെന്നത് ജനാധിപത്യപരമായ ആശയമാണെന്ന് കരുതുന്നില്ല. രാജ്യത്തിന്റെ ഭരണഘടന സംരക്ഷിക്കാൻ പ്രതിപക്ഷത്തിന് ശേഷിയുണ്ടെന്ന് ജനം തിരിച്ചറിഞ്ഞ തിരഞ്ഞെടുപ്പാണിത്. അതുകൊണ്ടുതന്നെ പ്രതിപക്ഷത്തിന് സംസാരിക്കാൻ അവസരം ഉറപ്പാക്കണം. താങ്കൾ താങ്കളുടെ ജോലി കൃത്യമായി ചെയ്യുകയും ഭരണഘടനാപരമായ ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും വേണം'' - രാഹുൽ കൂട്ടിച്ചേർത്തു.

കഴിഞ്ഞ സഭയിൽ പ്രതിപക്ഷത്തിന് സംസാരിക്കാൻ അവസരം നൽകാതെയും മൈക്ക് ഓഫാക്കിയും സഭയിൽ പ്രതിഷേധിച്ചതിന് പ്രതിപക്ഷ അംഗങ്ങളെ കൂട്ടത്തോടെ പുറത്താക്കിയും പാർലമെന്ററി ജനാധിപത്യത്തിന്റെ എല്ലാ മര്യാദകളും കാറ്റിൽ പറത്തിയ ഓംബിർളക്കെതിരെ അതിശക്തമായ ഭാഷയാണ് ആദ്യദിനം തന്നെ രാഹുൽ പുറത്തെടുത്തത്. കഴിഞ്ഞ രണ്ടു സഭകളിൽ നിന്നു വ്യത്യസ്തമായി കരുത്തുറ്റ പ്രതിപക്ഷമായി കോൺഗ്രസും ഇന്ത്യാ മുന്നണിയും സാന്നിധ്യമുറപ്പിച്ച സഭയിൽ പ്രതിപക്ഷ നേതൃപദവിയിൽ രാഹുൽ ഗാന്ധിയും നിലയുറപ്പിച്ചതോടെ തന്റെ പ്രവർത്തന ശൈലിയിൽ ഓംബിർള മാറ്റം വരുത്തുമോ എന്നാണ് ഇനി ഉറ്റുനോക്കാനുള്ളത്.

CLICK പതിനെട്ടാം ലോക്സഭയുടെ സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ട ഓം ബിർളയെ ചെയറിലേക്ക് ആനയിച്ച ശേഷം ഹസ്തദാനം ചെയ്യുന്ന പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. പ്രധാനമന്ത്രി നരേന്ദ്രമോദി, പാർലമെന്ററി കാര്യമന്ത്രി കിരൺ റിജിജു സമീപം

ഓം ബിർള തന്നെ ലോക്സഭാ സ്പീക്കർ
ഹസ്തദാനം ചെയ്ത് ചെയറിലേക്ക് ഒരുമിച്ച് ആനയിച്ച് രാഹുലും മോദിയും

ന്യൂഡൽഹി: പതിനെട്ടാം ലോക്സഭയുടെ സ്പീക്കറായി രാജസ്ഥാനിലെ കോട്ടയിൽ നിന്നുള്ള ബി.ജെ.പി അംഗം ഓംബിർള. തുടർച്ചയായ രണ്ടാം തവണയാണ് ഓം ബി ർള ലോക്സഭാ സ്പീക്കറാകുന്നത്. കേരളത്തിൽ നിന്നുള്ള കോൺഗ്രസിന്റെ മുതിർന്ന അംഗം കൊടിക്കുന്നിൽ സുരേഷിനെ സ്ഥാനാർത്ഥിയായി ഇന്ത്യാ സഖ്യം നിർദേശിച്ചിരുന്നെങ്കിലും ഡിവിഷൻ ഓഫ് വോട്ടിലേക്ക് കടക്കാതെ ശബ്ദവോട്ടോടെയാണ് പുതിയ സ്പീക്കറെ തിരഞ്ഞെടുത്തത്. പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് ഓംബിർളയെ സ്പീക്കറായി നിർദേശിച്ചുകൊണ്ടുള്ള പ്രമേയം സഭയിൽ അവതരിപ്പിച്ചത്. തൊട്ടു പിന്നാലെ കൊടിക്കുന്നിലെ നിർദേശിച്ചുകൊണ്ടുള്ള പ്രമേയം പ്രതിപക്ഷവും അവതരിപ്പിച്ചു. എന്നാൽ ആദ്യ പ്രമേയം തന്നെ ശബ്ദ വോട്ടോടെ അംഗീകരിക്കുന്നതായി പ്രോട്ടെം സ്പീക്കർ ഭർതൃഹരി മെഹ്താബ് വ്യക്തമാക്കി.

പുതിയ സ്പീക്കറെ പ്രധാനമന്ത്രി നരേന്ദ്രമോദിയും പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും ഒരുമിച്ചാണ് ചെയറിലേക്ക് ആനയിച്ചത്. ഇതിനായി രാഹുലിനെ പ്രധാനമന്ത്രി ക്ഷണിക്കുകയായിരുന്നു. സ്പീക്കർ തിരഞ്ഞെടുപ്പ് പൂർത്തിയായ ഉടൻ പ്രധാനമന്ത്രി നരേന്ദ്രമോദി നേരിട്ടെത്തി ഹസ്തദാനം ചെയ്ത് ഓം ബിർളയെ അഭിനന്ദിച്ചു. തുടർന്ന് രാഹുലിനെക്കൂടി പ്രധാനമന്ത്രി വിളിച്ചു. ആദ്യം ഓംബിർളയെ ഹസ്തദാനം ചെയ്ത് അഭിനന്ദനം അറിയിച്ച രാഹുൽ, തുടർന്ന് മോദിയേയും ഹസ്തദാനം ചെയ്ത് സഭാ നടപടികളിലെ പ്രതിപക്ഷ സഹകരണത്തിന്റെ മാതൃക കാട്ടി. തുടർന്ന് ഇരുവരും ചേർന്ന് സ്പീക്കറെ ചെയറിലേക്ക് ആനയിച്ചു. ഇതോടെ ചെയറിലുണ്ടായിരുന്ന പ്രോട്ടെം സ്പീക്കർ ഭർതൃഹരി മെഹ്താബ് ഇരിപ്പിടം ഒഴിഞ്ഞുകൊടുത്തു.

അതേസമയം സ്പീക്കറായി ചുമതലയേറ്റെടുത്ത ഉടൻ ഓംബിർള നടത്തിയ പ്രസംഗം സഭയിൽ ഒച്ചപ്പാടിനിടയാക്കി. അടിയന്തരാവസ്ഥയുടെ കറുത്ത നാളുകളിൽ ഇരകളാക്കപ്പെട്ടവരെ രണ്ടു മിനുട്ട് മൗനത്തിലൂടെ അനുസ്മരിക്കാനുള്ള സ്പീക്കറുടെ ആഹ്വാനമാണ് ബഹളത്തിനിടയാക്കിയത്. തന്റെ പ്രസംഗത്തിൽ മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിക്കെതിരെ സ്പീക്കർ ഉന്നയിച്ച വിമർശനങ്ങളും പ്രതിപക്ഷത്തെ ചൊടിപ്പിച്ചു.

രാഹുൽഗാന്ധിയെ പ്രതിപക്ഷ നേതാവായി സ്പീക്കർ അംഗീകരിച്ചു 05

കെജ്‌രിവാളിനെ മൂന്നു ദിവസം സി.ബി.ഐ കസ്റ്റഡിയിൽ വിട്ടു

ന്യൂഡൽഹി; ഡൽഹി മദ്യനയവുമായി ബന്ധപ്പെട്ട കേസിൽ അറസ്റ്റ് രേഖപ്പെടുത്തിയതിനു പിന്നാലെ മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിനെ മൂന്നു ദിവസത്തേക്ക് സി.ബി.ഐ കസ്റ്റഡിയിൽ വിട്ട് കോടതി. ഡൽഹി റോസ് അവന്യൂ കോടതിയുടേതാണ് ഉത്തരവ്. ഇ.ഡി കേസിൽ ഹൈക്കോടതി ജാമ്യം റദ്ദാക്കി മണക്കൂറുകൾക്കകമാണ് സി.ബി.ഐ സംഘം തിഹാർ ജയിലിലെത്തി അറസ്റ്റ് രേഖപ്പെടുത്തിയത്. തുടർന്ന് അഞ്ചു ദിവസത്തേക്ക് കസ്റ്റഡി ആവശ്യപ്പെട്ട് കേടതിയെ സമീപിക്കുകയായിരുന്നു. ഉപാധികളോടെയാണ് കോടതി കസ്റ്റഡി അനുവദിച്ചത്.

ഹാൾ ടിക്കറ്റ്

തിരുവനന്തപുരം: സംസ്ഥാനത്തെ സർക്കാർ, സ്വാശ്രയ കോളജുകളിലേക്ക് 2024-25 അധ്യയന വർഷത്തെ ബിടെക് ലാറ്ററൽ എൻട്രി (റെഗുലർ ആൻഡ് വർക്കിംഗ് പ്രൊഫഷണൽസ്) കോഴ്സ് പ്രവേശനത്തിന് ജൂൺ 30നു നടത്തുന്ന പ്രവേശനപരീക്ഷയുടെ ഹാൾ ടിക്കറ്റ് www.lbscentre.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന അപേക്ഷാർത്ഥികളുടെ ലോഗിൻ വഴി ഡൗൺലോഡ് ചെയ്യാവുന്നതാണ്.വിവരങ്ങൾക്ക് ഫോൺ: 0471-2324396, 2560327, 2560363, 2560364.

CLICK സമസ്ത സ്ഥാപക ദിനത്തോടനുബന്ധിച്ച് കോഴിക്കോട് സമസ്താലയത്തിൽ നടന്ന നേതൃസംഗമത്തിൽ അധ്യക്ഷത വഹിച്ച് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ സംസാരിക്കുന്നു. അബ്ദുൾ ഹമീദ് ഹസ്റത്ത്, കോട്ടുമല മൊയ്തീൻകുട്ടി മുസ്‌ലിയാർ, സയ്യിദ് മുഹമ്മദ് ജിഫ്‌രി മുത്തുക്കോയ തങ്ങൾ, പ്രൊഫ. കെ ആലിക്കുട്ടി മുസ്‌ലിയാർ, എം.ടി അബ്ദുല്ല മുസ്‌ലിയാർ, യു.എം അബ്ദുറഹിമാൻ മുസ്‌ലിയാർ, നെല്ലായ കുഞ്ഞിമുഹമ്മദ് മുസ്‌ലിയാർ, ഹംസ ബാഫഖി തങ്ങൾ, ഉമ്മർ ഫൈസി മുക്കം തുടങ്ങിയവർ മുൻ നിരയിൽ

വാർത്ത പേജ് 07

ട്രെയിനിലെ ബെർത്ത് പൊട്ടിവീണ് യാത്രക്കാരന് ദാരുണാന്ത്യം

പൊന്നാനി: ട്രെയിൻ യാത്രക്കിടെ മിഡിൽ ബെർത്ത് പൊട്ടി വീണ് പരിക്കേറ്റ മാറഞ്ചേരി സ്വദേശിക്ക് ദാരുണാന്ത്യം. മാറഞ്ചേരി വടമുക്കിലെ പരേതനായ എളയിടത്ത് മാറാടിക്കൽ കുഞ്ഞിമൂസയുടെ മകൻ അലി ഖാനാണ് (62) മരിച്ചത്. ഡൽഹിയിലേക്കുള്ള യാത്രക്കിടെ തെലങ്കാനയിലെ വാറങ്കലിൽ 18ന് ചൊവ്വാഴ്ച രാത്രിയാണ് അപകടം നടന്നത്. അലിഖാൻ താഴത്തെ ബെർത്തിലായിരുന്നു സെൻട്രൽ ബെർത്ത് പൊട്ടി വീണ് കഴുത്തിൽ വന്നിടിച്ച് പിരടിയിലെ 3 എല്ലുകൾ പൊട്ടുകയും ഞരമ്പിന് ക്ഷതം സംഭവിക്കുകയുമായിരുന്നു. തുടർന്ന് കൈകളും കാലുകളും തളർന്ന് പോയി.റെയിൽവേ അധികൃതർ ഉടൻ തന്നെ വാറങ്കലിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അവിടെ നിന്ന് വിദഗ്ധ ചികിത്സക്കായി ഹൈദരാബാദിൽ കിങ്സ് മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയിലേക്ക് മാറ്റി. വെള്ളിയാഴ്ച ഓപ്പറേഷൻ കഴിഞ്ഞെങ്കിലും തിങ്കളാഴ്ച മരണപ്പെടുകയായിരുന്നു. പോസ്റ്റ്മോർട്ടം അടക്കമുള്ള നടപടികൾ പൂർത്തിയാക്കി ചൊവ്വാഴ്ച വീട്ടിലെത്തിച്ച മയ്യിത്ത് ഇന്നലെ രാവിലെ എട്ട് മണിയോടെ വടമുക്ക് കുന്നത്ത് ജുമുഅത്ത് പള്ളി ഖബർസ്ഥാനിൽ ഖബറടക്കി. എറണാകുളം സ്വദേശി ഷക്കീലയാണ് അലിഖാന്റെ ഭാര്യ. മകൾ: ഷസ. സഹോദരങ്ങൾ: ഹിഷാം, അബ്ദുല്ലക്കുട്ടി, ഉമർ, ബക്കർ, ഹവ്വാവുമ്മ, കദീജ , മറിയു. പരേതനായ ചേകനൂർ മൗലവി സഹോദരീ ഭർത്താവാണ്.

വിലക്കയറ്റം 200 ശതമാനം വരെ; കുലുക്കമില്ലാതെ സർക്കാർ
സഭവിട്ടിറങ്ങി പ്രതിപക്ഷം

തിരുവനന്തപുരം: അവശ്യ സാധനങ്ങളുടെ രൂക്ഷമായ വിലക്കയറ്റം ഉന്നയിച്ച് നിയമസഭയിൽ പ്രതിപക്ഷ പ്രതിഷേധം. പലവ്യഞ്ജനം, പച്ചക്കറി, പഴം, മത്സ്യം, ഇറച്ചി അടക്കം എല്ലാ സാധാനങ്ങൾക്കും പൊള്ളുന്ന വിലയാണെന്നും ഇക്കാര്യം സഭാനടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്നും ആവശ്യപ്പെട്ട് കൊണ്ടുവന്ന അടിയന്തര പ്രമേയത്തിന് സ്പീക്കർ അനുമതി നിഷേധിച്ചു. ഇതേത്തുടർന്ന് പ്രതിപക്ഷം നിയമസഭയിൽ നിന്നിറങ്ങിപ്പോയി.

പ്രതിപക്ഷത്തെ റോജി എം. ജോണാണ് അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയത്. വിലക്കയറ്റം മനസിലാകാത്തത് സംസ്ഥാന സർക്കാരിന് മാത്രമാണെന്ന് നോട്ടീസ് അവതരിപ്പിച്ചുകൊണ്ട് റോജി എം ജോൺ പറഞ്ഞു. സർക്കാർ ഒന്നും ചെയ്യുന്നില്ല. കൃഷിമന്ത്രി സഭയിൽ നൽകിയ മറുപടി പോലും വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നാണ്. പച്ചക്കറിയും മീൻ വിലയും ഇരട്ടിയായി. സാധാരണക്കാരന് മാർക്കറ്റിൽ കയറാൻ കഴിയാത്ത അവസ്ഥയാണ്. 85 രൂപക്ക് കൊടുക്കുമെന്ന് പറഞ്ഞ 'കെ ചിക്കൻ' എവിടെയെന്ന് ചോദിച്ച റോജി, 85 രൂപക്ക് ചിക്കന്റെ കാല് പോലും കിട്ടുന്നില്ലെന്നും പരിഹസിച്ചു. വിപണി ഇടപെടലിന് സിവിൽ സപ്ലൈസിന് സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കണം. വകയിരുത്തിയ തുകയിൽ ഒരുരൂപ പോലും കിട്ടിയിട്ടില്ലെന്ന് പറഞ്ഞത് ഭക്ഷ്യമന്ത്രി തന്നെയാണെ ന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

എന്നാൽ വിലക്കയറ്റം ദേശീയവിഷയമാണെന്നും സംസ്ഥാന സർക്കാരിന്റെ വിപണി ഇടപെടൽ വഴി വിലക്കയറ്റത്തിന്റെ തോത് കേരളത്തിൽ കുറവാണെന്നുമായിരുന്നു ഭക്ഷ്യ മന്ത്രി ജി.ആർ. അനിലിന്റെ വിശദീകരണം. മന്ത്രിയുടെ വിശദീകരണത്തെ തുടർന്ന് സ്പീക്കർ ചർച്ചക്ക് അനുമതി നിഷേധിച്ചതോടെ പ്രതിഷേധിച്ച് പ്രതിപക്ഷം സഭ വിടുകയായിരുന്നു.

നീറ്റ് ക്രമക്കേടിനെതിരെ ഒറ്റക്കെട്ടായി കേരളം

സമഗ്ര അന്വേഷണം ആവശ്യപ്പെട്ട് ഐകകണ്ഠ്യേന പ്രമേയം പാസാക്കി

തിരുവനന്തപുരം: നീറ്റ് ക്രമക്കേടിനെതിരെ ഒറ്റക്കെട്ടായി കേരളത്തിന്റെ പ്രതിഷേധം. വിദ്യാർഥികളുടെ ഉത്കണ്ഠ ദൂരീകരിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെടുന്ന പ്രമേയം നിയമസഭ ഐകകണ്ഠ്യേന പാസാക്കി. ലക്ഷക്കണക്കിന് വിദ്യാർഥികളുടെ ഭാവി അനിശ്ചിതത്വത്തിലാക്കിയ നാഷണൽ ടെസ്റ്റിംഗ് ഏജൻസി നടപടികളെയും അതിനെ പിന്തുണക്കുന്ന കേന്ദ്ര സർക്കാർ നയങ്ങളെയും രൂക്ഷമായി അപലപിക്കുന്ന പ്രമേയമാണ് സഭ പാസാക്കിയത്. ഉന്നതവിദ്യാഭ്യാസ മന്ത്രി ആർ ബിന്ദുവാണ് പ്രമേയം സഭയിൽ അവതരിപ്പിച്ചത്. എം വിജിൻ അവതരിപ്പിച്ച ഉപക്ഷേപത്തിൽ മേൽ നടന്ന ചർച്ചയിൽ, പരീക്ഷ നടത്തിപ്പ് ഏജൻസിക്കെതിരെ രൂക്ഷ വിമർശനമാണ് ഭരണ പ്രതിപക്ഷ അംഗങ്ങൾ ഉയർത്തിയത്. ഭരണ പ്രതിപക്ഷ നിരകളിൽ നിന്ന് കെ.എം സച്ചിൻദേവ്, സജീവ് ജോസഫ്, ഇ. ചന്ദ്രശേഖരൻ, എൻ ജയരാജ്, കെ.പി മോഹനൻ, സുജിത് വിജയൻപിള്ള, മോൻസ് ജോസഫ്, യു പ്രതിഭ, എം.കെ മുനീർ, കെ.വി സുമേഷ്, മാത്യു കുഴൽനാടൻ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂൺ 27 വ്യാഴം
ഗൾഫ് ചന്ദ്രിക

ദുബൈ സമ്മർ സർപ്രൈസ് നാളെ

ദുബൈ: ദുബൈ സമ്മർ സർപ്രൈസസിൽ വൻവിലക്കുറവിൽ സാധനങ്ങൾ വാങ്ങാൻ ഒരവസരം. നാളെ വെള്ളിയാഴ്ച ദുബൈ വേനൽക്കാല ഫ്ളാഷ് സെയിലിൽ 90% വരെ കിഴിവ് നേടാം. നൂറിലധികം പ്രമുഖ ബ്രാൻഡുകളും പ്രാദേശിക ബ്രാൻഡുകളുമാണ് മേളയുടെ ഭാഗമാകുന്നത്. വെള്ളിയാഴ്ച രാവിലെ 10 മണിക്കാണ് ഓഫർ സെയിൽ ആരംഭിക്കുക. 12 മണിക്കൂർ സമയം മാത്രമാണ് ഫ്ളാഷ് സെയിൽ പ്രഖ്യാപിച്ചിട്ടുള്ളത്. സൗന്ദര്യ വസ്തുക്കളും ഗൃഹോപകരണങ്ങളും തുണിത്തരങ്ങളും ഉൾപ്പടെ എന്തും ഈ സമയത്ത് വൻ വിലക്കുറവിൽ വാങ്ങാനാവും. മാൾ ഓഫ് എമിറേറ്റസ്, സിറ്റി സെന്റർ മിർദിഫ്, സിറ്റി സെന്റർ ദേര, സിറ്റി സെന്റർ അൽ ഷിന്ദഗ എന്നീ ഷോപ്പിംഗ് മാളുകളും മേളയുടെ ഭാഗമാകും. 300 ദിർഹമോ അതിൽ കൂടുതലോ ചിലവാക്കുന്നവർക്ക് മാളുകളിലെ സ്പിൻ ദി വീൽ ആക്ടിവേഷൻ സോണിലേക്ക് പോകാനും ആകർഷകമായ സമ്മാനം നേടാനും കഴിയും.

കറൻസി മൂല്യം

1 യു.എ.ഇ ദിർഹം	22.75 ₹
1 ഒമാനി റിയാൽ	217.09 ₹
1 സൗദി റിയാൽ	22.28 ₹
1 ഖത്തർ റിയാൽ	22.95 ₹
1 കുവൈറ്റ് ദിനാർ	272.43 ₹
1 ബഹ്റൈൻ ദിനാർ	221.74 ₹

സ്വർണവില
(ഗ്രാമിന്-ദിർഹം)

24 കാരറ്റ്	280.50
22 കാരറ്റ്	259.75
21 കാരറ്റ്	251.50
18 കാരറ്റ്	215.50

ഗൾഫ് വാർത്തകൾ

മെട്രോ സ്റ്റേഷനിൽ ഓഫീസ് വർക് സ്പേസ്

ദുബൈ: ദുബൈ ആർടിഎ മെട്രോ യാത്രക്കാർക്കായി പുതിയ പദ്ധതി ആവിഷ്കരിച്ചു. ഏറ്റവും തിരക്കേറിയ സ്റ്റേഷനുകളിൽ ഒന്നായ ബുർജുമാനിൽ യാത്രക്കാർക്ക് ഉപയോഗിക്കാനായി ഓഫീസ് വർക്ക് സ്പെയ്സ് തുറന്നുനൽകി. വർക്ക് എന്ന് പേരിട്ടിരിക്കുന്ന വർക്ക്സ്പെയ്സ് കഴിഞ്ഞ ദിവസമാണ് റോഡ്സ് ആൻഡ് ട്രാൻസ്പോർട്ട് അതോറിറ്റി പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തത്. പണം നൽകിയാണ് വർക്ക് സ്പെയ്സ് ഉപയോഗിക്കാനാവുക. മണിക്കൂറുകളുടെ ഉപയോഗം അനുസരിച്ച് പ്രതിദിനം 35 ദിർഹം മുതൽ പ്രതിമാസം 650 ദിർഹം വരെയാണ് നൽകേണ്ടത്. പ്രതിമാസം 200 ദിർഹത്തിന് പാർട്ട് ടൈം അംഗത്വം, കൂടാതെ 650 ദിർഹത്തിന് പരിധിയില്ലാത്ത മണിക്കൂറുകളുള്ള മുഴുവൻ സമയ അംഗത്വം എന്നിങ്ങനെയും വർക്ക്

സ്പെയ്സ് ഉപയോഗപ്പെടുത്താം. മതിയായ ഇരിപ്പിടങ്ങൾ, ടേബിൾ, ലാപ്ടോപ്, മൊബൈൽ എന്നിവ ഉപയോഗിക്കാൻ സൗകര്യങ്ങൾ എന്നിയാണ് ഈ സംവിധാനത്തിന്റെ പ്രത്യേകത. പ്രവൃത്തിദിവസങ്ങളിൽ രാവിലെ 8 മുതൽ രാത്രി 8 വരെ തുറന്നിരിക്കുമെന്നും ദി കോസ്പേസസിന്റെ സ്ഥാപകനായ ഷഹ്സാദ് ഭാട്ടി പറഞ്ഞു. എല്ലാവിധ സൗകര്യങ്ങൾക്കുമൊപ്പം കോംപ്ലിമെന്റി വെള്ളവും കാപ്പിയും ഇവിടുത്തെ സവിശേഷതയാണ്. ഭാവിയിൽ മറ്റ് മെട്രോ സ്റ്റേഷനുകൾക്ക് ചുറ്റും വർക്ക് ആരംഭിക്കാനാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഡെങ്കിപ്പനിക്കെതിരെ
മലയാളത്തിലും ബോധവത്കരണം

ദുബൈ: ഡെങ്കിപ്പനിക്കെതിരെ യുഎഇ ആരോഗ്യമന്ത്രാലയം ശക്തമായ ബോധവത്കരണവുമായി രംഗത്ത്. പ്രതികൂല കാലാവസ്ഥയെ തുടർന്ന് രാജ്യത്ത് ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സാഹചര്യത്തിലാണ് കരുതൽ മുന്നറിയിപ്പ് നൽകിയിട്ടുള്ളത്. പ്രവാസികളിൽ നല്ലൊരു പങ്ക് മലയാളികളായതിനാൽ ആരോഗ്യ മന്ത്രാലയം മലയാള ഭാഷയിലും മുൻകരുതൽ വീഡിയോ പുറത്തിറക്കി. ഡെങ്കിപ്പനിക്കെതിരെ മുൻകരുതൽ സ്വീകരിക്കുന്നതിന്റെ ഭാഗമായി ബോധവത്കരണം ആരംഭിച്ചിരിക്കുകയാണ് യുഎഇ ആരോഗ്യമന്ത്രാലയം അറിയിച്ചു. മലയാളം ഉൾപ്പെടെ വിവിധ ഭാഷകളിൽ വീഡിയോ പ്രചരിപ്പിച്ചാണ് ബോധവത്കരണം എന്നതാണ് പ്രത്യേകത.

രോഗം പരത്തുന്ന കൊതുകുകൾ പെരുകുന്നത് തടയാനും ജാഗ്രതപാലിക്കാനും ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുകയാണ് ലക്ഷ്യം. ഡെങ്കിപ്പനി പരത്തുന്ന കൊതുകുകൾ പകൽസമയത്താണ് സജീവമാകുന്നതെന്നും ജാഗ്രതാവേണമെന്നും അധികൃതർ മുന്നറിയിപ്പ് നൽകുന്നുണ്ട്. കൊതുകുകൾ മുട്ടയിട്ട് പെരുകുന്നത് തടയാൻ വെള്ളം കെട്ടികിടക്കുന്നത് ഒഴിവാക്കുക, ശുചിമുറികൾ ഉൾപ്പെടെയുള്ളവ വൃത്തിയായി സൂക്ഷിക്കുക, കീടനാശിനികൾ ഉപയോഗിച്ച് കൊതുക് ഉൾപ്പെടെയുള്ള കീടങ്ങളെ നിയന്ത്രിക്കുക, കൊതുകിന്റെ കടിയേൽക്കാതിരിക്കാൻ ക്രീമുകളും നീളമുള്ള വസ്ത്രങ്ങളും ധരിക്കുക തുടങ്ങിയ മുന്നറിയിപ്പാണ് മന്ത്രാലയം നൽകുന്നത്. പനി അനുഭവപ്പെട്ടാൽ വിശ്രമിക്കുകയും ധാരാളം വെള്ളം കുടിക്കുകയും വേണമെന്നും ഗുരുതരമായ പ്രശ്നങ്ങളുണ്ടെങ്കിൽ ഉടൻ ചികിത്സ തേടണമെന്നും വീഡിയോ സന്ദേശത്തിലൂടെ മന്ത്രാലയം വ്യക്തമാക്കി.

സ്വദേശി വ്യവസായ പ്രമുഖരുമായി
ശൈഖ് മുഹമ്മദ് കൂടിക്കാഴ്ച നടത്തി

ദുബൈ: യുഎഇ വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും ദുബൈ ഭരണാധികാരിയുമായ ശൈഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം ദുബൈയിലെ യൂണിയൻ ഹൗസിൽ പ്രാദേശിക പ്രമുഖർ, സർക്കാർ സ്ഥാപന മേധാവികൾ, നിക്ഷേപകർ, വ്യവസായികൾ എന്നിവരുമായി കൂടിക്കാഴ്ച നടത്തി. ശൈഖ് മുഹമ്മദിന്റെ പ്രതിവാര മജ്‌ലിസിൽ വെച്ചായിരുന്നു കൂടിക്കാഴ്ച. ദുബൈ ഫസ്റ്റ് ഡപ്യൂട്ടി ഭരണാധികാരിയും ഉപപ്രധാനമന്ത്രിയും ധനകാര്യ മന്ത്രിയുമായ ശൈഖ് മക്തൂം ബിൻ മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം, ദുബൈ രണ്ടാം ഡെപ്യൂട്ടി ഭരണാധികാരി ശൈഖ് അഹമ്മദ് ബിൻ മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു കൂടിക്കാഴ്ച.

യുഎഇ വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും ദുബൈ ഭരണാധികാരിയുമായ ശൈഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം ദുബൈയിലെ യൂണിയൻ ഹൗസിൽ പ്രാദേശിക പ്രമുഖർ,സർക്കാർ സ്ഥാപന മേധാവികൾ,നിക്ഷേപകർ,വ്യവസായികൾ എന്നിവരുമായി കൂടിക്കാഴ്ച നടത്തുന്നു

പൊതുസ്വകാര്യ മേഖലകളെ ഏകോപിപ്പിച്ച് രാജ്യത്തിന്റെ വിജയം വികസനം വളർച്ച എന്നിവക്ക് അവസരങ്ങൾ സൃഷ്ടിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ടെന്നും ഇത് വ്യതിരിക്തമായ മാതൃകയാണെന്നും ശൈഖ് മുഹമ്മദ് പറഞ്ഞു. നല്ല ബിസിനസ്സ് ഫലങ്ങൾ കൊണ്ടുവരിക മാത്രമല്ല, സമൂഹത്തിന് വ്യാപകമായ നേട്ടങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്ന നൂതന സംരംഭങ്ങളിലൂടെ സംരംഭങ്ങൾക്കും നിക്ഷേപത്തിനുമായി ലോകത്തിലെ ഏറ്റവും മികച്ച അന്തരീക്ഷം യുഎഇ സൃഷ്ടിച്ചു. വിശാലമായ കാഴ്ചപ്പാട്, വഴക്കം, സുതാര്യത എന്നിവയുടെ തത്വങ്ങളിൽ നിർമ്മിച്ചതും, നിരന്തരമായ അപ്ഡേറ്റുകളിലൂടെ കടന്നുപോകുന്നതുമായ നയങ്ങളുടെയും നിയന്ത്രണങ്ങളുടെയും ശക്തമായ ചട്ടക്കൂടിന്റെ പിന്തുണയോടെ ദുബൈയിയുടെ സാമ്പത്തിക നയം ലോകമെമ്പാടുമുള്ള പ്രമുഖ സംരംഭകരെയും നൂതന സംരംഭകരെയും ബിസിനസുകാരെയും ദുബൈയിലേക്ക് ആകർഷിക്കുന്നു.

സുസ്ഥിരമായ വളർച്ചയ്ക്ക് ഏറ്റവും മികച്ച സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ഞങ്ങളുടെ ശ്രമങ്ങളാണ് ഒരു പ്രമുഖ ആഗോള നിക്ഷേപ കേന്ദ്രമായി ദുബൈയെ വളർത്തിയത്. ഈ ശ്രമങ്ങളെല്ലാം രാജ്യത്തിന്റെ ദേശീയ പ്രതിഭകളുടെ കഴിവുകളെ ശക്തിപ്പെടുത്തുന്നതായും ശൈഖ് മുഹമ്മദ് പറഞ്ഞു. ദുബൈയുടെ വികസന ലക്ഷ്യങ്ങളുടെ നേട്ടം ത്വരിതപ്പെടുത്തുന്നതിൽ സ്വദേശി ബിസിനസ് സമൂഹത്തിന്റെ നിർണായക പങ്ക് ശൈഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം എടുത്തുപറഞ്ഞു. സംരംഭകത്വ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിൽ ബിസിനസ്സ് കമ്മ്യൂണിറ്റിയുടെ പങ്കും അദ്ദേഹം ചൂണ്ടിക്കാട്ടി. വിനോദസഞ്ചാരം, വ്യാപാരം, സാങ്കേതികവിദ്യ തുടങ്ങിയ വളർന്നുവരുന്ന മേഖലകളിൽ കൂടുതൽ യുവാക്കളെ പ്രചോദിപ്പിക്കേണ്ടതിന്റെ പ്രാധാന്യവും അദ്ദേഹം എടുത്തുപറഞ്ഞു. നിരന്തരമായി മാറിക്കൊണ്ടിരിക്കുന്ന സാമ്പത്തിക ഭൂപ്രകൃതിക്കിടയിൽ ആഗോളതലത്തിൽ ഒരു വ്യക്തിമുദ്ര പതിപ്പിക്കാൻ കഴിയുന്ന ഒരു പുതിയ തലമുറ സംരംഭകരെ വളർത്തിയെടുക്കാൻ യോജിച്ച ശ്രമങ്ങൾ അനിവാര്യമാണ്. ദുബൈ ഇക്കണോമിക് അജണ്ട ഉ33, ദുബൈ സോഷ്യൽ അജണ്ട 33, ദുബൈ 2040 അർബൻ എന്നിവയുടെ ലക്ഷ്യങ്ങൾക്ക് അനുസൃതമായി വിവിധ മേഖലകളിലെ വികസനം ലക്ഷ്യമിട്ടുള്ള ഉൾക്കാഴ്ചകളും ആശയങ്ങളും ദർശനങ്ങളും നിർദ്ദേശങ്ങളും പങ്കുവെച്ചു. ദുബൈ സിവിൽ ഏവിയേഷൻ അതോറിറ്റി പ്രസിഡന്റും എമിറേറ്റ്സ് എയർലൈൻ ആൻഡ് ഗ്രൂപ്പിന്റെ ചെയർമാനും ചീഫ് എക്സിക്യൂട്ടീവുമായ ശൈഖ് അഹമ്മദ് ബിൻ സയീദ് അൽ മക്തൂം, ദുബൈ സ്പോർട്സ് കൗൺസിൽ ചെയർമാൻ ശൈഖ് മൻസൂർ ബിൻ മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം, ദുബൈ മീഡിയ ഇൻകോർപ്പറേറ്റഡ് ചെയർമാൻ ശൈഖ് ഹാഷർ ബിൻ മക്തൂം ബിൻ ജുമാ അൽ മക്തൂം തുടങ്ങിയവർ പങ്കെടുത്തു.

പക്ഷികളെ വേട്ടയാടലും മുട്ട ശേഖരിക്കലും കുറ്റകരം

അബുദാബി: പക്ഷികളുടെ മുട്ട ശേഖരിച്ചാൽ പിടിവീഴും. നിയമലംഘകർക്ക് 20,000 ദിർഹം വരെ പിഴയും തടവും അനുഭവിക്കേണ്ടി വരും. കാട്ടുപക്ഷികളെ വേട്ടയാടുന്നതും നിരോധിച്ചിട്ടുണ്ട്. അബുദാബി പരിസ്ഥിതി ഏജൻസിയാണ് ശക്തമായ മുന്നറിയിപ്പ് നൽകിയിരിക്കുന്നത്. കാടുകളിൽ നിന്ന് പക്ഷികളുടെ മുട്ടകൾ ശേഖരിക്കുന്നവരാണ് നിങ്ങളെങ്കിൽ സൂക്ഷിക്കുക. ഇത്തരക്കാരെ നിരീക്ഷിക്കാൻ അബുദാബി പരിസ്ഥിതി ഏജൻസി സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. പക്ഷികളുടെ മുട്ടകൾ ശേഖരിക്കുന്നത് നിയമവിരുദ്ധമാണെന്ന് വ്യക്തമാക്കിയ അധികൃതർ നിയമലംഘകർക്കെതിരെ തടവും പിഴയും ഉൾപ്പെടെയുള്ള ശിക്ഷകൾ ചുമത്തുമെന്നും അറിയിച്ചു.

നിയമം ലംഘിച്ചാൽ 2,000 മുതൽ 20,000 ദിർഹം വരെ പിഴയും തടവുമാണ് ലഭിക്കുക. അബുദാബിയിലെ ചില ദ്വീപുകൾ കടുത്ത വേനൽ മാസങ്ങളിൽ ദേശാടനപ്പക്ഷികളുടെ പ്രധാന പ്രജനന കേന്ദ്രങ്ങളായി മാറാറുണ്ടെന്നും ഇവയെ ഉൾപ്പെടെ സംരക്ഷിക്കുന്നതിന്റെ ഭാഗമായാണ് നടപടിയെന്നും അധികൃതർ വ്യക്തമാക്കി. 1999ലെ ഫെഡറൽ നിയമം അനുസരിച്ച് കാട്ടുപക്ഷികളെ വേട്ടയാടുന്നതും പിടിക്കുന്നതും ഉപദ്രവിക്കുന്നതും നിരോധിച്ചിട്ടുണ്ട്.

പക്ഷികളുടെ കൂടുകളിൽ നിന്ന് മുട്ട ശേഖരിക്കരുതെന്നും നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ 800555 എന്ന നമ്പറിൽ അബുദാബി ഗവൺമെന്റിനെ അറിയിക്കണമെന്നും അധികൃതർ നിർദേശിച്ചു.

ഫുജൈറയിൽ ചരിത്രാതീത കുടിയേറ്റത്തിന്റെ ശേഷിപ്പുകൾ കണ്ടെത്തി

ഫുജൈറ: എമിറേറ്റ്സിലെ മനുഷ്യവാസ ചരിത്രം തിരുത്തിയെഴുതാൻ കഴിയുന്ന രീതിയിലുള്ള പുതിയ പുരാവസ്തുക്കൾ ഫുജൈറയിൽ കണ്ടെത്തി. ഫുജൈറയിലെ ടൂറിസം ആന്റ് ആന്റിക്വിറ്റീസ് ഡിപ്പാർട്ട്മെന്റിലെ അന്താരാഷ്ട്ര ഗവേഷകർ, ജർമ്മനിയിലെ ജെന സർവകലാശാല, യുണൈറ്റഡ് കിംഗ്ഡത്തിലെ ഓക്സ്ഫോർഡ് ബ്രൂക്ക്സ് യൂണിവേഴ്സിറ്റി എന്നിവയുമായി സഹകരിച്ച് ഫുജൈറ ഗവൺമെന്റ് ഉൾഭാഗങ്ങളിൽ നടത്തിയ ഖനനത്തിലാണ് ഈ തെളിവുകൾ കണ്ടെത്തിയിരിക്കുന്നത്. ഈ കണ്ടെത്തലുകൾ പ്രദേശത്തിന്റെ ചരിത്രത്തെക്കുറിച്ചുള്ള മുൻ അനുമാനങ്ങളെ മാറ്റിമറിക്കുന്നു.

കാരണം അൽഹബാബ് മേഖലയിലെ ജബൽ കാഫ് അഡോർ എന്ന റോക്ക് ഷെൽട്ടർ സൈറ്റിൽ

ഫുജൈറ ടൂറിസം ആന്റ് ആന്റിക്വിറ്റീസ് ഡിപ്പാർട്ട്ന്റ് ഗവേഷകർ ഖനനം നടത്തുന്നു

13,000നും 7,500നും വർഷങ്ങൾക്ക് മുമ്പ് മനുഷ്യവാസം ഉണ്ടായിരുന്നുവെന്ന് സൂചിപ്പിക്കുന്നു. ഈ കണ്ടെത്തൽ എമിറേറ്റിന്റെ ചരിത്രത്തെക്കുറിച്ചുള്ള നമ്മുടെ ധാരണയെ വിപുലീകരിക്കുകയും പുരാവസ്തു രേഖകളിലെ വിടവുകൾ നികത്തുകയും പ്രദേശത്തെ മനുഷ്യവാസത്തെക്കുറിച്ചുള്ള ദീർഘകാല വിശ്വാസങ്ങളെ തിരുത്തുകയും ചെയ്യുന്നതാണ്. പുരാവസ്തുക്കളുടെയും പൈതൃക മേഖലയുടെയും വികസനത്തിന് സർക്കാർ നൽകുന്ന പിന്തുണക്ക് ഫുജൈറ ടൂറിസം ആന്റ് ആന്റിക്വിറ്റീസ് അതോറിറ്റി ഡയറക്ടർ സയീദ് അൽ സമാഹി നന്ദി അറിയിച്ചു. അന്താരാഷ്ട്ര ദൗത്യസംഘങ്ങളുമായുള്ള ഈ കൂട്ടായ പരിശ്രമം, ഈ പ്രദേശത്തെ ചരിത്രാതീത കാലഘട്ടത്തിലെ മനുഷ്യവാസ കേന്ദ്രങ്ങളും ഉപകരണങ്ങളും കണ്ടെത്തുന്നതിലേക്ക് നയിച്ചു.

ഫുജൈറ നാച്ചുറൽ റിസോഴ്സസ് കോർപ്പറേഷന്റെ ഡയറക്ടർ അലി ഖാസിം, എമിറേറ്റിന്റെ ഭൂമിശാസ്ത്രപരവും പുരാവസ്തുപരവുമായ സ്ഥലങ്ങൾ സംരക്ഷിക്കുന്നതിലും രേഖപ്പെടുത്തുന്നതിലും ഫുജൈറ ഭരണാധികാരികൾ നയിക്കുന്ന ഗവൺമെന്റിന്റെ സുപ്രധാന ശ്രമങ്ങൾക്ക് ഊന്നൽ നൽകി.

ഈ സംരംഭം ഭൗമശാസ്ത്രപരമായ സ്ഥലങ്ങൾ തിരിച്ചറിയുകയും സംരക്ഷിക്കുകയും ചെയ്യുക മാത്രമല്ല, ചരിത്രാതീത കാലഘട്ടത്തിൽ ഈ മേഖലയിലെ മനുഷ്യപ്രവർത്തനങ്ങളുടെ കൂടുതൽ തെളിവുകളും 30ലധികം സൈറ്റുകൾ കണ്ടെത്തുന്നതിലേക്കും നയിച്ചു. ജബൽ കാഫ് അഡോർ റോക്ക് ഷെൽട്ടറിൽ നിന്നുള്ള കണ്ടെത്തലുകൾ, കല്ലുപകരണങ്ങൾ, മൃഗങ്ങളുടെ അസ്ഥികൾ, ഫയർപ്ലേസുകൾ എന്നിവയുൾപ്പെടെ, ഈ കാലയളവിൽ മനുഷ്യർ ഒന്നിലധികം തൊഴിലുകൾ ചെയ്തതായി സൂചിപ്പിക്കുന്നു. മനുഷ്യ ചരിത്രത്തിലെ ഒരു നിർണായക കാലഘട്ടം ഉൾക്കൊള്ളുന്ന എമിറേറ്റിലെ ഏറ്റവും പഴയ പുരാവസ്തു സൈറ്റായി ഇത് മാറും.

മരുഭൂമിയിലും മത്തൻ
ഗൃഹാതുരതയുണർത്തി ഫുജൈറയിലെ തോട്ടങ്ങൾ

നിഷാദ് പി
ഫുജൈറ

ഫുജൈറയിലെ കൃഷിത്തോട്ടങ്ങൾ സന്ദർശർക്ക് കേരളത്തിന്റെ പ്രതീതി ജനിപ്പിച്ചുകൊണ്ടിരിക്കുകയാണ്. തേനീച്ച വളർത്തൽ മുതൽ മാവ്, നാരങ്ങ, വാഴ, ചോളം, മരച്ചീനി എന്ന് വേണ്ട കേരളത്തിലും തമിഴ്നാട്ടിലും കൃഷിചെയ്യുന്ന ഒരു വിധം ഉൽപന്നങ്ങളെല്ലാം ഇവിടെയും കൃഷി ചെയ്യുന്നു. കേരള മണ്ണിൽ വളരുന്ന മുരിങ്ങായ്ക്ക സുലഭമായാണ് ഇവിടെ വളരുന്നത്. കാർഷികസംസ്കാരത്തിൽ കേളികേട്ട തമിഴ് വംശജർ ഉൾപ്പെടെയുള്ള തൊഴിലാളികളാണ് അറബികളുടെ ഏക്കർ കണക്കിന് പരന്നു കിടക്കുന്ന വിശാലമായ കൃഷിത്തോട്ടങ്ങൾ പരിചരിക്കുന്നത്.

നല്ലവരായ തോട്ടം ഉടമകളായ അറബികൾ തോട്ടത്തിലെത്തുന്ന എല്ലാവർക്കും ആദിത്യമര്യാദയോടെ എന്തുവേണേലും ഭക്ഷിക്കാൻ കൊടുക്കുന്നു. നിറയെ മത്തൻ, മധുരമാങ്ങ, ഈത്തപ്പഴം, സപ്പോട്ട, നാരങ്ങ തുടങ്ങി കൈയ്യെത്തുന്ന ദൂരത്തിൽ നിറഞ്ഞു നിൽക്കുന്ന തോട്ടങ്ങൾ മനസിന് കുളിരു പകരുകയാണ് ഫുജൈറയിൽ. തോട്ടത്തിലേക്ക് പ്രവേശിക്കുന്ന ഓരോ മലയാളിക്കും ഗൃഹാതുരതമായ ഓർമയാണ് സമ്മാനിക്കുക. വെറുതേ ഒന്ന് കാണാനും ഫോട്ടോ എടുക്കാനും ഫുജൈറയിലെത്തുന്ന സഞ്ചാരികളെ തോട്ട ഉടമകളായ അറബികളും തോട്ടം കാര്യസ്ഥരും സ്നേഹപൂർവ്വം ഫാം ഹൗസ് മുഴുവൻ കാണിച്ചു കൊടുക്കുകയും അത്യപൂർവ്വമായ ഈന്തപ്പഴവും തേനും കൊടുത്തു സൽക്കരിക്കുകയും ചെയ്യാറുണ്ട്. മുയൽ, എരുമ, പശു, ആട്, വിവിധയിനം കോഴികൾ, താറാവുകൾ എന്നു വേണ്ട ഇവിടുത്തെ തോട്ടങ്ങളിലില്ലാത്ത വളർത്തുമൃഗങ്ങളും കുറവാണ്. ചിലയിടങ്ങളിൽ പീലി വിരിച്ചാടുന്ന മയിൽക്കൂട്ടങ്ങളെയും കാണാം ഫുജൈറ പട്ടണത്തിന്റെ ഒത്ത നടുവിലെ ഹാഷിംപള്ളിക്കു പുറകിലുള്ള വിശാലമായ ഫാമിൽ. ഇമാറാത്തിന്റെ വിവിധഭാഗങ്ങളിൽ നിന്ന് ഈ ഗ്രാമീണ വശ്യത നുകരാൻ എത്തുന്ന സഞ്ചാരികളുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചു വരുന്നു. പൂർണ്ണമായും കൃഷിത്തോട്ടത്തിലേക്ക് പ്രവേശിച്ചു കഴിഞ്ഞാൽ ഇത് മരുഭൂമിയിൽ വിളയിച്ചെടുത്ത ഹരിത വിസ്മയമാണെന്നു ആരും പറയില്ല

ഫുജൈറയിലെ മത്തൻ കൃഷി നടത്തുന്ന തോട്ടങ്ങളിലൊന്ന്

ദുബൈ എയർപോർട്ടുകളിൽ ഓപ്പറേറ്റിങ്ങിന് എ.ഐ സംവിധാനം

ദുബൈ: ദുബൈ ഇന്റർനാഷണൽ, അൽ മക്തൂം ഇന്റർനാഷണൽ എയർപോർട്ട് എന്നിവയുടെ ഓപ്പറേറ്റർമാരെയും സ്പെയർ പാർട്സുകളുടെ ഉപയോഗം എങ്ങനെയായിരിക്കുമെന്ന് സഹായിക്കാനും ആർടിഫിഷ്യൽ സംവിധാനം ഏർപ്പെടുത്തുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസും മെഷീൻ ലേണിംഗും ഉപയോഗിച്ച് പ്രവർത്തിക്കുന്ന മെറ്റീരിയൽ റിക്വയർമെന്റ് പ്ലാനിംഗ് ടൂളിന്റെ ഫലങ്ങൾ കഴിഞ്ഞ ദിവസം വെളിപ്പെടുത്തി.

ഈ നൂതനമായ സാങ്കേതിക സംവിധാനം സേവന നിലവാരം മെച്ചപ്പെടുത്തുകയും ഇൻവെന്ററി മാനേജ്മെന്റ് കാര്യക്ഷമമാക്കുകയും മൊത്തത്തിലുള്ള പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യും. ഇത് എയർപോർട്ടിലെത്തുന്നവർക്ക് മികച്ച അനുഭവം നൽകുമെന്ന് ദുബൈ എയർപോർട്സ് അധികൃതർ വ്യക്തമാക്കി. പ്രശ്നങ്ങൾ പെട്ടെന്ന് മനസ്സിലാക്കി വേഗത്തിൽ അറ്റകുറ്റപണികൾ നടത്തി തടസ്സങ്ങൾ കുറക്കാനും കഴിയും.

കൃത്യമായ ഇൻവെന്ററി ആസൂത്രണം ചെയ്യാനും അധിക സ്റ്റോക്ക് 12 ശതമാനം കുറയ്ക്കാനും കഴിയുന്നു. ഇൻവെന്ററി മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനും

പ്രധാന ഉപഭോക്താക്കൾക്ക് നൽകുന്ന സേവനത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും എഐയും തത്സമയ ഡാറ്റയും പ്രയോജനപ്പെടുത്തിയെന്ന് ദുബൈ എയർപോർട്ടിലെ സപ്ലൈ മാനേജ്മെന്റ് വി.പി ഇമ്മാനുവൽ അഗസ്റ്റിൻ പറഞ്ഞു. വിമാനത്താവളത്തിലൂടെ യാത്ര ചെയ്യുന്ന ദശലക്ഷക്കണക്കിന് അതിഥികൾക്ക് ഗുണകരമാവും.

മയക്കുമരുന്ന് ബോധവത്കരണത്തിന് സ്മാർട്ട് ബസ്സ്

അബുദാബി: മയക്കുമരുന്നിന്റെ വിപത്തുകളെക്കുറിച്ചും അവ തടയുന്നതിനുള്ള മാർഗങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തുന്നതിനായി അബുദാബി പോലീസ് ഒരു സ്മാർട്ട് ബസ് പുറത്തിറക്കി. ലോക ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ചാണ് 'എന്റെ കുടുംബമാണ് എന്റെ ഏറ്റവും വലിയ സമ്പത്ത്' എന്ന മുദ്രാവാക്യവുമായി ഈ പദ്ധതി. അബുദാബിയിലെ ഫറാ സെൻട്രൽ സെന്ററിൽ പ്രദർശിപ്പിച്ച സ്മാർട്ട് ബസിൽ സ്മാർട്ട് സ്ക്രീനുകളും സിമുലേറ്ററുകളും വിആർ വെർചൽ ലേണിംഗ് ടെക്നോളജിയും മയക്കുമരുന്നിന്റെ ദൃഷ്യവശങ്ങൾ വിശദീകരിക്കുന്നതിനും സംവിധാനം ഒരുക്കിയിട്ടുണ്ടെന്ന് ആന്റി നർക്കോട്ടിക് ഡയറക്ടറേറ്റ് കേണൽ താഹിർ ഗരീബ് അൽ ദാഹിരി പറഞ്ഞു.

അബുദാബിയിൽ നടക്കുന്ന മയക്കുമരുന്ന് ബോധവത്കരണവുമായി ബന്ധപ്പെട്ട ശിൽപശാലകൾ, പ്രഭാഷണങ്ങൾ, ഇവന്റുകൾ, കോൺഫറൻസുകൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങളും ഇതിലൂടെ അറിയാനാവും. വിദ്യാർത്ഥികൾ, മാൾ ഷോപ്പർമാർ, കമ്മ്യൂണിറ്റി കൗൺസിലുകളിൽ പങ്കെടുക്കുന്നവർ, ജീവനക്കാരുടെ മേൽനോട്ടത്തിൽ വിവിധ പരിപാടികൾ സംഘടപ്പിക്കും. അബുദാബി പോലീസ് മറ്റൊരു നിർണായക പദ്ധതിയായ ചാൻസ് ഓഫ് ഹോപ്പ് സർവിസിന്റെ ലക്ഷ്യങ്ങൾ കൈവരിക്കാനും ബസ് സഹായിക്കും. മയക്കുമരുന്ന് ഉപയോഗിക്കുന്നവർക്കും അവരുടെ കുടുംബങ്ങൾക്കും പൂർണ്ണമായ രഹസ്യാത്മകത ഉറപ്പാക്കിക്കൊണ്ട് ഓൺലൈനിൽ പുനരധിവാസ ചികിത്സകൾ നൽകാനും ഇതിലൂടെ കഴിയും.

ഐസ്ക്രീം കിട്ടിയാൽ ഭൂരിഭാഗം കുട്ടികളും 'വഴിതെറ്റി'പ്പോകും

ഷാർജ: സൗജന്യമായി ഐസ്ക്രീം നൽകിയാൽ ഭൂരിഭാഗം കുട്ടികളും അപരിചിതർക്കൊപ്പം പോകുമെന്ന് പഠനം. സാമൂഹ്യ പരീക്ഷണങ്ങളിലൂടെ ഷാർജ ചൈൽഡ് സേഫ്റ്റി ഡിപ്പാർട്ടുമെന്റ് നടത്തിയ പഠനത്തിലാണ് ഇക്കാര്യം വ്യക്തമായത്. ഇതുസംബന്ധിച്ച് പരീക്ഷണം നടത്തിയ 37 കുട്ടികളിൽ ഒരാൾ മാത്രമാണ് അപരിചിതനിൽ നിന്നും അകന്നു നിന്നത്. മാതാപിതാക്കൾ നിർബന്ധമായും ഇത്തരം പാഠങ്ങൾ കുട്ടികൾക്ക് പകർന്നു നൽകണമെന്നും അധികൃതർ മുന്നറിയിപ്പ് നൽകി.

കൊല്ലം സ്വദേശി അബുദാബിയിൽ മരിച്ചു

അബുദാബി: നടുവേദനക്ക് ചികിത്സ തേടി ആശുപത്രിയിലെത്തിയ കൊല്ലം സ്വദേശി ഹൃദയാഘാതം മൂലം മരിച്ചു. അബുദാബി മറൈൻ കമ്പനിയിൽ ജോലി ചെയ്തിരുന്ന കൊല്ലം കണ്ണനല്ലൂർ സ്വദേശി ഹുസൈൻ അഹമ്മദ് കോയ (44) ആണ് മരിച്ചത്. ചൊവ്വാഴ്ച രാവിലെ വരെ ജോലിക്ക് പോയ ഹുസൈൻ അഹമ്മദ് കോയയെ നടുവേദനയെ തുടർന്ന് ആശുപത്രിയിൽ എത്തിച്ചിരുന്നു. ബുധനാഴ്ച രാവിലെ 8 മണിയോടെ ഹൃദയാഘാതം മൂലം മരണപ്പെടുകയിരുന്നു. അഹമ്മദ് കോയ റംസാ ബീവി ദമ്പതികളുടെ മകനാണ്. തൻസിയയാണ് ഭാര്യ. മൂന്നു മക്കളുണ്ട്.

ഹുസൈൻ അഹമ്മദ്കോയ

ഗൾഫ് വാർത്തകൾ

ബഹ്റൈനിൽ എത്തിയ മുസ്ലിംലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. പി.എം.എ സലാമിന് ബഹ്റൈൻ കെഎംസിസി സംസ്ഥാന പ്രസിഡന്റ് ഹബീബ്റഹ്മാന്റെ നേതൃത്വത്തിൽ വിമാനത്താവളത്തിൽ നൽകിയ സ്വീകരണം

മുസ്ലിംലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി

പി.എം.എ സലാമിന് ബഹ്റൈനിൽ സ്വീകരണം

മനാമ: കെഎംസിസി സംസ്ഥാന കൗൺസിൽ യോഗത്തിൽ പങ്കെടുക്കാൻ ബഹ്റൈനിൽ എത്തിയ മുസ്ലിം ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. പി.എം.എ സലാമിന് ബഹ്റൈൻ കെഎംസിസി സംസ്ഥാന പ്രസിഡന്റ് ഹബീബ് റഹ്മാന്റെ നേതൃത്വത്തിൽ ബഹ്റൈൻ വിമാനത്താവളത്തിൽ സ്വീകരണം നൽകി.

ഭാരവാഹികളായ ഷാഫി പറക്കട്ട,ശംസുദ്ദീൻ വെള്ളിക്കുളങ്ങര,എ.പി ഫൈസൽ, ഒ.കെ ഖാസിം,സലീം തളങ്കര,മലപ്പുറം ജില്ലാ പ്രസിഡന്റ് ഇഖ്ബാൽ താനൂർ, ഹുസൈൻ വയനാട്, ഫൈസൽ കോട്ടപ്പള്ളി, നസീഫ് കൊച്ചി സന്നിഹിതരായിരുന്നു.

ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ കുമരകം അബുദാബി ഘടകം പ്രവർത്തനോദ്ഘാടനം ഐഎംഎ കേരള സംസ്ഥാന പ്രസിഡന്റ് ഡോ. ജോസഫ് ബെനവെൻ ഉദ്ഘാടനം ചെയ്യുന്നു

ഐഎംഎ കുമരകം അബുദാബി ഘടകം പ്രവർത്തനോദ്ഘാടനം

അബുദാബി: ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (ഐഎംഎ) കുമരകം അബുദാബി ഘടകം പ്രവർത്തനോദ്ഘാടനം ഐഎംഎ കേരള സംസ്ഥാന പ്രസിഡന്റ് ഡോ. ജോസഫ് ബെനവെൻ നിർവഹിച്ചു. ഐഎംഎ കുമരകം അബുദാബി പ്രസിഡന്റായി ഡോ. ബേനസീർ നടാഷ ഹക്കിം സത്യപ്രതിജ്ഞ ചെയ്തു സ്ഥാനമേറ്റെടുത്തു. ഡോ. വി.എസ് അജയ്കുമാർ പ്രസിഡൻഷ്യൽ മെഡൽ ഡോ.ജോസഫ് ബെനവെനെ അണിയിച്ചു. ഡോ. വന്ദന വാമദേവൻ (ജനറൽ സെക്രട്ടറി), ഡോ. മഹേഷ് സി. നായർ (ട്രഷറർ), ലീന മേനോൻ (വൈസ് പ്രസിഡന്റ്), ഡോ. റോബിൻ കുരുവിള (സംസ്ഥാന പ്രവർത്തക സമിതി അംഗം), ഡോ. ഡയാന ജോർജ് (സിഎംഇ കമ്മിറ്റി അംഗം) എന്നിവരാണ് മറ്റു ഭാരവാഹികൾ.

ഡോ. ഷാജി പി.കെ, ഡോ. അരുൺകുമാർ എന്നിവർ പുതിയ കമ്മിറ്റിയെ അനുമോദിച്ചു പ്രസംഗിച്ചു. ഡോ നൈജൽ, ഡോ അജി, ഡോ.ജോസഫ് ബെനവെൻ എന്നിവർക്ക് ഡോ. പത്മനാഭൻ പടപ്പയിൽ, ഡോ. അയ്യപ്പൻ പിള്ള, ഡോ. അനുപമ മാധവൻ പിള്ള എന്നിവർ പൊന്നാട അണിയിച്ചു. ഡോ. നൈജൽ കുര്യാക്കോസ് (ഒഇസി ചെയർ), ഡോ. അജി വർഗീസ് (ഒ ഇ സി കൺവീനർ), ഡോ. ശിവൻപിള്ള അഴകപ്പൻ പങ്കെടുത്തു. കേരളത്തിൽ നിന്നുള്ള 50 ഓളം പ്രവാസി ഡോക്ടർമാർ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (ഐഎംഎ) കുമരകം അബുദാബി ഘടകം അംഗങ്ങളായി ചേർന്നു. മലയാളികളായ എല്ലാ പ്രവാസി ഡോക്ടർമാരെയും ഉൾപ്പെടുത്തി പ്രവർത്തിക്കാനാണ് ഘടകം ഉദ്ദേശിക്കുന്നതെന്ന് പ്രസിഡന്റ് ഡോ.ബേനസീർ നടാഷ ഹക്കിം പറഞ്ഞു.

ഉബൈദ് ചേറ്റുവക്ക് ഗുരുവായൂർ മണ്ഡലം കെഎംസിസി സ്നേഹോപഹാരം മുസ്ലിംലീഗ് തൃശൂർ ജില്ലാ പ്രസിഡന്റ് സിഎ മുഹമ്മദ് റഷീദും കെഎംസിസി തൃശൂർ ജില്ലാ പ്രസിഡന്റ് ജമാൽ മനയത്തും ചേർന്ന് സമ്മാനിക്കുന്നു

കെഎംസിസി സ്നേഹാദര സംഗമം

ദുബൈ: നാലു പതിറ്റാണ്ടു കാലത്തെ പ്രവാസ ജീവിതത്തോട് വിടപറയുന്ന ദുബൈ കെഎംസിസി മുൻ സംസ്ഥാന വൈസ് പ്രസിഡന്റും മുൻ ജില്ലാ പ്രസിഡന്റുമായിരുന്ന ഉബൈദ് ചേറ്റുവക്ക് ഗുരുവായൂർ മണ്ഡലം ദുബൈ കെഎംസിസി കമ്മിറ്റി സ്നേഹാദരം നൽകി. കെഎംസിസി ഓഡിറ്റോറിയത്തിൽ നടന്ന യാത്രയയപ്പ് സംഗമത്തിൽ മുസ്ലിംലീഗ് തൃശൂർ ജില്ലാ പ്രസിഡന്റ് സി. എ മുഹമ്മദ് റഷീദും കെഎംസിസി തൃശൂർ ജില്ലാ പ്രസിഡന്റ് ജമാൽ മനയത്തും ചേർന്ന് ഉബൈദ് ചേറ്റുവക്ക് സ്നേഹോപഹാരം നൽകി. കെഎംസിസി ഗുരുവായൂർ മണ്ഡലം പ്രസിഡന്റ് സാദിഖ് തിരുവത്ര അധ്യക്ഷയായി. സി.എ മുഹമ്മദ് റഷീദ് സംഗമം ഉദ്ഘാടനം ചെയ്തു.

ദുബൈ കെഎംസിസി തൃശൂർ ജില്ലാ പ്രസിഡന്റ് ജമാൽ മനയത്ത് മുഖ്യപ്രഭാഷണം നടത്തി. ജില്ലാ സെക്രട്ടറി ഗഫൂർ പട്ടിക്കര,ജില്ലാ ഭാരവാഹികളായ അബു ഷമീർ, ആർ.വി.എം മുസ്തഫ,മുഹമ്മദ് അക്ബർ ചാവക്കാട്,ഹനീഫ് തളിക്കുളം,നൗഫൽ പുത്തൻപുരയിൽ,ജംഷീർ പാടൂർ,ജില്ലാ പ്രവർത്തക സമിതിയംഗംഅലി അകലാട്,മണ്ഡലം ജനറൽ സെക്രട്ടറി ഷറഫുദ്ദീൻ സി.കെ, തൃശൂർ മണ്ഡലം പ്രസിഡന്റ് ഷമീർ പണിക്കത്ത്,നാട്ടിക മണ്ഡലം പ്രസിഡന്റ് ബഷീർ ഇടശ്ശേരി ആശംസകൾ നേർന്നു. മണ്ഡലം കമ്മിറ്റി നൽകിയ സ്നേഹാദരവിന് ഉബൈദ് ചേറ്റുവ നന്ദി പറഞ്ഞു. അബ്ദുൽ ഹമീദ് വടക്കേക്കാട് സ്വാഗതവും മുഹമ്മദ് അസ്‌ലം വൈലത്തൂർ നന്ദിയും പറഞ്ഞു.

ബഹ്റൈനിലെ ഇന്ത്യൻ ക്ലബ്ബിൽ ആർ.എൽ.വി സിന്ധു സുനിൽകുമാറിന്റെ ശിക്ഷണത്തിൽ നൃത്തം പരിശീലിച്ച ഏഴു വിദ്യാർഥിനികൾ 'മുദ്ര 2024' പരിപാടിയിൽ അരങ്ങേറ്റം നടത്തിയ ശേഷം ഗുരുവിനും വിശിഷ്ടാതിഥികൾക്കുമൊപ്പം

മനാമ സൂഖ് അഗ്നിബാധ
കെഎംസിസി ആശ്വാസധനം വിതരണം ചെയ്തു

മനാമ: മനാമ സൂഖിൽ അഗ്നിബാധയെ തുടർന്ന് ദുരിതമനുഭവിക്കുന്ന കച്ചവടക്കാർക്ക് ആശ്വാസമായി കെഎംസിസി ബഹ്റൈൻ ധനസഹായം നൽകി. സ്വന്തം സ്ഥാപനങ്ങൾ പൂർണമായും കത്തിനശിച്ചതിനെ തുടർന്ന് പ്രയാസം അനുഭവിക്കുന്ന 13 പേർക്കാണ് കെഎംസിസി സാമ്പത്തിക സഹായം നൽകിയത്. തീ നാളങ്ങൾ നക്കിത്തുടച്ച മനാമ സൂഖിൽ ഒന്നും അവശേഷിക്കാതെ കഷ്ടപ്പെടുകയാണ് കച്ചവടക്കാർ.

ചെറിയ വരുമാനക്കാരാണ് ഭൂരിഭാഗവും. കടകൾ കത്തിയതിനെ തുടർന്ന് ജോലിക്ക് പോകാനോ ബിസിനസ് നടത്താനോ കഴിയാതെ പത്ത് ദിവസത്തിലധികമായി റൂമുകളിൽ കഴിയുകയാണ് പലരും. കടകൾ ഇനി എപ്പോൾ തുറക്കാനാകുമെന്ന് അറിയാതെ അനിശ്ചിതത്വത്തിലുമാണ്. ഈ സാഹചര്യത്തിൽ നാട്ടിലെ ആശ്രിതർക്ക് കുടുംബ ചിലവിന് പണം അയക്കാനോ ഇവിടുത്തെ ദൈനംദിന കാര്യങ്ങൾ നടത്താനോ ഇത്തരക്കാർ പ്രയാസപ്പെടുകയാണ്. കഴിഞ്ഞ ദിവസം എ.കെ. എം അഷ്റഫ് എം.എൽ.എ യുടെയും കെഎംസിസി പ്രസിഡന്റ് ഹബീബ് റഹ്മാന്റെയും ജനറൽ സെക്രട്ടറി അസൈനാർ കളത്തിങ്കലിന്റെയും നേതൃത്വത്തിൽ സൂഖ് സന്ദർശിച്ചു സ്ഥിതിഗതികൾ വിലയിരുത്തിയിരുന്നു. സംസ്ഥാന ഭാരവാഹികൾക്ക് പുറമെ വിവിധ ജില്ലാ ഭാരവാഹികൾ ഉൾപ്പെടെയുള്ള പ്രതിനിധി സംഘം ദുരിത ബാധിതരെ നേരിട്ടു കണ്ട് സംസാരിച്ചു.

ദുരിതം സംഭവിച്ച ഉടനെ ആവശ്യക്കാർക്ക് ഭക്ഷണം ഉൾപ്പെടെയുള്ളവ കെഎംസിസി നേരിട്ടു വിതരണം ചെയ്തിരുന്നു. കൂടാതെ റൂമുകളിൽ ഭക്ഷണം ഉണ്ടാക്കുന്നവർക്ക് ക്യാപിറ്റൽ ഗവർണറേറ്റ് കെഎംസിസി മുഖേന ഡ്രൈ ഫുഡ് കിറ്റുകൾ വിതരണം ചെയ്യുകയും ചെയ്തിരുന്നു. സാഹചര്യത്തിന്റെ ഗൗരവം മനസിലാക്കിയാണ് സാമ്പത്തിക സഹായം നൽകാൻ കെഎംസിസി ഭാരവാഹികളുടെ അടിയന്തിര യോഗം തീരുമാനിച്ചത്.

കെഎംസിസി ആസ്ഥാനത് നടന്ന ചടങ്ങിൽ പ്രസിഡന്റ് ഹബീബ് റഹ്മാൻ ദുരിത ബാധിതർക്ക് വിതരണം ചെയ്യാനുള്ള സഹായധനം സൂഖ് കോർഡിനേറ്റർ സലീം തളങ്കരയെ ഏൽപിച്ചു. സംസ്ഥാന ഭാരവാഹികളായ അസൈനാർ കളത്തിങ്കൽ, കെ. പി മുസ്തഫ, ശംസുദ്ദീൻ വെള്ളികുളങ്ങര, എ.പി ഫൈസൽ, ഒ.കെ കാസിം, കെ.കെ.സി മുനീർ, ശരീഫ് വില്യാപ്പള്ളി,എന്നിവർക്ക് പുറമെ എസ്.വി ജലീൽ അഷ്റഫ് അഴിയൂർ സന്നിഹിതരായിരുന്നു.

മനാമ സൂഖിലെ ദുരിതബാധിതർക്കുള്ള ബഹ്റൈൻ കെഎംസിസി സഹായധനം പ്രസിഡന്റ് ഹബീബ് റഹ്മാൻ സൂഖ് കോർഡിനേറ്റർ സലീം തളങ്കരക്ക് കൈമാറുന്നു.

സുഗതാഞ്ജലി അബുദാബി ചാപ്റ്റർതല മത്സരം
ലക്ഷ്മി പ്രഷോഭിനും വേദ മനുവിനും ഒന്നാം സ്ഥാനം

അബുദാബി: മലയാളം മിഷൻ അബുദാബി ചാപ്റ്ററിനു കീഴിൽ നടന്ന സുഗതാഞ്ജലി കാവ്യാലാപന മത്സരത്തിൽ ജൂനിയർ വിഭാഗത്തിൽ അൽ ദഫ്റ മേഖലയിലെ ലക്ഷ്മി പ്രഷോഭും സബ്ജൂനിയർ വിഭാഗത്തിൽ കേരള സോഷ്യൽ സെന്റർ മേഖലയിലെ വേദ മനുവും ഒന്നാം സമ്മാനാർഹരായി. ജൂനിയർ വിഭാഗത്തിൽ പാർവതി ജ്യോതിഷ് (കേരള സോഷ്യൽ സെന്റർ), ദിൽഷ ഷജിത് (അബുദാബി മലയാളി സമാജം) യഥാക്രമം രണ്ടും മൂന്നും സ്ഥാനം നേടി. വിനു വിഷ്ണു (ബദാസായിദ്), ദേവി തരുണിമ പ്രഭു (അബുദാബി മലയാളി സമാജം) എന്നിവർക്കാണ് സബ് ജൂനിയർ വിഭാഗത്തിൽ രണ്ടും മൂന്നും സ്ഥാനങ്ങൾ.

സംസ്ഥാന സർക്കാർ ആഗോളതലത്തിൽ സംഘടിപ്പിക്കുന്ന നാലാമത് സുഗതാഞ്ജലി കാവ്യാലാപന മത്സരത്തിന്റെ ഭാഗമായാണ് ചാപ്റ്റർതല മത്സരം സംഘടിപ്പിച്ചത്. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിച്ചവർ ആഗോളതല മത്സരത്തിൽ പങ്കെടുക്കും.

പഠന കേന്ദ്രങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവർ പങ്കെടുത്ത മേഖലാതലത്തിൽ നിന്നും വിജയികളായവരാണ് ചാപ്റ്റർതല മത്സരത്തിൽ മാറ്റുരച്ചത്. 26 മലയാളം മിഷൻ വിദ്യാർത്ഥികൾ പങ്കെടുത്തു.

ഈ വർഷത്തെ മലയാളം മിഷൻ ബോധി അധ്യാപക പുരസ്കാര ജേത്രി അഖില സന്തോഷ്, എഴുത്തുകാരിയും ഇന്ത്യൻ മോഡൽ സ്കൂളിലെ പ്രധാനാധ്യാപികയുമായ ഡോ.ഹസീന ബീഗം, കവി മൊയ്തീൻ അംഗടിമുഗൾ എന്നിവരായിരുന്നു വിധികർത്താക്കൾ. കാവ്യാലാപന മത്സരത്തിന്റെ മുന്നോടിയായി ചാപ്റ്റർ ചെയർമാൻ സൂരജ് പ്രഭാകറിന്റെ അധ്യക്ഷതയിൽ നടന്ന സാംസ്കാരിക സമ്മേളനം മലയാളം മിഷൻ യുഎഇ കോർഡിനേറ്റർ കെ.എൽ ഗോപി ഉദ്ഘാടനം ചെയ്തു. കേരള സോഷ്യൽ സെന്റർ പ്രസിഡന്റ് എകെ ബീരാൻകുട്ടി, ഇന്ത്യ സോഷ്യൽ ആന്റ് കൾച്ചറൽ സെന്റർ സാഹിത്യ വിഭാഗം സെക്രട്ടറി നാസർ വിളഭാഗം, ഇന്ത്യൻ ഇസ്ലാമിക് സെന്റർ ജനറൽ സെക്രട്ടറി ടിഹിദായത്തുല്ല, മലയാളം മിഷൻ അബുദാബി ചാപ്റ്റർ പ്രസിഡന്റ് വി.പി കൃഷ്ണകുമാർ, അൽ നാസർ ജനറൽ സർവീസസ് മാനേജിങ് ഡയറക്ടർ റീന എബ്രഹാം, മലയാളം മിഷൻ സമാജം കോർഡിനേറ്റർ എ. പി അനിൽകുമാർ, അബുദാബി സിറ്റി കോർഡിനേറ്റർ ധനേഷ് കുമാർ, ഷാബിയ കോർഡിനേറ്റർ സുമ വിപിൻ പങ്കെടുത്തു.

മലയാളം മിഷൻ അബുദാബി ചാപ്റ്റർ സെക്രട്ടറി സഫറുല്ല പാലപ്പെട്ടി സ്വാഗതവും കൺവീനർ ബിജിത് കുമാർ നന്ദിയും പറഞ്ഞു.

ലക്ഷ്മി പ്രശോഭ്, വേദ മനു,പാർവതി ജ്യോതിഷ്,വിനു വിഷ്ണു

ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിക്ക് ഐ.വൈ.സി.സിയുടെ അഭിനന്ദനം

മനാമ: ലോക്സഭ പ്രതിപക്ഷ നേതാവായി തിരഞ്ഞെടുക്കപ്പെട്ട രാഹുൽ ഗാന്ധിക്ക് ഐ.വൈ.സി.സി ബഹ്റൈൻ ദേശീയ കമ്മിറ്റിയുടെ അഭിനന്ദനം. രാജ്യത്തിന്റെ ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കാൻ വേണ്ടി അദ്ദേഹം നടത്തിയ പോരാട്ടങ്ങളുടെ വിജയംകൂടിയായിരുന്നു ലോക്സഭാ തിരഞ്ഞെടുപ്പിൽ 'ഇന്ത്യ' മുന്നണിക്ക് മികച്ച മുന്നേറ്റമുണ്ടാക്കാൻ സാധിച്ചതെന്നും കോൺഗ്രസ് ഇനി തിരിച്ചു വരില്ലെന്ന് പറഞ്ഞവർക്കു മുന്നിൽ, കേന്ദ്ര സർക്കാർ ഭരണ സംവിധാനങ്ങളെ ദുരുപയോഗം ചെയ്തു കോൺഗ്രസിനെ ദുർബലപെടുത്താൻ നടത്തിയ ശ്രമങ്ങളെല്ലാം തകർത്ത് നേടിയ വിജയം വിസ്മയിപ്പിക്കുന്നതാണ്. രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ രാജ്യത്തിനു പുതുപ്രതീക്ഷ നൽകാൻ സാധിച്ചുവെന്നും ഭരത് ജോഡോ യാത്രയിലൂടെ രാജ്യത്തുടനീളം കാൽനടയായി സഞ്ചരിച്ച് ജനങ്ങളുടെ പ്രശ്നങ്ങൾ മനസിലാക്കിയും പഠിച്ചും സഭക്കകത്തും പുറത്തും അവതരിപ്പിക്കാനുള്ള അദ്ദേഹത്തിന്റെ കഴിവ് കൂടുതൽ പ്രതീക്ഷ നൽകുന്നതാണെന്നും നരേന്ദ്രമോദി സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരെ ശക്തമായ മുന്നേറ്റങ്ങൾക്ക് ചുക്കാൻപിടിക്കുന്ന പ്രതിപക്ഷനിരയെ നയിക്കാൻ അദ്ദേഹം പ്രാപ്തനാണെന്നും ഭരണഘടന ഉയർത്തിപ്പിടിച്ചു ക്രിയാത്മക പ്രതിപക്ഷമാവാൻ സാധിക്കുമെന്നും ഐവൈസിസി ദേശീയ പ്രസിഡന്റ് ഷിബിൻ തോമസ്, ജനറൽ സെക്രട്ടറി രഞ്ജിത്ത് മാഹി,ട്രഷറർ ബെൻസി ഗനിയുഡ് എന്നിവർ അഭിപ്രായപ്പെട്ടു.

ഗതാഗതക്കുരുക്കിൽ ദുബൈ ഒന്നാം സ്ഥാനത്ത്

ദുബൈ: അറബ് ലോകത്ത് ഗതാഗതക്കുരുക്കിൽ ദുബൈ ഒന്നാം സ്ഥാനത്ത്. 'ഗ്ലാബൽ ട്രാഫിക് സ്കോർ റെക്കോർഡ് ഫോർ 2023' റിപ്പോർട്ടിലാണ് ഗതാഗതക്കുരുക്ക് അനുസരിച്ച് നഗരങ്ങൾക്ക് റാങ്ക് നൽകിയത്. റിയാദും, അബുദാബിയും തൊട്ടു പിന്നിലുണ്ടെന്നാണ് റിപ്പോർട്ട്. കുവൈറ്റ് സിറ്റി ആറാം സ്ഥാനത്താണ്.

'മുദ്ര 2024' നർത്തകിമാർ അരങ്ങേറി

മനാമ: ബഹ്റൈനിലെ നൃത്ത അധ്യാപിക ആർ.എൽ.വി സിന്ധു സുനിൽകുമാറിന്റെ കീഴിൽ പരിശീലിച്ച ഏഴു വിദ്യാർഥിനികളുടെ അരങ്ങേറ്റം 'മുദ്ര 2024' ഇന്ത്യൻ ക്ലബ്ബിൽ നടന്നു. അൻവിത അനൂപ്, കാശ്മീര ശിവകുമാർ, സാൻവിക അനൂപ് എന്നീ കുട്ടികൾ ഭരതനാട്യത്തിലും അന്ന ബാബു, ഹന്ന ആൽവിൻ, സെറാ ആൽവിൻ, വൈഗ പ്രജിത്ത് എന്നിവർ മോഹിനിയാട്ടത്തിലും അരങ്ങേറ്റം കുറിച്ചു.

ചടങ്ങിൽ ഐസിആർഎഫ് ചെയർമാൻ ഡോ. ബാബു രാമചന്ദ്രൻ, ന്യൂ ഇന്ത്യൻ സ്കൂൾ പ്രിൻസിപ്പൽ ഗോപിനാഥ് മേനോൻ, സെന്റ്പീറ്റേഴ്സ് ജാക്കോബൈറ്റ് സിറിയൻ ഓർത്തഡോക്സ് ചർച്ച് വികാരി ഫാദർ ജോൺസ് ജോൺസൺ, ഇന്ത്യൻ ക്ലബ് സെക്രട്ടറി അനിൽകുമാർ എന്നിവർ വിശിഷ്ടാതിഥികളായി പങ്കെടുത്തു. ആർ.എൽ.വി സിന്ധു സുനിൽകുമാറിനു കീഴിൽ നൃത്തം അഭ്യസിക്കുന്ന 40 ഓളം ശിഷ്യകളുടെ വിവിധതരം നൃത്ത പരിപാടികളും നടന്നു. അനൂപ് ശശികുമാർ സ്വാഗതവും അനൂപ് നാരായണൻ നന്ദിയും പറഞ്ഞു.

മനാമ സൂഖ് തീപിടിത്തം

അഞ്ചു പേർക്ക് വിമാന ടിക്കറ്റുകൾ നൽകി

മനാമ: മനാമ സൂഖ് തീപിടിത്തത്തിന് ഇരയായ ചെറുകിട ഷോപ്പുകളിൽ ജോലി ചെയ്യുന്ന അഞ്ചുപേർക്ക് ഇന്ത്യൻ എംബസി നാട്ടിലേക്ക് പോകാനുള്ള എയർ ടിക്കറ്റുകൾ നൽകി. ഐസിആർഎഫ് മുൻകയ്യെടുത്ത് ഇന്ത്യൻ എംബസിയിൽ വിളിച്ചുചേർത്ത യോഗത്തിൽ തീപിടിത്തത്തിന് ഇരയായവരെ സഹായിക്കാനായി രൂപികരിച്ച കമ്മിറ്റിയുടെ അഭ്യർത്ഥന പ്രകാരം നാട്ടിലേക്ക് പോകാൻ ആഗ്രഹിക്കുന്നവരോട് അപേക്ഷ നൽകാൻ എംബസി ആവശ്യപ്പെടുകയായിരുന്നു. മനാമ കെ സിറ്റിയിൽ നടന്ന ചടങ്ങിൽ ഇന്ത്യൻ എംബസി നൽകിയ ആദ്യ ബാച്ച് എയർ ടിക്കറ്റുകൾ ഐസിആർഎഫ് പ്രതിനിധികൾ സഹായ കമ്മിറ്റിക്ക് കൈമാറി. തുടർന്ന് പ്രസ്തുത ടിക്കറ്റുകളും സഹായകമ്മിറ്റിയുടെ പ്രത്യേക സാമ്പത്തിക സഹായവും നാട്ടിലേക്ക് പോകുന്നവരെ ഏൽപിച്ചു.

ബഹ്റൈൻ കെഎംസിസി മലപ്പുറം ജില്ലാ സ്പോർട്സ് വിങ് സംഘടിപ്പിച്ച ഷിഫ അൽജസീറ ഹോസ്പിറ്റൽ ആന്റ് മെഡിക്കൽ സെന്റർ ഈദ് കപ്പിൽ ജേതാക്കളായ കോട്ടക്കൽ എഫ്സി

മലപ്പുറം ജില്ലാ ബഹ്റൈൻ കെഎംസിസി

ഷിഫ അൽ ജസീറ ഈദ് കപ്പ് 2024 കോട്ടക്കൽ എഫ്.സി ജേതാക്കൾ

മനാമ: ബഹ്റൈൻ കെഎംസിസി മലപ്പുറം ജില്ലാ സ്പോർട്സ് വിങ് സംഘടിപ്പിച്ച ഷിഫ അൽജസീറ ഹോസ്പിറ്റൽ ആന്റ് മെഡിക്കൽ സെന്റർ ഈദ് കപ്പ് 2024 പ്രവാസികൾക്ക് ആവേശമായി. രണ്ടാം പെരുന്നാൾ ദിവസം ഹൂറ ഗോസി ഗ്രൗണ്ടിൽ നടന്ന ഫുട്ബോൾ ടൂർണമെന്റ് കെഎംസിസി ബഹ്റൈൻ സംസ്ഥാന ജനറൽ സെക്രട്ടറി അസൈനാർ കളത്തിങ്കൽ ഉദ്ഘാടനം ചെയ്തു. രോഗങ്ങൾ വർധിച്ചു വരുന്ന വർത്തമാന സാഹചര്യത്തിൽ ആരോഗ്യ പരിപാലനത്തിന് പ്രാമുഖ്യം നൽകിയുള്ള ഇത്തരം കായിക വിനോദങ്ങൾ പ്രോത്സാഹന ജനകമാണെന്നും പരിപാടി സംഘടിപ്പിച്ച കെഎംസിസി മലപ്പുറം ജില്ലാ കമ്മിറ്റി അഭിനന്ദനമർഹിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. പ്രസിഡന്റ് ഇഖ്ബാൽ താനൂർ അധ്യക്ഷ നായി. സ്പോർട്സ് വിങ് ചെയർമാൻ ഉമ്മർ കൂട്ടിലങ്ങാടി സ്വാഗതം പറഞ്ഞു.

ഷിഫാ അൽജസീറ എച്ച്. ആർ മാനേജർ ഷറഫാദ്, മാർക്കറ്റിങ് എക്സിക്യൂട്ടീവ് ലാൽ, കെ.എം.സി.സി സംസ്ഥാന ആക്റ്റിങ് പ്രസിഡന്റ് എ.പി ഫൈസൽ,സംസ്ഥാന ഭാരവാഹികളായ മുസ്തഫ കെ.പി, ഷംസുദ്ദീൻ വെള്ളിക്കുളങ്ങര,സലീം തളങ്കര, ശരീഫ് വില്യാപ്പള്ളി, റഫീഖ് തോട്ടക്കര, നിസാർ ഉസ്മാൻ, ജില്ലാ, ഏരിയ ഭാരവാഹികൾ, കെ.എം.സി.സി സ്പോർട്സ് വിങ് ഭാരവാഹികൾ പങ്കെടുത്തു.

എട്ട് ടീമുകൾ പങ്കെടുത്ത ടൂർണമെന്റിൽ കോട്ടക്കൽ എഫ്.സി ജേതാക്കളായി. വിന്നേഴ്സിനുള്ള ട്രോഫി ജില്ലാ പ്രസിഡന്റ് ഇക്ബാൽ താനൂരും റണ്ണേഴ്സായ വണ്ടൂർ എഫ്.സിക്കുള്ള ട്രോഫി ജില്ലാ സ്പോർട്സ് വിങ് കൺവീനർ നൗഷാദ് മുനീറും സമ്മാനിച്ചു. പ്രൊഫഷണൽ മത്സരം കാഴ്ചവെച്ച വയനാട് എഫ്.സി- മലപ്പുറം എഫ്സി ടീമുകളുടെ മത്സരം കാണികൾക്ക് ഫുട്ബോൾ വിരുന്നൊരുക്കി.

ടൂർണമെന്റിനോടാനുബന്ധിച്ചു കെഎംസിസി മലപ്പുറം ജില്ലാ വനിതാവിങ് നടത്തിയ സ്നാക്സ് മത്സരത്തിൽ ഷഫ്ല ഇല്യാസ്, ഷിജിനി ജഷിർ, സഫ മഹ്റൂഫ് എന്നിവർ 1,2,3 സ്ഥാനങ്ങൾക്ക് അർഹരായി. വിധി നിർണയിച്ച ഷെഫ് മുഹമ്മദ് ഹിയാസിനുള്ള ഉപഹാരം ജില്ല ജനറൽ സെക്രട്ടറി അലി അക്ബർ കൈമാറി. ഭക്ഷണ പ്രേമികൾക്കായി ഒരുക്കിയ നാടൻ തട്ടുകട കായിക പ്രേമികളുടെ പ്രത്യേക ശ്രദ്ധയാകർഷിച്ചു.

മനാമ സൂഖിലെ ദുരിതബാധിതർക്ക് ഇന്ത്യൻ എംബസി നൽകുന്ന ആദ്യ ബാച്ച് വിമാന ടിക്കറ്റുകൾ ഐ.സി.ആർ.എഫ് പ്രതിനിധികൾ സഹായ കമ്മിറ്റിക്ക് കൈമാറുന്നു

നിരീക്ഷണം

സത്യത്തിന്റെ അടിസ്ഥാനത്തിൽ മാർഗദർശനം നൽകുകയും, അതനുസരിച്ച് തന്നെ നീതി നടത്തുകയും ചെയ്യുന്ന ഒരു സമൂഹം നാം സൃഷ്ടിച്ചവരുടെ കൂട്ടത്തിലുണ്ട്.
(വിശുദ്ധ ഖുർആൻ: 07: 181)

ഗൾഫ് ചന്ദ്രിക
1445 ദുൽഹജ്ജ് 21 • 1199 മിഥുനം 13 • 11946 ആഷാഢം 06

ഇത് തീക്കളി

അസാധാരണമായ സംഭവ വികാസത്തിനാണ് കേരള നിയമസഭ കഴിഞ്ഞ ദിവസം സാക്ഷ്യം വഹിച്ചത്. പ്രതിപക്ഷത്തിന്റെ അടിയന്തിര പ്രമേയത്തിന് അനുമതി നിഷേധിച്ചുകൊണ്ട് സർക്കാറിന് വേണ്ടി സ്പീക്കർ നടത്തിയ സംസാരം അത്യന്തര അപകടകരവും നിയമനിർമാണ സഭക്കുനേരെ നടത്തിയ വെല്ലുവിളിയുമാണെന്ന കാര്യത്തിൽ സംശയമില്ല. ടി.പി ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾക്ക് ശിക്ഷയിളവ് നൽകുന്നതിനുള്ള സർക്കാറിന്റെ നീക്കം സഭാ നടപടികൾ നിർത്തിവെച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് ചന്ദ്രശേഖരന്റെ വിധവയും വടകര എം.എൽ.എയുമായ കെ.കെ രമ നൽകിയ അടിയന്തിര പ്രമേയ നോട്ടീസിന് അനുമതി നിഷേധിച്ചുകൊണ്ട് സ്പീക്കർ നടത്തിയ പരാമർശങ്ങളാണ് നിയമസഭയെ ഞെട്ടിച്ചുകളഞ്ഞത്. വാക്കുകൊണ്ട് മാത്രമല്ല, പ്രമേയത്തോട് സ്വീകരിച്ച നടപടിക്രമങ്ങളും അൽഭുതമുളവാക്കുന്നതും വിഷയത്തോടുള്ള അസഹിഷ്ണുത പ്രകടമാക്കുന്നതുമായിരുന്നു. സഭാ നാഥൻ ഈ രീതിയിൽ വഴിവിട്ടു പെരുമാറുന്നത് കേരള നിയമസഭക്ക് തീരാകളങ്കവും കഴിഞ്ഞ ഏതാനും വർഷങ്ങളായി ഇന്ത്യൻ പാർലമെന്റിൽ നടക്കുന്ന സംഭവവികാസങ്ങളെ അനുസ്മരിപ്പിക്കുന്നതുമാണ്. കേന്ദ്രത്തിൽ പ്രധാനമന്ത്രിയേയും ഭരണപക്ഷത്തേയും സംരക്ഷിക്കാനാണ് ചട്ടങ്ങളും കീഴ്‌വഴക്കങ്ങളും കാറ്റിൽ പറത്തപ്പെട്ടിരുന്നതെങ്കിൽ ഇവിടെ മുഖ്യമന്ത്രി മറുപടിപറയേണ്ട വിഷയത്തിലാണ് സ്പീക്കറുടെ വഴിവിട്ട ഇടപെടലുണ്ടായിരിക്കുന്നത്.

അടിയന്തിര പ്രമേയങ്ങൾക്കുള്ള അനുമതി നിഷേധം സഭയിൽ സർവസാധാരണമാണെങ്കിലും നോട്ടീസിന് ബന്ധപ്പെട്ട വകുപ്പ് മന്ത്രി മറുപടി പറഞ്ഞതിന് ശേഷമാണ് സ്പീക്കർ ഇതിലേക്ക് കടക്കാറുള്ളത്. സഭാ ചട്ടങ്ങൾക്ക് വിരുദ്ധമോ, കോടതിയുടെ പരിഗണനയിലുള്ളതോ, ഇതേ സമ്മേളനത്തിൽ ചർച്ച ചെയ്തതോ ആയ വിഷയങ്ങളിൽ മാത്രമാണ് പ്രാഥമികമായി അവതരണാനുമതി നിഷേധിക്കാറുള്ളത്. എന്നാൽ ഈ ഗണത്തിൽ പെട്ടതൊന്നുമല്ലാതിരുന്നിട്ടും കെ.കെ രമയുടെ അടിയന്തിര പ്രമേയത്തിന് ആദ്യഘട്ടത്തിൽ തന്നെ അനുമതി നിഷേധിക്കുകയും ബന്ധപ്പെട്ട വകുപ്പ് മന്ത്രി പറയേണ്ട മറുപടി സ്പീക്കർ തന്നെ പറയുകയുമായിരുന്നു. 'ചട്ടം 50 പ്രകാരം ലഭിച്ച നോട്ടീസ് ടി.പി ചന്ദ്രശേഖരൻ കൊലക്കേസ് പ്രതികൾക്ക് ശിക്ഷയിളവ് നൽകാൻ ശ്രമിക്കുന്ന നീക്കത്തെക്കുറിച്ചാണ്. ഇത്തരമൊരു നീക്കം ഉണ്ടായിട്ടില്ലെന്ന് ഇതിനകം വ്യക്തമാക്കപ്പെട്ട സാഹചര്യത്തിൽ ഇക്കാര്യത്തിൽ മറ്റു അടിയന്തിര പ്രാധാന്യമില്ലാത്തതിനാൽ ചട്ടം 52 (5) പ്രകാരം നോട്ടീസ് തള്ളുന്നു. അംഗം ആവശ്യപ്പെടുന്ന പക്ഷം ഇക്കാര്യം സബ്മിഷനായി ഉന്നയിക്കുന്നതിന് അനുമതി നൽകുന്നതാണ്.' ഇതായിരുന്നു സ്പീക്കറുടെ അസാധാരണ പുരാമർശം. സ്പീക്കറുടെ റൂളിങ്ങിനെ എതിർത്ത് പ്രതിപക്ഷ നേതാവ് രംഗത്തെത്തുകയും സർക്കാറിനുവേണ്ടി സ്പീക്കർ മറുപടി പറയുകയാണെന്ന് കുറ്റപ്പെടുത്തുകയും ചെയ്തപ്പോൾ പ്രതിപക്ഷനേതാവിനോട് ബഹുമാനമുണ്ടെങ്കിലും ഇക്കാര്യത്തിൽ ഇതിനപ്പുറം സംസാരിക്കാനാകില്ലെന്നും ഈ വിഷയം ചർച്ചചെയ്യാനാകില്ലെന്നും വ്യക്തമാക്കി സ്പീക്കർ മൈക്ക് ഓഫ് ചെയ്യുകയായിരുന്നു. വിഷയത്തിൽ സർക്കാർ നടത്തിയ കള്ളക്കളി ഒരിക്കലും സഭയിൽ ചർച്ചയാകരുതെന്ന നിശ്ചയദാർഢ്യത്തോടെ ഭരണഘടനാ പദവിയെ തന്നെ ദുരുപയോഗം ചെയ്ത് നടത്തിയിട്ടുള്ള ഗൂഢാലോചനയാണ് ഇതിനുപിന്നിലെന്ന് ന്യായമായും സംശയിക്കാവുന്നതാണ്.

ടി.പി വധക്കേസിലെ പ്രതികളെ സംരക്ഷിക്കാൻ സി.പി.എമ്മും പിണറായി സർക്കാറും നടത്തിയിട്ടുള്ള ശ്രമങ്ങൾ കേരളത്തിലെ ജനങ്ങളുടെ മുന്നിൽ ഒരു തുറന്ന പുസ്തകം കണക്കെ മലർന്നു കിടക്കുകയാണ്. പ്രതികൾക്ക് നിയമപരമായും രാഷ്ട്രീയമായും എല്ലാ സൗകര്യങ്ങളും ഒരുക്കിക്കൊടുക്കുന്ന സർക്കാറും പാർട്ടിയും ജനങ്ങളുടെ സാമാന്യബോധത്തെയാണ് നിരന്തരം ചോദ്യംചെയ്ത് കൊണ്ടിരിക്കുന്നത്. വിചാരണ കോടതി ശിക്ഷിച്ച കൊലപാതക ക്കേസിലെ പ്രതികളെ വിട്ടയക്കണമെന്നാവശ്യപ്പെട്ട് നിർലജ്ജം ഹൈക്കോടതിയെ സമീപിക്കുകയും ഒടുവിൽ കീഴ്ക്കോടതി വെറുതെ വിട്ടവരെ പോലും ഹൈക്കോടതി പ്രതി ചേർക്കുന്നതിനും വരെ സംസ്ഥാനം സാക്ഷ്യംവഹിക്കുകയുണ്ടായി. ഇത്തരത്തിലെല്ലാം നിയമപീഠത്തിനുമുന്നിലും ജനങ്ങളുടെ മുന്നിലും ഒരുപോലെ നിരന്തരം നാണംകെട്ടിട്ടും പ്രതികൾക്കുവേണ്ടിയുള്ള ഈ വഴിവിട്ട രക്ഷാപ്രവർത്തനം ഇനിയും തുടരുന്ന സർക്കാർ ലോകസഭാ തിരഞ്ഞെടുപ്പിലെ ജനവിധിയിൽ നിന്നും ഒന്നുംപഠിച്ചിട്ടില്ലെന്നാണ് വ്യക്തമാക്കുന്നത്. ഒരു പതിറ്റാണ്ടു പിന്നിട്ടിട്ടും ചന്ദ്രശേഖരൻ വധം സി.പി.എമ്മിനെ അനുദിനം വേട്ടയാടിക്കൊണ്ടിരിക്കുകയാണ്. കൊടുംക്രൂരതയുടെ ആ ഓർമകൾ ഇല്ലാതാക്കാനുള്ള നീക്കങ്ങൾ കൈയ്യിലുള്ള സകല സംവിധാനങ്ങളെയും ഉപയോഗപ്പെടുത്തി പാർട്ടി നടത്തിനോക്കുന്നുണ്ടെങ്കിലും എല്ലാം വിഫലമാവുകയാണ്. ഈ നീക്കങ്ങളുടെ തുടർച്ചയെന്നോണം ജനാധിപത്യ മര്യാദയെ പോലും നോക്കുകുത്തിയാക്കി കഴിഞ്ഞ ദിവസം നിയമസഭയിൽ അരങ്ങേറിയ അസാധാരണ സംഭവം തീക്കൊള്ളികൊണ്ടുള്ള തലചൊറിച്ചിലാണെന്ന് സർക്കാറിനെയും സി.പി.എമ്മിനെയും ഓർമപ്പെടുത്താതിരിക്കാൻ വയ്യ.

അടിക്കുറിപ്പ്

കേരള നിയമസഭയിൽ ചൊവ്വാഴ്ച്ച നടന്നത് അങ്ങേയറ്റം ദൗർഭാഗ്യകരമായസംഭവമാണ്. അടിയന്തിര പ്രമേയ നോട്ടീസ് തള്ളിക്കളയാനുള്ള സ്വാതന്ത്ര്യവും വിവേചനാധികാരവും സ്പീക്കർക്കുണ്ട്. എന്നാൽ അത് തള്ളുമ്പോൾ സാങ്കേതിക കാര്യങ്ങൾ ചൂണ്ടിക്കാട്ടി വേണം നിർവഹിക്കാൻ. അല്ലാതെ വിഷയത്തിന്റെ മെറിറ്റിലേക്ക് കടന്ന് സർക്കാർ പറയേണ്ട ഉത്തരത്തിലേക്ക് സ്പീക്കർ കടന്നുചെന്നത് പദവിയുടെ നിഷ്പക്ഷതയെ സംശയത്തിലാക്കും.

പി.ജെ കുര്യൻ

ചരിത്രത്തിൽ ഇന്ന്

1954 ലോകത്തിലെ ആദ്യത്തെ അണുശക്തി നിലയം മോസ്കോക്ക് സമീപം ഓബ്നിൻസ്കിൽ പ്രവർത്തനമാരംഭിച്ചു.
1967 ലോകത്തെ ആദ്യ എ.ടി.എം. ലണ്ടനിലെ എൻഫീൽഡിൽ സ്ഥാപിച്ചു.
1976 എയർ ഫ്രാൻസിന്റെ 139 നമ്പർ വിമാനം പാരീസിലേക്കുള്ള യാത്രാമദ്ധ്യേ പി.എൽ.ഒ. പോരാളികൾ റാഞ്ചി ഉഗാണ്ടയിലെ എന്റെബ്ബെയിൽ ഇറക്കി.
1979 മുഹമ്മദ് അലി ബോക്സിങ് രംഗത്തു നിന്നും വിരമിച്ചു.

സർക്കാരിന്റെ 'ലഹരി വിരുദ്ധ കാമ്പയിൻ' ജനവഞ്ചന

വി.എം.സുധീരൻ

ആധുനിക സമൂഹത്തെ അതിഗുരുതരമായി ബാധിക്കുന്ന മഹാ വിപത്തായ ലഹരിക്കെതിരെ ലോകജനതയെ അണിനിരത്തുക എന്ന മഹത്തായ ലക്ഷ്യത്തോടെയാണ് ഐക്യരാഷ്ട്രസഭ എല്ലാ വർഷവും ജൂൺ 26 അന്താരാഷ്ട്ര ലഹരി വിരുദ്ധദിനമായി ആചരിക്കുന്നതിന് ആഹ്വാനം നൽകിയിട്ടുള്ളത്. മാനവരാശിക്കു മേൽ മഹാഭീഷണിയായി മാറിയിട്ടുള്ള കോവിഡിനെ പോലെതന്നെയുള്ള മാരക വിപത്താണ് മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരിപദാർത്ഥങ്ങൾ. ഈ മഹാവിപത്തിന്റെ കെടുതികൾ അതിഗുരുതരമായ നിലയിൽ ജനജീവിതത്തെ ബാധിക്കുന്ന ആപൽക്കരമായ സ്ഥിതിവിശേഷമാണ് ഇപ്പോഴുള്ളത്. ഇതെല്ലാം തിരിച്ചറിയുന്ന ഭരണകൂടങ്ങൾ തന്നെ ലോക ആരോഗ്യ സംഘടന തയ്യാറാക്കിയ 'ആഗോള അപകട സൂചന'യിൽ ഏറ്റവും ഉയർന്ന 72 ാം സ്ഥാനത്തുള്ള മദ്യത്തിന്റെ വ്യാപനത്തിനായി സർവശ്രമങ്ങളും നടത്തുന്നു എന്നത് വളരെ വിചിത്രമാണ്. നാടിനെ സർവനാശത്തിലേക്ക് നയിക്കുന്ന മദ്യവ്യാപനത്തിന്റെ നടത്തിപ്പുകാരായ സംസ്ഥാന സർക്കാർ ഇപ്പോൾ നടത്തുന്ന ലഹരി വിരുദ്ധ കാമ്പയിൻ ജനങ്ങളെ കബളിപ്പിക്കുന്ന നടപടി മാത്രമാണ്. തികഞ്ഞ ജന വഞ്ചനയുമാണ്.

> കേരളത്തിൽ വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾക്കും ക്രമസമാധാന പ്രശ്നങ്ങൾക്കും ആരോഗ്യപ്രശ്നങ്ങൾക്കും വളർന്നുവരുന്ന സാമൂഹ്യ അരാജകാവസ്ഥയ്ക്കും പ്രധാന കാരണം മദ്യവും മറ്റുലഹരിവസ്തുക്കളുമാണെന്ന തിരിച്ചറിവ് എല്ലാവർക്കുമുണ്ട്. എന്നാൽ ഇതെല്ലാം സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമാകുന്ന സർക്കാരാകട്ടെ മദ്യവ്യാപനത്തിനുവേണ്ടി നിലകൊള്ളുന്നതിലൂടെ പൊറുക്കാനാകാത്ത കുറ്റകൃത്യമാണ് ചെയ്തുകൊണ്ടിരിക്കുന്നത്.

മദ്യം ഇല്ലാതായാൽ മയക്കുമരുന്ന് ഉപയോഗം വർദ്ധിക്കും, വ്യാജവാറ്റ് പെരുകും, മദ്യം ഉപയോഗിച്ചിരുന്നവർക്ക് അതില്ലാതായാൽ വൻ പ്രത്യാഘാതങ്ങൾ ഉണ്ടാകും എന്നിങ്ങനെ മദ്യവ്യാപനനയത്തിന് ആധാരമായി നേരത്തേമുതൽ സർക്കാർ നടത്തിവന്നിരുന്ന വാദഗതികളും പ്രചരണങ്ങളും തീർത്തും അസ്ഥാനത്താണെന്ന് ലോക്ക്ഡൗൺ കാലത്ത് തെളിയിക്കപ്പെട്ടു. മയക്കുമരുന്ന് കേസുകൾ 2020 വർഷത്തിലെ മാസ ശരാശരി 305.5 ആയിരുന്നുവെങ്കിൽ ലോക്ക്ഡൗൺ കാലത്ത് രണ്ടുമാസത്തെ ശരാശരി കേവലം 97.5 കേസുകളായി കുറഞ്ഞുവെന്നത് വളരെയേറെ ശ്രദ്ധേയമാണ്. സ്പിരിറ്റിന്റെ കാര്യത്തിലും ഈ വ്യത്യാസം കാണാവുന്നതാണ്. 2020 വർഷത്തിൽ സ്പിരിറ്റ് പിടികൂടിയതിന്റെ മാസ ശരാശരി 1932 ലിറ്ററായിരുന്നെങ്കിൽ ലോക്ക്ഡൗൺകാലത്ത് രണ്ടുമാസത്തെ ശരാശരി കേവലം 59.5 ലിറ്റർ മാത്രമായിരുന്നു. (എക്സൈസ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിനെ ആധാരമാക്കി 'അഡിക് ഇന്ത്യ' തയാറാക്കിയ പഠന റിപ്പോർട്ടിൽനിന്ന്) മദ്യമില്ലാതിരുന്ന ലോക്ക്ഡൗൺ കാലത്ത് മയക്കുമരുന്ന് കേസുകളും സ്പിരിറ്റ് ലഭ്യതയും നന്നേ കുറഞ്ഞിരുന്നുവെന്ന അനിഷേധ്യമായ വസ്തുത സർക്കാർ സൗകര്യപൂർവ്വം തമസ്കരിക്കാനാണ് ശ്രമിക്കുന്നത്. യഥാർത്ഥത്തിൽ മദ്യവ്യാപനം വൻതോതിൽ ഉണ്ടായപ്പോഴാണ് മയക്കുമരുന്നുവ്യാപനവും വർദ്ധിച്ചതെന്ന യാഥാർത്ഥ്യം പകൽപോലെ വ്യക്തമാണ്. മദ്യലഭ്യതയും പ്രാപ്യതയും ഇല്ലാതായാൽ മദ്യഉപയോഗം ഇല്ലാതാകുമെന്ന് തെളിയിക്കുന്നതായിരുന്നു 64 ദിവസത്തെ ലോക്ക്ഡൗൺകാലം.

മദ്യത്തിൽനിന്നുള്ള വരുമാനത്തിന്റെ ഇരട്ടിയിലേറെ മദ്യംമൂലമുണ്ടാകുന്ന പ്രശ്നങ്ങൾക്കും കെടുതികൾക്കും ദുരിതങ്ങൾക്കും പരിഹാരമുണ്ടാക്കുന്നതിന് സർക്കാരിനുതന്നെ ചെലവിടേണ്ടിവരുന്നുണ്ട്. മദ്യപാനംമൂലം വർദ്ധിച്ചുവരുന്ന മാനസികവും ശാരീരികവുമായ ആരോഗ്യപ്രശ്നങ്ങൾ, അതിനെല്ലാം വേണ്ടിവരുന്ന മരുന്ന്, ചികിത്സ, ആശുപത്രി സംവിധാനം എന്നിവയ്ക്കുവേണ്ട ചെലവുകൾ കുടുംബസമാധന തകർച്ച, കുടുംബന്ധങ്ങളിലെ വിള്ളലുകൾ, വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ, തൊഴിൽ മേഖലയിലെ പ്രത്യാഘാതങ്ങൾ അതുമൂലമുണ്ടാകുന്ന സാമ്പത്തിക പ്രശ്നങ്ങൾ ഇതെല്ലാം സംസ്ഥാനത്തിന് വരുത്തിവെയ്ക്കുന്ന സാമ്പത്തികഭാരവും സാമൂഹ്യപ്രശ്നങ്ങളും സംസ്ഥാനത്തിന് താങ്ങാനാവുന്നതല്ല. ഇപ്പോൾത്തന്നെ കേരളത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കുംനേരെയുള്ള അതിക്രമങ്ങൾ പതിന്മടങ്ങ് വർദ്ധിച്ചിരിക്കുകയാണ്. മദ്യലഹരിയിൽ സ്വന്തം മാതാപിതാക്കളുടെയും കുടുംബാംഗങ്ങളുടെയും ജീവനെടുക്കുന്ന സംഭവങ്ങൾവരെ വർദ്ധിച്ചുവരികയാണ്. ക്വട്ടേഷൻ ഗുണ്ടാമാഫിയാസംഘങ്ങളും പെരുകിവരുന്നു. ഇതിന്റെയെല്ലാം ഊർജ്ജസ്രോതസ് മദ്യവും മയക്കുമരുന്നും ഉൾപ്പെടെയുള്ള ലഹരിതന്നെയാണ്.

കേരളത്തിൽ വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾക്കും ക്രമസമാധാന പ്രശ്നങ്ങൾക്കും ആരോഗ്യപ്രശ്നങ്ങൾക്കും വളർന്നുവരുന്ന സാമൂഹ്യ അരാജകാവസ്ഥയ്ക്കും പ്രധാന കാരണം മദ്യവും മറ്റുലഹരിവസ്തുക്കളുമാണെന്ന തിരിച്ചറിവ് എല്ലാവർക്കുമുണ്ട്. എന്നാൽ ഇതെല്ലാം സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമാകുന്ന സർക്കാരാകട്ടെ അറിഞ്ഞുകൊണ്ടുതന്നെ മദ്യവ്യാപനത്തിനുവേണ്ടി നിലകൊള്ളുന്നതിലൂടെയും മറ്റ് ലഹരിവസ്തുക്കൾ ഫലപ്രദമായി തടയുന്നതിൽ വീഴ്ചവരുത്തുന്നതിലൂടെയും പൊറുക്കാനാകാത്ത കുറ്റകൃത്യമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇനിയെങ്കിലും തെറ്റുതിരുത്താനും കേരളീയ സമൂഹത്തെയും തലമുറകളെയും തകർച്ചയിലേയ്ക്ക് നയിക്കുന്ന മദ്യം, മയക്കുമരുന്ന് ഉൾപ്പെടെയുള്ള ലഹരി വിപത്തിൽനിന്നും നാടിനെയും ജനങ്ങളെയും രക്ഷിക്കുന്നതിനും പര്യാപ്തമായ നയങ്ങളും ഫലപ്രദവും സുതാര്യവുമായ നടപടികളും ആവിഷ്കരിച്ചു നടപ്പാക്കാൻ സർക്കാർ തയ്യാറായില്ലെങ്കിൽ അത് മാപ്പർഹിക്കാത്ത കൃത്യവിലോപമാകും. നിർഭാഗ്യമെന്ന് പറയട്ടെ ഇത്തരത്തിൽ സമൂഹ നന്മ മുന്നിൽ കണ്ടുകൊണ്ടുള്ള കാതലായ നയവ്യതിയാനത്തിനു മുതിരാതെ വീണ്ടും മദ്യാസക്തരെ മദ്യ ഉപയോഗത്തിലേക്ക് തിരിച്ചു കൊണ്ടുപോകാനുള്ള നടപടികളാണ് ഒന്നൊന്നായി സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

2016ൽ പിണറായി വിജയൻ മുഖ്യമന്ത്രിയായി ചുമതലയേൽക്കുമ്പോൾ കേവലം 29 ബാറുകൾ മാത്രമായിരുന്നു ഉണ്ടായിരുന്നത്. അത് പിന്നീട് 859 ആയി വർദ്ധിച്ചു. തുടർന്നും അനുവദിച്ചുകൊണ്ടിരിക്കുകയാണ്. നേരത്തേ ഇതെല്ലാം എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുമായിരുന്നു. എന്നാൽ ഇപ്പോൾ ഇതൊന്നും ജനങ്ങൾ അറിയാവുന്ന നിലയിൽ പുറത്തുവിടുന്നില്ല. രഹസ്യമായ അജണ്ടയുമായിട്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ഇപ്പോൾ ആയിരത്തിലധികം ബാറുകൾ പ്രവർത്തിക്കുന്നതായിട്ടാണ് അനൗപചാരികമായി അറിയുന്നത്. ബെവ്കോയുടെ 270, കൺസ്യൂമർ ഫെഡിന്റെ 36 നിരവധി ക്ലബ്ബുകളോടനുബന്ധിച്ചുള്ള മദ്യശാലകൾ, നാലായിരത്തിൽപ്പരം കള്ളുഷാപ്പുകൾ ഇതിനെല്ലാം പുറമെയാണ് ഇത്രയേറെ ബാറുകൾ അനുവദിച്ചിട്ടുള്ളത്. ഇതൊന്നും പോരാഞ്ഞിട്ട് ഐ.ടി.മേഖലയിൽ മദ്യവ്യാപനത്തിനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. വീര്യംകുറഞ്ഞ മദ്യം ഉൽപ്പാദിപ്പിക്കാനുള്ള നടപടികളും മുന്നോട്ടുതന്നെ. ഡ്രൈഡേ അവസാനിപ്പിക്കാനുള്ള ഗൂഢനീക്കങ്ങളും അണിയറയിൽ സജീവമായിരിക്കുകയാണ്. കേരളത്തെ സാമൂഹിക അരാജകാവസ്ഥയിലേയ്ക്ക് എത്തിക്കാൻ പര്യാപ്തമായ മദ്യവ്യാപന നടപടികൾ നാടിനെ സർവ്വനാശത്തിലേക്ക് നയിക്കുമെന്നത് ഏവർക്കും ബോധ്യപ്പെടുന്ന യാഥാർത്ഥ്യമാണ്. സംസ്ഥാനത്തെയും ജനങ്ങളെയും ബാധിക്കുന്ന അതിപ്രധാന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനെക്കാളും സർക്കാരിന്റെ മുന്തിയ മുൻഗണന മദ്യംമയക്കുമരുന്ന് വ്യാപനത്തിനാണെന്ന ആക്ഷേപം നിലനിൽക്കുമ്പോഴാണ് കേരളത്തെ സമ്പൂർണ്ണമായി മദ്യവൽക്കരിക്കാനുള്ള സർക്കാർ നടപടികളെന്നത് അത്യന്തം അപലപനീയമാണ്.

മദ്യം കേരളത്തിൽ ഒരു സാമൂഹ്യ വിപത്തായി മാറിയിട്ടുണ്ടെന്നും മദ്യത്തിന്റെ ഉപയോഗവും ലഭ്യതയും പടിപടിയായി കുറക്കാൻ സഹായകരമായ നയമായിരിക്കും ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ സ്വീകരിക്കുകയെന്നും ജനങ്ങൾക്ക് ഉറപ്പുനൽകിയ അതേ ഇടതുമുന്നണി സർക്കാരാണ് നഗ്നമായ ഈ വാഗ്ദാനലംഘനം നടത്തുന്നതെന്നത് തികച്ചും വിചിത്രമാണ്, ജന വഞ്ചനയുമാണ്. രണകർത്താക്കൾ തെറ്റായ നയങ്ങളും നടപടികളുമായി മുന്നോട്ടു പോയാൽ അവരെ തിരുത്താനുള്ള ഭരണഘടനാപരമായ ചുമതല ജുഡീഷ്യറിക്കാണ്. എന്നാൽ മഹത്തായ ആ ജുഡീഷ്യൽ സംവിധാനത്തിൽ നിന്നും സംസ്ഥാന സർക്കാരിന്റെ മദ്യ നയകാര്യത്തിൽ നീതിപൂർവ്വവും സമയോചിതവുമായ ഇടപെടൽ ഉണ്ടായില്ല എന്ന് പറയേണ്ടി വന്നതിൽ എനിക്ക് അതിയായ ദുഃഖമുണ്ട്. ലഹരിയുടെ നീരാളിപ്പിടിത്തത്തിൽ നിന്നും ജനങ്ങളെയും തലമുറകളെയും രക്ഷിക്കുന്നതിന് കൂട്ടായ പ്രവർത്തനം കൂടുതൽ സംഘടിതമായും ഊർജ്ജിതമായും മുന്നോട്ടു കൊണ്ടു പോകാൻ നമുക്ക് കഴിയേണ്ടിയിരിക്കുന്നു. അതിനുള്ള പ്രതിജ്ഞ പുതുക്കലാണ് ഈ ലഹരി വിരുദ്ധ ദിനത്തിൽ കരണീയമായിട്ടുള്ളത്.

സമരോത്സുക കാലം

അഷ്ഹർ പെരുമുക്ക്

സാർവത്രികമായ വിദ്യാഭ്യാസം എന്നത് വിദ്യാർത്ഥി സംഘടനകളുടെ അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നാണ്. പ്രൈമറി, സെക്കൻഡറി വിദ്യാഭ്യാസം ഭരണഘടനാപരമായി തന്നെ ഓരോ വിദ്യാർത്ഥിക്കും സൗജന്യമായി ഉറപ്പ് വരുത്തപ്പെട്ടതാണ്. ഭരണഘടനാപരമായുള്ള ആ നിർബന്ധം നേടിയെടുക്കാൻ വേണ്ടിയാണ് നിരന്തരമായ സമരങ്ങൾ പ്ലസ് വൺ പ്രവേശനവുമായി മലബാർ മേഖലയിൽ നടക്കുന്നത്. എം.എസ്.എഫ് നേതൃത്വം നൽകുന്ന ആ സമരത്തെ അവകാശ സമരം എന്ന അർത്ഥത്തിൽ തന്നെ രേഖപ്പെടുത്തേണ്ടതുണ്ട്.

എസ്. എസ്.എൽ.സി പരീക്ഷയിൽ ഉയർന്ന മാർക്ക് വാങ്ങി ആലോട്ട്മെന്റുകൾ മുഴുവൻ കാത്തിരുന്നിട്ടും ഇഷ്ടമുള്ള കോഴ്സ്, ഇഷ്ടമുള്ള സ്ഥാപനത്തിൽ പഠിക്കാൻ കഴിയാത്ത ദുരവസ്ഥ സംസ്ഥാനത്തെ ഒരു പ്രദേശത്തെ വിദ്യാർത്ഥികൾ മാത്രം അനുഭവിക്കുന്നത് എന്തുകൊണ്ടാണ്?. വിദ്യാർത്ഥികൾക്ക് സീറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട് അവിടെ വിദ്യാർത്ഥി സംഘടനകൾക്ക് നിരന്തരമായ സമരങ്ങൾ നടത്തേണ്ടി വരുന്നത് എന്തുകൊണ്ടാണ്?. ആ പ്രദേശത്തെ സാംസ്കാരിക, സാമൂഹിക, രാഷ്ട്രീയ, മാധ്യമ വിഭാഗങ്ങൾ എല്ലാവരും ഒറ്റ മനസോടെ ആ സമരങ്ങൾക്ക് പിന്തുണ നൽകുന്നത് എന്തുകൊണ്ടാണ്.? വകുപ്പ് മന്ത്രിക്ക് കഴിഞ്ഞ ദിവസം മാത്രം ബോധ്യപ്പെട്ട ആ അസന്തുലിതാവസ്ഥയുടെ കണക്ക്, അനുഭവസാക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ അത്തരം സംഘടനകളും മാധ്യമങ്ങളും കാണുന്നതിന്റെ ഫലമായാണ് അത് സംഭവിക്കുന്നത് എന്ന് പറയാം.

അലോട്ടുമെന്റുകൾ പൂർത്തിയായതിന് ശേഷം, കൃത്യമായ കണക്കുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് എം.എസ്. എഫ് സമരം രംഗത്തേക്ക് ഇറങ്ങുന്നത്. എന്നാൽ തുടക്കത്തിൽ തന്നെ എം.എസ്.എഫിന്റെ സമരത്തെ 'മലബാറിൽ കലാപം ' ഉണ്ടാക്കാൻ ശ്രമിക്കുന്നു എന്ന രീതിയിലാണ് മന്ത്രി വ്യാഖ്യാനിക്കാൻ ശ്രമിച്ചത്. അത്തരമൊരു വ്യാഖ്യാനം നൽകി സമരത്തെ പൊളിക്കാൻ സർക്കാർ ശ്രമിച്ചു.

തുടർ ദിവസങ്ങളിൽ എം.എസ്.എഫ് ശരിയായ കണക്കുകൾ പുറത്ത് വിട്ടു. ജില്ലകളിലെ ആർ.ഡി.ഡി ഓഫീസുകളിലേക്ക് അനിശ്ചിതകാല സമരം പ്രഖ്യാപിച്ചു. ജില്ലകളുടെ കണക്ക് എന്ന വ്യാജേന മന്ത്രിക്ക് ലഭിക്കുന്ന വിവരങ്ങൾ വിവിധ ആർ.ഡി.ഡി ഓഫീസുകളിൽ നിന്ന് ലഭിക്കുന്നതാണ് എന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ ആയിരുന്നു എം.എസ്.എഫ് സമരം തുടർന്നത്. മലപ്പുറത്തെ കണക്കുകളിൽ, വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും മറ്റു സാമൂഹിക സാംസ്കാരിക രാഷ്ട്രീയ സംഘടനകളെയും കമ്പളിപ്പിക്കുന്ന വിധം വലിയ മാറ്റത്തിരുത്തലുകൾ വരുത്തിയതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തുടർച്ചയായ അഞ്ച് ദിവസം ആർ.ഡി.ഡി ഓഫീസ് പൂട്ടി എം.എസ്.എഫ് സമരങ്ങൾക്ക് നേതൃത്വം നൽകി. മന്ത്രി സഭയിൽ അവതരിപ്പിച്ച കണക്കുകൾ പോലും ഒരു വിധത്തിലും അംഗീകരിക്കാൻ കഴിയാത്തതായിരുന്നു. വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് സ്കൂൾ തുറക്കുന്നതുമായി ബന്ധപെട്ട് മന്ത്രി വിളിച്ച യോഗത്തിൽ പ്രത്യക്ഷമായി തന്നെ ബാനർ ഉയർത്തി എം.എസ്.എഫ് സംസ്ഥാന സെക്രട്ടറി നൗഫൽ കുളപ്പടയുടെ നേതൃത്വത്തിൽ നേരിട്ട് പ്രതിഷേധം അറിയിച്ചിരുന്നു. അപ്പോഴും വിഷയത്തിന്റെ ഗൗരവം ഉൾക്കൊള്ളാൻ മന്ത്രി തയ്യാറായിരുന്നില്ല.

ഏഴ് വർഷങ്ങളായി എസ്.എസ്.എൽ.സി പരീക്ഷയുടെ വിജയ ശതമാനം വർധിക്കുകയും എന്നാൽ സ്ഥിര ബാച്ചുകൾ പ്രസ്തുത ജില്ലകൾക്ക് അനുവദിക്കാതിരിക്കുകയും ചെയ്യുന്ന സ്ഥിതി വിശേഷം നിലവിലുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ മലപ്പുറം, പാലക്കാട്, കോഴിക്കോട് ഉൾപ്പെടെയുള്ള ജില്ലകൾക്ക് സ്ഥിര ബാച്ചുകൾ നൽകണം എന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് എം.എസ്.എഫ

അഴിമതി മൂടിവയ്ക്കാൻ ശ്രമം

ജയ്പൂർ: നീറ്റ് പരീക്ഷാ ക്രമക്കേടിലൂടെ കോടികളുടെ അഴിമതിയാണ് നടന്നതെന്ന് കോൺഗ്രസ് നേതാവ് സച്ചിൻ പൈലറ്റ്. വിഷയത്തിൽ ശക്തമായ അന്വേഷണം നടത്തുന്നതിന് പകരം അഴിമതി മൂടിവയ്ക്കാനും കുറ്റക്കാരെ സംരക്ഷിക്കാനുമാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. ഈ തട്ടിപ്പ് മൂലം ലക്ഷക്കണക്കിന് വിദ്യാർത്ഥിളുടെ ഭാവിയാണ് ഇരുളടഞ്ഞത്. സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി, ഏറ്റവും കൂടുതൽ വിദ്യാസമ്പന്നരായ തൊഴിൽരഹിതരുള്ള രാജ്യമായി നാം മാറി. പത്തു വർഷം തുടർച്ചായി രാജ്യം ഭരിച്ച ബി.ജെ.പിയും പ്രധാനമന്ത്രി നരേന്ദ്ര മോദിയുമാണ് ഈ നാണക്കേടിലേക്ക് രാജ്യത്തെ എത്തിച്ചത്.

കടങ്ങൾ എഴുതിത്തള്ളണം

നാസിക്: ഭരണപക്ഷ എംഎൽഎമാർക്ക് ഫണ്ട് അനുവദിക്കുന്നതിന് പകരം മഹാരാഷ്ട്ര സർക്കാർ കർഷകരുടെ വായ്പ എഴുതിത്തള്ളുകയാണ് വേണ്ടതെന്ന് ശിവസേന (ഉദ്ധവ് വിഭാഗം) എം.പി സഞ്ജയ് റാവത്ത്. വിൽപ്പന വില കുറഞ്ഞതോടെ സംസ്ഥാനത്തെ ഉള്ളി, പാൽ കർഷകർ ദുരിതത്തിലാണ്. ഇതോടെ കർഷക ആത്മഹത്യകൾ വർധിച്ചു. തെലങ്കാനയിലെ കോൺഗ്രസ് സർക്കാർ ചെയ്തതുപോലെ മഹാരാഷ്ട്രയിലെ കർഷകരുടെ വായ്പകൾ എഴുതിത്തള്ളണം. നിയമസഭാ തിരഞ്ഞെടുപ്പ് മുന്നിൽ കണ്ട് ഭരണപക്ഷ എം.എൽ.എമാർക്ക് കൂടുതൽ ഫണ്ട് അനുവദിക്കാനാണ് സംസ്ഥാന സർക്കാരിന്റെ നീക്കം. ജനം ഇത് തിരിച്ചറിയും.

ഇന്ത്യ വാർത്തകൾ

ചുരുക്കത്തിൽ

ഹിജാബ് നിരോധനത്തിൽ ഇടപെടാൻ വിസമ്മതിച്ച് ബോംബെ ഹൈക്കോടതി

മുംബൈ: ഹിജാബ്, ബുർഖ, നിഖാബ് എന്നിവക്ക് നിരോധനം ഏർപ്പെടുത്തി മുംബൈയിലെ കോളജ് എടുത്ത തീരുമാനത്തിൽ ഇടപെടാൻ ബോംബെ ഹൈക്കോടതി വിസമ്മതിച്ചു. കോളേജ് അധികൃതരുടെ തീരുമാനത്തിൽ ഇടപെടാൻ താൽപ്പര്യമില്ലെന്ന് ജസ്റ്റിസുമാരായ എ. എസ്. ചന്ദൂർക്കറും രാജേഷ് പാട്ടിലും അടങ്ങുന്ന ഡിവിഷൻ ബെഞ്ച് പറഞ്ഞു. സയൻസ് ഡിഗ്രി കോഴ്സിന്റെ രണ്ടും മൂന്നും വർഷങ്ങളിൽ പഠിക്കുന്ന ഒമ്പത് വിദ്യാർത്ഥിനികൾ നൽകിയ ഹർജിയാണ് തള്ളിയത്. ഈ മാസം ആദ്യമാണ് വിദ്യാർത്ഥിനികൾ ഹൈക്കോടതിയെ സമീപിച്ചത്. ഇത്തരമൊരു നിർദ്ദേശം തങ്ങളുടെ മതത്തിന്റെ ആചാരങ്ങൾക്കും മൗലികാവകാശങ്ങൾക്കും സ്വകാര്യതക്കുള്ള അവകാശത്തിനും തിരഞ്ഞെടുപ്പിനുള്ള അവകാശത്തിനും എതിരാണെന്ന് ഹർജിക്കാർ ചൂണ്ടിക്കാട്ടി. യൂനിഫോം ഡ്രസ് കോഡ് തീരുമാനം അച്ചടക്ക നടപടി മാത്രമാണെന്നും മുസ്‌ലിം സമുദായത്തിന് എതിരല്ലെന്നുമാണ് കോളജ് അധികൃതരുടെ നിലപാട്.

മോദിയുടെ വിദ്വേഷ പ്രസംഗം; ബെംഗളൂരു കോടതിയിൽ പരാതി

ബെംഗളൂരു: പ്രധാനമന്ത്രി നരേന്ദ്ര മോദിക്കെതിരെ ബെംഗളൂരുവിലെ പ്രത്യേക കോടതിയിൽ പരാതി. ലോക്സഭാ തിരഞ്ഞെടുപ്പ് നടത്തിയ വിദ്വേഷ പ്രചാരണത്തിൽ സിയാവുർ റഹ്മാൻ എന്നയാളാണ് പരാതി നൽകിയത്. കോൺഗ്രസ് അധികാരത്തിലെത്തിയാൽ രാജ്യത്തിന്റെ സമ്പത്ത് മുസ്‌ലിംകൾക്ക് നൽകുമെന്ന പ്രധാനമന്ത്രിയുടെ രാജസ്ഥാനിലെ തിരഞ്ഞെടുപ്പ് പ്രസംഗത്തിന് എതിരെയാണ് പരാതി. പ്രസംഗം വ്യാപക പ്രതിഷേധത്തിന് ഇടയാക്കിയിരുന്നു. ജനപ്രതിനിധികൾക്കെതിരായ പരാതികൾ പരിഗണിക്കുന്ന പ്രത്യേക കോടതി മുമ്പാകെയാണ് പ്രധാനമന്ത്രിയുടെ പ്രസംഗം സമൂഹത്തിൽ ഭിന്നിപ്പുണ്ടാക്കുന്നതാണെന്ന് ചൂണ്ടിക്കാഹർജിക്കാരൻ പരാതി നൽകിയത്. അതേസമയം പരാതിയുമായി മുന്നോട്ട് പോവണോയെന്ന കാര്യത്തിൽ കോടതി തീരുമാനമെടുത്തിട്ടില്ല.

മധ്യപ്രദേശിൽ ദളിത് യുവാവിനെ നഗ്നനാക്കി മർദ്ദിച്ചു

ഭോപാൽ: ദളിത് യുവാവിനെ നഗ്നനാക്കി ക്രൂരമായി മർദിച്ച് വീഡിയോ പകർത്തി സാമൂഹ്യ മാധ്യമങ്ങളിൽ പങ്കുവച്ചു. മധ്യപ്രദേശിലെ ഛത്രപൂരിലാണ് സംഭവം. വീഡിയോ പുറത്തുവന്നതിനു പിന്നാലെ പ്രതിഷേധം ശക്തമായതോടെ സംഭവത്തിൽ മൂന്നുപേരെ അറസ്റ്റു ചെയ്തതായി പൊലീസ് വ്യക്തമാക്കി. യുവാവിനെ മർദ്ദിക്കാനുള്ള കാരണം ഇതുവരെ വ്യക്തമായിട്ടില്ലെന്ന് പൊലീസ് പറഞ്ഞു. ഇന്നലെയാണ് മർദ്ദനത്തിന്റെ വീഡിയോ സാമൂഹ്യ മാധ്യമങ്ങളിൽ വ്യാപകമായി പ്രചരിക്കുന്നത്. വിവസ്ത്രനാക്കിയ ശേഷം യുവാവിനെ ബെൽറ്റു കൊണ്ടും തോക്കിന്റെ പാത്തി കൊണ്ടും ക്രൂരമായി മർദ്ദിക്കുന്നതാണ് വീഡിയോയുള്ളത്. മർദ്ദനമേറ്റ യുവാവിന്റെ തല പൊട്ടി ചോരയൊലിക്കുന്നതും വീഡിയോയിൽ കാണം. കോട്ട് വാലി പൊലീസ് സ്റ്റേഷൻ പരിധിയിലാണ് സംഭവം. രാത്രി ജോലി കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങുകയായിരുന്ന ദളിത് യുവാവിനെ ഒരു സംഘം തട്ടിക്കൊണ്ടുപോയി മർദ്ദിക്കുകയായിരുന്നുവെന്നാണ് കേസ്. ദേവേന്ദ്ര താക്കൂർ, ലക്കി ഘോഷി, അനു ഘോഷി എന്നിവരാണ് അറസ്റ്റിലായത്. പരിക്കേറ്റ യുവാവ് ആശുപത്രിയിൽ ചികിത്സയിലാണ്.

തിര. കമ്മീഷൻ, സി.ബി.ഐ നിയമനം

രാഹുൽ ഗാന്ധിക്ക് നിർണായക റോൾ

ലോക്സഭയിലെ പ്രതിപക്ഷ നേതാവായി തിരഞ്ഞെടുക്കപ്പെട്ട രാഹുൽ ഗാന്ധിയെ കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ അഭിനന്ദിക്കുന്നു

ന്യൂഡൽഹി: 18-ാം ലോക്സഭയുടെ പ്രതിപക്ഷ നേതാവായി സഭാധ്യക്ഷൻ അംഗീകരിച്ചതോടെ രാഹുൽ ഗാന്ധിക്കു മേൽ വരുന്നത് നിർണായക ഉത്തരവാദിത്വം. തിരഞ്ഞെടുപ്പ് കമ്മീഷന്റെ തലവനേയും സി.ബി.ഐ തലവനേയും അടക്കം നിയമിക്കുന്ന സമിതിയിൽ രാഹുലും അംഗമാകും.

മൊത്തം സഭയുടെ അംഗബലത്തിന്റെ പത്തിൽ ഒന്നിൽ കുറയാതെ അംഗങ്ങളുള്ള, പ്രതിപക്ഷത്തെ ഏറ്റവും വലിയ കക്ഷിക്കാണ് പ്രതിപക്ഷ നേതൃപദവിക്ക് അവകാശം. അല്ലാത്ത സാഹചര്യങ്ങളിൽ പ്രതിപക്ഷത്തെ ഏറ്റവും കൂടുതൽ അംഗങ്ങളുള്ള കക്ഷിയുടെ നേതാവിനെ പ്രതിപക്ഷ നേതാവായി അംഗീകരിക്കുന്നതായിരുന്നു കീഴ്‌വഴക്കം. എന്നാൽ കഴിഞ്ഞ രണ്ട് സഭകളിലും മൃഗീയ ഭൂരിപക്ഷം നേടിയ അധികാരത്തിലേറിയ ബി.ജെ.പി കോൺഗ്രസിന് പ്രതിപക്ഷ നേതൃപദവി നൽകാൻ തയ്യാറായിരുന്നില്ല.

എന്നാൽ 18ാം സഭയിൽ ഇതിൽ നിന്ന് മാറ്റം വരികയാണ്. പ്രതിപക്ഷ നേതൃപദവിയിലെത്തിയ രാഹുലിന് ക്യാബിനറ്റ് റാങ്കിന് തുല്യമായ പദവിയും സൗകര്യങ്ങളും ലഭിക്കും. പ്രത്യേക ഓഫീസും സഭയിലുണ്ടാകും. പ്രത്യേക സ്റ്റാഫും പ്രത്യേക സുരക്ഷാ ക്രമീകരണവും ഉൾപ്പെടെ സവിശേഷ അധികാരങ്ങളുണ്ടാകും.

മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ, സി.ബി.ഐ ഡയരക്ടർ, ചീഫ് വിജിലൻസ് കമ്മീഷണർ, ദേശീയ മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ എന്നിവരെ നിയോഗിക്കുന്ന ഉന്നതതല സമിതിയിൽ പ്രധാനമന്ത്രിക്കൊപ്പം രാഹുലും അംഗമാകും. പ്രധാനമന്ത്രിയും പ്രധാനമന്ത്രി നിർദേശിക്കുന്ന കേന്ദ്രമന്ത്രി സഭയിലെ ഒരു അംഗവുമാണ് സമിതിയിലെ മറ്റു രണ്ടു പേർ. കേന്ദ്ര സർക്കാറിന് 2-1 ഭൂരിപക്ഷത്തിൽ തീരുമാനങ്ങൾ അടിച്ചേൽപ്പിക്കാനാകുമെങ്കിലും പ്രതിപക്ഷത്തിന്റെ ശക്തമായ സ്വരം ഇത്തരം സമിതികളിൽ എതിർക്കാനും എതിർക്കേണ്ട സാഹചര്യങ്ങളിൽ വിയോജിപ്പ് രേഖപ്പെടുത്താനും പ്രതിപക്ഷ നേതാവിന് കഴിയും. രാജീവ് ഗാന്ധിക്കും സോണിയാഗാന്ധിക്കും ശേഷം ലോക്സഭയിൽ പ്രതിപക്ഷ നേതാവാകുന്ന മൂന്നാമത്തെ ഗാന്ധി കുടുംബാംഗമാണ് രാഹുൽ.

ഡെപ്യൂട്ടി സ്പീക്കർ; സമ്മർദ്ദം ശക്തമാക്കി പ്രതിപക്ഷം

ന്യൂഡൽഹി: സ്പീക്കർ തിരഞ്ഞെടുപ്പ് പൂർത്തിയായതിനു പിന്നാലെ ഡെപ്യൂട്ടി സ്പീക്കർ തിരഞ്ഞെടുപ്പിനായി സമ്മർദ്ദം ശക്തമാക്കി ഇന്ത്യാ മുന്നണി. ഇതിന്റെ ആദ്യ പടിയായി സ്പീക്കർക്ക് സംയുക്തമായി കത്തു നൽകാൻ ധാരണയായി.

ഭരണഘടനയുടെ അനുച്ഛേദം 95 പ്രകാരം സഭയുടെ പ്രഥമ സമ്മേളനം ചേർന്നാൽ എത്രയും വേഗം സ്പീക്കറേയും ഡെപ്യൂട്ടി സ്പീക്കറേയും തിരഞ്ഞെടുക്കണമെന്നാണ്. ഇടക്കാലത്ത് രണ്ടു പദവികളും ഒഴിവു വന്നാൽ എത്രയും വേഗം നികത്തണമെന്നും നിയമം പറയുന്നുണ്ട്. 12ാം ലോക്സഭയിൽ സ്പീക്കർ തിരഞ്ഞെടുപ്പ് നടന്ന് 270 ദിവസത്തിനു ശേഷമാണ് പി.എം സഈദ് ഡെ.സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ടത്. 11ാം സഭയിൽ സുരാജ് ഭാൻ ഡെ.സ്പീക്കറായത് സ്പീക്കറെ തിരഞ്ഞെടുത്ത് 52 ദിവസത്തിനുശേഷമായിരുന്നു. എന്നാൽ ബി.ജെ.പിക്ക് അപ്രമാദിത്വമുണ്ടായിരുന്ന കഴിഞ്ഞ സഭയിൽ ഡെ.സ്പീക്കറേ ഉണ്ടായിരുന്നില്ല.

ഇത്തവണ ഡെ. സ്പീക്കർ പദവി വേണമെന്ന് പ്രതിപക്ഷം ആവശ്യപ്പെട്ടിരുന്നെങ്കിലും സർക്കാർ വഴങ്ങിയിട്ടില്ല.

രാഹുലിനെ പ്രതിപക്ഷ നേതാവായി സ്പീക്കർ അംഗീകരിച്ചു

ന്യൂഡൽഹി: പതിനെട്ടാം ലോക്സഭയുടെ പ്രതിപക്ഷ നേതാവായി കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയെ അംഗീകരിച്ച് സ്പീക്കർ ഓം ബിർള ഉത്തരവിറക്കി. 1977ലെ പാർലമെന്ററി പ്രതിപക്ഷ നേതാവിന്റെ ശമ്പളവും അലവൻസും നിയമത്തിലെ സെക്ഷൻ രണ്ടു പ്രകാരമാണ് സ്പീക്കറുടെ നടപടി. പ്രതിപക്ഷ നേതൃസ്ഥാനത്ത് നിയോഗിച്ചതിൽ കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുന ഖാർഗേക്കും ഇന്ത്യാ മുന്നണി നേതാക്കൾക്കും രാഹുൽ നന്ദി അറിയിച്ചു.

കെജ്‌രിവാളിനെ മരണം വരെ ജയിലിലടയ്ക്കാൻ നീക്കമെന്ന് ഭാര്യ

■ ക്രൂരതയുടെ അതിര് ലംഘിച്ചെന്ന് ആം ആദ്മി പാർട്ടി

ന്യൂഡൽഹി: മദ്യനയ അഴിമതി കേസിൽ അറസ്റ്റിലായ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ ജയിലിൽ നിന്ന് പുറത്തുവരില്ലെന്ന് ഉറപ്പാക്കാൻ സർവ സംവിധാനങ്ങളും ശ്രമിക്കുകയാണെന്ന് ഭാര്യ സുനിത കെജ്‌രിവാൾ. ഇതെല്ലാം സ്വേച്ഛാധിപത്യത്തിനും അടിയന്തരാവസ്ഥയ്ക്കും സമാനമാണെന്നും അവർ പറഞ്ഞു.

'കേസിൽ ജൂൺ 20ന് തന്റെ ഭർത്താവിന് ജാമ്യം ലഭിച്ചിരുന്നു. എന്നാൽ ഉടൻ തന്നെ ഇ.ഡി ഉത്തരവിൽ സ്റ്റേ നേടി. തൊട്ടടുത്ത ദിവസം തന്നെ സി.ബി.ഐയും അദ്ദേഹത്തെ പ്രതിയാക്കി. അദ്ദേഹത്തെ അറസ്റ്റ് ചെയ്തു. ആ മനുഷ്യൻ ജയിലിൽ നിന്ന് പുറത്ത് വരാതിരിക്കാൻ മുഴുവൻ സംവിധാനവും ശ്രമിക്കുകയാണ്. ഇത് നിയമമല്ല. ഇത് സ്വേച്ഛാധിപത്യമാണ്. ഇതാണ് അടിയന്തരാവസ്ഥ'- സുനിത എക്സിൽ കുറിച്ചു. ഏകാധിപതി ക്രൂരതയുടെ എല്ലാ അതിരുകളും ലംഘിച്ചെന്നായിരുന്നു ആം ആദ്മി പാർട്ടിയുടെ പ്രതികരണം. കെജ്‌രിവാളിന് ജാമ്യം ലഭിക്കാനുള്ള എല്ലാ സാധ്യതകളും നിലനിൽക്കെ ബി.ജെ.പി പരിഭ്രാന്തിയിലായി. അദ്ദേഹത്തെ സിബിഐ കള്ളക്കേസിൽ അറസ്റ്റ് ചെയ്തു. രക്തത്തിലെ പഞ്ചസാരയുടെ അളവ് വളരെ കുറഞ്ഞിരുന്ന കെജ്‌രിവാളിനെ സിബിഐ കോടതിയിലേക്ക് കൊണ്ടുപോയി.

സ്വേച്ഛാധിപതി, നിങ്ങൾ എത്ര അടിച്ചമർത്തലുകൾ നടത്തിയാലും കെജ്‌രിവാൾ തലകുനിക്കുകയോ തകർക്കുകയോ ചെയ്യില്ല- പാർട്ടി എക്സ് ഹാന്റിലിൽ കുറിച്ചു.

കശ്മീരിൽ ഏറ്റുമുട്ടൽ; രണ്ട് ഭീകരരെ വധിച്ചു

ശ്രീനഗർ: ജമ്മു കശ്മീരിലെ ദോഡ ജില്ലയിലെ വനമേഖലയിലുണ്ടായ ഏറ്റുമുട്ടലിൽ സുരക്ഷാസേന രണ്ട് ഭീകരരെ വധിച്ചു. ഗണ്ഡോ മേഖലയിലെ ബജാദ് ഗ്രാമത്തിൽ ഭീകരർക്കായി പൊലീസും സൈന്യവും സംയുക്തമായി ഇന്നലെ രാവിലെ ആരംഭിച്ച തിരച്ചിൽ പിന്നീട് ഏറ്റുമുട്ടലിൽ കലാശിക്കുകയായിരുന്നു.

ഈ മാസം 11നും 12നും മേഖലയിൽ നടന്ന ആക്രമണങ്ങൾക്ക് പിന്നിൽ പ്രവർത്തിച്ചവർക്കായാണ് തിരച്ചിൽ നടത്തിയത്. ജൂൺ 11ന് ചത്തർഗല്ലയിലെ ചെക്ക് പോസ്റ്റിന് നേർക്ക് നടന്ന ആക്രമണത്തിൽ ആറ് സുരക്ഷാ ഉദ്യോഗസ്ഥർക്ക് പരിക്കേറ്റിരുന്നു. തൊട്ടടുത്ത ദിവസം ഗാണ്ടോ മേഖലയിൽ നടന്ന വെടിവെപ്പിൽ ഒരു പൊലീസുകാരനും പരിക്കേറ്റു. ഭീകരരെ കുറിച്ച് വിവരം നൽകുന്നവർക്ക് അഞ്ച് ലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിച്ചിരുന്നു. അതേസമയം രജൗരി ജില്ലയിലെ പിൻദ് ഗ്രാമത്തിൽ നിന്ന് ഒരു ചൈനീസ് നിർമിത ഗ്രനേഡ് കണ്ടെടുത്തതായി അധികൃതർ അറിയിച്ചു.

ചൊവ്വാഴ്ച വൈകുന്നേരം സുരക്ഷാ സേനയുടെ പട്രോളിംഗ് സംഘമാണ് ഗ്രനേഡ് കണ്ടെടുത്തതെന്ന് അവർ പറഞ്ഞു. ആയുധധാരികളായ ആളുകളുടെ സംശയാസ്പദമായ നീക്കത്തെ തുടർന്ന് റിയാസി ജില്ലയിലെ വനമേഖലയിലും സുരക്ഷാ സേന തിരച്ചിൽ തുടരുകയാണ്. ഈമാസം 9 ന് 53 തീർഥാടകർ സഞ്ചരിച്ച ബസിനു നേരെ ഭീകരർ വെടിയുതിർത്തിരുന്നു. നിയന്ത്രണം വിട്ട ബസ് കൊക്കയിലേക്ക് മറിഞ്ഞ് ഒമ്പത് പേർ കൊല്ലപ്പെടുകയും 41 പേർക്ക് പരിക്കേൽക്കുകയും ചെയ്തു.

ഈ സംഭവം നടന്ന റിയാസിയിലെ കാണ്ഡപോണി മേഖലയിൽ സൈന്യവും സി.ആർ.പി.എഫും പൊലീസും സംയുക്തമായാണ് തിരച്ചിൽ നടത്തുന്നത്.

ഹർജി പിൻവലിച്ച് കെജ്‌രിവാൾ

ന്യൂഡൽഹി: വിചാരണക്കോടതി അനുവദിച്ച ജാമ്യം സ്റ്റേ ചെയ്ത് ഡൽഹി ഹൈക്കോടതിയുടെ വെക്കേഷൻ ബെഞ്ച് പുറപ്പെടുവിച്ച വിവാദ ഉത്തരവിനെതിരെ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ സുപ്രീംകോടതിയിൽ നൽകിയ ഹർജി പിൻവലിച്ചു. സുപ്രീംകോടതി വിമർശനത്തിനു പിന്നാലെ ഹൈക്കോടതി ഹർജി അടിയന്തരമായി പരിഗണിച്ചു തീർപ്പാക്കിയ പശ്ചാത്തലത്തിലാണ് ഹർജി പിൻവലിക്കാൻ കെജ്‌രിവാളിന്റെ അഭിഭാഷകൻ മനു അഭിഷേക് സിങ്‌വി കോടതിയുടെ അനുമതി തേടിയത്. കോടതി ആവശ്യം അംഗീകരിക്കുകയായിരുന്നു. ജാമ്യം റദ്ദാക്കിയ ഹൈക്കോടതി വിധിക്കെതിരെ പുതിയ ഹർജി സമർപ്പിക്കാനും സുപ്രീംകോടതി കെജ്‌രിവാളിന് അനുമതി നൽകി.

സ്പീക്കർക്കെതിരെ ഒളിയമ്പുമായി അഖിലേഷ് യാദവ്

സഭ നിയന്ത്രിക്കേണ്ടത് താങ്കളാണ്, മറ്റുള്ളവരല്ല

ന്യൂഡൽഹി: ഭരണകക്ഷി ഇംഗിതത്തിന് വഴങ്ങി പ്രതിപക്ഷ അംഗങ്ങളെ കൂട്ടത്തോടെ സസ്പെന്റു ചെയ്യുന്നത് അടക്കം പതിനേഴാം സഭയിൽ വിവാദ നടപടികൾക്ക് കുപ്രസിദ്ധി നേടിയ സ്പീക്കർ ഓംബിർളക്കു നേരെ ഒളിയമ്പുമായി സമാജ്‌വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവ്.

പതിനെട്ടാം സഭയുടേയും സ്പീക്കറായി ഓംബിർള തിരഞ്ഞെടുക്കപ്പെട്ടതിനു പിന്നാലെ നടത്തിയ അനുമോദന പ്രസംഗത്തിലാണ് അഖിലേഷ് യാദവ് ഭരണഘടനാ ഉത്തരവാദിത്വങ്ങൾ സ്പീക്കർ വിസ്മരിക്കരുതെന്ന് ഓർമ്മിപ്പിച്ചത്. സഭയുടെ മൊത്തം അധ്യക്ഷനായാണ് താങ്കളെ കണക്കാക്കുന്നത്. അതുകണ്ടുതന്നെ എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും തുല്യാവസരം ഉറപ്പാക്കണം. സമുന്നതമായ താങ്കളുടെ ഓഫീസിന്റെ മഹത്തായ ഉത്തരവാദിത്വം നിഷ്പക്ഷമായി നിലകൊള്ളുക എന്നതാണ്.

സസ്പെൻഷൻ പോലുള്ള നടപടികളിലൂടെ സഭയുടെ അന്തസ്സിന് താങ്കൾ മുറിവേൽപ്പിക്കില്ലെന്ന് പ്രതീക്ഷിക്കുന്നതായും അഖിലേഷ് പറഞ്ഞു.

ജാതി സെൻസസ് ഉടൻ നടത്തണം; കേന്ദ്രത്തോട് തമിഴ്നാട് നിയമസഭ

ബഹളം വെച്ച പ്രതിപക്ഷ അംഗങ്ങൾക്ക് സസ്പെൻഷൻ

ചെന്നൈ: ജാതി സെൻസസ് നടത്തണമെന്നാവശ്യപ്പെട്ട് തമിഴ്നാട് നിയമസഭ ഐകകണ്ഠേന പ്രമേയം പാസാക്കി. മുഖ്യമന്ത്രി എം.കെ സ്റ്റാലിൻ ആണ് പ്രമേയം അവതരിപ്പിച്ചത്. ഇത്തവണത്തെ ജാതി അടിസ്ഥാനമാക്കിയുള്ള ജനസംഖ്യാ സെൻസസിനൊപ്പം 2021 മുതൽ നടത്തേണ്ട സെൻസസ് ജോലികൾ കേന്ദ്ര സർക്കാർ ഉടൻ ആരംഭിക്കണമെന്ന് പ്രമേയത്തിൽ പറയുന്നു. 'ഇന്ത്യയിലെ ഓരോ പൗരനും വിദ്യാഭ്യാസം, സമ്പദ്‌വ്യവസ്ഥ, തൊഴിൽ എന്നിവയിൽ തുല്യ അവകാശങ്ങളും തുല്യ അവസരങ്ങളും ഉറപ്പാക്കുന്നതിന് നയങ്ങൾ രൂപീകരിക്കുന്നതിന് ജാതി അടിസ്ഥാനമാക്കിയുള്ള ജനസംഖ്യാ സെൻസസ് അത്യന്താപേക്ഷിതമാണെന്ന് ഈ സഭ പരിഗണിക്കുന്നു- പ്രമേയത്തിൽ പറയുന്നു.

സഭാനടപടികൾ തടസ്സപ്പെടുത്തിയതിന് നിയമസഭയിൽ നിന്ന് സസ്പെൻഡ് ചെയ്ത പ്രധാന പ്രതിപക്ഷമായ അണ്ണാ ഡി.എം.കെ അംഗങ്ങളുടെ അഭാവത്തിലാണ് പ്രമേയം പാസായത്.

കള്ളക്കുറിച്ചി വ്യാജ മദ്യദുരന്തത്തിൽ മുഖ്യമന്ത്രിയുടെ രാജി ആവശ്യപ്പെട്ട് ബഹളം വെച്ചതിനാണ് പ്രതിപക്ഷ നേതാവ് എടപ്പാടി പളനിസ്വാമിയെയും അണ്ണാ ഡി.എം.കെ എം.എൽ.എമാരെയും സ്പീക്കർ സസ്പെൻഡ് ചെയ്ത്. ഈമാസം 29 വരെയുള്ള നിയമസഭ സമ്മേളനത്തിൽ പങ്കെടുക്കുന്നതിൽ നിന്നാണ് പ്രതിപക്ഷ എം.എൽ.എമാരെ സ്പീക്കർ തടഞ്ഞത്. തമിഴ്നാട് ജലവിഭവ മന്ത്രി ദുരൈമുരുകനാണ് എം.എൽ.എമാരെ സസ്പെൻഡ് ചെയ്യാനുള്ള പ്രമേയം അവതരിപ്പിച്ചത്. പ്രതിപക്ഷ എം.എൽ.എമാരെ സഭയിൽ സംസാരിക്കുന്നതിൽ നിന്ന് ഒരിക്കലും തടഞ്ഞിട്ടില്ലെന്ന് സ്പീക്കർ വ്യക്തമാക്കി.

പക്ഷേ അവർ ആവശ്യമുള്ള സമയത്ത് സംസാരിക്കണം. ഒരു ജനാധിപത്യ സഭയിൽ സഭാനടപടികൾ തടസ്സപ്പെടുത്തുന്നത് വേദനാജനകമാണ്, ജനകീയ വിഷയങ്ങളാണ് ചർച്ച ചെയ്യപ്പെടേണ്ടത്. ബഹളം തുടർന്നാൽ മറ്റുള്ളവർ എങ്ങനെയായിരിക്കുമെന്നും അദ്ദേഹം ചോദിച്ചു.

ഉവൈസിയുടെ ഫലസ്തീൻ അനുകൂല മുദ്രാവാക്യം പരിശോധിക്കുമെന്ന് കേന്ദ്രം

ന്യൂഡൽഹി: സത്യപ്രതിജ്ഞക്കിടെ ജെയ് ഫലസ്തീൻ മുദ്രാവാക്യം മുഴക്കിയ ഹൈദരാബാദ് എം.പി അസദുദ്ദീൻ ഉവൈസിയുടെ നടപടി ഭരണഘടനാപരമാണോ എന്ന് പരിശോധിക്കുമെന്ന് കേന്ദ്ര പാർലമെന്ററികാര്യമന്ത്രി കിരൺ റിജിജു. ഇതുസംബന്ധിച്ച മാധ്യമങ്ങളുടെ ചോദ്യത്തോട് പ്രതികരിക്കുകയായിരുന്നു മന്ത്രി. തങ്ങൾ ഫലസ്തീന് എതിരോ മറ്റേതെങ്കിലും രാജ്യങ്ങൾക്ക് അനുകൂലമോ അല്ല. അതേസമയം സത്യപ്രതിജ്ഞാ വേളയിൽ മറ്റൊരു രാജ്യത്തിനായി മുദ്രാവക്യം വിളിക്കുന്നത് ഭരണഘടനാപരമാണോ എന്ന് പരിശോധിക്കേണ്ടതുണ്ട്- മന്ത്രി പറഞ്ഞു. അതേസമയം ഭരണഘടനയെക്കുറിച്ച് തനിക്കും കുറച്ചൊക്കെ അറിയാമെന്നും നിങ്ങൾക്ക് ഇഷ്ടമുള്ളത് ചെയ്തോളൂ എന്നും ഉവൈസി വെല്ലുവിളിച്ചു.

വോട്ടെടുപ്പ് നടത്താത്തതിൽ തൃണമൂൽ പ്രതിഷേധം

ന്യൂഡൽഹി: സ്പീക്കർ തിരഞ്ഞെടുപ്പ് ശബ്ദ വോട്ടിൽ ഒതുക്കിയ പ്രോട്ടൊം സ്പീക്കറുടെ നടപടിയിൽ തൃണമൂൽ കോൺഗ്രസിന്റെ പ്രതിഷേധം. സ്പീക്കർ തിരഞ്ഞെടുപ്പ് പൂർത്തിയായതിനു പിന്നാലെ തൃണമൂൽ എം.പി അഭിഷേക് ബാനർജിയാണ് ഡിവിഷൻ ഓഫ് വോട്ട് ഒഴിവാക്കിയതിൽ എതിർപ്പ് അറിയിച്ചത്.

ഒരു അംഗം എങ്കിലും എതിർപ്പ് അറിയിച്ചാൽ ഡിവിഷൻ വോട്ട് നടത്തി അനുകൂലിക്കുന്ന എം.പിമാരുടേയും എതിർക്കുന്ന എം.പിമാരുടേയും കണക്കെടുത്ത് മാത്രമേ സ്പീക്കറെ നിശ്ചയിക്കാനാകൂവെന്നും ഈ ചട്ടം ലംഘിച്ചെന്നും അദ്ദേഹം ആരോപിച്ചു. വിഷയം സഭ പരിഗണിക്കുമ്പോൾ ഡിവിഷൻ ഓഫ് വോട്ട് വേണമെന്ന് പ്രതിപക്ഷ നിരയിൽ നിന്ന് നിരവധി അംഗങ്ങൾ ആവശ്യപ്പെട്ടെങ്കിലും പ്രോംടേം സ്പീക്കർ പരിഗണിച്ചില്ല. ഡിവിഷൻ ഓഫ് വോട്ട് ആവശ്യപ്പെടാതിരുന്ന കോൺഗ്രസിനെതിരേയും അഭിഷേക് ബാനർജി വിമർശനം ഉന്നയിച്ചു. ശബ്ദ വോട്ടോടെ തീരുമാനങ്ങൾക്ക് അംഗീകാരം നൽകുന്നത് നല്ല കീഴ്‌വഴക്കമല്ലെന്ന് അദ്ദേഹം പറഞ്ഞു. അതേസമയം സഹകരണവും സമവായവും ലക്ഷ്യമിട്ടാണ് വോട്ടടുപ്പ് ആവശ്യപ്പെടാതിരുന്നതെന്ന് കോൺഗ്രസ് രാജ്യസഭാ ചീഫ് വിപ്പ് ജയറാം രമേശ് പറഞ്ഞു.

പതിമൂന്നുകാരിയെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തി

ഉത്തരാഖണ്ഡിൽ ബി.ജെ.പി നേതാവ് അറസ്റ്റിൽ

ന്യൂഡൽഹി: പ്രായപൂർത്തി എത്താത്ത പെൺകുട്ടിയെ ബലാത്സംഗം ചെയ്തു കൊലപ്പെടുത്തിയ കേസിൽ ഉത്തരാഖണ്ഡിൽ ബി.ജെ.പി നേതാവ് അറസ്റ്റിൽ. മുതിർന്ന ബി.ജെ.പി നേതാവും പിന്നാക്ക വിഭാഗ കമ്മീഷനിലെ നോമിനേറ്റഡ് അംഗവുമായ ആദിത്യരാജ് സെയ്നിയെയാണ് പൊലീസ് അറസ്റ്റു ചെയ്തത്.

കൃത്യം ചെയ്യാൻ സഹായം നൽകിയ മറ്റൊരാളെക്കൂടി പൊലീസ് അറസ്റ്റു ചെയ്

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂൺ 27 വ്യാഴം
ഗൾഫ് ചന്ദ്രിക

ജൂൺ 28ലെ പരീക്ഷകൾ മാറ്റിവച്ചു

കോട്ടയം: എം.ജി സർവകലാശാല ജൂൺ 28ന് നടത്താനിരുന്ന ഒന്നാം സെമസ്റ്റർ എം.എ സിറിയക് രണ്ടാം സെമസ്റ്റർ എംഎ, എംഎസ്സി, എം കോം, എം.എസ്.ഡബ്ല്യു,എംഎ ജെഎംസി, എംടിടിഎം, എംഎച്ച്എം, (സി.എസ്.എസ് 2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ് മെന്റ്, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്) എം എൽഐബിഐഎസ്സി(2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് പരീക്ഷകൾ മാറ്റിവച്ചു. ഒന്നാം സെമസ്റ്റർ എം.എ സിറിയക് പരീക്ഷ ജൂലൈ എട്ടിനും മറ്റു പരീക്ഷകൾ ജൂലൈ 18നും നടക്കും.

നിക്ഷേപ തട്ടിപ്പ്: എസ്.എൻ.ഡി.പി നേതാവ് പിടിയിൽ

അമ്പലപ്പുഴ: നിക്ഷേപക തട്ടിപ്പ് കേസിൽ 16 വർഷമായി ഒളിവിലായിരുന്ന എസ്.എൻ. ഡി.പി ശാഖാ യോഗം മുൻ സെക്രട്ടറി പിടിയിൽ. പുറക്കാട് 10ാം വാർഡ് തോട്ടപ്പള്ളി ഗൗരി മന്ദിരത്തിൽ പ്രിജിമോഹൻ (53)നെയാണ് അമ്പലപ്പുഴ പൊലിസ് അറസ്റ്റ് ചെയ്തത്. ഗുജറാത്തിലെ ഇന്ത്യ-പാകിസ്താൻ അതിർത്തി ജില്ലയായ റാൻ ഓഫ് കച്ചിലെ ഭുജി ലാണ് ഇയാൾ ഒളിവിൽ കഴിഞ്ഞിരുന്നത്. തോട്ടപ്പള്ളി 2189-ാം നമ്പർ ശാഖാ സെക്രട്ടറിയായിരുന്നു. ഈ കാലയളവിൽ പലരിൽനിന്ന് നിക്ഷേപമായി സ്വീകരിച്ച ലക്ഷങ്ങൾ തിരിമറി നടത്തിയതായാണ് കേസ്. 2007 മുതൽ പൊലിസ് രജിസ്റ്റർ ചെയ്ത കേസിൽ റിമാന്റിലായതിനുശേഷം കോടതി ജാമ്യം അനുവദിച്ചിരുന്നു. തുടർന്നാണ് നാട്ടിൽ നിന്ന് മുങ്ങിയത്. ജില്ലാ പൊലീസ് മേധാവി ചൈത്രാ തെരേസ ജോണിന്റെ നിർദ്ദേശപ്രകാരം ബന്ധുക്കളുടെ യാത്രാ രേഖകളും സൈബർ സെല്ലിന്റെ സഹായത്തോടെ ഫോൺ കോളും പരിശോധിച്ചാണ് പ്രതിയെ കണ്ടെത്തിയത്. ഡി.വൈ.എസ്.പി അനീഷ്, എസ്.എച്ച്.ഒ പ്രജിഷ് കുമാർ, സീനിയർ സി.പി.ഒമാരായ സിദ്ദീഖ്, അക്ബർ, ബിബിൻ ദാസ്,എ.എസ്.ഐ മോഹൻ കുമാർ എന്നിവരാണ് അന്വേഷണ സംഘത്തിലുണ്ടായിരുന്നത്

കേരള വാർത്തകൾ

അന്ധതയെ തോൽപിച്ച അത്ഭുത പ്രതിഭ

ജൂൺ 27–ഹെലൻ കെലർ ജന്മദിനം



അമേരിക്കയിലെ അൽബാമയിൽ 1882 ഫെബ്രുവരിയുടെ ഒരു രാത്രി. ഒന്നര വയസ്സുകാരി ഹെലൻ നിർത്താതെ കരയുകയാണ്. അമ്മ കെയ്റ്റ് ആദംസും പിതാവ് ആർതർ എച്ച്.കെല്ലറും കുഞ്ഞിനെ ആശ്വസിക്കാൻ പലവിധ കാര്യങ്ങൾ ചെയ്തെങ്കിലും കരച്ചിൽ നിർത്താതെ തുടർന്നു. ഒടുവിൽ തളർന്നുറങ്ങിയെങ്കിലും പനി മൂർച്ഛിച്ച് കണ്ണുകൾ പിറകിലേക്ക് മറിഞ്ഞു. ആശുപത്രിയിൽ എത്തിച്ചപ്പോൾ ഡോക്ടർമാർ വിധിയെഴുതി, കുഞ്ഞിന് മസ്തിഷ്കജ്വരമാണ്. ജീവൻ അപകടത്തിലാണ്. പ്രത്യേകമായി ഒന്നും ചെയ്യാനില്ല. എന്തും സംഭവിക്കുമെന്ന മുന്നറിയിപ്പും ഡോക്ടർമാർ നൽകി. എന്നാൽ ദിവസങ്ങളുടെ ആശുപത്രിവാസത്തിനിടെ ഒരു നാൾ അവൾ കണ്ണു തുറന്നു. പ്രതീക്ഷകളുടെ തിരിനാളം പോലെ അവൾ ചിരിച്ചു. പക്ഷേ, കിലുക്കാംപെട്ടി പോലെ എപ്പോഴും ഓടി നടന്ന ഹെലൻ വീട്ടിലെത്തിയിട്ടും എഴുന്നേൽക്കാതെയായി. ഒരു കുഞ്ഞിനോട് കളിപ്പാട്ടങ്ങൾ നൽകി കളിപ്പിക്കുമ്പോഴാണ് ആ സത്യം തിരിച്ചറിഞ്ഞത്. ഹെലന്റെ കണ്ണുകൾ ചിമ്മുന്നില്ല. പെട്ടെന്നുള്ള ശബ്ദം കേട്ട് ഞെട്ടുന്നുമില്ല. പന്തിക്കേട് തോന്നിയ അമ്മ കൊച്ചു ഹെലനെയും കൊണ്ട് അവൾക്കേറെ ഇഷ്ടപ്പെട്ട പൂന്തോട്ടത്തിലെത്തി പൂക്കളെ കാണിച്ചു കൊടുത്തു. എന്നാൽ പൂക്കളെ നോക്കുകയോ കിളികളുടെ ശബ്ദത്തിന് ചെവി കൊടുക്കുകയോ ചെയ്തില്ല. വീണ്ടും ഡോക്ടറുടെ അടുത്തേക്ക്. മസ്തിഷ്കജ്വരം അവളെ എന്നന്നേക്കുമായി അന്ധയും ബധിരയുമാക്കിയിരുന്നു. അന്ധകാരത്തിൽ നിന്ന് ലോകത്തിനു മുന്നിൽ വെളിച്ചമായി മാറിയ ഹെലൻ കെല്ലറെക്കുറിച്ച് കൂടുതലറിയാം...

ദ സ്റ്റോറി ഓഫ് മൈ ലൈഫ്

ദ സ്റ്റോറി ഓഫ് മൈ ലൈഫാണ് ഹെലൻ കെല്ലറുടെ ആത്മകഥ. അക്കാലത്തെ മധ്യവർഗ സ്ത്രീകൾക്കുവേണ്ടി പ്രസിദ്ധീകരിക്കപ്പെട്ട ലേഡീസ് ഹൗസ് ജേണൽ എന്ന മാസികയിൽ അഞ്ചു ഭാഗങ്ങളായാണ് ദ സ്റ്റോറി ഓഫ് മൈ ലൈഫ് പ്രസിദ്ധീകരിച്ചത്. 1902-ൽ അത് പുസ്തക രൂപത്തിലാക്കി. ആഗോള തലത്തിൽ ചർച്ചാവിഷയമായ ആ പുസ്തകം 44 ഭാഷകളിൽ വിവർത്തനം ചെയ്യപ്പെട്ടു. കൂടാതെ 1908-ൽ പുറത്തിറങ്ങിയ ദ വേൾഡ് ഐ ലിവ് ഇൻ എന്ന കൃതിയിലൂടെ മറ്റുള്ളവരിലേക്ക് താൻ കാണുന്ന ലോകത്തെക്കുറിച്ച് ഹെലൻ വിവരിച്ചതും ഏറെ ശ്രദ്ധിക്കപ്പെട്ടു. വിവിധ വിഷയങ്ങളിൽ 12 പുസ്തകങ്ങളും നിരവധി ലേഖനങ്ങളും ഇംഗ്ലീഷ് സാഹിത്യത്തിന് ഹെലൻ സംഭാവന ചെയ്തിട്ടുണ്ട്.

പോരാട്ടത്തിന്റെ നാളുകൾ

അമേരിക്കയിലെ അൽബാമയിൽ 1880-ലാണ് ഹെലൻ ആഡംസ് കെല്ലറിന്റെ ജനനം. കാഴ്ചയും കേൾവിയുമില്ലാത്ത കുഞ്ഞിന് എങ്ങനെ വിദ്യാഭ്യാസം നൽകുമെന്ന ആശങ്കയിലായിരുന്നു ഹെലന്റെ മാതാപിതാക്കൾ. വളരുന്തോറും മറ്റുള്ളവരിൽ നിന്ന് എന്തൊക്കയോ കുറവ് തനിക്കുണ്ടെന്ന് തിരിച്ചറിഞ്ഞ ഹെലൻ പലപ്പോഴും അമ്മയുടെ കൈവെള്ളയിൽ മുഖം പൂഴ്ത്തി പൊട്ടിക്കരഞ്ഞു. അങ്ങനെയിരിക്കെ 1887 മാർച്ച് മൂന്നിന് അവളുടെ ജീവിതം മാറ്റിമറിക്കാൻ പോകുന്നൊരു അധ്യാപിക അവളെ തേടിയെത്തി. ആനി സള്ളിവൻ. മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തയായിരുന്ന ഹെലനെ പഠിപ്പിക്കാൻ വ്യത്യസ്ത രീതി തന്നെയായിരുന്നു ആനി തിരഞ്ഞെടുത്തത്. അതിനായി ആദ്യ ദിവസം അവരൊരു പാവയുമായി ഹെലന്റെ അടുത്തെത്തി. ഇടത്തേ കൈയിൽ പാവയെ വെച്ചു കൊടുത്തിട്ട് വലതുകൈയിൽ ഡോൾ എന്ന് ഇംഗ്ലീഷിലെഴുതി. പാവയുടെ രൂപം തിരിച്ചറിഞ്ഞ ഹെലൻ പതിയെ പുഞ്ചിരിച്ചു. പതുക്കെ അവൾ വാക്കുകളെ ഗ്രഹിച്ചു തുടങ്ങി. ബ്രയിൽ ലിപിയെ കൂടുതൽ അടുത്തറിഞ്ഞ അവൾ സംസാരിക്കാനും പഠിച്ചു. പ്രാഥമിക വിദ്യാഭ്യാസം ആനി സള്ളിവന്റെ പിന്തുണയോടെ പൂർത്തിയാക്കിയ അവൾ 1888-ൽ ബോസ്റ്റണിലെ പെർക്കിൻസ് ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്നു. തുടർന്ന് 1894ൽ ഹെലനും ആനി സള്ളിവനും ന്യൂയോർക്കിലെ ബധിരർക്കായുള്ള റൈറ്റ് ഹാമറൺ വിദ്യാലയത്തിലേക്ക് പോയി. വ്യക്തമായി സംസാരിക്കാൻ സാധിച്ചിരുന്നില്ലെങ്കിലും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടി. 14-ാം വയസ്സിൽ കേംബ്രിഡ്ജിലെ പെൺകുട്ടികളുടെ സ്കൂളിൽ ചേർന്നു. ആനിയുടെ സഹായത്തോടെ കൈയിലെഴുതിയും ബ്രയിൽ ലിപിയിലാക്കിയും ചരിത്രം, ഫ്രഞ്ച്, ഗണിതം, ജർമൻ, ലാറ്റിൻ, ഇംഗ്ലീഷ് എന്നിവയിൽ അവഗാഹം നേടി. തുടർന്ന് ബിരുദത്തിനായി റാഡ്ക്ലിഫ് സർവകലാശാലയിൽ ചേർന്നു. കാഴ്ചയും കേൾവിയുമില്ലാതെ ബിരുദം നേടുന്ന ആദ്യ വ്യക്തിയെന്ന ഘ്യാതിയും ഹെലൻ കെലർക്ക് സ്വന്തമാണ്.

ചന്ദ്രിക പാഠമുദ്ര

ഗുരുവും ശിഷ്യയും

വികൃതിക്കുട്ടിയായിരുന്ന ഹെലനെ അക്ഷരങ്ങളുടെ ലോകത്ത് നടത്താൻ നന്നായി കഷ്ടപ്പെടേണ്ടി വന്നിരുന്നു ആനി സള്ളിവന്. അക്ഷരങ്ങൾ അറിയാതിരുന്ന പ്രായത്തിൽ കാഴ്ചയും കേൾവിയും നഷ്ടപ്പെട്ടതിനാൽ അവൾക്ക് അക്ഷരങ്ങളെക്കുറിച്ച് പറഞ്ഞു കൊടുക്കുകയായിരുന്നു ആദ്യ വെല്ലുവിളി. അതിന് അവർ പ്രത്യേക മാർഗം സ്വീകരിക്കുകയും വിജയിക്കുകയും ചെയ്തു. ഡോളിനു പിന്നാലെ പല വാക്കുകളായി അവൾ പതുക്കെ പഠിച്ചെടുത്തു. പ്രകൃതിയുടെ സൗന്ദര്യവും മഴയുടെയും ഇലകളുടെയുമൊക്കെ വിവരണങ്ങൾ അവളെ സന്തോഷവതിയാക്കി. മാല കോർത്തെടുക്കാനും മരത്തിൽ കയറാനും പട്ടം പറത്താനുമൊക്കെ ഒരു പ്രത്യേക രീതിയിൽ അവൾ പഠിച്ചു. 49 വർഷം നീണ്ട ഗുരുശിഷ്യ ബന്ധമായിരുന്നു ഹെലനും ആനി സള്ളിവനും തമ്മിൽ.

കാഴ്ചപാടില്ലാത്തത് അന്ധതയേക്കാൾ ഭീകരം

കാഴ്ചയുണ്ടെങ്കിലും കാഴ്ചപാടില്ലാത്തതാണ് അന്ധതയേക്കാൾ ഭീകരമെന്നാണ് ഹെലൻകെല്ലറുടെ പ്രശസ്തമായ വരികൾ. ജീവിതത്തെപ്പറ്റി തനിക്ക് നല്ല കാഴ്ചപാടുണ്ടാക്കി നൽകിയത് ആനി സള്ളിവനാണെന്ന് അവർ എപ്പോഴും പറയാറുണ്ടായിരുന്നു. ആനിയുടെ വിയോഗത്തിൽ ഹെലൻ മാനസികമായി തളർന്നു. ആ ആഘാതത്തിൽ നിന്ന് അവരെ ജീവിതത്തിലേക്ക് തിരിച്ചെത്തിച്ചത് പോളി തോംസണായിരുന്നു. 1960-ൽ പോളിയും വിട്ടുപിരിഞ്ഞതോടെ അവർ വീണ്ടും ഒറ്റപ്പെട്ടു. 1961-ൽ പക്ഷാഘാതം ബാധിച്ചതോടെ ആശയവിനിമയശേഷി നഷ്ടപ്പെട്ട് പൂർണമായും കിടപ്പിലായി. 1968 ജൂൺ ഒന്നിന് അന്ധതയെ പൊരുതി തോൽപിച്ച ധീരവനിത ഈ ലോകത്തോട് വിടപറഞ്ഞു.

ഇന്നലെ പെയ്തത് ഈ സീസണിലെ ഏറ്റവും ശക്തമായ മഴ

കൂടുതൽ കോട്ടയത്ത്– 69.6 മില്ലീമീറ്റർ

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നലെ ലഭിച്ചത് ഈ സീസണിലെ ഏറ്റവും ശക്തമായ മഴ. മൂന്ന് ദിവസം കൂടി അതിതീവ്ര മഴക്ക് സാധ്യതയുണ്ടെന്ന് ദുരന്തനിവാരണ സമിതി യോഗത്തിന് ശേഷം റവന്യൂ മന്ത്രി കെ. രാജൻ അറിയിച്ചു. ഡാമുകൾ തുറന്ന സാഹചര്യത്തിൽ ജാഗ്രതാ മുന്നറിയിപ്പുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകരുതെന്ന നിർദേശമുണ്ട്. കഴിഞ്ഞ 24 മണിക്കൂറിൽ മാത്രം ലഭിച്ചത് 69.6 മില്ലീമീറ്റർ മഴയാണ്. ഇത് സീസണിലെ ഏറ്റവും കൂടിയ മഴയാണ്. ഇതിൽ ഏറ്റവും കൂടുതൽ മഴ പെയതത് കോട്ടയത്താണ്, 103 മില്ലീമീറ്റർ. മറ്റ് ജില്ലകളിൽ പെയ്ത മഴയുടെ കണക്ക് ഇങ്ങനെ: വയനാട് (95.8 മില്ലിമീറ്റർ), കണ്ണൂർ (89.2 മില്ലിമീറ്റർ) കാസർകോട് (85) എറണാകുളം (80.1). കോട്ടയം ജില്ലയിലെ കിടങ്ങൂരിൽ 199 ല്ലിമീറ്റർ മഴയാണ് രേഖപ്പെടുത്തിയത്. കഴിഞ്ഞ 24 മണിക്കൂറിൽ ഏറ്റവും കൂടുതൽ മഴ രേഖപ്പെടുത്തിയത്. എല്ലാ ജില്ലകളിലും അലർട്ടുണ്ട്. കേരള തീരത്ത് ഉയർന്ന തിരമാല ജാഗ്രതാ മുന്നറിയിപ്പുമുണ്ട്.

മോശം കാലാവസ്ഥയും കാറ്റും കാരണം കടലിൽ പോകരുതെന്ന് മത്സ്യത്തൊഴിലാളികൾക്ക് നിർദ്ദേശമുണ്ട്. തീരത്തോട് ചേർന്ന് താമസിക്കുന്നവർ ജാഗ്രത പാലിക്കണം. അരുവിക്കര. കല്ലാർകുട്ടി, ലോവർ പെരിയാർ, പമ്പാ, പെരിങ്ങൽകുത്ത് ഡാമുകളിൽ നിന്ന് മുൻകരുതലിന്റെ ഭാഗമായി വെള്ളം പുറത്തേക്ക് ഒഴുക്കിവിടുകയാണ്. ജില്ലകളിൽ എൻ.ഡി.ആർ. എഫ് ടീമിനെ നിയോഗിച്ചു. മലയോര മേഖലയിൽ രാത്രി യാത്രകൾ നിരോധിക്കും. പ്രാദേശിക തലത്തിൽ റാപ്പിഡ് റസ്പോൺസ് ടീം രൂപീകരിക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി. എല്ലാ ജില്ലയിലും ഒരു കോടി രൂപ ദുരന്തനിവാരണ ഫണ്ട് അനുവദിച്ചു. ആവശ്യമായ ക്യാമ്പുകൾ തുടങ്ങാനും നിർദേശം നൽകി. ജില്ലകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന എമർജെൻസി സെന്റർ തുടങ്ങും. ആശങ്ക വേണ്ട ജാഗ്രത തുടരണണെന്നുമാണ് സർക്കാറിന്റെ നിർദ്ദേശം.

ബി.ടെക് പരീക്ഷയിൽ 53.03 ശതമാനം വിജയം

തിരുവനന്തപുരം: എ.പി.ജെ അബ്ദുൽ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാലയുടെ ബിരുദ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. ആറാം ബി.ടെക് ബാച്ചിന്റെയും നാലാം ആർക്കിടെക്ചർ ബാച്ചിന്റെയും മൂന്നാം ബി.എച്.എം.സി.ടി (ബാച്ലർ ഓഫ് ഹോട്ടൽ മാനേജ്മന്റ് ആൻഡ് കേറ്ററിംഗ് ടെക്നോളജി) ബാച്ചിന്റെയും രണ്ടാം ബി ഡെസ് (ബാച്ലർ ഓഫ് ഡിസൈൻ) ബാച്ചിന്റെയും ഫലമാണ് പ്രസിദ്ധീകരിച്ചത്. ബി.ടെക് പരീക്ഷയിൽ 53.03% വിജയശതമാനം നേടിയപ്പോൾ ബി ആർക്, ബി.എച്.എം.സി.ടി, ബി ഡെസ് ബാച്ചുകൾക്ക് യഥാക്രമം 71.28, 73.13, 65.79 എന്നിങ്ങനെയാണ് വിജയ ശതമാനം.

പരീക്ഷാഫലം

128 എഞ്ചിനീയറിംഗ് കോളജുകളിലായി പരീക്ഷയെഴുതിയ 27,000 വിദ്യാർത്ഥികളിൽ 14,319 വിദ്യാർത്ഥികൾ വിജയിച്ചു. പരീക്ഷയെഴുതിയ 10,229 പെൺകുട്ടികളിൽ 6,921 പേർ വിജയിച്ചതോടെ പെൺകുട്ടികളിലെ വിദ്യാർത്ഥികളുടെ വിജയ ശതമാനം 67.66 ശതമാനമാണ്. 16,771 ആൺകുട്ടികൾ പരീക്ഷ എഴുതിയതിൽ 7,398 പേർ വിജയിച്ചു. വിജയ ശതമാനം 44.11%. പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽ, പരീക്ഷ എഴുതിയ 1,012 വിദ്യാർത്ഥികളിൽ 262 പേർ (25.89%) വിജയിച്ചു. ലാറ്ററൽ എൻട്രി വിഭാഗത്തിൽ, 2,487 വിദ്യാർത്ഥികളിൽ 1,181 പേർ (47.49%) ബി ടെക് ബിരുദം നേടി. സർക്കാർ, സർക്കാർ-എയ്ഡഡ്, സർക്കാർ കോസ്റ്റ് ഷെയറിങ്, സ്വകാര്യ സ്വാശ്രയ കോളജുകൾ എന്നിവിടങ്ങളിലെ വിജയശതമാനം യഥാക്രമം 71.91, 75.94, 59.76, 43.39 എന്നിങ്ങനെയാണ്. എൻബിഎ അക്രെഡിറ്റേഷൻ ഉള്ള 58 കോളജുകളിൽ പരീക്ഷയെഴുതിയ 9,198 വിദ്യാർഥികളിൽ 5,671 പേർ വിജയിച്ചു. 61.65 ആണ് വിജയശതമാനം. ഇത് സംസ്ഥാന ശരാശരിയേക്കാൾ 9.94 ശതമാനം കൂടുതലാണ്.

462 വിദ്യാർഥികൾ ബി.ടെക് ഓണേഴ്സ് ബിരുദത്തിനും1126 വിദ്യാർഥികൾ ബി.ടെക് മൈനർ ബിരുദത്തിനും അർഹരായി. ഓണേഴ്സും മൈനറും ഒരുമിച്ചു നേടിയത് 135 വിദ്യാർത്ഥികളാണ്. ടി കെഎം കോളജ് ഓഫ് എൻജിനീയറിങ്ങിലെ സിവിൽ എൻജിനീയറിങ് വിദ്യാർഥിനിയായ ബീമ ജിഹാൻ (9.95 സിജിപിഎ), ബാർട്ടൺ ഹില്ലിലെ എഞ്ചിനീയറിംഗ് കോളജിലെ ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻസ് എഞ്ചിനീയറിംഗ് വിദ്യാർത്ഥിനി അപർണ എസ്. (9.88 സിജിപിഎ) ടി കെ എം കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻസ് എഞ്ചിനീയറിംഗ് വിദ്യാർത്ഥിനി അശ്വതി ഇ, (9.87 സിജിപിഎ) എന്നിവരാണ് ആദ്യ മൂന്ന് സ്ഥാനം കരസ്ഥമാക്കിയവർ.

യൂണിവേഴ്സിറ്റിയിലെ നാലാമത്തെ ആർക്കിടെക്ചർ ബാച്ച് 71.28 ശതമാനം വിജയമാണ് കൈവരിച്ചത്. 2019-20 അധ്യയന വർഷത്തിൽ 8 കോളേജുകളിലായി 430 വിദ്യാർത്ഥികൾ പ്രവേശനം നേടി. ഇതിൽ 383 പേർ പത്താം സെമസ്റ്റർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുകയും 273 പേർ വിജയിക്കുകയും ചെയ്തു. പരീക്ഷയെഴുതിയ 143 ആൺകുട്ടികളിൽ 90 പേർ വിജയിച്ചു. വിജയ ശതമാനം: 62.94%. രജിസ്റ്റർ ചെയ്ത 240 പെൺകുട്ടികളിൽ 183 പേരാണ് വിജയിച്ചത്. വിജയശതമാനം 76.23%. എസ്സി/എസ്ടി വിദ്യാർത്ഥികളിൽ 17 ൽ പരീക്ഷ എഴുതിയതിൽ 10 പേർ വിജയിച്ചു. വിജയശതമാനം 58.82%.

CLICK സമസ്ത സ്ഥാപക ദിനത്തോടനുബന്ധിച്ചുള്ള നേതൃസംഗമത്തിന്റെ ഉദ്ഘാടനം കോഴിക്കോട് സമസ്താലയത്തിൽ പ്രസിഡന്റ് സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുക്കോയ നിർവഹിക്കുന്നു. അബ്ദുൾ ഹമീദ് ഹസ്റത്ത്, കോട്ടുമല മൊയ്തീൻകുട്ടി മുസ്ല്യാർ, പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ, പ്രൊഫ. ആലിക്കുട്ടി മുസ്ല്യാർ, എംടി അബ്ദുല്ല മുസ്ല്യാർ, യു.എം അബ്ദുറഹ്മാൻ മുസ്ല്യാർ, നെല്ലായ കുഞ്ഞിമുഹമ്മദ് മുസ്ല്യാർ, ഹംസ ബാഖവി തങ്ങൾ, ഉമ്മർ ഫൈസി മുക്കം തുടങ്ങിയവർ മുൻ നിരയിൽ.

സ്ലാബിടാത്ത ഓവുചാലിൽ വീണ് മരണം

മനുഷ്യാവകാശ കമ്മീഷൻ കേസെടുത്തു

കണ്ണൂർ: സ്ലാബിട്ട് മൂടാത്ത ഓവുചാലിൽ വീണ് മധ്യവയസ്കൻ മരിച്ച സംഭവത്തിൽ തലശ്ശേരി നഗരസഭയ്ക്കെതിരെ സ്വമേധയാ കേസെടുത്ത് മനുഷ്യാവകാശ കമ്മീഷൻ. അധികൃതർക്ക് നോട്ടീസയച്ചു. തലശ്ശേരി കണ്ണച്ചിറ-പുതിയ റോഡിൽ പെട്രോൾ പമ്പിന് സമീപം സ്ലാബിടാത്ത ഓവുചാലിൽ വീണ് കോടിയേരി സ്വദേശി രഞ്ജിത് കുമാറാണ് മരിച്ചത്. ഈ സംഭവവുമായി ബന്ധപ്പെട്ട് 'ചന്ദ്രിക'യുൾപ്പെടെ മാധ്യമങ്ങളിൽ വാർത്ത പ്രസിദ്ധീകരിച്ചതിന് പിന്നാലെയാണ് മനുഷ്യാവകാശ കമ്മീഷൻ നടപടി. നേരത്തെയും ഈ ഓവുചാലിൽ വീണ് രണ്ട് പേർക്ക് പരിക്കേറ്റിരുന്നു. തിങ്കളാഴ്ചയാണ് സ്ലാബിടാത്ത ഓവുചാലിൽ വീണ് രഞ്ജിത് കുമാർ മരിച്ചത്. ബസ് കാത്തു നിൽക്കവെ ഓവുചാലിൽ വീണ് മരിക്കുകയായിരുന്നു.

ഇവിടെ ബസ് കാത്തു നിൽക്കാൻ റോഡരികിൽ സൗകര്യം കുറവാണ്. അപകടം നടന്നതിന്റെ എതിർവശത്തെ ഓവുചാലിലും സ്ലാബില്ല. വിദ്യാർഥികൾ ഉൾപ്പെടെ നിരവധി പേരാണ് ദിവസവും ഇതുവഴി കടന്നുപോകുന്നത്. ഓവുചാലിന് സ്ലാബില്ലാത്തത് അപകട ഭീഷണി ഉയർത്തുന്നതായി നഗരസഭാ കൗൺസിലിലും വിമർശനം ഉയർന്നിരുന്നു.

തലശ്ശേരി നഗരസഭ സെക്രട്ടറിയും പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറും ഇക്കാര്യം പരിശോധിച്ച് 15 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് മനുഷ്യാവകാശ കമ്മീഷൻ ആക്ടിംഗ് ചെയർപേഴ്സണും ജുഡീഷ്യൽ അംഗവുമായ കെ ബൈജുനാഥിന്റെ ഉത്തരവ്. ജൂലൈ 19ന് കണ്ണൂർ ഗവ.ഗസ്റ്റ് ഹൗസിൽ നടക്കുന്ന അദാലത്തിൽ കേസ് പരിഗണിക്കും.

അതേസമയം ഓവുചാലിന് മുകളിൽ സ്ലാബിടുന്നത് പ്രായോഗികമല്ലെന്നാണ് പൊതുമരാമത്ത് വകുപ്പ് നിലപാട്. സ്ലാബില്ലാത്ത വിവരം നഗരസഭ പൊതുമരാമത്ത് വകുപ്പിനെ അറിയിച്ചത് വാർത്തകളിലുണ്ട്. 2022ലാണ് റോഡ് നവീകരണം പൂർത്തിയായത്.

സഭാ തർക്കം: വിധി നടപ്പാക്കാത്തതിന് സർക്കാരിന് ഹൈക്കോടതിയുടെ രൂക്ഷ വിമർശനം

കൊച്ചി: ഓർത്തഡോക്സ് യാക്കോബായ വിഭാഗങ്ങൾ തമ്മിലുള്ള തർക്കവുമായി ബന്ധപ്പെട്ട വിധി നടപ്പാക്കാത്തതിൽ സർക്കാരിന് ഹൈക്കോടതിയുടെ രൂക്ഷവിമർശനം. തർക്കം നിലനിന്നിരുന്ന ഏഴ് പള്ളികളുടെ കസ്റ്റഡിയും സംബന്ധിച്ച സുപ്രീം കോടതി വിധി നടപ്പാക്കുന്നതിൽ സംസ്ഥാന സർക്കാർ നിഷ്ക്രിയമായ സമീപനമാണ് കാട്ടുന്നതെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി. ഇതുമായി ബന്ധപ്പെട്ട കോടതിയലക്ഷ്യ ഹർജികൾ പരിഗണിക്കവെ, നടപടിയെടുക്കുന്നതിൽ സംസ്ഥാനത്തിന്റെ വീഴ്ചയെ വിമർശിച്ച ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഇത് സംസ്ഥാന ഭരണത്തിലെ വീഴ്ചയാണെന്ന് വ്യക്തമാക്കി.

എന്നാൽ തർക്കത്തിലുള്ള പള്ളികൾ ഓർത്തഡോക്സ് വിഭാഗത്തിന് കൈമാറാനുള്ള ഇപ്പോഴത്തെ ശ്രമങ്ങൾ ഗുരുതരമായ ക്രമസമാധാന പ്രശ്നങ്ങളിലേക്ക് നയിക്കുമെന്ന് സർക്കാർ വാദിച്ചു. ഇത്തരം നീക്കങ്ങളെ അക്രമാസക്തമായി ചെറുക്കുന്നതിനാൽ യാക്കോബായ വിഭാഗങ്ങളിൽ നിന്ന് ഈ പള്ളികൾ കസ്റ്റഡിയിലെടുക്കുന്നത് അപ്രായോഗികമാണെന്ന് അഡ്വക്കേറ്റ് ജനറൽ കെ.ഗോപാലകൃഷ്ണക്കുറുപ്പ് പറഞ്ഞു. സുപ്രീം കോടതി വിധി നടപ്പാക്കാൻ സംസ്ഥാനത്തിന് കഴിയുന്നില്ലെങ്കിൽ അത് ഭരണഘടനാ പ്രതിസന്ധിക്ക് കാരണമാകുമെന്ന് ചൂണ്ടിക്കാട്ടിയാണ് ബെഞ്ച് ഈ വാദത്തെ എതിർത്തത്. കോടതിയലക്ഷ്യ നടപടികൾ ആരംഭിക്കുന്നതിനായി സുപ്രീം കോടതി വിധി നടപ്പാക്കുന്നതിൽ എതിർപ്പ് പ്രകടിപ്പിച്ച പ്രതികളുടെ വിശദാംശങ്ങൾ ബെഞ്ച് ആവശ്യപ്പെട്ടു.

പലപ്പോഴും ഇത്തരം ചെറുത്തുനിൽപ്പ് പ്രകടനങ്ങൾ മാധ്യമശ്രദ്ധയ്ക്ക് വേണ്ടിയാണെന്നും കോടതി അഭിപ്രായപ്പെട്ടു. സുപ്രീം കോടതിയുടെ നിർദേശം നടപ്പാക്കാൻ സൈന്യത്തെയോ മറ്റ് സേനയെയോ വിളിക്കാൻ ഉദ്ദേശിക്കുന്നില്ലെന്നും ഉത്തരവ് നടപ്പാക്കാൻ സംസ്ഥാന പോലീസിൽ വിശ്വാസമുണ്ടെന്നും കോടതി ഊന്നിപ്പറഞ്ഞു. പുളിന്താനം, മഴുവന്നൂർ, ഓടക്കാലി, പൂതൃക്ക, ചെറുകുന്നം, മംഗലം ഡാം, എരിക്കിൻചിറ എന്നീ ഏഴ് പള്ളികളുടെ നിയന്ത്രണം വരും ദിവസങ്ങളിൽ ആത്മാർത്ഥമായി നടത്തണമെന്നും ഹൈക്കോടതി നിർദ്ദേശിച്ചു. ഹർജികൾ ജൂലൈ എട്ടിന് പരിഗണിക്കുന്നതിനായി മാറ്റി.

യു.എസ് മാധ്യമപ്രവർത്തകന്റെ വിചാരണ ആരംഭിച്ചു

മോസ്കോ: ചാരക്കേസിൽ അറസ്റ്റിലായ ശേഷം 15 മാസത്തോളമായി റഷ്യയിൽ ജയിലിൽ കഴിയുന്ന വാൾസ്ട്രീറ്റ് ജേണൽ റിപ്പോർട്ടർ ഇവാൻ ഗെർഷ്കോവിച്ചിന്റെ വിചാരണ ആരംഭിച്ചു. റഷ്യൻ തലസ്ഥാനമായ മോസ്കോയിൽ നിന്ന് ആയിരം മൈൽ അകലെയുള്ള യെക്കാറ്റെറിൻബർഗ് നഗരത്തിലാണ് വിചാരണ നടക്കുന്നത്. സ്വർഡ്ലോവ്സ്ക് മേഖലയിലെ കോടതി മുറിയിൽ മാധ്യമങ്ങൾക്ക് പ്രവേശനം അനുവദിച്ചിരുന്നു. തലമുടി കളഞ്ഞ് ചെക്ക് ഷർട്ടും ജീൻസും ധരിച്ചാണ് ഗെർഷ്കോവിച്ച് കോടതിയിൽ എത്തിയതെന്ന് ബി.ബി.സി ലേഖകൻ അറിയിച്ചു. ഏതാനും മിനുട്ടുകൾക്കുശേഷം മാധ്യമപ്രവർത്തകരെ പുറത്താക്കി. തുടർന്നുള്ള വിചാരണ നടപടികൾ അടച്ചിട്ട മുറിയിലായിരിക്കും നടക്കുക. റഷ്യൻ ടാങ്ക് നിർമാണ കമ്പനിയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചുവെന്നാണ് അമേരിക്കൻ മാധ്യമപ്രവർത്തകനെതിരെയുള്ള കേസ്. കുറ്റക്കാരനാണെന്ന് കണ്ടെത്തിയാൽ പരമാവധി ഇരുപത് വർഷം വരെ തടവ് ലഭിക്കാവുന്ന കുറ്റമാണിത്.

യു.എസ് സൈനികൻ കുറ്റക്കാരൻ

ടോക്കിയോ: പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ തട്ടിക്കൊണ്ടുപോയി ബലാത്സംഗം ചെയ്ത കേസിൽ അറസ്റ്റിലായ യു.എസ് പട്ടാളക്കാരനെ ജാപ്പനീസ് കോടതി കുറ്റക്കാരനായി വിധിച്ചു. കഴിഞ്ഞ ഡിസംബർ 16ന് ഒകിനാവ ദ്വീപിലാണ് കേസിനാസ്പദമായ സംഭവം. പെൺകുട്ടിയുടെ കുടുംബത്തിന്റെ പരാതിയിൽ അന്വേഷണം നടത്തിയ പൊലീസ് 25കാരനായ യു.എസ് സൈനികനെ അറസ്റ്റ് ചെയ്തു. കുറ്റകൃത്യം നടന്ന ദിവസം സൈനികൻ ലീവിലായിരുന്നു. പാർക്കിൽ പരിചയപ്പെട്ട പെൺകുട്ടിയെ ഇയാൾ കാറിൽ കയറ്റിക്കൊണ്ടുപോയി വീട്ടിലെത്തിച്ച് ബലാത്സംഗം ചെയ്തുവെന്നാണ് കേസ്. ജപ്പാനിലെ ഏറ്റവും വലിയ അമേരിക്കൻ സൈനിക താവളമാണ് ഒകിനാവ. മുപ്പതിനായിരത്തോളം സൈനികരാണ് ഇവിടെ തമ്പടിച്ചിരിക്കുന്നത്. രണ്ടാം ലോകമഹായുദ്ധത്തിൽ ജപ്പാനെ പരാജയപ്പെടുത്തിയതു മുതൽ അമേരിക്ക ജപ്പാനിൽ സൈനിക താവളങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

പൊതുവാർത്തകൾ

തീക്കടൽ താണ്ടി സ്വാതന്ത്ര്യത്തിലേക്ക്

കാൻബെറ: ഇറാഖിലും അഫ്ഗാനിസ്താനിലും അമേരിക്കൻ സേനയുടെ ക്രൂരകൃത്യങ്ങളും മനുഷ്യാവകാശ ധ്വംസനങ്ങളും ലോകത്തിനുമുന്നിൽ തുറന്നുകാട്ടിയതിന്റെ പേരിൽ ബ്രിട്ടീഷ് തടവറക്കുള്ളിൽ തീക്കനൽ തിന്നു ജീവിക്കേണ്ടിവന്ന വിക്കിലീക്സ് സ്ഥാപകൻ ജൂലിയൻ അസാൻജ് ജന്മനാടായ ഓസ്ട്രേലിയയിൽ തിരിച്ചെത്തി. പ്രധാനമന്ത്രി ആന്തണി ആൽബനീസിന്റെ നേതൃത്വത്തിലുള്ള ഓസ്ട്രേലിയൻ ഭരണകൂടത്തിന്റെ കഠിനപ്രയത്നമാണ് അസാൻജിന് പുറത്തേക്കുള്ള വാതിൽ തുറന്നുകൊടുത്തത്. യു.എസുമായുള്ള ധാരണപ്രകാരം ചാരക്കുറ്റം സമ്മതിച്ച അദ്ദേഹത്തെ യു.എസ് കോടതി മൂന്ന് മണിക്കൂറോളം വിചാരണ ചെയ്ത ശേഷം വിട്ടയക്കുകയായിരുന്നു.

ഇറാഖ് തലസ്ഥാനമായ ബഗ്ദാദിലുൾപ്പെടെ അമേരിക്കൻ സേന സാധാരണക്കാരെ ക്രൂരമായി കൊലപ്പെടുത്തുന്ന വീഡിയോകളും നയതന്ത്ര രഹസ്യരേഖകളും പുറത്തുവിട്ടതോടെയാണ് അസാൻജ് എന്ന മനുഷ്യൻ യു.എസിന്റെ നോട്ടപ്പുള്ളിയായത്. 2010ൽ പുറത്തുവന്ന രഹസ്യ രേഖകൾ അദ്ദേഹത്തെ ലോക പ്രസിദ്ധനാക്കി. അമേരിക്ക അദ്ദേഹത്തെ പിടികൂടാൻ തന്നെ തീരുമാനിച്ചു. അത്രയും വലിയ നാണക്കേടാണ് അത് യു.എസിനുണ്ടാക്കിയത്. 2010 നവംബറിൽ സ്വീഡനിൽ ലൈംഗികാതിക്രമക്കേസിൽ കുടുക്കിയാണ് യുഎസ് അതിനു തുടക്കമിട്ടത്. സ്വീഡനിൽ അറസ്റ്റ് ചെയ്ത് ചാരക്കേസിൽ അമേരിക്കയിലേക്ക് കൊണ്ടുപോകാനായിരുന്നു പദ്ധതി. യു.എസ് നീക്കം മനസ്സിലാക്കിയ അസാൻജ് 2012ൽ ലണ്ടനിലെ ഇക്വാഡോർ എംബസിയിൽ അഭയം തേടി. ഇക്വാഡോർ ഭരണകൂടവും അമേരിക്കയും കൊമ്പുകോർക്കുന്ന കാലമായിരുന്നു അത്. അസാൻജ് പുറത്തിറങ്ങുന്നതും നോക്കി ബ്രിട്ടീഷ് പൊലീസ് എംബസിക്കു പുറത്ത് വർഷങ്ങളോളം കാവൽനിന്നു. അറസ്റ്റ് ഭയന്ന് അദ്ദേഹം പുറത്തിറങ്ങിയതുമില്ല. എംബസിയുടെ കുടുസ്സുമുറിയിൽ ജീവിതം തള്ളിനീക്കി. 2019ൽ അസാൻജിനെതിരെയുള്ള ബലാത്സംഗക്കേസ് അന്വേഷണം സ്വീഡൻ അവസാനിപ്പിച്ചു. അതിനിടയ്ക്ക് ഇക്വഡോറിലെ ഭരണമാറ്റം തിരിച്ചടിയായി. ഇക്വഡോർ അധികൃതർ ബ്രിട്ടീഷ് പൊലീസിനെ എംബസിയിലേക്ക് ക്ഷണിച്ചുവരുത്തി. അസാൻജ് അറസ്റ്റിലായി. അതോടെ അദ്ദേഹത്തെ വിട്ടുകിട്ടാനുള്ള ശ്രമങ്ങൾ അമേരിക്ക സജീവമാക്കി.

നിയമപോരാട്ടത്തിലൂടെ അസാൻജ് അതിനെ പ്രതിരോധിച്ചുനിന്നു. ബ്രിട്ടീഷ് കോടതി പലവട്ടം ജാമ്യം നിഷേധിച്ച് നിരാശനാക്കിയിട്ടും പോരാട്ടം ഉപേക്ഷിച്ചില്ല. അതിനിടയ്ക്ക് ആന്തണി ആൽബനീസിന്റെ നേതൃത്വത്തിലുള്ള പുതിയ സർക്കാർ ഓസ്ട്രേലിയയിൽ അധികാരത്തിലെത്തിയത് അദ്ദേഹത്തിന് തുണയായി. മുൻ പ്രധാനമന്ത്രിമാരിൽനിന്ന് വ്യത്യസ്തനായി അസാൻജിന്റെ വിഷയത്തിൽ അനുഭാവപൂർണമായ ഇടപെടലാണ് ആൽബനീസ് നടത്തിയത്. അസാൻജിനെതിരെയുള്ള കേസ് റദ്ദാക്കാനും അദ്ദേഹത്തെ വിട്ടയാക്കാനും അദ്ദേഹം ബ്രിട്ടീഷ്, യു.എസ് ഭരണകൂടങ്ങളിൽ സമ്മർദ്ദം ശക്തമാക്കി. ഒടുവിൽ യു.എസ് ഭരണകൂടവുമായി ഒത്തുതീർപ്പുണ്ടാക്കി മോചനം സാധ്യമായി. അമേരിക്കയിലെ വിചാരണ നടപടികൾ പൂർത്തിയാക്കി ഓസ്ട്രേലിയയുടെ യു.എസ് അംബാസഡറും മുൻ പ്രധാനമന്ത്രിയുമായ കെവിൻ റൂഡിനോടൊപ്പമാണ് അദ്ദേഹം കാൻബെറയിൽ വിമാനമിറങ്ങിയത്.



ജയിൽ മോചിതനായി ഓസ്ട്രേലിയയിൽ തിരിച്ചെത്തിയ വിക്കിലീക്സ് സ്ഥാപകൻ ജൂലിയൻ അസാൻജ് വിമാനത്തിൽനിന്ന് പുറത്തുവരുന്നു

സർവവും തകർന്ന് ബയ്ത് ലാഹിയ

ഗസ്സ: വടക്കൻ ഗസ്സയിലെ ബയ്ത് ലാഹിയ നഗരത്തിൽ നാൽപതോളം പേർ താമസിച്ചിരുന്ന വീടും സമീപ കെട്ടിടങ്ങളും തകർത്ത് ഇസ്രാഈൽ നടത്തിയ വ്യോമാക്രണത്തിൽ 15 പേർ കൊല്ലപ്പെട്ടു. ഊഹിക്കാനാവാത്ത നാശനഷ്ടങ്ങളാണ് ഇസ്രാഈൽ ബോംബുവർഷം നഗരത്തിലുണ്ടാക്കിയതെന്ന് ഫലസ്തീൻ വൃത്തങ്ങൾ പറയുന്നു. കൊല്ലപ്പെട്ടവരിൽ സ്ത്രീകളും കുട്ടികളുമുണ്ട്. നുസൈറത്തിൽ ഒരു വീടിനുനേരെയുണ്ടായ ഷെല്ലാക്രമണത്തിൽ അഞ്ചുപേർ കൊല്ലപ്പെട്ടു.

ജബലിയയിൽ ഒരു വീടിനുനേരെയുണ്ടായ വ്യോമാക്രണത്തിൽ നിരവധി പേർ കൊല്ലപ്പെട്ടതായി റിപ്പോർട്ടുണ്ട്. ഖാൻ യൂനിസിലെ ഖുസയിൽ രണ്ടുപേർ കൊല്ലപ്പെട്ടു. 24 മണിക്കൂറിനിടെ ഗസ്സയിലുടനീളം 60 പേർ കൊല്ലപ്പെടുകയും 140 പേർക്ക് പരിക്കേൽക്കുകയും ചെയ്തതായി ഗസ്സ ആരോഗ്യ മന്ത്രാലയം പറയുന്നു.

ജബലിയ അഭയാർത്ഥി ക്യാമ്പിൽ ഉറങ്ങിക്കിടക്കുകയായിരുന്ന ഫലസ്തീൻ വയോധികയെ ഇസ്രാഈൽ സേന നായയെ അയച്ച് ആക്രമിക്കുന്ന വീഡിയോ പുറത്തുവന്നു. വീട്ടിൽനിന്ന് പുറത്തുപോകാൻ വിസമ്മതിച്ച വൃദ്ധക്കരികിലേക്ക് ഇസ്രാഈൽ പട്ടാളക്കാർ നായയെ തുറന്നുവിടുകയായിരുന്നു. നായയുടെ കടിയേറ്റ് ഗുരുതരമായി പരിക്കേറ്റ സ്ത്രീ ആശുപത്രികളെല്ലാം തകർന്ന സാഹചര്യത്തിൽ ചികിത്സ കിട്ടാതെ വേദന കടിച്ചമർത്തി കഴിയുകയാണ്. അതിനിടെ അധിനിവേശ വെസ്റ്റ്ബാങ്കിൽ ഒൻപത് ഫലസ്തീൻ വീടുകൾ ഇസ്രാഈൽ സേന ഇടിച്ചുനിരത്തി. ഒക്ടോബർ ഏഴിന് ഗസ്സയിൽ കൂട്ടക്കുരുതി ആരംഭിച്ച ശേഷം വെസ്റ്റ്ബാങ്കിൽ ഇസ്രാഈൽ തകർക്കുന്ന വീടുകളുടെ എണ്ണം ആയിരം കവിഞ്ഞു. ഈ മാസം മാത്രം 47 വീടുകളാണ് തകർക്കപ്പെട്ടത്. ഇസ്രാഈലിലെ ലോഡ് നഗരത്തിൽ ഫലസ്തീൻ അനുകൂല സംഘടനയുടെ ഓഫീസിൽ സ്ഫോടനമുണ്ടായി. ഗ്രനേഡാണ് സ്ഫോടനത്തിന് കാരണമെന്ന് സംശയിക്കുന്നു.

ഗസ്സയിലെ ബയ്ത് ലാഹിയ നഗരത്തിൽ ഇസ്രാഈൽ സേനയുടെ വ്യോമാക്രണത്തിൽ തകർന്നടിഞ്ഞ കെട്ടിടം

സ്ഥാപകദിന നേതൃസംഗമം

സമസ്ത പാരമ്പര്യത്തിന്റെ തനിമയും വിശുദ്ധിയും കാത്തുസൂക്ഷിക്കാനുള്ള പ്രസ്ഥാനം: സാദിഖലി തങ്ങൾ

കോഴിക്കോട്: ഇസ്‌ലാമിക പാരമ്പര്യത്തെ അതിന്റെ തനിമയും പഴമയും വിശുദ്ധിയും വെൺമയും കാത്ത് സൂക്ഷിച്ചുകൊണ്ട് സമൂഹത്തിന് വേണ്ടി പ്രവർത്തിക്കാൻ സൃഷ്ടിക്കപ്പെട്ട പ്രസ്ഥാനമാണ് സമസ്തയെന്ന് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ. അജയ്യമായ പ്രസ്ഥാനമാണ് സമസ്ത കേരള ജംഇയ്യത്തുൽ ഉലമ. അത് നിലനിൽക്കേണ്ടത് മുസ്‌ലിംകളുടെ മാത്രം താൽപര്യമല്ല, ഇതര സമൂഹത്തിന്റെ കൂടി ആവശ്യമാണ്. സമസ്ത സ്ഥാപക ദിനത്തോടനുബന്ധിച്ചുള്ള നേതൃസംഗമത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

സാമുദായിക മത സൗഹാർദത്തിന് വേണ്ടിയും ഇതരമത വിഭാഗങ്ങളുടെ ക്ഷേമത്തിനായും സമസ്ത പ്രവർത്തിക്കുന്നുണ്ട്. സമുദായത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്കായുള്ള സമസ്തയുടെ പ്രവർത്തനങ്ങൾ ലോകത്തിന് തന്നെ മാതൃകയാണെന്നും സാദിഖലി തങ്ങൾ പറഞ്ഞു. സമസ്ത കേരള ജംഇയ്യത്തുൽ ഉലമ പ്രസിഡന്റ് സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങൾ ഉദ്ഘാടനം ചെയ്തു. രാജ്യത്തെ മതസൗഹാർദ്ധവും മനുഷ്യർ തമ്മിലുള്ള സ്നേഹവും സന്തോഷവുമെല്ലാം നിലനിർത്താനാവശ്യമായ പ്രവർത്തനമാണ് സമസ്ത നടത്തുന്നതെന്ന് ജിഫ്രി തങ്ങൾ പറഞ്ഞു. രാജ്യത്തിന്റെ മതേതരത്വവും ജനാധിപത്യവും സമസ്ത കാത്തുസൂക്ഷിക്കും. അതുകൊണ്ടാണ് എല്ലാ ജനങ്ങളും സമസ്തയെ ഇഷ്ടപ്പെടുന്നതും അംഗീകരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. വരക്കൽ മഖാം സിയാറത്തോടെയാണ് പരിപാടികൾക്ക് തുടക്കമായത്.

എം.കെ മൊയ്തീൻ കുട്ടി മുസ്‌ലിയാർ പതാക ഉയർത്തി. എം.പി കുഞ്ഞിമുഹമ്മദ് മുസ്‌ലിയാർ നെല്ലായ പ്രാർത്ഥനക്ക് നേതൃത്വം നൽകി. സമസ്ത ജനറൽ സെക്രട്ടറി പ്രൊഫ.കെ. ആലിക്കുട്ടി മുസ്‌ലിയാർ മുഖ്യപ്രഭാഷണം നടത്തി. സമസ്ത വിദ്യാഭ്യാസ ബോർഡ് ജനറൽ സെക്രട്ടറി എം.ടി അബ്ദുല്ല മുസ്‌ലിയാർ സമസ്ത പിന്നിട്ട നൂറ്റാണ്ടും നൂറാം വാർഷിക പദ്ധതികളും വിഷയാവതരണം നടത്തി. വെല്ലൂർ ബാഖിയത്തു സ്വാലിഹാത്ത് പ്രിൻസിപ്പൽ അശൈഖ് അബ്ദുൽ ഹമീദ് ഹസ്റത്ത് ഉപഹാരസമർപ്പണം നടത്തി.

സമസ്ത ട്രഷറർ പി.പി ഉമർ മുസ്‌ലിയാർ കൊയ്യോട്, വൈസ് പ്രസിഡന്റ് യു.എം അബ്ദുറഹിമാൻ മുസ്‌ലിയാർ, സെക്രട്ടറി കെ. ഉമർ ഫൈസി മുക്കം, എസ്.കെ.എസ്.എസ്.എഫ് പ്രസിഡന്റ് പാണക്കാട് സയ്യിദ് ഹമീദലി ശിഹാബ് തങ്ങൾ, കേന്ദ്ര മുശാവറ അംഗങ്ങളായ എ.വി അബ്ദുഹറിമാൻ മുസ്‌ലിയാർ, വാക്കോട് മൊയ്തീൻകുട്ടി മുസ്‌ലിയാർ, പി.കെ ഹംസക്കുട്ടി മുസ്‌ലിയാർ ആദൃശേരി, വി.മൂസക്കോയ മുസ്‌ലിയാർ, കെ. ഹൈദർഫൈസി പനങ്ങാങ്ങര, ബി.കെ അബ്ദുൽഖാദിർ മുസ്‌ലിയാർ ബംബ്രാണ, എം.പി മുസ്തഫൽ ഫൈസി, എം.എം അബ്ദുല്ല ഫൈസി എടപ്പാൾ, എൻ.കെ അബ്ദുൽഖാദിർ മുസ്‌ലിയാർ പൈങ്ങണ്ണിയൂർ, പി.എം അബ്ദുൽ സലാം ബാഖവി വടക്കേകാട്, സി.കെ സൈദാലിക്കുട്ടി മുസ്‌ലിയാർ കോറോട്, അസ്ഗറലി ഫൈസി പട്ടിക്കാട്, ഡോ. സി.കെ അബ്ദുറഹിമാൻ ഫൈസി അരിപ്ര, എസ്.കെ.ഐ.എം.വി.ബി സെക്രട്ടറി ഡോ.എൻ.എ.എം അബ്ദുൽ ഖാദിർ, എസ്.എം.എഫ് സംസ്ഥാന കമ്മിറ്റി ജനറൽ സെക്രട്ടറി യു.മുഹമ്മദ് ഷാഫി ഹാജി ചെമ്മാട്, എസ്.കെ. എം.എം.എ ജനറൽ സെക്രട്ടറി ഇ.മൊയ്തീൻ ഫൈസി പുത്തനഴി, എസ്.വൈ.എസ് വർക്കിങ് സെക്രട്ടറി അബ്ദുൽ ഹമീദ് ഫൈസി അമ്പലക്കടവ്, കേരള വഖഫ് ബോർഡ് അംഗം എം.സി മായിൻഹാജി, സമസ്ത കേരള ജംഇയ്യത്തുൽ മുഫത്തിശീൻ ജനറൽ സെക്രട്ടറി കെ.എച്ച് കോട്ടപ്പുഴ, സമസ്ത എംപ്ലോയിസ് അസോസിയേഷൻ പ്രസിഡന്റ് മുസ്തഫ മുണ്ടുപാറ, സമസ്ത കേരള ജംഇയ്യത്തുൽ ഖുത്വബാഅ് ജനറൽ സെക്രട്ടറി നാസർ ഫൈസി കൂടത്തായി, എസ്.കെ.എസ്.ബി.വി സംസ്ഥാന പ്രസിഡന്റ് സയ്യിദ് മിയാസ് അലി ശിഹാബ് തങ്ങൾ, എസ്.കെ. ഐ.എം.വി.ബി ജനറൽ മാനേജർ കെ. മോയിൻകുട്ടി മാസ്റ്റർ സംസാരിച്ചു.

എസ്.കെ.എസ്.ബി.വി സമസ്ത സ്ഥാപക ദിനാചാരണം സംഘടിപ്പിച്ചു

കോഴിക്കോട്: സമസ്ത കേരള സുന്നി ബാലവേദി സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ 98 ാം സ്ഥാപക ദിനാചരണം യൂണിറ്റുകൾ തോറും സംഘടിപ്പിച്ചു. ദിനാചരണത്തിന്റെ ഭാഗമായി മദ്രസായൂണിറ്റ് തലങ്ങളിൽ പതാക ഉയർത്തൽ, ഖബർ സിയാറത്ത്, സമസ്ത ചരിത്രവിവരണ പ്രഭാഷണം, പ്രാർത്ഥനാ സദസ്സ്, ക്വിസ് പോഗ്രാം തുടങ്ങിയ പരിപാടികൾ നടന്നു.

സംസ്ഥാന ചെയർമാൻപി ഹസൈനാർ ഫൈസി കൺവീനർ പാണക്കാട് സയ്യിദ് നിയാസലി ശിഹാബ് തങ്ങൾ, സംസ്ഥാന പ്രസിഡണ്ട് പാണക്കാട് സയ്യിദ് മിയാസലി ശിഹാബ് തങ്ങൾ, ജനറൽ സെക്രട്ടറി ഹർഷാദ് കുറ്റിക്കടവ്, ട്രഷറർ ഉനൈസ് തങ്ങൾ ജമലുലൈലി, സംസ്ഥാന ഭാരവാഹികളായ മുഹമ്മദ് സിനാൻ മലപ്പുറം വെസ്റ്റ്, പർവ്വേശ് അക്ബർ ദക്ഷിണ കന്നട, നിസാമുദ്ദീൻ കൊടക്, മുഹമ്മദ് യാസീൻ, സനിൻ ഫുവാദ്, മുഹമ്മദ് അജ്ഫർ, മുഹമ്മദ് ഫാരിസ്, സജാദ് ഫറോക്ക്, ജസീൽ പെരുമണ്ണ, അബ്ദുൽ റഊഫ്, അനസ് പാലക്കാട്, ഇർഫാൻ ആലപ്പുഴ, സൽമാൻ കണ്ണൂർ, ഉനൈസ് കൊടിയുറ, ഉമർ ഖയ്യും കാസർകോട്, സുഹൈൽ എറണാകുളം, മുദ്ദസിൽ കണ്ണൂർ തുടങ്ങിയവർ സ്ഥാപക ദിനാചരണങ്ങൾക്ക് നേതൃത്വം നൽകി.

ജില്ലാ, മേഖല, റെയ്ഞ്ച് കമ്മിറ്റികളുടെ ആഭിമുഖ്യത്തിലും മണ്ഡറഞ്ഞ സമസ്ത നേതാക്കളുടെ മഖ്ബറ സിയാറത്തും ചരിത്ര പ്രഭാഷണ സദസ്സുകളും സംഘടിപ്പിച്ചു.

വിദൂര വിദ്യാഭ്യാസ സംവിധാനം നിലനിർത്തണം: മുസ്‌ലിം യൂത്ത് ലീഗ്

കോഴിക്കോട്: പതിനായിരക്കണക്കിന് വിദ്യാർത്ഥികൾ ഉന്നത പഠനത്തിന് ആശ്രയിക്കുന്ന വിദൂര വിദ്യാഭ്യാസ സംവിധാനം നിർത്തലാക്കിയ നടപടി സർക്കാർ പുന:പരിശോധിക്കണമെന്ന് മുസ്‌ലിം യൂത്ത് ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ ഫിറോസ് ആവശ്യപ്പെട്ടു. മുഖ്യമന്ത്രി പിണറായി വിജയനും ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ആർ.ബിന്ദുവിനും ഇ.മെയിൽ അയച്ചതായും അദ്ദേഹം പറഞ്ഞു

റഗുലർ കോളജുകളിൽ പ്രവേശനം ലഭിക്കാത്ത നിരവധി വിദ്യാർത്ഥികൾ ഉപരിപഠനത്തിന് ആശ്രയിക്കുന്ന സംവിധാനമാണ് വിദൂര വിദ്യാഭ്യാസം. എന്നാൽ ഇത് പൂർണ്ണമായും ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയിലേക്ക് മാറ്റിയതോടെ നിരവധി വിദ്യാർത്ഥികളാണ് പ്രയാസം നേരിടുന്നത്. ഓപ്പൺ ഡിഗ്രിയുടെ സ്വീകാര്യത കുറവും ഉയർന്ന ഫീസ് നിരക്കും കാരണം കുറഞ്ഞ എണ്ണം വിദ്യാർത്ഥികൾ മാത്രമേ ഓപ്പൺ യൂണിവേഴ്സിറ്റിയിൽ പ്രവേശനം നേടുന്നുള്ളൂ. കാലിക്കറ്റ് സർവ്വകലാശാലയിൽ 13 യു.ജി, 12 പി.ജി കോഴ്സുകൾ നടത്തുന്നതിന് 2026 ജനുവരി വരെ ഡഏ ഇ വിദൂര വിദ്യാഭ്യാസ ബ്യൂറോയുടെ അനുമതി നിലനിൽക്കുന്നുണ്ട്. അതിനാൽ കാലിക്കറ്റ് സർവ്വകലാശാലയിൽ വിദൂര വിദ്യാഭ്യാസ സംവിധാനം പുനസ്ഥാപിക്കണമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

യുദ്ധത്തിന് കാതോർത്ത് ഇസ്രാഈൽ-ലബനാൻ അതിർത്തി

ബെയ്റൂത്ത്: ഗസ്സയോടാപ്പം ആളിക്കത്തിക്കുന്ന ബെയ്റൂത്ത്-ഇസ്രാഈൽ അതിർത്തി തുറന്ന യുദ്ധത്തിലേക്ക്. എട്ടു മാസത്തിലേറെയായി തുടരുന്ന ഹിസ്ബുല്ല-ഇസ്രാഈൽ സംഘർഷത്തിൽ ഇതുവരെ 435 പേർ കൊല്ലപ്പെടുകയും 1366 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. ലബനീസ് അതിർത്തിയിലെ ജനവാസ കേന്ദ്രങ്ങളിൽ ഇന്നലെയും ഇസ്രാഈൽ വ്യോമാക്രണം തുടർന്നു. ബിൻത് ജബൽ നഗരത്തിൽ ഷെല്ലാക്രമണത്തെ തുടർന്ന് തീപിടിത്തമുണ്ടായി. നഗരത്തിൽനിന്ന് കനത്ത പുകപടലങ്ങൾ ഉയരുന്ന വീഡിയോ സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്നുണ്ട്.

മർജയൂൻ, തല്ലതുൽ അസീസിയ, ബുർജുൽ മുലൂക്, കഫാർ കില നഗരങ്ങൾക്കുനേരെ ഷെല്ലാക്രമണമുണ്ടായി. ആളപായം റിപ്പോർട്ട് ചെയ്തിട്ടില്ല. ഇസ്രാഈൽ സേനയും ഹിസ്ബുല്ല പോരാളികളും തമ്മിലുള്ള സംഘർഷം വലിയൊരു യുദ്ധമായി പശ്ചിമേഷ്യയെ വിഴുങ്ങിയേക്കുമെന്ന ആശങ്കകൾക്കിടെ അന്താരാഷ്ട്രതലത്തിൽ നയതന്ത്ര ശ്രമങ്ങൾ സജീവായിട്ടുണ്ട്.

ഇസ്രാഈൽ-ഹിസ്ബുല്ല യുദ്ധം ഗുരുതര പ്രത്യാഘാതങ്ങളുണ്ടാക്കുമെന്ന് യു.എസ് പ്രതിരോധ സെക്രട്ടറി ലോയ്ഡ് ഓസ്റ്റിൻ മുന്നറിയിപ്പുനൽകി. ഇരുപക്ഷവും സംയമനത്തിന് തയാറായില്ലെങ്കിൽ യുദ്ധം പിടിവിട്ട് കത്തിയാളുമെന്ന് ജർമൻ വിദേശകാര്യ മന്ത്രി അന്നലേന ബിയർബോക്ക് പറഞ്ഞു. പശ്ചിമേഷ്യയിൽ യുദ്ധം വ്യാപിപ്പിക്കാൻ ഇസ്രാഈലിന് പാശ്ചാത്യ ശക്തികൾ ഒത്താശ ചെയ്യുന്നതായി തുർക്കി പ്രസിഡന്റ് റജബ് ത്വയ്യിബ് ഉർദുഗാൻ കുറ്റപ്പെടുത്തി. ഹിസ്ബുല്ലക്കുനേരെ ആക്രമണം ശക്തമാക്കുമെന്ന് ഇസ്രാഈൽ ഭീഷണി മുഴക്കിയിട്ടുണ്ട്. ഹിസ്ബുല്ലയെ പരാജയപ്പെടുത്തുകയും അതിർത്തി പ്രദേശത്തുനിന്ന് പലായനം ചെയ്ത 90,000ത്തോളം ഇസ്രാഈലികളെ തിരിച്ചുകൊണ്ടുവരുകയും ചെയ്യേണ്ടത് അത്യാവശ്യമാണെന്ന് ഇസ്രാഈൽ അധികൃതർ പറഞ്ഞു. എന്നാൽ ചിന്തിക്കുന്നതിനെക്കാൾ വലിയ തിരിച്ചടികൾ നേരിടേണ്ടിവരുമെന്ന് ഹിസ്ബുല്ല ഇസ്രാഈലിന് മുന്നറിയിപ്പുനൽകി. ഇറാന്റെ സായുധ പിന്തുണയുള്ള സംഘടനയാണ് ഹിസ്ബുല്ല.

10 ദിവസത്തിനുശേഷം ജീവിതത്തിലേക്ക്

മൂന്ന് മണിക്കൂർ യാത്രയിൽ യുവാവ് കാട്ടിൽ കുടുങ്ങി

വാഷിങ്ടൺ: മൂന്ന് മണിക്കൂർ നേരത്തേക്ക് മലകയറാൻ പോയ യുവാവ് വഴിതെറ്റി കാട്ടിൽ അകപ്പെട്ടത് 10 ദിവസം. വടക്കൻ കാലിഫോർണിയയിലെ സാന്താക്രൂസ് പർവ്വതനിരയിലാണ് 34കാരനായ ലൂക്കാസ് മക്‌ലിഷ് കുടുങ്ങിയത്. തിരികെ ജീവിതത്തിലേക്ക് കരപറ്റുന്നതിനുമുമ്പ് ദിവസങ്ങളോളം കാട്ടുപഴങ്ങൾ കഴിച്ചും കാട്ടുറവകളിൽനിന്ന് വെള്ളം കുടിച്ചും ജീവൻ നിലനിർത്തുകയായിരുന്നു.

കുറഞ്ഞ സമയത്തേക്കുള്ള യാത്രയായതുകൊണ്ട് ആവശ്യത്തിന് സാമഗ്രികളൊന്നും കയ്യിൽ കരുതുയിരുന്നില്ല. തൊപ്പിയും ബൂട്ടും പാന്റും മാത്രമാണ് ആകെയുണ്ടായിരുന്നത്. അതുകൊണ്ട് വെള്ളം ബൂട്ടിൽ ശേഖരിക്കേണ്ടിവന്നു. പരിചിതമായ അടയാളങ്ങളെല്ലാം കാട്ടുതീയിൽ നശിച്ചതുകൊണ്ടാണ് മക്‌ലിഷ് വഴിതെറ്റി കുടുങ്ങിപ്പോയത്. രക്ഷാപ്രവർത്തകർ കണ്ടെത്തുമ്പോൾ തിരിച്ചറിയാൻ സാധിക്കാത്ത വിധം യുവാവ് മാറിപ്പോയിരുന്നു.

ജീവൻ പണയംവച്ചുള്ള ലഹരി കടത്ത്: ടാൻസാനിയൻ യുവതിക്ക് പ്രതിഫലമായി ലഭിക്കുന്നത് കോടികൾ

കൊച്ചി: കോടികൾ പ്രതിഫലമായി കിട്ടുമെന്നതിനാലാണ് ജീവൻ പോലും പണയം വച്ചുള്ള ലഹരി കടത്തിന് തയാറായതെന്ന് മാരക മയക്കുമരുന്നായ കൊക്കെയ്ൻ ക്യാപ്സൂൾ രൂപത്തിൽ വിഴുങ്ങി കൊച്ചിയിൽ എത്തിച്ച കേസിൽ അറസ്റ്റിലായ ടാൻസാനിയൻ യുവതി ഡിആർഐയ്ക്ക് മൊഴി നൽകി. അങ്കമാലി കോടതി രണ്ടാഴ്ചത്തേക്ക് റിമാൻഡ് ചെയ്ത ഇവരെ കൂടുതൽ തെളിവുകൾ ശേഖരിച്ച ശേഷം വീണ്ടും കസ്റ്റഡിയിൽ വാങ്ങി ചോദ്യം ചെയ്യുമെന്നും കേസിൽ കൂടുതൽ പേർ അറസ്റ്റിലായേക്കുമെന്നും ഡിആർഐ ഉദ്യോഗസ്ഥർ വ്യക്തമാക്കി.

ക്യാപ്സൂൾ രൂപത്തിൽ വിഴുങ്ങി 30 കോടിയുടെ കൊക്കെയ്നാണ് ടാൻസാനിയക്കാരി വെറോനിക്ക അഡ്രഹെലം നിഡുങ്കുരു കൊച്ചിയിലെത്തിച്ചത്. കേസിൽ ടാൻസാനിയൻ യുവതിയുടെ അറസ്റ്റ് ഡിആർഐ രേഖപ്പെടുത്തി. സ്വകാര്യ ആശുപത്രിയിൽ ചികിൽസയിൽ കഴിഞ്ഞിരുന്ന യുവതിയുടെ വയറ്റിൽ നിന്ന് 90 കൊക്കൈൻ ക്യാപ്സൂളുകളാണ് കണ്ടെത്തിയത്.

കഴിഞ്ഞയാഴ്ച നെടുമ്പാശേരിയിൽ വിമാനമിറങ്ങിയ വെറോനിക്കയെ സംശയത്തിന്റെ അടിസ്ഥാനത്തിൽ ഡിആർഐ കസ്റ്റഡിയിലെടുക്കുകയായിരുന്നു. പിന്നീട് ശരീരം സ്കാൻ ചെയ്തപ്പോഴാണ് വയറിനുള്ളിൽ കൊക്കെയ്ൻ ക്യാപ്സൂളുകൾ ഒളിപ്പിച്ചതായി കണ്ടെത്തിയത്. വെറ

ഒരു ഓവറിൽ റോബിൻസൺ വഴങ്ങിയത് 43 റൺസ്

ലണ്ടൻ: ഇംഗ്ലീഷ് കൗണ്ടി ക്രിക്കറ്റ് ടീമായ സസെക്സിന്റെ ബൗളർ ഒലീ റോബിൻസൺ ഒരു ഓവറിൽ വിട്ടു നൽകിയത് 43 റൺസ്. ലസ്റ്റർഷയറിനെതിരായ മത്സരത്തിലാണ് റോബിൻസൺ നാണക്കേടിന്റെ റെക്കോഡ് ബുക്കിലേക്ക് കയറിയത്.

464 റൺസ് ജയിക്കാനാവശ്യമായ സമയത്ത് ആറിന് 144 എന്ന നിലയിൽ ലെസ്റ്റർ കിതക്കുന്നതിനിടെയാണ് ബാറ്റർ കിംബർ ക്രീസിലെത്തിയത്. 59–ാം ഓവറിൽ റോബിൻസൺ പന്തെറിയാനെത്തുമ്പോൾ കിംബർ 72 റൺസുമായി ബാറ്റു ചെയ്യുകയായിരുന്നു. ആദ്യ പന്തിൽ സിക്സർ, രണ്ടാം പന്ത് നോബോളും ഫോറും, റീ ബോളിൽ വീണ്ടും ബൗണ്ടറി, മൂന്നാം പന്തിൽ സിക്സർ, നാലാം പന്തിൽ ബൗണ്ടറി, അഞ്ചാം പന്ത് നോബോൾ കൂടെ ബൗണ്ടറിയും, റീബോളിൽ വീണ്ടും ബൗണ്ടറി, ആറാം പന്ത് വീണ്ടും നോബോളും ഫോറും, റീ ബോളിൽ ഒരു റൺ. കൗണ്ടി ക്രിക്കറ്റിൽ നോബോളിന് രണ്ട് റൺസാണ് പെനാൽറ്റിയായി അനുവദിക്കുക. ഒമ്പത് ബോൾ നീണ്ട ഓവറിൽ വഴങ്ങിയത് 43 റൺസ്. 134 വർഷത്തെ കൗണ്ടി ക്രിക്കറ്റ് ചരിത്രത്തിൽ ഒരു ഓവറിൽ ഇത്രയും റൺസ് വഴങ്ങുന്നത് ഇതാദ്യമായാണ്. കിംബർ 21 സിക്സറുകളും 20 ബൗണ്ടറിയുമായി 243 റൺസെടുത്തെങ്കിലും ടീം 18 റൺസിന് തോറ്റു. രണ്ട് ദിവസം മുമ്പ് സറേ– വോഴ്സസ്റ്റർ മത്സരത്തിൽ ഷുഹൈബ് ബഷീർ 38 റൺസ് വഴങ്ങിയിരുന്നു.

ഫ്രാങ്ക് ഡെക്ക്‌വർത്ത് ഓർമയായി

ലണ്ടൻ: ക്രിക്കറ്റിൽ മഴമൂലം കളി മുടങ്ങുമ്പോൾ ജേതാക്കളെ കണ്ടെത്താൻ ഉപയോഗിക്കുന്ന ഡെക്ക്‌വർത്ത് ലൂയിസ് (ഡി.എൽ.എസ്.) നിയമത്തിന്റെ സ്രഷ്ടാക്കളിലൊരാളായ ഫ്രാങ്ക് ഡെക്ക്‌വർത്ത് (84) അന്തരിച്ചു. ഇംഗ്ലീഷ് സ്റ്റാറ്റിസ്റ്റീഷ്യനായ ഫ്രാങ്ക് ഡെക്ക്‌വർത്തും ഗണിത ശാസ്ത്രജ്ഞനായ ആന്റണി ലൂയിസും ചേർന്നാണ് ഈ മഴനിയമം ആവിഷ്കരിച്ചത്. 1997ലാണ് ഇവരുടെ മഴനിയം ക്രിക്കറ്റിൽ പരീക്ഷിച്ചുതുടങ്ങിയത്. 2001 മുതൽ അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിൽ (ഐ.സി.സി.) മത്സരങ്ങളിൽഡി.എൽ.എസ് ഉപയോഗിച്ചുതുടങ്ങിയത്. കളിച്ച ഓവറുകൾ, നഷ്ടമായ വിക്കറ്റുകൾ തുടങ്ങി പല മാനദണ്ഡങ്ങൾ ഉപയോഗിച്ചാണ് ഡി.എൽ.എസ്. നിയമത്തിൽ ജേതാക്കളെ നിശ്ചയിക്കുന്നത്. പലപ്പോഴും വിമർശന വിധേയമായിട്ടുണ്ടെങ്കിലും ഇത്രയും ശാസ്ത്രീയമായ മറ്റൊരു നിയമം ഇല്ലെന്നതിനാൽ ഡി.എൽ.എസ്. മാറ്റാൻ ഐ.സി.സി. ഇതുവരെ തയ്യാറായിട്ടില്ല.

ചന്ദ്രിക
സ്പോർട്സ്

ബുംറ ബാറ്റർമാരിൽ വളരെയധികം സമ്മർദ്ദം ചെലുത്തുന്നതിനാൽ ഈ വിക്കറ്റ് വേട്ടയുടെ വലിയ ക്രെഡിറ്റ് അദ്ദേഹത്തിന് ലഭിക്കണം. മൂന്നോ നാലോ റൺസ് മാത്രമാണ് അദ്ദേഹം വിട്ടു കൊടുക്കുന്നത്. അതിനാൽ, ബാറ്റർമാർ എനിക്കെതിരെ ആക്രമിക്കാൻ വരുന്നു, എന്റെ ഏറ്റവും മികച്ച പന്ത് എറിയാൻ ഞാൻ ശ്രമിക്കുമ്പോൾ വിക്കറ്റുകൾ നേടാനുള്ള അവസരങ്ങളുണ്ട്. മറുവശത്ത്, അവർക്ക് റൺസ് നേടാൻ ആകുന്നില്ല. ആവശ്യമായ റൺ റേറ്റ് വർധിക്കുന്നത് എനിക്ക് ഗുണകരമായി മാറുന്നു. ബാറ്റർമാർ എനിക്കെതിരെ കൂടുതൽ റിസ്ക് എടുക്കുമ്പോൾ വിക്കറ്റ് നേടാനുള്ള അവസരമുണ്ട്. അതിനാൽ എന്റെ വിക്കറ്റുകളുടെ ക്രെഡിറ്റ് ബുംറയ്ക്കാണ്.

–അർഷ്ദീപ് സിങ്

BREAKING പരിക്കും പനിയും മെസ്സി പെറുവിനെതിരായ മത്സരത്തിൽ കളിക്കില്ല

ഇന്ന്

കോപ്പ അമേരിക്ക
ഇക്വഡോർ–ജമൈക്ക
(പുലർച്ചെ 3–30)
വെനിസ്വേല–
മെക്സിക്കോ
(രാവിലെ 6–30)
ലൈവ് ഇല്ല

ടി–20 ലോകകപ്പ് സെമി
അഫ്ഗാനിസ്താൻ–
ദക്ഷിണാഫ്രിക്ക
(രാവിലെ 6–00 മുതൽ)
ഇന്ത്യ–ഇംഗ്ലണ്ട്
(രാത്രി 8–00 മുതൽ)
സ്റ്റാർ സ്പോർട്സ്
ലൈവ്

ഇംഗ്ലീഷ് പരീക്ഷ ജയിക്കാൻ

ഗയാന: അവസാനമായി ഇന്ത്യയും ഇംഗ്ലണ്ടും ടി20 ലോകകപ്പിൽ ഏറ്റുമുട്ടിയത് 19 മാസം മുമ്പ് അഡലൈഡിൽ ലോകകപ്പ് സെമിയിൽ ആയിരുന്നു. ജോസ് ബട്‌ലർ-അലക്സ് ഹെയ്ൽസ് സഖ്യത്തിന്റെ ബാറ്റിങ് കരുത്തിൽ 10 വിക്കറ്റിനാണ് ഇന്ത്യയിൽ നിന്നും മത്സരം ഇംഗ്ലണ്ട് പിടിച്ചുവാങ്ങിയത്. പക്ഷേ കാലം മാറി ഒപ്പം ഇന്ത്യയുടെ ടീമും.

കരുത്തുറ്റ ബാറ്റിങ് നിരയുമായാണ് ഇന്ത്യ കളിക്കുന്നത്. മധ്യ ഓവറുകളിൽ ആക്രമിച്ച് കളിക്കാൻ പ്രാപ്തരായ ഒരുപിടി താരങ്ങളടക്കം വൈവിധ്യമാർന്ന താരനിരയാണ് ഇന്ത്യയുടെ ശക്തി. പക്ഷേ ബട്‌ലറും സഹഓപണർ ഫിൽ സാൾട്ടും തകർപ്പൻ ഫോമിലാണെന്നത് നിലവിലെ ചാമ്പ്യൻമാരായ ഇംഗ്ലീഷുകാർക്ക് ആത്മവിശ്വാസം പകരുന്നതാണ്. രണ്ട് മത്സരങ്ങൾ കൂടി വിജയിക്കാനായാൽ ടി20 ക്രിക്കറ്റിൽ തുടർച്ചയായി രണ്ട് ലോകകപ്പ് നേട്ടമെന്ന റെക്കോഡ് ഇംഗ്ലീഷ് പടക്ക് സ്വന്തമാകും. 2007നു ശേഷം ടി20 ലോകകപ്പ് ഇന്ത്യക്ക് കിട്ടാക്കനിയാണ്. 2011നു ശേഷം ക്രിക്കറ്റിന്റെ ഒരു ഫോർമാറ്റിലേയും ലോകകപ്പ് നേടാനായില്ലെന്ന കുറവ് നികത്താനാണ് ടീം ഇന്ത്യ ഇന്നിറങ്ങുക. ഗയാനയിലെ പിച്ച് പൊതുവെ സ്പിന്നിന് അനുകൂലമാണ്. ഗ്രൂപ്പ് ഘട്ടത്തിൽ അഞ്ചു മത്സരം ഇവിടെ നടന്നപ്പോൾ യുഗാണ്ടക്കെതിരെ അഫ്ഗാൻ നേടിയ അഞ്ചിന് 183 റൺസാണ് ഉയർന്ന സ്കോർ.

മഴമൂലം കനഡക്കെതിരായ മത്സരം ഉപേക്ഷിച്ചത് ഒഴിവാക്കിയാൽ എല്ലാം കളിയും ജയിച്ചാണ് ഇന്ത്യ സെമിയിലെത്തിയത്. എങ്കിലും ഓപ്പണർ വിരാട് കോലി, മധ്യനിര താരങ്ങളായ ശിവം ദുബെ, രവീന്ദ്ര ജഡേജ എന്നിവരുടെ ഫോമില്ലായ്മ ഇന്ത്യയെ അലട്ടുന്നുണ്ട്. സൂപ്പർ എട്ടിൽ ബംഗ്ലാദേശ്, ഓസ്ട്രേലിയ എന്നിവർക്കെതിരെ ദുബെ ഭേദപ്പെട്ട പ്രകടനം പുറത്തെടുത്തെങ്കിലും ആരാധകർ തൃപ്തരല്ല. സ്പിൻ ഓൾ റൗണ്ടറായി ഇറങ്ങുന്ന രവീന്ദ്ര ജഡേജയുടെ ബാറ്റിംഗ് ഫോം ഇപ്പോഴും ഇന്ത്യക്ക് ആശങ്കയാണ്.

അതേ സമയം ഇംഗ്ലണ്ടാവട്ടെ സ്കോട്ട്‌ലൻഡിനെതിരായ മത്സരം മഴമൂലം ഉപേക്ഷിക്കുകയും ഓസീസിനോട് തോൽക്കുകയും ചെയ്താണ് ഗ്രൂപ്പ് ഘട്ടം കടന്നത്. സൂപ്പർ എട്ടിൽ ദക്ഷിണാഫ്രിക്കയോട് തോറ്റ ഇംഗ്ലീഷുകാർ ആതിഥേയരായ വിൻഡീസിനെ തോൽപിക്കുകയും യു.എസ്.എയെ നിലംപരിശാക്കുകയും ചെയ്താണ് സെമിയിലേക്ക് ടിക്കറ്റ് നേടിയത്. വിൻഡീസിനെതിരെ ദക്ഷിണാഫ്രിക്ക വിജയിച്ചതാണ് ഇംഗ്ലീഷ് പടക്ക് അനുഗ്രഹമായത്. ഗ്രൂപ്പ് ഘട്ടത്തിൽ കളിച്ച ടീമിൽ മുഹമ്മദ് സിറാജിന് പകരം കുൽദീപ് യാദവിനെ ഇറക്കിയാണ് സൂപ്പർ എട്ടിൽ ഇന്ത്യ കളിച്ചത്. ഇന്നും ഇതേ ടീമിനെ നിലനിർത്താനാണ് സാധ്യത.

സ്പിന്നിന് അനുകൂലമായ പിച്ചിൽ യൂസ്‌വേന്ദ്ര ചാഹലിനെ നാലാം സ്പിന്നറായി ഉൾപ്പെടുത്താനുള്ള നേരിയ സാധ്യതയും നിലനിൽക്കുന്നുണ്ട്. എട്ടാമൻ വരെ നീളുന്ന ബാറ്റിങ് നിരതന്നെയാണ് ഇംഗ്ലീഷുകാരുടെ പ്ലസ്.

പ്രോട്ടീസിനെ തളക്കാൻ

തരൂബ: അഫ്ഗാനിസ്താൻ ഔദ്യോഗികമായി ആദ്യ മത്സരം കളിച്ചത് 2004ൽ 15 ടീമുകൾ മത്സരിച്ച ഏഷ്യൻ ക്രിക്കറ്റ് കൗൺസിൽ ട്രോഫിയിലാണ്. 20 വർഷത്തിന് ശേഷം അവിശ്വസനീയമായ രീതിയിൽ ഐ.സി.സി ടി 20 ലോകകപ്പ് സെമിയിൽ ഇന്ന് ദക്ഷിണാഫ്രിക്കയ്ക്കെതിരെ അഫ്ഗാൻ കളിക്കാൻ പോകുന്നു. 50 വർഷവും അതിലധികവും എടുത്ത് മറ്റു ടീമുകൾ നേടിയ നേട്ടം വെറും 20 വർഷം കൊണ്ട് യാഥാർത്ഥ്യമാക്കിയിരിക്കുകയാണ് റാഷിദ് ഖാന്റെ നേതൃത്വത്തിലുള്ള അഫ്ഗാൻ ടീം.

യുദ്ധവും ആഭ്യന്തര പ്രശ്നങ്ങളും കാരണം ടീമിന്റെ പരിശീലനം പോലും വിദേശ മണ്ണിൽ നടത്തുന്ന ഒരു ടീമാണ് സ്വപ്നതുല്യമായ ഈ നേട്ടം സ്വന്തമാക്കിയിരിക്കുന്നത്. ബ്രയാൻ ലാറയുടെ പേരിലുള്ള സ്റ്റേഡിയത്തിൽ ബ്രയാൻ ലാറ മാത്രം ടൂർണമെന്റ് ആരംഭിക്കും മുമ്പ് ഫെവറിറ്റുകൾ എന്ന് വിശേഷിപ്പിച്ച അഫ്ഗാൻ, ദക്ഷിണാഫ്രിക്കയ്ക്കെതിരെ മറ്റൊരു അട്ടിമറി കൂടിയാണ് ലക്ഷ്യമിടുന്നത്. ദക്ഷിണാഫ്രിക്കയാവട്ടെ രണ്ട് ടി20 സെമികളും അഞ്ച് തവണ ഏകദിന സെമിയിലും എത്തിയിട്ടും ഫൈനൽ കാണാൻ കഴിയാത്ത ശാപം തീർക്കാനാണ് ഇന്നിറങ്ങുക. ഇരു ടീമുകൾക്കും കന്നി ഫൈനൽ എന്ന സ്വപ്നത്തിനപ്പുറം മറ്റൊന്നും മനസിലില്ലാത്തതിനാൽ വിജയത്തിൽ കുറഞ്ഞത് ആലോചിക്കാനെ കഴിയില്ല. ടി 20 ലോകകപ്പിൽ 2010, 2016ലും ഇരു ടീമുകളും മുഖാമുഖം വന്നപ്പോൾ രണ്ട് തവണയും വിജയം പ്രോട്ടീസിനായിരുന്നു. ഗ്രൂപ്പ് ഘട്ടത്തിലും സൂപ്പർ എട്ടിലുമായി വിൻഡീസിനോടും ഇന്ത്യയോടും അഫ്ഗാൻ തോറ്റപ്പോൾ ക്ലീൻ ചീട്ടുമായാണ് ദക്ഷിണാഫ്രിക്കയുടെ സെമി പ്രവേശനം.

ക്യാപ്റ്റൻ റാഷിദ് ഖാൻ ലോക ടി 20 ചാമ്പ്യൻഷിപ്പുകളിൽ ഏറ്റവും കൂടുതൽ ആവശ്യക്കാരുള്ള സ്പിന്നറാണ്. നൂർ അഹമ്മദ് റാഷിദ് ഖാന്റെ ഇടങ്കയ്യൻ അവതാരമാണ്. പവർപ്ലേയിൽ എതിരാളികളെ അടിച്ചു പരത്തുന്ന റഹ്മത്തുള്ള ഗുർബാസ്, അടുത്ത ട്രെന്റ് ബൗൾട്ട് എന്ന് നിസ്സംശയം പറയാവുന്ന ഫസൽ ഹഖ് ഫാറൂഖി തുടങ്ങിയവർ ടീമിന്റെ നെടുംതൂണാണ്.

ഈ ലോകകപ്പിൽ അഫ്ഗാൻ 57 വിക്കറ്റുകളാണ് ഇതുവരെ വീഴ്ത്തിയത്. 6.35 ആണ് ഇക്കണോമി. സൂപ്പർ എട്ട് കളിച്ച ടീമുകളിൽ ദക്ഷിണാഫ്രിക്കയുടെ 6.10 മാത്രമാണ് ഇതിനു മുന്നിലുള്ളത്. പക്ഷേ അഫ്ഗാന്റെ പ്രധാന വെല്ലുവിളി ബാറ്റിങ്ങിലാണ്. മധ്യനിരയിൽ റൺ ഒഴുക്കാൻ ബാറ്റർമാർക്കാവുന്നില്ല. ഗുർബാസും ഇബ്രാഹിം സദ്റാനും ചേർന്ന ജോഡി ആദ്യം ബാറ്റു ചെയ്തപ്പോൾ നാല് അർധ സെഞ്ചുറി കൂട്ടുകെട്ടുകൾ പടുത്തുയർത്തിയിട്ടുണ്ട്. എന്നാൽ രണ്ടാമത് ബാറ്റു ചെയ്തപ്പോൾ പാപ്പുവ ന്യൂഗിനിയക്കെതിരെ എട്ട്, വെസ്റ്റിൻഡീസിനെതിരെ പൂജ്യം, ഇന്ത്യക്കെതിരെ 13 എന്നിങ്ങനെയായിരുന്നു സ്കോർ. ടോസ് ലഭിച്ചാൽ അതിനാൽ തന്നെ അഫ്ഗാനെതിരെ ദക്ഷിണാഫ്രിക്ക ആദ്യം ബാറ്റു ചെയ്യാനുള്ള സാധ്യത കൂടുതലാണ്. താരൂബയിലെ ഗ്രൗണ്ടിൽ അഫ്ഗാൻ ബാറ്റർമാർക്ക് കേശവ് മഹാരാജും ഇടംകയ്യൻ സ്പിന്നർ തബരിയാസ് ഷംസിയുമായിരിക്കും വെല്ലുവിളി. ബാറ്റർമാരിൽ റീസ ഹെന്റ്റിക്കസിന്റെ ഫോമില്ലായ്മയാണ് പ്രോട്ടീസ് നേരിടുന്ന പ്രധാന വെല്ലുവിളി. എന്നാൽ മധ്യനിരയിൽ എയ്ഡൻ മർക്രാം, ട്രിസ്റ്റൻ സ്റ്റബ്സ്, ഹെയ്ൻറിച്ച് ക്ലാസൻ എന്നിവർ അഫ്ഗാൻ സ്പിന്നിനെ ഫലപ്രദമായി നേരിടാൻ പ്രാപ്തിയുള്ള ബാറ്റർമാരാണ്. ഒപ്പം പരിചയ സമ്പന്നനായ ഡേവിഡ് മില്ലറും പ്രോട്ടീസിന് കരുത്തു പകരും. ഒരു മത്സരം പോലും പരാജയമറിയാതെ സെമിയിലെത്തിയ ദക്ഷിണാഫ്രിക്കയ്ക്ക് കന്നി ലോകകപ്പിലേക്ക് രണ്ട് വിജയം മാത്രമാണ് അകലം. ഇതുവരെ പരാജയമറിയാതെ ഒരു ടീമും ടി20 ലോകകപ്പ് നേടിയിട്ടില്ല. ദക്ഷിണാഫ്രിക്ക ഇന്ത്യ ടീമുകൾക്ക് ഇത്തവണ ഇതിന് അവസരമുണ്ട്. ബൗളർമാർക്ക് അനുകൂലമായി അറിയപ്പെടുന്ന സാൻ ഫെർണാണ്ടോയിലെ പിച്ച് ചെറിയ സ്കോറുകളാണ് ടൂർണമെന്റിൽ ഇതുവരെ സൃഷ്ടിച്ചത്.

മത്സരം ഉപേക്ഷിച്ചാൽ ഇന്ത്യ ഫൈനലിൽ

സെന്റ് ലൂസിയ: ടി20 ലോകകപ്പിലെ രണ്ട് സെമി ഫൈനൽ മത്സരങ്ങളും ഇന്ന് നടക്കും. രാവിലെ 6.30ന് നടക്കുന്ന ഒന്നാം സെമിയിൽ ദക്ഷിണാഫ്രിക്കയും അഫ്ഗാനിസ്താനും രാത്രി 8.30ന് രണ്ടാം സെമിയിൽ ഇന്ത്യയും ഇംഗ്ലണ്ടും ഏറ്റുമുട്ടും. ഇന്ത്യ–ഇംഗ്ലണ്ട് മത്സരത്തിന് മഴഭീഷണിയുണ്ട്. ഗ്രൂപ്പ് മത്സരങ്ങളിൽ നിന്ന് വ്യത്യസ്തമായി സെമി, ഫൈനൽ മത്സരങ്ങൾക്ക് റിസർവ് ദിനമടക്കം പല നിയമങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും റിസർവ് ദിനം അഫ്ഗാൻ–ദക്ഷിണാഫ്രിക്ക ഒന്നാം സെമിക്ക് മാത്രമേയുള്ളൂ.

മത്സരം നിശ്ചയിച്ച ദിവസം പൂർത്തിയാക്കാനാവാതെ വന്നാൽ മാത്രമേ റിസർവ് ദിനം ഉപയോഗപ്പെടുത്തൂ. അതും ഓവർ കുറച്ചതിന് ശേഷവും കളി തുടരാനാകാതെ വന്നാൽ മാത്രം. ഒന്നാം സെമിക്ക് ആദ്യ ദിനം 60 മിനിറ്റും റിസർവ് ദിനത്തിൽ 190 മിനിറ്റും അധികസമയം ഉണ്ടായിരിക്കും. റിസർവ് ദിനത്തിലേക്ക് സെമി മത്സരം നീണ്ടാൽ ആദ്യ ദിനത്തിന്റെ തുടർച്ചയായിരിക്കും കളി.

ടോസിന് ശേഷം മത്സരം തുടരാനായില്ലെങ്കിൽ റിസർവ് ദിനത്തിൽ കളിക്കുമ്പോൾ നേരത്തേയുള്ള ടോസും പ്രഖ്യാപിച്ച ടീമും അനുസരിച്ചായിരിക്കും മത്സരം. എന്നാൽ മത്സരത്തിൽ ഓവർ കുറയ്ക്കുകയും ശേഷം കളി തുടരാനാവാതെ വരുകയുമാണെങ്കിൽ റിസർവ് ദിനത്തിൽ 20 ഓവർ മത്സരം നടക്കും. അഫ്ഗാനും ദക്ഷിണാഫ്രിക്കയും തമ്മിലുള്ള മത്സരം റിസർവ് ദിനത്തിലും തുടരാനായില്ലെങ്കിൽ ഗ്രൂപ്പിൽ ഒന്നാം സ്ഥാനാക്കാരായി എത്തിയ ദക്ഷിണാഫ്രിക്ക ഫൈനലിലെത്തും.

ഇന്ത്യയും ഇംഗ്ലണ്ടും തമ്മിലുള്ള രണ്ടാം സെമിക്ക് റിസർവ് ദിനമില്ല. എന്നാൽ, നിശ്ചയിച്ച ദിവസം 250 മിനിറ്റ് അധിക സമയമുണ്ടായിരിക്കും. മത്സരം മഴമൂലം ഉപേക്ഷിച്ചാൽ ഗ്രൂപ്പിൽ ഒന്നാം സ്ഥാനക്കാരായെത്തിയ ഇന്ത്യ ഫൈനലിലേക്ക് മുന്നേറും. സെമി, ഫൈനൽ മത്സരങ്ങളിൽ ഫലം പ്രഖ്യാപിക്കണമെങ്കിൽ കുറഞ്ഞത് 10ഓവറെങ്കിലും ഇരു ടീമുകളും ബാറ്റ് ചെയ്യണം. ഗ്രൂപ്പ് മത്സരങ്ങളിൽ ഇത് അഞ്ച് ഓവറായിരുന്നു.

അർജന്റീന ക്വാർട്ടറിൽ

ചിലെക്കെതിരായ ഗോൾ നേട്ടം ആഘോഷിക്കുന്ന മാർട്ടിനസ്

ഫ്ളോറിഡ: തുടർച്ചയായ രണ്ടാം ജയത്തോടെ അർജന്റീയ കോപ്പ അമേരിക്ക ടൂർണമെന്റിന്റെ ക്വാർട്ടറിൽ. ചിലെയെ ഏകപക്ഷിയമായ ഒരു ഗോളിന് മറികടന്നാണ് ലോക ചാമ്പ്യന്മാർ അവസാന എട്ടിലെത്തിയത്. പകരക്കാരനായി ഇറങ്ങിയ ലാതുറോ മാർട്ടിനെസിന്റെ വകയായിരുന്നു അർജന്റീനുടെ ഏകഗോൾ. മത്സരത്തിന്റെ ആദ്യ പകുതിയിൽ ഇരു ടീമുകൾക്കും കാര്യമായ ഗോളവസരങ്ങൾ സൃഷ്ടിക്കാനായില്ല. ഡി മരിയയില്ലാതെയാണ് അർജന്റീന ഇറങ്ങിയത്. 21ാം മിനിറ്റിൽ ബോക്സിനുള്ളിൽ നിന്നുള്ള അൽവാരസിന്റെ ഷോട്ട് ബ്രാവോ കൈപ്പിടിയിലൊതുക്കി. ചിലെയുടെ പ്രതിരോധം ഭേദിച്ച് മുന്നേറാൻ അർജന്റീനയ്ക്കായില്ല. നിരവധി അവസരങ്ങൾ ലഭിച്ചെങ്കിലും അർജന്റീനയ്ക്ക് ഗോൾ നേടാനായില്ല. 88–ാം മിനിറ്റിലാണ് മത്സരത്തിലെ ഏക ഗോൾ പിറന്നത്.

ആദ്യ മത്സരത്തിൽ കനഡയെ അർജന്റീന തോൽപ്പിച്ചിരുന്നു. രണ്ട് ജയവുമായി തലപ്പത്തുള്ള അർജന്റീനക്ക് ഇനി ഗ്രൂപ്പ് ഘട്ടത്തിൽ പെറുവിനെതിരായ മത്സരമാണ് അവശേഷിക്കുന്നത്. പന്തടക്കത്തിലും ഷോട്ടുകളുതിർക്കുന്നതിനും അർജന്റീനയായിരുന്നു മുന്നിൽ. 22 ഷോട്ടുകളാണ് അർജന്റീന പായിച്ചത്. ഇതിൽ 9 എണ്ണം ലക്ഷ്യത്തിലേക്കായിരുന്നു. എങ്കിലും ഒരെണ്ണം മാത്രമെ ഗോളായുള്ളൂ. അതേസമയം മൂന്ന് ഷോട്ടുകൾ മാത്രമാണ് ചിലെ തൊടുത്തത്. ഒന്ന് പോലും അർജന്റൈൻ ഗോൾ കീപ്പൽ എമിലിയാനോ മാർട്ടിനെസിനെ പരീക്ഷിക്കാൻ പോന്നതായിരുന്നില്ല. മത്സരത്തിന്റെ 62 ശതമാനവും പന്ത് കൈവശം വച്ചത് അർജന്റീയായിരുന്നു. രണ്ടാം പകുതിയിൽ അർജന്റീന ഉണർന്നു കളിച്ചു. ചിലെ ഗോൾ മുഖത്ത് നിരന്തരം ആക്രമണം അഴിച്ചുവിട്ടു. നിക്കോ ഗോൺസാലസിന്റെ ഷോട്ട് ചിലെ ഗോളി ക്ലോഡിയോ ബ്രാവോ തട്ടിയകറ്റി.

മക് അലിസ്റ്ററിന് മികച്ച അവസരം കിട്ടിയെങ്കിലും മുതലാക്കാനായില്ല. പിന്നാലെ ലൗട്ടാറോ മാർട്ടിനസിനേയും ഡിമരിയയേയും സ്കലോണി കളത്തിലിറക്കി. 72ാം മിനിറ്റിൽ ജൂലിയൻ അൽവാരസിന് പകരക്കാരനായിട്ടാണ് മാർട്ടിനെസ് കളത്തിലെത്തുന്നത്. 88ാം മിനിറ്റിൽ ഗോളും നേടി. മെസിയുടെ കോർണർ കിക്കിൽ നിന്നാണ് മാർട്ടിനെസ് ഗോൾ കണ്ടെത്തിയത്. മെസിയെടുത്ത കോർണറിനൊടുക്കം ബോക്സിലെ കൂട്ടപ്പൊരിച്ചിലിനിടയിൽ മാർട്ടിനസ് വലകുലുക്കി.തോൽവിയോടെ ഒരു പോയിന്റ് മാത്രമായി ചിലെ മൂന്നാമതാണ്. മത്സരത്തിനിടെ തുടക്ക് നേരിയ പരിക്കേറ്റ മെസ്സി പെറുവിനെതിരായ അടുത്ത മത്സരത്തിൽ കളിച്ചേക്കില്ലെന്നാണ് റിപ്പോർട്ട്. മറ്റൊരു മത്സരത്തിൽ പെറുവിനെ ഏകപക്ഷിയമായ ഒരു ഗോളിന് കനഡ അട്ടിമറിച്ചു. വിജയത്തോടെ കനഡ ഗ്രൂപ്പിൽ രണ്ടാം സ്ഥാനത്തേക്ക് കയറി. 74–ാം മിനിറ്റിൽ ജോനാഥൻ ഡേവിഡാണ് കനഡയുടെ വിജയ ഗോൾ നേടിയത്.

ഇംഗ്ലണ്ടും ഡെൻമാർക്കും പ്രീ ക്വാർട്ടറിൽ

സമനില ദിനം

റൊമാനിയക്കെതിരായ മത്സരത്തിൽ സ്ലോവാക്യയുടെ ആന്ദ്രേസ് ഡൂഡ ഗോൾ നേടുന്നു

ബെർലിൻ: യൂറോ കപ്പിൽ സമനില ദിനം. ഇന്നലെ നടന്ന യുക്രെയിൻ ബെൽജിയം, റൊമാനിയ സ്ലോവാക്യ മത്സരങ്ങൾ സമനിലയിൽ അവസാനിച്ചു. യുക്രെയിൻ ബെൽജിയം മത്സരം ഗോൾ രഹിത സമനിലയിൽ അവസാനിച്ചപ്പോൾ സ്ലോവാക്യ റൊമാനിയ മത്സരം 11 ന് സമനിലയിൽ പിരിഞ്ഞു. സ്ലോവാക്യ ക്കായി 24ാം മിനിറ്റിൽ ആന്ദ്രേസ് ഡൂഡയും റൊമാനിയക്കായി 37ാം മിനിറ്റിൽ പെനാൽറ്റിയിലൂടെ മാർട്ടിനുമാണ് ഗോളുകൾ നേടിയത്.

ഗ്രൂപ്പിൽ നാല് ടീമുകൾക്കും നാല് പോയിന്റ് വീതം ലഭിച്ചപ്പോൾ ഗോൾ മാർജിനിൽ നാലാമതായ യുക്രെയ്ൻ പ്രീക്വാർട്ടർ കാണാതെ പുറത്തായി.

താരസമ്പന്നമായ ഇംഗ്ലണ്ട് യൂറോകപ്പിൽ താളം കണ്ടെത്താനാവാതെ ഉഴറുന്നു. സ്ലോവേനിയക്കെതിരായ മത്സരം ഗോൾ രഹിത സമനിലയിൽ അവസാനിച്ചു. മത്സരത്തിൽ പരാജയപ്പെടാതിരുന്നതോടെ ഇംഗ്ലണ്ട് അഞ്ചു പോയിന്റുമായി ആദ്യ സ്ഥാനക്കാരായി പ്രീക്വാർട്ടറിലേക്ക് കടന്നു. മറുവശത്ത് സെർബിയക്കെതിരെയും സമനില നേടിയ ഡെന്മാർക്ക് മൂന്ന് സമനിലയുമായി രണ്ടാംസ്ഥാനത്തോടെ പ്രീക്വാർട്ടറിലെത്തി. വൻതോക്കുകളുമായി എത്തിയ ഇംഗ്ലണ്ട് സ്ലോവേനിയക്കെതിരെയും മികച്ച പ്രകടനം നടത്താനാവാതെ കളത്തിൽ പന്ത് കൈവശം വെക്കുന്നതിൽ മിടുക്കു കാട്ടി മടങ്ങി.

സെർബിയക്കെതിരേ കഷ്ടിച്ചു കടന്നു കയറിയ ഇംഗ്ലണ്ട് ഡെൻമാർക്കിനോട് സമനില വഴങ്ങിയിരുന്നു. മത്സരത്തിന്റെ അഞ്ചാം മിനിറ്റിൽ തന്നെ സ്ലൊവേനിയക്ക് മികച്ച അവസരം ലഭിച്ചു. സ്ലൊവേനിയൻ താരം സെസ്കോയുടെ ഹെഡർ ഇംഗ്ലണ്ട് ഗോൾക്കീപ്പർ പിക്ക്ഫോർഡ് രക്ഷപ്പെടുത്തി. ആദ്യ 30 മിനിറ്റിനുള്ളിൽ ഇംഗ്ലണ്ടിന്റെ ഭാഗത്തുനിന്ന് ഒരു ഷോട്ട് പോലും ടാർഗറ്റിലെത്തിയില്ല.

കേരളത്തിൽ 50 മുതൽ 200 ശതമാനം ആണ് വിലക്കയറ്റം. വിലക്കയറ്റത്തേയും വിപണി ഇടപെടലിനേയും കുറിച്ച് ചോദിക്കുമ്പോൾ റേഷൻകട വഴി അരി വിതരണം ചെയ്യുന്നതിനെ കുറിച്ചാണ് മന്ത്രിയുടെ മറുപടി. വിലക്കയറ്റത്തിന് എന്ത് നടപടിയെടുത്തു എന്ന ചോദ്യത്തിനാണ് മറുപടി വേണ്ടത്. ഹോർട്ടികോർപിന്റെവില പല സാധനങ്ങൾക്കും പൊതുവിപണിയേക്കാൾ കൂടുതലാണ്. അമ്പതാം വർഷത്തിൽ സപ്ലൈകോയുടെ അന്തകനാകുകയാണ് സർക്കാർ. വിലക്കയറ്റം പരിഹരിക്കുന്നതിനും ഇടപെടുന്നതിലും സർക്കാറും സർക്കാരിന്റെ എല്ലാ ഏജൻസികളും പരാജയപ്പെട്ടു.

– വി.ഡി സതീശൻ

മുസ്‌ലിം ലീഗിന്റെ മുഖം നഷ്ടപ്പെട്ടു എന്നാണ് മുഖ്യമന്ത്രി പറയുന്നത്. നഷ്ടപ്പെടാനൊരു മുഖമുള്ള പാർട്ടിയാണ് മുസ്‌ലിം ലീഗ് എന്നത് മുഖ്യമന്ത്രി സമ്മതിച്ചതിന് നന്ദി. എന്നാൽ സി.പി.എമ്മിന്റെ സ്ഥിതി എന്താണ്? എന്നോ മുഖം നഷ്ടപ്പെട്ട് ശിരസറ്റ കബന്ധമായി ഇന്ത്യയുടെ ചരിത്രാവിശിഷ്ടങ്ങളുടെ മ്യൂസിയത്തിലേക്ക് രാഷ്ട്രീയ വിദ്യാർത്ഥികൾക്ക് പഠന ഗവേഷണത്തിന് കൊടുക്കേണ്ട അവസ്ഥയാണ് സി.പി.എമ്മിനുള്ളത്

– ടി.വി ഇബ്രാഹിം

കേരള വാർത്തകൾ

കേരളം പട്ടിണിയിലേക്ക്

ധനമന്ത്രിക്ക് കുറ്റബോധം: കുഞ്ഞാലിക്കുട്ടി

തിരുവനന്തപുരം: സംസ്ഥാനം അതിരൂക്ഷമായ വിലക്കയറ്റത്തെ നേരിടുമ്പോൾ ഒന്നും ചെയ്യാനില്ലാതെ നോക്കി നിൽക്കുന്ന ധനമന്ത്രിക്ക് കുറ്റബോധമെന്ന് പ്രതിപക്ഷ ഉപനേതാവ് പി.കെ കുഞ്ഞാലിക്കുട്ടി. പണമില്ല, പണമില്ല എന്നുപറഞ്ഞുകൊണ്ടിരിക്കുകയാണ് ധനമന്ത്രി. കേരളം പട്ടിണിയിലേക്ക് നീങ്ങുകയാണ്. പണമുണ്ടാക്കാനുള്ള മാർഗം തേടുന്നില്ലെന്നും അദ്ദേഹം കുറ്റപ്പെടുത്തി. നിയമസഭയിൽ വാക്കൗട്ട് പ്രസംഗം നടത്തുകയായിരുന്നു കുഞ്ഞാലിക്കുട്ടി.

വിലക്കയറ്റത്തെ സംബന്ധിച്ച് ചോദിക്കുമ്പോൾ ശ്രദ്ധയിൽ പെട്ടിട്ടില്ലെന്നാണ് സർക്കാരിന്റെ മറുപടി. വിലക്കയറ്റം ശ്രദ്ധയിൽ പെട്ടിട്ടില്ലെങ്കിൽ അതൊരു അത്ഭുതം തന്നെയാണ്. മാധ്യമങ്ങളെല്ലാം വിലക്കയറ്റത്തെ കുറിച്ച് സാധാരണക്കാരനുള്ള ആശങ്കകൾ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുകയാണ്. വിലക്കയറ്റത്തിന്റെ തീവ്രത ചൂണ്ടിക്കാട്ടുമ്പോൾ ഭക്ഷ്യമന്ത്രി പറയുന്നത് പല തരത്തിലുള്ള കാർഡുകളെ കുറിച്ചാണ്. റേഷൻ കൊടുക്കുന്നില്ലേ എന്നാണ് തിരിച്ചുചോദിക്കുന്നത്. സംസ്ഥാനത്തെ ജനം ഇന്ന് അനുഭവിക്കുന്ന ദുരവസ്ഥ വളരെ വലുതാണ്. മന്ത്രിമാർ നിസഹായരായിരിക്കുന്നു. ഇന്ത്യയിൽ ആകെയുള്ള വിലക്കയറ്റത്തിന്റെ ഭാഗമെന്നാണ് ധനമന്ത്രിയുടെ വിശദീകരണം.

പ്ലസ് വൺ ബാച്ച് അനുവദിക്കാനാവില്ലെന്ന് പറഞ്ഞ വിദ്യാഭ്യാസ മന്ത്രിക്ക് പിന്നീടത് നൽകേണ്ടിവരുന്നു. സിവിൽ സപ്ലൈസ് മന്ത്രി ആവശ്യപ്പെടുന്നത് സപ്ലൈകോ അടക്കമുള്ളവക്ക് കുറേക്കൂടി ഫണ്ട് വേണമെന്നാണ്. റോഡുകളുടെ സ്ഥിതിയെ കുറിച്ച് പറയുമ്പോൾ വേണ്ടത്ര പണമില്ലെന്ന് പൊതുമരാമത്ത് മന്ത്രിയും സമ്മതിക്കുന്നു. ഇങ്ങനെ പറയുമ്പോൾ പ്രതിപക്ഷം വെറുതേയിരിക്കണോ. ക്യാഷ് ഇല്ലെങ്കിൽ അതുണ്ടാക്കാനുള്ള എന്തെങ്കിലുമൊരു മാർഗം ധനകാര്യമന്ത്രി കാണേണ്ടതല്ലേ. എല്ലാ മേഖലകളും നിശ്ചലമായിക്കൊണ്ടിരുക്കുകയാണ്. പ്രവർത്തിക്കാത്ത സർക്കാർ എന്ന നിലയിലെത്തിക്കഴിഞ്ഞു. സിവിൽ സപ്ലൈസ് കോർപറേഷൻ ഇങ്ങനെയായിട്ടും വിപണി ഇടപെടൽ തീരെ നടക്കാതായിട്ടും സർക്കാരിന് ചലനമില്ല. സാധാരണക്കാരും തൊഴിലാളികളും മധ്യവർഗവും അംഗപരിമിതരും അടക്കം അനുഭവിച്ചുകൊണ്ടിരുന്ന ജീവിത നിലവാരം ഇപ്പോൾ നഷ്ടപ്പെട്ടിരിക്കുന്നു. അരി തരുന്നില്ലേ, റേഷൻ കിട്ടുന്നില്ലേ എന്നാണ് ചോദിക്കുന്നത്. വിലക്കയറ്റം പരിഹരിക്കാനുള്ള മാർഗം കാണാതിരുന്നാൽ കൂടുതൽ അപകടത്തിലേക്ക് പോകുമെന്നതിൽ സംശയം വേണ്ട. ഒന്നിനും പണമില്ല എന്നു പറഞ്ഞുകൊണ്ടിരുന്നാൽ എങ്ങനെ മുന്നോട്ടുപോകുമെന്നും കുഞ്ഞാലിക്കുട്ടി ചോദിച്ചു.

നേരിടുന്നത് ഗുരുതര വിലക്കയറ്റം: വി.ഡി സതീശൻ

തിരുവനന്തപുരം: നാട്ടിലുണ്ടാകുന്ന രൂക്ഷമായ വിലക്കയറ്റവും പർച്ചേസിങ് പവർ ഇല്ലാതാകുന്നതും വെൽഫെയർ സ്റ്റേറ്റ് നൽകേണ്ട ആനുകൂല്യങ്ങൾ സാധാരണക്കാർക്ക് നൽകാതിരിക്കുന്നതുമായ സാഹചര്യം അതീവ ഗുരുതരമാണെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. നിയമസഭയിൽ വാക്കൗട്ട് പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം. കേരളത്തിലെ പാവങ്ങൾ നേരിടുന്നത് ഗുരുതരമായ വിലക്കയറ്റമാണ്. ഇതിനെ ലാഘവത്തത്തോടെയല്ല സർക്കാർ കാണേണ്ടത്. വിലക്കയറ്റത്തെ കുറിച്ച് ചോദിക്കുമ്പോൾ അരിയെക്കുറിച്ചല്ല മറുപടി നൽകേണ്ടത്. അരി എത്ര എന്ന് ചോദിക്കുമ്പോൾ പയറഞ്ഞാഴി എന്നാണോ മറുപടി നൽകേണ്ടത്.

ധനപ്രതിസന്ധി സംസ്ഥാനത്തെ എത്ര വർഷം പിന്നോട്ട് കൊണ്ടു പോകുമെന്ന യാഥാർത്ഥ്യം ധനകാര്യമന്ത്രി മനസിലാക്കണം. സപ്ലൈകോയും ഹോട്ടികോർപ്പും തകർന്നു. കാർഷിക മേഖലയിലും പട്ടികജാതി പട്ടികവർഗ പ്രദേശങ്ങളിലും ഉണ്ടാകുന്ന ഗുരുതരമായ സ്ഥിതിക്കിടെ കൂനിൻ മേൽ കുരു പോലെയാണ് വിലക്കയറ്റം ഉണ്ടായിരിക്കുന്നത്. എല്ലാ ദിവസവും രാവിലെ വിലനിലാവാരം സംബന്ധിച്ച് മുഖ്യമന്ത്രിക്ക് വിവരം ലഭിക്കും. വിലക്കയറ്റം എന്തുകൊണ്ട് ഉണ്ടായെന്ന് അന്വേഷിക്കാനുള്ള സംവിധാനം വേണം. നിങ്ങളുടെ സർക്കാരിന് അങ്ങനെ ഒരു സംവിധാനം ഇല്ല. നിങ്ങളുടെ മുൻഗണനകൾ ഇതൊന്നുമല്ല. പാവങ്ങളൊന്നും നിങ്ങളുടെ മുൻഗണനയിലില്ല. തെറ്റു തിരുത്താൻ പോകുന്നു എന്ന് പറയുന്ന നിങ്ങൾ ഇതൊക്കെയാണ് തിരുത്തേണ്ടത്. ക്രിസ്മസ് കാലത്ത് സമൂഹമാധ്യമങ്ങളിൽ സോഷ്യൽ മീഡിയയിൽ നല്ലൊരു ട്രോൾ വന്നു. ഒന്ന് ബിവറേജസിന്റെ ഔട്ട്‌ലെറ്റ്. എല്ലാം നിറഞ്ഞ കുപ്പികൾ. എക്സൈസ് മന്ത്രിക്ക് അഭിമാനിക്കാം. നേരെ താഴെയുള്ള മാവേലി സ്റ്റോറിന്റെ അലമാരയിൽ ഒരു സാധനങ്ങളുമില്ല. വിപണി ഇടപെടൽ നടത്തി വിലക്കയറ്റം പിടിച്ചുനിർത്തുന്ന സപ്ലൈകോ എന്ന സംസ്ഥാനത്തിന്റെ അഭിമാനകരമായ സ്ഥാപനത്തിന്റെ ഇടപെടൽ നിങ്ങൾ ഇല്ലാതാക്കി. സപ്ലൈകോയുടെ അൻപതാം വർഷത്തിൽ ആ സ്ഥാപനത്തിന്റെ അന്തകരായി മാറിയ സർക്കാർ എന്നാണ് നിങ്ങൾ ചരിത്രത്തിൽ അറിയപ്പെടാൻ പോകുന്നത്. 4000 കോടിയോളം രൂപയാണ് സർക്കാർ സപ്ലൈകോക്ക് നൽകാനുള്ളതെന്നും പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാട്ടി.

ഐ.എസ്.ആർ.ഒ ചാരക്കേസിലെ ഗൂഢാലോചന അഞ്ചുപേർക്കെതിരെ സി.ബി.ഐ കുറ്റപത്രം

തിരുവനന്തപുരം: ഐ.എസ്.ആർ.ഒ ചാരക്കേസിലെ ഗൂഢാലോചനയിൽ സി.ബി.ഐ കുറ്റപത്രം സമർപ്പിച്ചു. അഞ്ചുപേർക്കെതിരെയാണ് തിരുവനന്തപുരം സി.ജെ.എം കോടതിയിൽ കുറ്റപത്രം സമർപ്പിച്ചത്. സി.ബി.ഐ ഡൽഹി യൂണിറ്റാണ് കുറ്റപത്രം സമർപ്പിച്ചത്.

ഐ.എസ്.ആർ.ഒയിലെ ശാസ്ത്രജ്ഞനായിരുന്ന നമ്പിനാരായണനെ ചാരക്കേസിൽ ഉൾപെടുത്താൻ ഗൂഢാലോചന നടന്നുവെന്ന് സുപ്രീംകോടതി നിയോഗിച്ച കമ്മിറ്റി കണ്ടെത്തിയതിനെ തുടർന്നാണ് അന്വേഷണം സിബിഐക്ക് കൈമാറിയത്.

കേരള പൊലീസിലെയും ഐ.ബിയിലെയും മുൻ ഉദ്യോഗസ്ഥർ ഉൾപെടെ 25 പേർക്കെതിരെയാണ് സി.ബി.ഐ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തത്. എന്നാൽ ആരൊക്കെയാണ് ഇപ്പോൾ നൽകിയ കുറ്റപത്രത്തിൽ ഉൾപ്പെട്ട അഞ്ചുപേർ എന്ന കാര്യം വ്യക്തമല്ല. കുറ്റപത്രം കോടതി വൈകാതെ പരിഗണിച്ചേക്കും.

നീറ്റ്: ബി.ജെ.പി ഭരണത്തിൽ നീതി പ്രതീക്ഷിക്കേണ്ട- എം.കെ മുനീർ

തിരുവനന്തപുരം: ബി.ജെ.പി ഭരിക്കുന്ന കാലത്ത് നീറ്റ് പരീക്ഷാ ക്രമക്കേട് അന്വേഷിച്ചാലും നീതി ലഭിക്കില്ലെന്നും കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ എന്ന പ്രധാനിയെ തന്നെയാണ് പുറത്താക്കേണ്ടതെന്നും ഡോ. എം.കെ മുനീർ. നിയമസഭയിൽ ചട്ടം 130 പ്രകാരം അവതരിപ്പിച്ച ഉപക്ഷേപത്തിന്മേലുള്ള ചർച്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേരളത്തിലാണ് ആദ്യമായി മെഡിക്കൽ പ്രവേശന പരീക്ഷ എന്ന സംവിധാനം വരുന്നത്. പിന്നാടാണിത് മറ്റ് സംസ്ഥാനങ്ങളിൽ നടന്നത്. തുടർന്നാണ് കേന്ദ്രത്തിൽ ക്വാട്ട നിശ്ചയിച്ചപ്പോൾ ഓൾ ഇന്ത്യ പ്രീ മെഡിക്കൽ ടെസ്റ്റ് എന്ന സി.ബി.എസ്.ഇ സംഘടിപ്പിച്ച പരീക്ഷ വന്നത്. ആ സമയത്തും സംസ്ഥാന പ്രവേശന പരീക്ഷയുണ്ടായിരുന്നു. എയിംസിലേക്കും ജിഇമ്മറിലേക്കും വേറെ പരീക്ഷയുമുണ്ടായിരുന്നു. അങ്ങനെ വന്നപ്പോൾ ഒൻപത് പരീക്ഷകളുണ്ടായി. ഈ സാഹചര്യത്തിലാണ് ഇതിനെല്ലാം ഏകീകരിപ്പിച്ച് നീറ്റ് പരീക്ഷ സംവിധാനം ഉണ്ടായത്. നീറ്റ് ആദ്യം വരുന്ന സമയത്ത് ജിഇമ്മറും എയിംസും പുറത്തുതന്നെയായിരുന്നു. പിന്നീട് 2020ലാണ് ഇതെല്ലാം ഒരുമിപ്പിച്ച് നാഷണൽ ടെസ്റ്റിംഗ് ഏജൻസി വന്നത്. ഇപ്പോൾ 24 ലക്ഷം കുട്ടികളാണ് പരീക്ഷ എഴുതിയത്. എല്ലാവരെയും ആശയക്കുഴപ്പത്തിലാക്കി, അവരുടെ ഭാവി ഇരുളടഞ്ഞതാക്കുന്ന രീതിയിലാണ് ക്രമക്കേട് നടന്നത്. മുഖ്യപ്രതി നാഷണൽ ടെസ്റ്റിംഗ് ഏജൻസി തന്നെയാണ്. ചോദ്യപേപ്പർ ചോർന്നത് ചില പ്രത്യേക സംസ്ഥാനങ്ങളിലാണ്.

ബി.ജെ.പി ഭരിക്കുന്ന കാലത്ത് നീറ്റ് പരീക്ഷാ ക്രമക്കേട് അന്വേഷിച്ചാലും നീതി ലഭിക്കില്ല. ബി.ജെ.പിയുമായി ബന്ധപ്പെട്ട് തന്നെയാണ് ക്രമക്കേട് മുഴുവൻ നടന്നത്. വ്യാപം അഴിമതി നടന്നപ്പോൾ ശിവരാജ് സിംഗ് ചൗഹാനും ഭാര്യയും കുടുംബാംഗങ്ങളുമൊക്കെ അതിൽ പെട്ടിരുന്നു. ഈ കേസ് അന്വേഷിച്ചുകൊണ്ടിരുന്ന അന്വേഷണ ഉദ്യോഗസ്ഥൻ, പരാതിക്കാർ, തെളിവ് കൊടുത്തവർ അടക്കം അൻപതോളം പേർ ദുരൂഹ സാഹചര്യത്തിൽ കൊല്ലപ്പെട്ടു. അത്രയും വലിയ ലോബികളാണ് ഇതിന്റെ പിന്നിലുള്ളത്. അതുകൊണ്ടുതന്നെ എന്തും സംഭവിക്കാം.

തമിഴ്നാട്ടിൽ എ.കെ രാജൻ എന്നൊരു ജഡ്ജിയെ വെച്ചുകൊണ്ട് അവിടത്തെ നീറ്റ് പരീക്ഷയെ കുറിച്ച് പരിശോധിച്ചു. കണ്ടെത്തിയത് രണ്ട് കാര്യങ്ങളാണ്. ഗ്രാമീണരായിട്ടുള്ളവരും പാവപ്പെട്ട കുട്ടികളും പരീക്ഷയിൽ വളരെ പിന്നിലാണെന്നും അവർക്ക് സാധ്യതകൾ കുറഞ്ഞിരിക്കുന്നെന്നും കണ്ടെത്തിയിരുന്നു. നീറ്റ് പരീക്ഷ എപ്പോഴും പാവപ്പെട്ടവർക്കും ഗ്രാമീണർക്കും ന്യൂനപക്ഷങ്ങൾക്കും ഗുണം ചെയ്തിട്ടില്ലെന്നാണ് വിലയിരുത്തപ്പെട്ടിട്ടുള്ളതെന്നും മുനീർ പറഞ്ഞു.

മഞ്ഞളാംകുഴി അലിയുടെ സബ്മിഷൻ

തായ്‌ലന്റ്-മ്യാൻമർ അതിർത്തിയിൽ കുടുങ്ങിയവരുടെ മോചനത്തിന് ഇടപെട്ട് സർക്കാർ

തിരുവനന്തപുരം: ഓൺലൈൻ വിസാ തട്ടിപ്പിൽ കുടുങ്ങി അബുദാബിയിൽ നിന്നും തായ്‌ലന്റ്-മ്യാൻമർ അതിർത്തിയിൽ എത്തിപ്പെട്ട് സായുധസംഘങ്ങളുടെ തടവിൽ കഴിയുന്ന മലപ്പുറം, വള്ളിക്കാപ്പറ്റ, കൂട്ടിലങ്ങാടി പഞ്ചായത്തിലെ സഫീർ, ഷുഹൈബ് എന്നിവരുടെ മോചനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ അറിയിച്ചു. ഇതിനായി ബാങ്കോക്കിലെ ഇന്ത്യൻ അംബാസിഡറുമായും വിദേശകാര്യ മന്ത്രാലയവുമായും ബന്ധപ്പെട്ട് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

മഞ്ഞളാംകുഴി അലിയുടെ സബ്മിഷന് മറുപടി നൽകുകയായിരുന്നു അദ്ദേഹം. ഇവരെ വിദേശത്ത് എത്തിച്ചതിൽ ആരോപണ വിധേയരായ ഏജന്റുമാർക്കെതിരെ നിയമനടപടി സ്വീകരിക്കാനും അതിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാനും സംസ്ഥാന പോലീസ് മേധാവി, എൻ.ആർ.ഐ സെൽ എസ്.പി എന്നിവരെ ചുമതലപ്പെടുത്തിയിട്ടുമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ബന്ധികളാക്കപ്പെട്ട് വളരെയധികം പീഡനങ്ങൾ ഏൽക്കേണ്ടിവരുന്ന ഇരുവരുടെയും മോചനം നീണ്ടു പോകുന്നത് വളരെയധികം ആശങ്കപ്പെടുത്തുന്നതാണെന്ന് സബ്മിഷൻ അവതരിപ്പിച്ചുകൊണ്ട് മഞ്ഞളാംകുഴി അലി പറഞ്ഞു. വലിയൊരു ക്രിമിനൽ സംഘത്തിന്റെ പിടിയിലുള്ള ഇരുവരും ഭീകരമായ പീഡനങ്ങൾ ഏൽക്കേണ്ടി വരുന്നുവെന്നുമാണ് അറിയുന്നത്. മാത്രമല്ല ഇവരെ നിയമവിരുദ്ധ കമ്പ്യൂട്ടർ ഹാക്കിംഗ് പോലുള്ള പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നുവെന്നും ബന്ധുക്കൾക്ക് വിവരം ലഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ ബന്ധികളാക്കപ്പെട്ടതിൽ 60 ഓളം ഇന്ത്യക്കാരും അതിൽ 15 ഓളം മലയാളികളും ഉള്ളതായിട്ടാണ് വിവരം. ഇവരുടെ മോചനത്തിന് സർക്കാർ അടിയന്തരമായി ഇടപെടണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

വിദ്യാഭ്യാസ പ്രശ്നങ്ങൾ അംഗീകരിച്ചതിൽ സന്തോഷം: ടി.വി ഇബ്രാഹിം

തിരുവനന്തപുരം: മലബാറിൽ പ്ലസ് വണ്ണിന് നിലവിൽ സീറ്റ് ബാക്കിയാണെന്ന് പറഞ്ഞ് നിഷേധ നിലപാട് സ്വീകരിച്ച വിദ്യാഭ്യാസമന്ത്രിക്ക് സ്വന്തം വാദം തിരുത്തേണ്ടിവന്നതിൽ സന്തോഷമെന്ന് ടി.വി ഇബ്രാഹിം. നിയമസഭയിൽ വിദ്യാഭ്യാസ വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

എം.എസ്.എഫും യൂത്ത് ലീഗും യു.ഡി.എഫിന്റെ മറ്റ് വിദ്യാർത്ഥി സംഘടനകളും സമരം ചെയ്യുമ്പോൾ രാഷ്ട്രീയ പ്രേരിതം എന്നാണ് പറഞ്ഞത്. മലപ്പുറത്ത് സിറ്റിന്റെ വലിയ കുറവുണ്ടെന്ന് സമ്മതിക്കുകയും ഒടുവിൽ ബാച്ചുകൾ അനുവദിക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്യേണ്ടിവന്നു. സമാധാനപരമായി സമരം ചെയ്ത എം.എസ്.എഫ് സംസ്ഥാന പ്രസിഡന്റും ജനറൽ സെക്രട്ടറിയുമടക്കം പൂജപ്പുര സെൻട്രൽ ജയിലിൽ തടവിലാണ്. അവരുടെ സമരം ശരിയായിരുന്നു എന്ന് ബോധ്യപ്പെട്ട സ്ഥിതിക്ക് അവരെ കേസിൽ നിന്ന് ഒഴിവാക്കി മോചിപ്പിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

സംസ്ഥാന ബജറ്റ് യാഥാർത്ഥ്യങ്ങളുമായി ബന്ധം ഇല്ലാത്തതാണ്. കടം വാങ്ങിയതിന്റെ പലിശ കൊടുക്കാൻ കടം വാങ്ങേണ്ടിവരുന്ന സാമ്പത്തിക ദു:സ്ഥിതിയാണ് കേരളത്തിനുള്ളത്. വിദ്യാഭ്യാസ മേഖല എല്ലാം സെറ്റ് എന്ന് വിദ്യാഭ്യാസ വർഷത്തിന്റെ ആരംഭത്തിൽ പരസ്യം ചെയ്ത വിദ്യാഭ്യാസ വകുപ്പിനെതിരെ അവരുടെ വിദ്യാർത്ഥി സംഘടനക്കും അധ്യാപക സംഘടനക്കും വരെ സമരം ചെയ്യേണ്ടിവന്നു. കേരളത്തിലെ വിവിധ അധ്യാപക സംഘടനകൾക്ക് നിയമസഭാ മാർച്ച് നടത്തേണ്ടി വന്നിരിക്കുകയാണ്. അവരുടെ ന്യായമായ ആവശ്യങ്ങൾ പരിഹരിക്കണം.

മലപ്പുറത്തെ ഹയർ സെക്കണ്ടറി മേഖലയിലെ സീറ്റുകളുടെ അപര്യാപ്തതക്ക് ആരാണ് ഉത്തരവാദി എന്നത് പ്ലസ് ടു അനുവദിച്ച വിവിധ ഉത്തരവുകൾ പരിശോധിച്ചാൽ ബോധ്യമാകും. 1990 ൽ 31 സ്കൂളുകൾക്ക് പ്ലസ്ടു അനുവദിച്ചപ്പോൾ ഭൂരിപക്ഷം കുട്ടികൾ പഠിക്കുന്ന മലബാറിലെ ഏഴ് ജില്ലകൾക്കെല്ലാം കൂടി 10 സ്കൂളാണ് നൽകിയത്. പിന്നീട് നൽകിയ 55 സ്കൂളുകളിലും മലപ്പുറവും മലബാറും അവഗണിക്കപ്പെട്ടു. പിന്നീട് എ.കെ. ആന്റണി മന്ത്രിസഭയും ഉമ്മൻ ചാണ്ടി മന്ത്രിസഭയും അതിലെ ലീഗ് വിദ്യാഭ്യാസമന്ത്രിമാരും ഈ അസന്തുലിതാവസ്ഥക്ക് പരിഹാരം കാണാൻ ശ്രമിച്ചതാണ്. 2011-16ൽ മലബാറിൽ 226 സ്കൂളുകളിലായി 1412 ബാച്ചുകളാണ് അന്ന് യു.ഡി.എഫ് നൽകിയത്. യു.ഡി.എഫ് സർക്കാർ ബാച്ച് കൊടുത്തപ്പോൾ അന്ന് അതിനെ എതിർത്തത് ഇടതുപക്ഷമായിരുന്നു.

മലപ്പുറത്ത് യു.ഡി.എഫ് പ്ലസ് വൺ സീറ്റ് കൊടുത്തോ എന്ന് ചോദിച്ച കെ.ടി. ജലീൽ ഉന്നത വിദ്യാഭ്യാസ മന്ത്രിയായപ്പോൾ സാശ്രയ കോഴ്സുകളല്ലാതെ മലബാറിന് എന്തുനൽകിയെന്ന് പറയാൻ കഴിയുമോ? മലബാറിന് വിദ്യാഭ്യാസ പുരോഗതിക്ക് മുഴുവൻ പിന്തുണയും നൽകിയത് യു.ഡി.എഫാണെന്നും ടി.വി ഇബ്രാഹിം പറഞ്ഞു.

വിദ്യാർഥികളുടെ യാത്രാ നിരക്ക് വർധിപ്പിക്കണം

പാലക്കാട്: വിദ്യാർഥികളുടെ യാത്രാ നിരക്ക് വർധിപ്പിച്ചില്ലെങ്കിൽ ബസ് ഓട്ടം നിർത്തി വെക്കേണ്ടി വരുമെന്ന് ബസുടമകളുടെ സംഘടനയായ ഓൾ കേരള ബസ് ഓപ്പറേറ്റേഴ്സ് ഓർഗനൈസേഷൻ സംസ്ഥാന പ്രതിനിധി യോഗം തീരുമാനിച്ചു. 2022 മെയ് മുതൽ സംസ്ഥാനത്ത് ബസ് യാത്രനിരക്കു വർധിപ്പിക്കുമ്പോൾ വിദ്യാർത്ഥികളുടെ യാത്രാ നിരക്ക് വർധിപ്പിച്ചിരുന്നില്ല. ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് യാത്രാനിരക്ക് വർധനവ് എന്ന് പറഞ്ഞിരുന്നുവെങ്കിലും പ്രസ്തുത റിപ്പോർട്ടിലും വിദ്യാർഥികളുടെ യാത്ര നിരക്ക് അഞ്ചു രൂപ മിനിമം ചാർജ് ആയി നിശ്ചയിക്കണമെന്ന് പറഞ്ഞിരുന്നു. എന്നാൽ സർക്കാർ അക്കാര്യം പരിഗണിക്കാതെ മറ്റൊരു കമ്മീഷനെ ആറുമാസ കാലാവധി വെച്ച് നിശ്ചയിക്കുകയാണ് ഉണ്ടായത്. പുതിയ കമ്മീഷനെ വെച്ച് രണ്ട് വർഷമായിട്ടും സർക്കാരിന് റിപ്പോർട്ട് ലഭ്യമായിട്ടില്ല. ഇക്കാര്യം ചൂണ്ടിക്കാട്ടി 2023 നവംബർ മാസം സമരം പ്രഖ്യാപിച്ചതിനുശേഷം അന്നത്തെ ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു ചർച്ചക്ക് വിളിക്കുകയും. ജനുവരിക്ക് മുമ്പായി ഇക്കാര്യത്തിൽ തീരുമാനം ഉണ്ടാക്കി തരാമെന്ന് പറയുകയും ചെയ്തിരുന്നു. പിന്നീട് മന്ത്രി മാറിയതിനു ശേഷം പുതിയ മന്ത്രിയെ പലതവണ കണ്ടിട്ടും ഇതുവരെ തീരുമാനമില്ലെന്നും ജനറൽ സെക്രട്ടറി ടി ഗോപിനാഥൻ പറഞ്ഞു. പ്രസിഡന്റ് പി.കെ മൂസ അധ്യക്ഷത വഹിച്ചു. ടി ഗോപിനാഥൻ, വിദ്യാധരൻ, പവിത്രൻ, പി.കെ ശ്രീകുമാർ, ജോയ് ചെട്ടിശ്ശേരി, രാധാകൃഷ്ണൻ, രാജൻ കെ.എസ്, വി എസ് പ്രദീപ് സംസാരിച്ചു.

സ്പീക്കറല്ല, മറുപടി പറയേണ്ടത് മുഖ്യമന്ത്രി

വാക്പോര് തുടർന്ന് സ്പീക്കറും പ്രതിപക്ഷ നേതാവും

തിരുവനന്തപുരം: ടി.പി ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾക്ക് ഹൈക്കോടതി വിധി ലംഘിച്ച് ശിക്ഷായിളവ് നൽകാനുള്ള സർക്കാർ നടപടി സംബന്ധിച്ച് കഴിഞ്ഞ ദിവസം കെ.കെ രമ നൽകിയ അടിയന്തര പ്രമേയ നോട്ടീസിന് അനുമതി നിഷേധിച്ചു സ്പീക്കർ നടത്തിയ പരാമർശത്തിലെ അനൗചിത്യം ചൂണ്ടിക്കാട്ടി പ്രതിപക്ഷ നേതാവ് കത്ത് നൽകി. പ്രതിപക്ഷം ഉന്നയിച്ച വിഷയത്തെ കുറിച്ച് മറുപടി പറയേണ്ടത് ആഭ്യന്തര- ജയിൽ വകുപ്പുകളുടെ ചുമതലയുള്ള മുഖ്യമന്ത്രിയാണ്. സർക്കാർ ഫയലുകൾ സംബന്ധിച്ച് ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റിന് യാതൊരു ബന്ധവും ഇല്ലെന്നിരിക്കെ, മുഖ്യമന്ത്രി പറയേണ്ട മറുപടി സ്പീക്കർ പറഞ്ഞതിലെ അനൗചിത്യം പ്രതിപക്ഷം സഭയിൽ ചൂണ്ടിക്കാട്ടിയിരുന്നതാണ്.

വിഷയം നിയമസഭയിലെത്തിയ ചൊവ്വാഴ്ച, മുഖ്യമന്ത്രിക്കുവേണ്ടി സ്പീക്കർ മറുപടി പറഞ്ഞതിന്റെ പേരിൽ പ്രതിപക്ഷം സഭ സ്തംഭിപ്പിച്ചിരുന്നു. വിഷയത്തിൽ ഇടപെട്ട് സംസാരിച്ച പ്രതിപക്ഷ നേതാവിന്റെ പ്രസംഗം സ്പീക്കർ തടസപ്പെടുത്തിയതോടെ സ്പീക്കറും-പ്രതിപക്ഷ നേതാവും തമ്മിൽ വാക്പോരുമുണ്ടായി. ഇന്നലെ ചോദ്യോത്തര വേളയിലും ഇരുവരും കൊമ്പ് കോർത്തു. ടി. സിദ്ദിഖിന്റെ ചോദ്യം ആർക്കും മനസിലായില്ലെന്ന സ്പീക്കറുടെ പരാമർശത്തിനെതിരെ പ്രതിപക്ഷ നേതാവ് രംഗത്തെത്തി. സ്പീക്കറുടെ കമന്റ് പ്രതിപക്ഷ അംഗത്തെ അപമാനിക്കുന്നതിന് തുല്യമാണെന്നും പ്രതിപക്ഷ അംഗങ്ങളോട് മാത്രമാണ് ഇത്തരം സമീപനമെന്നും സതീശൻ കുറ്റപ്പെടുത്തി.

എന്നാൽ ചോദ്യം പ്രസ്താവനയല്ല, ചോദ്യം തന്നെ ആയിരിക്കണമെന്ന് സ്പീക്കർ മറുപടി നൽകി. 'തങ്ങൾക്ക് ആദ്യബാച്ചിൽ ക്ലാസ് എടുത്തയാളാണ് പ്രതിപക്ഷ നേതാവെന്നും ചോദ്യങ്ങൾ പ്രസ്താവന ആവാൻ പാടുണ്ടോയെന്നതിൽ അങ്ങയുടെ അഭിപ്രായം എന്താണെന്നും സ്പീക്കർ ചോദിച്ചു. എന്നാൽ, ടി.സിദ്ദിഖ് ഒരു മിനിറ്റ് പോലും എടുത്തിട്ടില്ലെന്ന് സതീശൻ പറഞ്ഞതോടെ, സിദ്ധീഖ് ഒരു മിനിറ്റും 12 സെക്കൻറും എടുത്തെന്നും നമ്മൾ തമ്മിൽ തർക്കിക്കേണ്ടതില്ലെന്നും സ്പീക്കർ പറഞ്ഞു. എന്നാൽ 50 സെക്കൻറ് മാത്രമാണ് സിദ്ദിഖ് എടുത്തതെന്നും അപ്പോഴേക്കും ഇടപെട്ട് സംസാരിച്ച സ്പീക്കർ അംഗത്തെ അപമാനിച്ചെന്നും സതീശൻ പറഞ്ഞു. ഇതിൽ ശക്തമായ പ്രതിഷേധവും അദ്ദേഹം പ്രകടിപ്പിച്ചു.

അരിവാൾരോഗം ബാധി

യു.ഡി.എഫ് കാസർകോട് മണ്ഡലം യോഗം 29ന്

കാസർകോട്: കാസർകോട് നിയോജക മണ്ഡലം യു.ഡി.എഫ് ലൈസൺ കമ്മിറ്റി അംഗങ്ങൾ, മുനിസിപ്പൽ/ പഞ്ചായത്ത് ചെയർമാൻ, കൺവീനർ, ട്രഷറർ എന്നിവരുടെ യോഗം 29ന് ഉച്ചക്ക് 2.30 മണിക്ക് കാസർകോട് ജില്ലാ ലീഗ് ഓഫീസിൽ ചേരും. സംസ്ഥാന, ജില്ല, നേതാക്കൾ യോഗത്തിൽ സംബന്ധിക്കുമെന്ന് ചെയർമാൻ മാഹിൻ കേളോട്ട്, ജനറർ കൺവീനർ കെ ഖാലിദ് അറിയിച്ചു.

സാഗർ മിത്ര കൂടിക്കാഴ്ച ജൂലൈ മൂന്നിന്

കാസർകോട്: ജില്ലയിൽ ഒരു സാഗർമിത്രയെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. ഉദ്യോഗാർഥികൾ ജൂലൈ മൂന്നിന് രാവിലെ 11ന് കാസർകോട് ജില്ല ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കാര്യാലയത്തിൽ നടത്തുന്ന വാക്ക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കണം. ഫോൺ- 04672 202537.

അധ്യാപക നിയമനം

മഞ്ചേശ്വരം ജി.പി.എം ഗവ: കോളജിൽ 2024-25 അധ്യയന വർഷം സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിലെ ഒഴിവുകളിലേക്ക് അതിഥി അധ്യാപകരെ താൽകാലികമായി നിയമിക്കുന്നു. യോഗ്യരായ ഉദ്യോഗാർഥികൾ നാലിന് മുൻപായി നേരിട്ടോ, തപാൽ മുഖേനയോ പ്രിൻസിപ്പലിന് അപേക്ഷ സമർപ്പിക്കണം. അഭിമുഖത്തിന് ഹാജരാകുന്നതിനുള്ള തിയതിയും സമയക്രമവും പിന്നീട് അറിയിക്കും. അപേക്ഷ ഫോറം കോളജ് വെബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ-9188900214.

കാസർകോട് വാർത്തകൾ

പണിപൂർത്തിയായിട്ടും തുറന്നുകൊടുക്കാത്ത കുമ്പള റെയിൽവേ സ്റ്റേഷനിലെ വിശ്രമം കേന്ദ്രം. 2. ശൗചാലയം പൊളിച്ചുമാറ്റി നടക്കുന്ന ലിഫ്റ്റ് നിർമാണം

കുമ്പള റെയിൽവേ സ്റ്റേഷനിൽ

വിശ്രമ കേന്ദ്രം വിശ്രമത്തിൽ

ശൗചാലയം പൊളിച്ചു ലിഫ്റ്റ് പണിയാനും നീക്കം

കുമ്പള: കുമ്പള റെയിൽവേ സ്റ്റേഷൻ വികസനത്തിനായി മുറവിളി തുടരുമ്പോഴും യാത്രക്കാർക്ക് വേണ്ടി കെട്ടിപ്പൊക്കിയ വിശ്രമകേന്ദ്രം തുറന്നുകൊടുക്കാൻ നടപടിയില്ല. മഴ നനഞ്ഞാണ് യാത്രക്കാർ വണ്ടികയറുന്നത്. വിശ്രമകേന്ദ്രം തുറന്നു കൊടുക്കാത്തതും പ്ലാറ്റ് ഫോമിന് മേൽക്കൂര ഇല്ലാത്തതും യാത്രക്കാർക്ക് ഏറെ ദുരിതമാവുകയും ചെയ്യുന്നു.

ഇതിനിടയിലാണ് യാത്രക്കാർ പ്രാഥമിക വശ്യത്തിനായി ഉപയോഗിച്ചിരുന്ന ശൗചാലയം പൊളിച്ചു മാറ്റിയിരിക്കുന്നത്. ഇവിടെ ലിഫ്റ്റ് സംവിധാന മുണ്ടാക്കുന്നുവെന്നാണ് അധികൃതരുടെ വാദം. എന്നാൽ ശൗചാലയം കൂടി ഉൾപ്പെടുന്ന വിശ്രമകേന്ദ്രം നിർമാണം പൂർത്തിയാക്കി

മാസങ്ങളായിട്ടും തുറന്നുകൊടുക്കാൻ നടപടിയുമില്ല. ശൗചാലയത്തിന്റെ അഭാവം മൂലം യാത്രക്കാർ ഏറെ ദുരിതത്തിലാണ്. ശൗചാലയവും വിശ്രമ മുറിയും അടിയന്തരമായി തുറന്നുകൊടുക്കണമെന്നാണ് യാത്രക്കാരുടെ ആവശ്യം.

ചന്ദനമുട്ടികളും ആയുധങ്ങളുമായി 62 കാരൻ പിടിയിൽ

നീലേശ്വരം: ചന്ദനമുട്ടികളും ആയുധങ്ങളുമായി കരിന്തളം സ്വദേശി പിടിയിൽ. ഓമച്ചേരിയിലെ എം.കെ നാരായണ (62)നാണ് വനം വകുപ്പിന്റെ പിടിയിലായത്. ചന്ദനമരം മുറിച്ച് വീട്ടിൽ സൂക്ഷിച്ചതിന് ഭീമനടി സെക്ഷൻ ഫോറസ്റ്റ് ഓഫീസർ കെ.എൻ ലക്ഷ്മണനും സംഘവുമാണ് ഇയാളെ പിടികൂടിയത്. രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ രണ്ടു കിലോ ചന്ദനമുട്ടികളും ആയുധവുമാണ് ഇയാളിൽ നിന്ന് പിടിച്ചെടുത്തത്. ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായ കെ. വിശാഖ്, വി.കെ യദുകൃഷ്ണൻ, എം. അജിത് കുമാർ, ഫോറസ്റ്റ് വാച്ചർ വിജേഷ് എന്നിവരാണ് അന്വേഷണ സംഘത്തിൽ ഉണ്ടായിരുന്നത്. നടപടികൾ പൂർത്തിയാക്കി കാഞ്ഞങ്ങാട് റേഞ്ച് ഫോറസ്റ്റ് ഓഫീസർ കെ. രാഹുൽ ഇയാളെ കോടതിയിൽ ഹാജരാക്കി. കോടതി റിമാന്റ് ചെയ്ത് ജയിലിലടച്ചു. കരിന്തളം കയനിയിൽ നിന്ന് രണ്ടാഴ്ച മുമ്പ് ചന്ദനവുമായി രണ്ടു പേരെ അറസ്റ്റ് ചെയ്തിരുന്നു.

അശാസ്ത്രീയ നിർമാണം

അപകടമൊഴിയാതെ ദേശീയപാത

അധികൃതരുടെ അനാസ്ഥ അവസാനിപ്പിക്കണമെന്ന് മുസ്‌ലിം ലീഗ്

ഉപ്പള: തലപ്പാടി- ചെങ്കള ദേശീയപാത കുരുതിക്കളമായി മാറുന്ന സാഹചര്യത്തിൽ ബന്ധപ്പട്ടവർ അടിയന്തിര പരിഹാരം ഒരുക്കണമെന്ന് ആവശ്യമേറുന്നു. നിർമാണ കമ്പനി അധികൃതരുടെ കുറ്റകരമായ അനാസ്ഥ കാരണം ദേശീയപാത അപകടത്തുരുത്താകുന്നത് നോക്കിനിൽകാനാകില്ലെന്നും ഇതേ രീതിയിൽ അശാസ്ത്രീയ നിർമാണം തുടരാനാണ് അധികൃതരുടെ നീക്കമെങ്കിൽ ശക്തമായ സമരപരിപാടികൾക്ക് നേതൃത്വം നൽകുമെന്നും മുസ്‌ലിം ലീഗ് മഞ്ചേശ്വരം നിയോജക മണ്ഡലം പ്രസിഡന്റ് അസീസ് മെരിക്കെ, ജനറൽ സെക്രട്ടറി എ.കെ ആരിഫ് മുന്നറിയിപ്പ് നൽകി.

ദേശീയപാത അതോറിറ്റിയുടെയും കരാർ കമ്പനി അധികൃതരുടെയും തലതിരിഞ്ഞ നിർമാണ രീതിയിൽ കഴിഞ്ഞ രണ്ടു വർഷത്തിനിടെ കുഞ്ചത്തൂരിനും കുമ്പളക്കും ഇടയിലുണ്ടായ അപകടങ്ങളിൽ നിരവധി മനുഷ്യജീവനുകളാണ് പൊലിഞ്ഞത്. ദേശീയപാത നിർമാണ കമ്പനി അധികൃതരുടെ ടിപ്പർ ലോറികൾ തന്നെ നിരവധി അപകടങ്ങൾ വരുത്തിയിട്ടുണ്ട്. നിർമാണ പ്രവൃത്തിയിലെ അശാസ്ത്രീയതയാണ് അപകടങ്ങൾ ക്ഷണിച്ചു വരുത്തുന്നതെന്ന ആക്ഷേപം പ്രവൃത്തിയുടെആരംഭ ഘട്ടത്തിൽ തന്നെ ഉയർന്നിരുന്നു. നിർമാണം നടക്കുന്ന ഭാഗത്ത് ഗതാഗതം വഴിതിരിച്ചുവിടാൻ അശാസ്ത്രീയമായ രീതിയിൽ താൽകാലിക ഡിവൈഡറുകൾ സ്ഥാപിച്ചതാണ് പലയിടത്തും അപകടങ്ങൾക്കിടയാക്കുന്നത്. മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കാതെയാണ് അപകട സാധ്യത നിറഞ്ഞ ഭാഗങ്ങളിൽ പോലും ഗതാഗതം തിരിച്ചുവിടാൻ ഡിവൈഡറുകൾ അടുക്കിവച്ചിട്ടുള്ളത്.

ദേശീയ പാതയിലെ സർവീസ് റോഡിന്റെ വശത്ത് കൂടിയുള്ള കാൽനട യാത്ര പോലും ഭീതി നിറഞ്ഞതാണ്. സർവീസ് റോഡിനോട് ചേർന്നുള്ള ഓവുചാലിന്റെ സ്ലാബിനു മുകളിൽ വാഹനങ്ങൾ കയറ്റിപോകുന്നതിനാൽ കാൽനട യാത്രക്കാർ ഏറെ ഭീതിയോടെയാണ് കടന്നുപോകുന്നത്.

റോഡിൽ നിന്നും മാറി ബസ് കാത്ത് നിൽക്കാൻ പോലും സൗകര്യമില്ലാത്ത രീതിയിലാണ് സർവീസ് റോഡ് നിർമാണം. സമയബന്ധിതമായി പ്രവൃത്തി പൂർത്തികരിക്കുമെന്ന് പറഞ്ഞ കമ്പനിയുടെ കരാർ കലാവധി അവസാനിച്ച് മാസങ്ങൾ പിന്നിട്ടു. കൃത്യമായ ആശയങ്ങളില്ലാതെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് വിവിധയിടങ്ങളിൽ വലിയ തോതിലുള്ള ഗതാഗതക്കുരുക്കാണ് ഉണ്ടാക്കുന്നത്.

ഇത് ആശുപത്രി, എയർപോർട്ട് യാത്രക്കാരെ ഏറെ ദുരിതത്തിലാക്കുന്നു. കഴിഞ്ഞ രണ്ട് മാസങ്ങൾക്കുള്ളിൽ തന്നെ ദേശീയപാതയിലുണ്ടായ അപകടത്തിൽ അഞ്ചോളം യുവാക്കളുടെ ജീവൻ നഷ്ടപെട്ടതാണ് ഒടുവിലത്തെ സംഭവം. നിരവധി ആളുകൾ ഗുരുതരാവസ്ഥയിൽ ചികിത്സയിലുമാണ്. മഴ ശക്തമായതോടെ നിർമാണം പുരോഗമിക്കുന്ന ദേശീയ പാതയിൽ സുരക്ഷിതമായ വാഹന ഗതാഗതത്തിന് സൗകര്യം ഒരുക്കാൻ അധികൃതർ തയാറാകണമെന്നും അല്ലാത്തപക്ഷം കരാർ കമ്പനി ഓഫീസ് ഉപരോധമടക്കമുള്ള ശക്തമായ സമരപരിപാടികളുമായി മുസ്‌ലിം ലീഗ് മുന്നോട്ട് പോകുമെന്നും അസീസ് മരിക്കെയും, എ.കെ ആരിഫും മുന്നറിയിപ്പ് നൽകി.

മൊഗ്രാൽ സ്കൂളിലെ പഠന പ്രതിസന്ധിക്ക് പരിഹാരമാകുന്നു

ഇവിടെ കുട്ടികൾ എങ്ങനെ പഠിക്കാനാ..
ഇരിക്കാൻ ബെഞ്ച് പോലുമില്ലാതെ മൊഗ്രാലിൽ ഒരു സർക്കാർ സ്കൂൾ

കാസർകോട്: മൊഗ്രാൽ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ പഠനപ്രതിസന്ധിക്ക് പരിഹാരമാകുന്നു. ജില്ലാ പഞ്ചായത്ത് അംഗം ജമീല സിദ്ദീഖ് വിഷയത്തിൽ ഇടപെട്ടതോടെ സ്കൂളിലെ ഹയർ സെക്കന്ററി വിഭാഗത്തിലെ പഠനപ്രതിസന്ധിക്ക് അടുത്ത ആഴ്ചയോടെ പരിഹാര മാകും. ജമീല സിദ്ധീഖിന്റെ നേതൃത്വത്തിൽ പ്രിൻസിപ്പൽ കെ അനിൽ, പി.ടി.എ അംഗം മുഹമ്മദ് പേരാൽ എന്നിവർ ജില്ലാ കലക്ടറെയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനെയും നേരിൽ കണ്ട് പ്രശ്നം അവതരിപ്പിക്കുകയും അടിയന്തിര ഇടപെടൽ ആവശ്യപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ ക്ലാസ് റൂമിന് ആവശ്യമായ ബെഞ്ചും ഡസ്കും ഈ ആഴ്ചയോടെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമെന്ന് പഞ്ചായത്ത് പ്രസിഡന്റ് ബേബി ബാലകൃഷ്ണൻ ഉറപ്പുനൽകി. കാലതാമസമെടുക്കും തോറും പഠനം മുടങ്ങുന്ന സാഹചര്യമാണ് മൊഗ്രാൽ ഹയർസെക്കന്ററി സ്കൂളിലുള്ളതെന്ന് ജില്ലാ പഞ്ചായത്ത് അംഗവും പ്രിൻസിപ്പലും പി.ടി.എ അംഗവും ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനെ ധരിപ്പിച്ചു. ഇതേതുടർന്നാണ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബേബി ബാലകൃഷ്ണൻ അടിയന്തര നടപടി സ്വീകരിച്ചത്. ബെഞ്ചും ഡസ്കും എത്തിക്കാൻ ബന്ധപ്പെട്ടവർക്ക് പ്രസിഡന്റ് നിർദ്ദേശവും നൽകി.

പെരുമ്പട്ട ഗവ: ഹയർസെക്കന്ററി സ്കൂൾ കെട്ടിടത്തിന്റെ മുൻഭാഗത്തും പിറകുവശത്തും മണ്ണിടിഞ്ഞ നിലയിൽ

മണ്ണിടിച്ചിൽ; പെരുമ്പട്ട സ്കൂളിന് അപകട ഭീഷണി

പെരുമ്പട്ട: കനത്ത മഴയിൽ പെരുമ്പട്ട ഹയർസെക്കന്ററി സ്കൂൾ കെട്ടിടത്തിന്റെ മുൻ ഭാഗത്തും പിന്നിലുമായി വ്യാപക മണ്ണിടിച്ചിൽ. മഴ തുടരുന്നതോടെ വീണ്ടും മണ്ണിടിച്ചിൽ ഉണ്ടാകാനുള്ള സാഹചര്യമാണ് നിലവിലുള്ളത്. കഴിഞ്ഞ ദിവസമാണ് സ്കൂൾ കെട്ടിടത്തിലേക്ക് മണ്ണിടിഞ്ഞുവീണത്. പിറകുവശത്ത് നേരത്തെ ഇടിഞ്ഞുവീണ മണ്ണ് ഇനിയും നീക്കിയിട്ടില്ല. വീണ്ടും മണ്ണിടിഞ്ഞതോടെ ക്ലാസ് മുറിയുടെ ജനലിനോളം പൊക്കത്തിൽ മണ്ണ് വീണു കിടക്കുന്ന സ്ഥിതിയാണ്. ഇതോടെ മഴ കനത്തു പെയ്യുമ്പോൾ ക്ലാസ് മുറിയുടെ അകത്തേക്കാണ് ചെളിവെള്ളം ഒഴുകി എത്തുന്നത്. നല്ല കെട്ടുറപ്പുള്ള പാർശ്വഭിത്തി കൊണ്ട് മാത്രമേ പ്രശ്നത്തിന് പരിഹാരം ഉണ്ടാകാൻ സാധിക്കുകയുള്ളൂ എന്നാണ് നാട്ടുകാർ പറയുന്നത്. സ്കൂളിന് മുന്നിലൂടെ കുത്തനെയുള്ള റോഡിൽ മഴകാല യാത്ര ദുഷ്കരമാണ്. മഴവെള്ളം ഒഴുകി പോകാനുള്ള ഓവുചാൽ ഇല്ലാത്തതിനാൽ മഴവെള്ളത്തോടൊപ്പം ഒലിച്ചിറങ്ങുന്ന മണ്ണും കല്ലും റോഡിൽ തന്നെ ചിതറിക്കിടക്കുന്ന സ്ഥിതിയാണ്. ഇതിലൂടെ വാഹന ഗതാഗതവും കാൽനടയാത്ര ദുഷ്കരമാണ്. വിഷയത്തിന്റെ ഗൗരവം സ്കൂൾ പി.ടി.എയും വികസന കമ്മറ്റിയും ജില്ലാ പഞ്ചായത്തിന്റെയും പഞ്ചായത്തിന്റെയും ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്. അടിയന്തിര പരിഹാരം ഉണ്ടാക്കിയില്ലെങ്കിൽ ശക്തമായ മഴ തുടരുന്ന ഘട്ടത്തിൽ കൂടുതൽ അപകടങ്ങൾക്കുള്ള സാധ്യതയുണ്ടെന്നാണ് നാട്ടുകാർ പറയുന്നത്.

കമ്പ്യൂട്ടർ അസിസ്റ്റന്റ്; വാക്ക് ഇൻ ഇന്റർവ്യൂ 4ന്

പെരിയ: കേരള കേന്ദ്ര സർവകലാശാലയിൽ കരാർ അടിസ്ഥാനത്തിൽ മൂന്നു കമ്പ്യൂട്ടർ അസിസ്റ്റന്റുമാരെ നിയമിക്കുന്നു. ജനറൽ, ഒബിസി, എസ്സി വിഭാഗങ്ങളിലാണ് ഒഴിവുകൾ. കംപ്യൂട്ടർ സയൻസിൽ ബിരുദാനന്തര ബിരുദം, എം ടെക് (ഐടി), ബി ടെക് (ഐടി), എംസിഎ എന്നിവയിൽ ഏതെങ്കിലുമാണ് വിദ്യാഭ്യാസ യോഗ്യത. പ്രായ പരിധി 30 വയസ്. താത്പര്യമുള്ളവർ നാലിന് രാവിലെ 11.30ന് സർവ്വകലാശാലയുടെ പെരിയ കാമ്പസിൽ നടക്കുന്ന വാക്ക് ഇൻ ഇന്റർവ്യൂവിൽ മതിയായ രേഖകൾ സഹിതം ഹാജരാക്കണം. കൂടുതൽ വിവരങ്ങൾക്ക് സർവ്വകലാശാല വെബ്സൈറ്റ് സന്ദർശിക്കുക.

അധ്യാപക ഒഴിവ്

അഡൂർ: അഡൂർ ജി.എച്ച്.എസ്.എസിൽ ഹൈസ്കൂൾ കന്നഡ വിഭാഗം ഗണിതം അധ്യാപക തസ്തികയിൽ നിയമനം നടത്തുന്നു. കൂടികാഴ്ച 28ന് രാവിലെ 10ന് സ്കൂൾ ഓഫീസിൽ നടക്കും. 8547185292

ഐ.എച്ച്.ആർ.ഡി കോളജ് പ്രവേശനം അപേക്ഷ ക്ഷണിച്ചു

നീലേശ്വരം: ചീമേനി കോളജ് ഓഫ് അപ്ലൈഡ് സയൻസിൽ ജൂലൈ മാസത്തിൽ ആരംഭിക്കുന്ന പി.ജി.ഡി.സി.എ, സി.സി.എൽ.ഐ.എസ് കോഴ്സുകളിലേക്ക് പ്രവേശനത്തിനായി അപേക്ഷ ക്ഷണിച്ചു. അപേക്ഷയും പ്രോസ്പെക്ടസും ഐ.എച്ച്.ആർ.ഡി വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യുകയോ അല്ലെങ്കിൽ കോളേജ് ഓഫീസിൽ നിന്ന് നേരിട്ട് വാങ്ങുകയോ ചെയ്യാം. അപേക്ഷ 27 ന് വൈകീട്ട്അഞ്ചിനകം കോളേജിൽ സമർപ്പിക്കണം. ഫോൺ- 8547005052, 9447596129.

താലൂക്ക് വികസന സമിതി യോഗം ആറിന്

വെള്ളരിക്കുണ്ട്: താലൂക്ക് വികസന സമിതിയുടെ ജൂലൈ മാസത്തിലെ യോഗം ആറിന് വൈകിട്ട് മൂന്നിന് വെള്ളരിക്കുണ്ട് താലൂക്ക് മിനിസിവിൽ സ്റ്റേഷൻ കോൺഫറൻസ് ഹാളിൽ ചേരും.

ബെദിര പണക്കാട് തങ്ങൾ മെമ്മോറിയൽ ഹൈസ്കൂളിൽ നടന്ന ലഹരി വിരുദ്ധ ബോധവൽകരണ ക്ലാസ് ഹെഡ്മാസ്റ്റർ അബൂബക്കർ ഉദ്ഘാടനം ചെയ്യുന്നു

കയർ ഭൂവസ്ത്രവുമായി പാടശേഖരത്തിലേക്ക്

കൈത്തോട് നിർമാണം തൃക്കരിപ്പൂർ പഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു

തൃക്കരിപ്പൂർ: തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കൃഷി വകുപ്പുമായി സംയോജിപ്പിച്ച് കൊയോങ്കര- തങ്കയം പാടശേഖരത്തിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ച് കൃഷിക്കാവശ്യമായ കൈത്തോട് നിർമാണത്തിന് തുടക്കംകുറിച്ചു. പഞ്ചായത്ത് പ്രസിഡന്റ് വി.കെ ബാവ പ്രവൃത്തി ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എ.കെ ഹാഷിം അധ്യക്ഷത വഹിച്ചു. കൈത്തോട് നിർമിക്കുന്നത് വഴി ഒന്നാം വിള കൃഷി ചെയ്യുന്ന പാടങ്ങളെ മൂന്നാം വിള കൃഷി ചെയ്യുന്നതിന് അനുയോജ്യമായ രീതിയിൽ മാറ്റിയെടുക്കുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്. കൃഷി ഓഫീസർ എ. രജിന, കയർഫെഡ് ഉദ്യോഗസ്ഥൻ അനിൽ കുമാർ എന്നിവർ പദ്ധതി വിശദീകരിച്ചു. വാർഡ് മെമ്പർ സീതാഗണേഷൻ സ്വാഗതം പറഞ്ഞു. എട്ടാം വാർഡ് മെമ്പർ രജീഷ് ബാബു, എൻ.ആർ.ഇ.ജി.എ അക്രഡിറ്റഡ് എഞ്ചിനീയർ പി. ശ്യാമിലി സംസാരിച്ചു. എൻ.ആർ.ഇ.ജി.എ ഓവർസീയർ സാജിദ് എ.ജി, പാടശേഖര സമിതി അംഗങ്ങൾ, മേറ്റുമാർ, തൊഴിലുറപ്പ് തൊഴിലാളികൾ പങ്കെടുത്തു.

കൊയോങ്കര- തങ്കയം പാടശേഖരത്തിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ച് കൃഷിക്കാവശ്യമായ കൈത്തോട് നിർമാണ പ്രവൃത്തി തൃക്കരിപ്പൂർ പഞ്ചായത്ത് പ്രസിഡന്റ് വി.കെ ബാവ ഉദ്ഘാടനം ചെയ്യുന്നു

മല്ലം ചാലിനരികിലെ നടപ്പാത മഴവെള്ളപ്പാച്ചിലിൽ ഇടിഞ്ഞ നിലയിൽ

നടവഴി ഇടിഞ്ഞ് ഒറ്റപ്പെട്ട് ഒരു നാട് പരിഹാരം വേണമെന്നാവശ്യം

കാസർകോട്: കനത്ത മഴ കാരണം മല്ലം ചാലിൽ നീരൊഴുക്ക് വർധിക്കുകയും അതുമൂലം കൊളച്ചെപ്പ്, ചോക്കമൂല, ബാദിയട്ക്ക പ്രദേശത്തെ നാട്ടുകാർ ഉപയോഗിച്ചിരുന്ന നടപ്പാത ഇടിഞ്ഞതിനാൽ ഒറ്റപ്പെട്ട അവസ്ഥയിലായ പ്രദേശം ജില്ലാ കലക്ടർ സന്ദർശിച്ച് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ആവശ്യം. മല്ലം സ്കൂൾ, ബോവിക്കാനം സ്കൂൾ, മല്ലം ക്ഷേത്രം, മല്ലം പള്ളി എന്നിവിടങ്ങളിലേക്കും മറ്റും മല്ലം ചാലിന്റെ അരികിലൂടെ കൈവരി പോലുമില്ലാത്ത നടന്നുപോകുന്ന വഴിയാണ് ഒലിച്ചുപോയത്. വർഷങ്ങൾക്ക് മുമ്പ് കരിങ്കൽ കൊണ്ട് നിർമിച്ച ഈ നടപ്പാതയുടെ വീതി കൂട്ടി കൈവരി നിർമിക്കണമെന്ന വർഷങ്ങളോളമായുള്ള നാട്ടുകാരുടെ ആവശ്യം ഇതുവരെ പരിഹരിച്ചിട്ടില്ല. ഇതുസംബന്ധിച്ച് നിരവധി തവണ അധികൃതർക്ക് പരാതി നൽകിയിരുന്നു. അമ്പതിൽപ്പരം കുടുംബവും വിദ്യാർഥികളും രോഗികളും പ്രായമായവരും ഉപയോഗിക്കുന്ന ഈ വഴിയുടെ പ്രശ്നം മുസ്‌ലിം ലീഗ് വാർഡ് പ്രസിഡന്റ് ഹമീദ് മല്ലം, ജനറൽ സെക്രട്ടറി ഷെരീഫ് മല്ലത്ത് എന്നിവരുടെ നേതൃത്വത്തിൽ രേഖാമൂലം കലക്ടറുടെ ശ്രദ്ധയിൽപ്പെടുത്തി.

പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ലൈംഗികമായി പീഡിപ്പിച്ചെന്ന് പരാതി; രണ്ടു പേർക്കെതിരെ കേസ്

ബദിയടുക്ക: പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ രണ്ടു വർഷക്കാലം ലൈംഗികമായി പീഡിപ്പിച്ചുവെന്ന പരാതിയിൽ രണ്ടു പേർക്കെതിരെ പോക്സോ നിയമപ്രകാരം ബദിയടുക്ക പൊലീസ് കേസെടുത്തു. ബദിയടുക്ക പൊലീസ് സ്റ്റേഷൻ പരിധിയിൽ താമസിക്കുന്നയാളെ ഒന്നാം പ്രതിയാക്കിയും ആദൂർ പൊലീസ് സ്റ്റേഷൻ പരിധിയിൽ താമസിക്കുന്നയാളെ രണ്ടാം പ്രതിയാക്കിയുമാണ് കേസ് രജിസ്റ്റർ ചെയ്തത്. ബദിയടുക്ക പൊലീസ് സ്റ്റേഷൻ പരിധിയിലെ പതിനേഴുകാരിയുടെ പരാതി പ്രകാരമാണ് കേസ്. 2022 ഏപ്രിൽ 28ന് ഒന്നാംപ്രതി ബദിയടുക്ക പൊലീസ് സ്റ്റേഷന്റെയും വിദ്യാനഗർ പൊലീസ് സ്റ്റേഷന്റെയും അതിർത്തിയിലുള്ള ക്വാർട്ടേഴ്സിൽ നിന്ന് പെൺകുട്ടിയെ ഒന്നാം പ്രതി കാറിൽ കയറ്റി കാസർകോട്ടേക്ക് കൊണ്ടുപോയി. അവിടെ നിന്ന് രണ്ടാം പ്രതിയും കാറിൽ കയറി. തുടർന്ന് പെൺകുട്ടിയെ രണ്ടാം പ്രതിയുടെ ആദൂർ പൊലീസ് സ്റ്റേഷൻ പരിധിയിലുള്ള വീട്ടിലെത്തിച്ചു. അവിടെ വച്ച് പീഡിപ്പിക്കാൻ ശ്രമിച്ചപ്പോൾ എതിർത്തതിന് പെൺകുട്ടിയുടെ മുഖത്തടിച്ചു. പിന്നീടുള്ള ദിവസങ്ങളിൽ ഒന്നാംപ്രതി തന്നെ മംഗളൂരു അടക്കമുള്ള വിവിധ ഭാഗങ്ങളിലേക്ക് കൊണ്ടുപോയി പീഡിപ്പിച്ചുവെന്നും ഏറ്റവുമൊടുവിൽ 2024 ഏപ്രിൽ 29ന് ഗോവയിലേക്ക് പോകുന്നതിനിടെ കാറിൽ വച്ച് രണ്ടാംപ്രതി പീഡിപ്പിച്ചെന്നും പെൺകുട്ടിയുടെ പരാതിയിൽ പറയുന്നു.

ലഹരി വിരുദ്ധ ദിനാചരണം സംഘടിപ്പിച്ചു

കണ്ണൂർ സിറ്റി: ദീനുൽ ഇസ്‌ലാം സഭ ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ ലഹരിവിരുദ്ധ ദിനം ആചരിച്ചു. കണ്ണൂർ സിറ്റിയിലേക്ക് ലഹരി വിരുദ്ധ റാലി സംഘടിപ്പിച്ചു. കുട്ടികളുടെ ഫ്ളാഷ് മോബും മറ്റ് കലാപരിപാടികളും അരങ്ങേറി. തുടർന്ന് നടന്ന പരിപാടിയിൽ പ്രിൻസിപ്പൽ ടി.പി മഹ്റൂഫ് അധ്യക്ഷനായി.മുൻ എക്സൈസ് ഇൻസ്പെക്ടർ എ.പി രാജീവ് ബോധവൽക്കരണ ക്ലാസെടുത്തു.സ്കൂൾ മാനേജർ സി.സമീർ, ഡെപ്യൂട്ടി എച്ച്.എം. ടി.കെ സൈനബ, അധ്യാപകരായ മുനീർ, പി.വി സിന്ധു, ജാസ്മിൻ, എസ്.എ ഷിബു പങ്കെടുത്തു.

കണ്ണാടിപ്പറമ്പ്:ദാറുൽ ഹസനാത്ത് ഇംഗ്ലീഷ് ഹൈസ്കൂൾ വിമുക്തി ക്ലബ്ബ് ലഹരി വിരുദ്ധ ദിനം ആചരിച്ചു. സ്കൂൾ ചെയർമാൻ ഖാലിദ് ഹാജിയുടെ അധ്യക്ഷതയിൽ പാപ്പിനിശ്ശേരി എക്സൈസ് സിവിൽ ഓഫീസർ വിവേക് ബോധവൽക്കരണ ക്ലാസ് ഉദ്ഘാടനം ചെയ്തു. സിഎഒ ഡോ.താജുദ്ദീൻ വാഫി, അബ്ദുറഹ്മാൻ വേങ്ങാടൻ, പിടിഎ പ്രസിഡന്റ് അഷ്റഫ്, മെമ്പർമാരായ ഷമീമ, റംല, സുമയ്യ, ഷംസീറ അധ്യാപകരായ ഷൈന കെ, റാഷിദ്, ഫൈറൂസ്, വൈസ് പ്രിൻസിപ്പൽ മേഘ, കൺവീനർ അഞ്ജലി നമ്പ്യാർ സംസാരിച്ചു.തുടർന്ന് വിദ്യാർഥികൾ ലഹരി വിരുദ്ധ സൈക്കിൾ റാലി സംഘടിപ്പിച്ചു.

തലശ്ശേരി: മദ്രസ തഅ്‌ലീമുൽ അവാം യുപി സ്കൂളിൽ ലഹരി വിരുദ്ധ ദിന ബോധവൽക്കരണ ക്ലാസ് തലശ്ശേരി ട്രാഫിക് എസ്.ഐ സുനിൽ കുമാർ പൊയിലൂർ നിർവഹിച്ചു. ഹെഡ് മാസ്റ്റർ ടിപി അബ്ദുൽ സലാം അധ്യക്ഷനായി. ട്രാഫിക് എഎസ്ഐ പ്രസാദ്, പിടിഎ പ്രസിഡന്റ് റുബീന, എം.അബ്ദുൽ ബഷീർ, എപി വിജിന സംസാരിച്ചു. തുടർന്ന് ലഹരി വിരുദ്ധ പ്രതിജ്ഞ, ലഹരിക്കെതിരെ ഒരു കൈ അടയാളം പരിപാടികളും നടന്നു.

കണ്ണൂർ വാർത്തകൾ

കനത്ത മഴയിൽ തകർന്ന രാജന്റെ വീടിന്റെ ചുറ്റുമതിൽ

കനത്ത മഴയിൽ പലയിടത്തും നാശനഷ്ടം

ചെറുപുഴയിൽ മതിലും വീടിന്റെ സംരക്ഷണ ഭിത്തിയും തകർന്നു

ചെറുപുഴ: കനത്ത മഴയിൽ മതിലും വീടിന്റെ മുറ്റവും ചുറ്റുമതിലും തകർന്നു. തിരുമേനി താന്നിച്ചാൽ വളപ്പുകണ്ടം പട്ടികവർഗ സങ്കേതത്തിലെ കെ.കെ ജെയ്മോന്റെ വീടിന്റെ മുറ്റമാണ് കഴിഞ്ഞ ദിവസമുണ്ടായ കനത്ത മഴയിൽ തകർന്നു വീണത്. മുറ്റം ഇടിഞ്ഞത് വീടിന്റെ സുരക്ഷിതത്വത്തിനും ഭീഷണിയായി. ചെറുപുഴ പെരുങ്കുടൽ ഹിൽ ടോപ്പ് കടവ് റോഡിൽ ഈട്ടിക്കൽ രാജന്റെ വീടിന്റെ ചുറ്റുമതിൽ കനത്ത മഴയിൽ തകർന്ന് വീണു. ചുറ്റുമതിൽ തകർന്ന് തൊട്ടടുത്ത താമസക്കാരനായ ചങ്ങലവളപ്പിൽ സന്തോഷിന്റെ വീട്ടിലേയ്ക്കാണ് വീണത്. 20 മീറ്റർ നീളത്തിൽ മതിൽ തകർന്ന് വീണു. സന്തോഷിന്റെ വീടിന്റെ ഭിത്തിയിൽ തട്ടിയാണ് കല്ലും മണ്ണും നിൽക്കുന്നത്.

ജെയ്മോന്റെ വീടിന്റെ മുറ്റവും ചുറ്റുമതിലും കനത്ത മഴയിൽ തകർന്നു വീണ നിലയിൽ

ആമിനയുടെ വീടിനു മുകളിൽ മരം കടപുഴകി സൺ ഷേഡ് ഭാഗികമായി തകർന്ന നിലയിൽ

മട്ടന്നൂരിൽ മഴയിൽ മരം വീണ് വീടിന് കേടുപാട് പറ്റി

മട്ടന്നൂർ: ശക്തമായ മഴയിൽ മരം വീണ് വീടിന് കേടുപാട് സംഭവിച്ചു.വെളിയമ്പ്ര വയനാട് കൊയിറ്റി വീട് കെവി ആമിനയുടെ വീടിനു മുകളിൽ വൻ മരം കടപുഴകി സൺ ഷേഡ് ഭാഗികമായി തകർന്നു. ആ സമയത്ത് മുറ്റത്ത് ആരുമില്ലാത്തതിനാൽ വൻ ദുരന്തം ഒഴിവായി.

പേരാവൂർ താലൂക്ക് ആശുപത്രി ഗൈനക്കോളജി വിഭാഗം നവീകരിക്കും

ഇരിട്ടി: പേരാവൂർ താലൂക്ക് ആശുപത്രി പുതിയ കെട്ടിടത്തിൽ പ്രവർത്തന സജ്ജമാകുന്ന മുറക്ക് ഗൈനക്കോളജി വിഭാഗം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി. നിയമസഭാ സമ്മേളനത്തിൽ സണ്ണി ജോസഫ് എംഎൽഎ യുടെ ചോദ്യത്തിന് മറുപടിയായാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്. പേരാവൂർ താലൂക്ക് ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം നിർത്തലാക്കുന്നതിന് തീരുമാനിച്ചിട്ടില്ലെന്നും എംഎൽഎയുടെ ചോദ്യത്തിന് മറുപടിയായി അവർ പറഞ്ഞു. 53.77 കോടി രൂപ ചെലവിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പ്രവൃത്തി തുടങ്ങിയിട്ടുണ്ട്. ആയതിൽ ലേബർ റൂം, എമർജൻസി ഓപ്പറേഷൻ തിയേറ്റർ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

ഐസ്പ്ലാന്റിലെ അമോണിയം വാതകം ചോർന്നു

പുതിയങ്ങാടി കടപ്പുറത്ത് ഭീതിയുടെ മണിക്കൂറുകൾ

■ **സ്വന്തം ലേഖകൻ**
പഴയങ്ങാടി

പുതിയങ്ങാടി കടപ്പുറത്തെ ഐസ്പ്ലാന്റിൽ അമോണിയം വാതകം ചോർന്നു. ഭീതിയിലായി തീരദേശവാസികൾ. ഇന്നലെ രാവിലെ 9.30ഓടെയാണ് ഐസ്പ്ലാന്റിൽ വാതക ചോർച്ചയുണ്ടായത്. മമ്മസൻ അഷ്റഫിന്റെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്നതാണ് സീ സൈഡ് ഐസ്പ്ലാന്റ് എന്ന സ്ഥാപനം. അറ്റകുറ്റകുറ്റപ്രവൃത്തികൾക്കിടെയാണ് ചോർച്ചയുണ്ടായത്.

അമോണിയം വാതകം കടന്നുപോകുന്ന മൂന്ന് പൈപ്പുകളിൽ നിന്നും ചോർച്ചയുണ്ടാകുകയായിരുന്നു. ആദ്യ പൈപ്പ് പ്ലാന്റ് ജീവനക്കാർ അടച്ചെങ്കിലും രണ്ട് പൈപ്പുകളിൽ നിന്ന് അതിശക്തമായി വാതകം പ്രവഹിച്ചതോടെ അടക്കാനാകാതെ വരികയായിരുന്നു. ഇതേതുടർന്ന് സ്റ്റേഷൻ ഓഫീസർ പി.വി ജയകുമാറിന്റെ നേതൃത്വത്തിൽ പയ്യന്നൂരിൽ നിന്ന് അഗ്നിരക്ഷാ സേന എത്തിയാണ് ചോർച്ച അടച്ചത്. ഐസ് പ്ലാന്റ് പരിസരമാകെ അമോണിയം വാതകത്തിന്റെ ഗന്ധം പടർന്നത് ജനങ്ങളെ ഭീതിയിലാക്കി. വർഷങ്ങൾക്ക് മുമ്പ് സമീപത്തെ ഐസ്പ്ലാന്റിലും അമോണിയം വാതക ചോർച്ചയുണ്ടായിരുന്നു. പഴയങ്ങാടി സിഐ എ ആനന്ദ കൃഷ്ണൻ, എസ്ഐ ടി.എൻ ഷാജിമോൻ എന്നിവരുടെ നേതൃത്വത്തിൽ പൊലീസ് സംഘം സ്ഥലത്തെത്തി പ്ലാന്റ് പരിസരത്ത് കൂടിയിരുന്നവരെ മാറ്റിനിർത്തി. അറ്റകുറ്റ പ്രവൃത്തികൾ പൂർത്തിയായ ശേഷം മാത്രമേ പ്ലാന്റ് പ്രവൃത്തിക്കാൻ അനുവദിക്കുവെന്ന് തളിപ്പറമ്പ് ആർഡിഒ ടി.എ അജയകുമാർ പറഞ്ഞു.

പയ്യന്നൂർ തഹസിൽദാർ ആർ ജയേഷ്, കല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.പി ഷാജിർ, വാർഡ് അംഗം എം റഫീഖ്, മാടായി പഞ്ചായത്ത് സ്ഥിരംസമിതി അധ്യക്ഷ ഒടിയിൽ റഷീദ എന്നിവർ സംഭവസ്ഥലം സന്ദർശിച്ചു.

അമോണിയം വാതക ചോർച്ചയുണ്ടായ പുതിയങ്ങാടി കടപ്പുറത്തെ ഐസ്പ്ലാന്റിൽ വാതകം നിർവീര്യമാക്കാനുള്ള അഗ്നിരക്ഷാ സേനയുടെ ശ്രമം

വെളിയമ്പ്ര ബാഫഖി മെമ്മോറിയൽ എൽപി സ്കൂൾ വിദ്യാർഥികൾ ലഹരി വിരുദ്ധ ചങ്ങല തീർത്തപ്പോൾ

ലഹരി വിരുദ്ധ വിദ്യാർഥി ചങ്ങല

മട്ടന്നൂർ: വെളിയമ്പ്ര ബാഫഖി മെമ്മോറിയൽ എൽപി സ്കൂളിൽ ലഹരി വിരുദ്ധ വിദ്യാർഥി ചങ്ങല തീർത്തു. നാലാം ക്ലാസ് വരെയുള്ള വിദ്യാർഥികളാണ് ലഹരിക്കെതിരെയുള്ള ചങ്ങലയിൽ കണ്ണികളായത്.തുടർന്ന് ലഹരി വിരുദ്ധ പ്രതിജ്ഞയെടുത്തു. ലോക ലഹരി വിരുദ്ധ ദിനത്തിന്റെ ഭാഗമായാണ് പുത്തൻ തലമുറ ലഹരിക്ക് അടിമപ്പെടുന്നത് തടയുക എന്ന ലക്ഷ്യം വെച്ച് ലഹരി ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചത്. പ്രധാനാധ്യാപകൻ സിഎം രതീഷ് അധ്യക്ഷനായി.വിദ്യാർഥികൾ തയാറാക്കിയ പോസ്റ്ററുകളും പ്രദർശിപ്പിച്ചു.

ചന്ദ്രിക സ്ട്രീറ്റ് ഡ്രൈവിന്റെ ഭാഗമായി മട്ടന്നൂർ ടൗണിൽ ആമേരി ട്രാവൽസ് ഉടമ ആമേരി മുസ്തഫയെ മുസ്‌ലിം ലീഗ് ജില്ലാ സെക്രട്ടറി അൻസാരി തില്ലങ്കേരി വരിക്കാരനായി ചേർത്തു. ഇ.പി ശംസദ്ദീൻ, പി.കെ കുട്ട്യാലി, മുസ്തഫ ചൂരയ്യോട്ട്, പി.എം ആബൂടി, യഅ്കൂബ് എളമ്പാറ, റഫീഖ് ബാവോട്ടുപാറ, വി.എൻ മുഹമ്മദ്, മർസൂഖ് പങ്കെടുത്തു.

ചന്ദ്രിക സ്ട്രീറ്റ് ഡ്രൈവിന്റെ ഭാഗമായി ഇരിട്ടിയിൽ ശ്രുതി ഗോൾഡ് ജ്വല്ലറി ഉടമ ഇ.പ്രതീപനെ വരിക്കാരനാക്കി ഉദ്ഘാടനം ചെയ്തു. മുസ്‌ലിം ലീഗ് ജില്ലാ വൈസ് പ്രസിഡന്റ് ഇബ്രാഹിം മുണ്ടേരി, മുനിസിപ്പൽ ജനറൽ സെക്രട്ടറി വി പി റഷീദ്, മണ്ഡലം മുസ്‌ലിം ലീഗ് വൈസ് പ്രസിഡന്റ് എം കെ ഹാരിസ്, പ്രവാസി ലീഗ് ജില്ലാ സെക്രട്ടറി നാസർ കേളോത്ത്, ടൗൺ ലീഗ് ജനറൽ സെക്രട്ടറി എൻകെ ഷറഫുദ്ദീൻ പങ്കെടുത്തു.

'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ്' ചൊക്ലി ടൗൺ കമ്മിറ്റി കർഷക സംഘം പ്രസിഡന്റ് പി.കെ അബ്ദുൽ കരീം ഹാജിയെ വരിക്കാരനാക്കുന്നു. മുസ്‌ലിംലീഗ് ജില്ലാ പ്രവർത്തക സമിതി അംഗം പി.കെ യൂസഫ്, മൊയ്തു ഹാജി, എം മഹമ്മൂദ് പങ്കെടുത്തു.

'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ് കണ്ടക്കൈ ശാഖയിൽ കെ.പി അബ്ദുല്ലയെ വരിക്കാരനാക്കി തളിപ്പറമ്പ് മണ്ഡലം റിയാദ് കെ.എം.സി.സി പ്രസിഡന്റ് മുഹമ്മദ് ഉദ്ഘാടനം ചെയ്യുന്നു

ചന്ദ്രിക സ്ട്രീറ്റ് ഡ്രൈവിന്റെ ഭാഗമായി ഇരിക്കൂർ എച്ച്എൻസി ആശുപത്രി എക്സിക്യൂട്ടീവ് ഡയറക്ടർ ഷിജാസ് മങ്ങലാട്ടിനെ ചന്ദ്രിക വരിക്കാരനായി ചേർത്ത് പഞ്ചായത്ത് മുസ്‌ലിം ലീഗ് പ്രസിഡന്റ് എം ഉമ്മർ ഹാജി ഉദ്ഘാടനം ചെയ്തു.ജില്ലാ സെക്രട്ടറി സികെ മുഹമ്മദ് മാസ്റ്റർ, എച്ച്എൻസി പബ്ലിക് റിലേഷൻസ് മാനേജർ മുഹമ്മദ് റാഫി, മണ്ഡലം ലീഗ് സെക്രട്ടറി കെപി അബ്ദുല്ല, പഞ്ചായത്ത് സെക്രട്ടറി സിസി ഹിദായത്ത്, ഫിനാൻസ് ഓഫീസർ സിപി നജീബ്, അഡ്മിനിസ്ട്രേറ്റർമാരായ സജീർ, ആഷിക് പങ്കെടുത്തു.

ഓടിക്കൊണ്ടിരുന്ന കാറിന് മുകളിൽ മരം വീണു

ചൊക്ലി: ഓടിക്കൊണ്ടിരിക്കെ ചൊക്ലിയിൽ കാറിന് മുകളിൽ മരം വീണു. ഇന്നലെ വൈകുന്നേരം ചൊക്ലി കവിയൂർ ബണ്ട്റോഡിൽകൂറ്റൻ ഇരഞ്ഞി മരമാണ് കാറിനു മുകളിൽ വീണത്. ഇ. ശരണ്യയുടെ ഉടമസ്ഥയിലുള്ള കാറാണ് അപകടത്തിൽപ്പെട്ടത്. കാറിനുള്ളിലുണ്ടായിരുന്ന ഡ്രൈവർ അദ്ഭുതകരമായിരക്ഷപ്പെട്ടു.

ഇനിയും ഒരു ജീവൻ കൂടി പൊലിയണോ

സ്ലാബില്ലാ ഓവുചാലുകൾ മൂടാതെ അധികാരികളുടെ നിസംഗത

■ **സ്വന്തം ലേഖകൻ**
തലശേരി

ഇനിയും ഒരു ജീവൻ കൂടി പൊലിയണോ.. സ്ലാബില്ലാത്ത ഈ ഓവുചാൽ മൂടാൻ. അധികൃതരുടെ നിസംഗതയ്ക്ക് മുന്നിൽ പകച്ച് യാത്രക്കാർ.

തലശ്ശേരിയിൽ നഗരപരിധിയിലെ ഓവുചാലുകൾക്ക് സ്ലാബില്ലാത്തതാണ് കാൽനടയാത്രക്കാർക്ക് അപകട ഭീഷണി ഉയർത്തുന്നത്. അധികാരികളുടെ നിരുത്ത വാദിത്തവും നിസംഗതയും കാരണം ഒരു ജീവനെടുത്തിട്ടും നിലപാടിൽ യാതൊരു മാറ്റവുമുണ്ടായിട്ടില്ലെന്നാണ് യാത്രക്കാരുടെയും വ്യാപാരികളുടെയും ആരോപണം.

തിങ്കളാഴ്ച കണ്ണിച്ചിറത്തോട് പെട്രോൾ പമ്പിന് സമീപം ബസ് കയറാനെത്തിയ മധ്യവയസ്കനാണ് ഓവുചാലിൽ വീണ് മരിച്ചത്. ചീറിപ്പായുന്ന വാഹനങ്ങൾക്കിടയിലൂടെ കാൽനട യാത്രക്കാർക്ക് കയറി നിൽക്കാൻ പോലും സാധിക്കാത്ത വിധമാണ് റോഡരികിലെ ഓവുചാലുകൾ. യുവജന സംഘടനകൾ കഴിഞ്ഞ ദിവസം ഇതിനെതിരെ നഗരസഭ ഓഫീസിന് മുന്നിലെത്തി പ്രതിഷേധിച്ചെങ്കിലും നടപടിയുണ്ടായിട്ടില്ല. കണ്ണിൽ പൊടിയിടാനെന്നോളം മൂന്ന് സ്ലാബുകൾ ഓവുചാലിന് മുകളിൽ നിരത്തിയെങ്കിലും അപകട ഭീഷണി നിലനിൽക്കുകയാണ്. സ്ലാബിന് നീളം കുറഞ്ഞതിനാൽ ഓവുചാലിനു വിലങ്ങായി ഒരു സ്ലാബിട്ട് അതിന് മുകളിലായി രണ്ടിലധികം സ്ലാബുകൾ നിരത്തുകയായിരുന്നു. ഇത് അപകടത്തിന് വഴിവെക്കുമെന്ന് യാത്രക്കാർ പറയുന്നു.

അബദ്ധത്തിൽ സ്ലാബിന് ഒരറ്റത്ത് കാലമർന്നാൽ നേരെ ഓവുചാലിലാണ് വീഴുക. മധ്യവയസ്കന്റെ മരണത്തിനിടയാക്കിയ ഓവുചാലിന് എതിർ വശത്ത് പെട്രോൾ പമ്പിന് സമീപം ബസ് ഇറങ്ങുന്ന ഭാഗത്തും സ്ലാബില്ലാത്തത് അപകടം ക്ഷണിച്ചുവരുത്തുന്നു. നഗരത്തിൽ പുതിയ ബസ്സ്റ്റാന്റ്, ചിറക്കര ഭാഗങ്ങളിലും ഓവുചാലുകൾക്ക് സ്ലാബില്ല. മഴ കനക്കുന്നതോടെ വെള്ളക്കെട്ട് ഉയരുന്ന സാഹചര്യമുണ്ടായാൽ ഓവുചാലുകൾ കവിഞ്ഞ് റോഡും ചാലുകളും തിരിച്ചറിയാനാകാത്ത അവസ്ഥയാകും. ബസിറങ്ങി വരുന്ന യാത്രക്കാരാകും ഇതുകാരണം അപകടത്തിൽ പെടുക. ചിലയിടങ്ങളിൽ കാലപ്പഴക്കത്താൽ സ്ലാബുകൾ തകർന്ന നിലയിലുമാണ്.

അപകടങ്ങൾ വിളിപ്പാടകലെയാണെന്നിരിക്കെ അധികാരികൾ ഉറക്കം നടിക്കുകയാണെന്നാണ് പരിസരവാസികളുടെ ആക്ഷേപം.

കഴിഞ്ഞ ദിവസം കണ്ണിച്ചിറ റോഡിൽ പെട്രോൾ പമ്പിന് സമീപം സ്ലാബില്ലാത്തതിനെ തുടർന്ന് മധ്യവയസ്കൻ വീണുമരിച്ച ഓവുചാൽ

ഇരിട്ടിയിലെ അംഗനവാടി നിയമനത്തിലും സി.പി.എം സ്വജനപക്ഷപാതമെന്ന് യുഡിഎഫ്

ഇരിട്ടി:നഗരസഭ പരിധിയിലെ അംഗനവാടികളിലെ ടീച്ചർ, ഹെൽപർ, തസ്തികയിലേക്കുള്ള നിയമനം നടത്തിയതിൽ സ്വജന പക്ഷപാതവും അധികാര ദുർവിനിയോഗവും നടത്തിയതായി യുഡിഎഫ് ഇരിട്ടി മുനിസിപ്പൽ നേതൃത്വം വാർത്താസമ്മേളനത്തിൽ ആരോപിച്ചു. ഇപ്പോൾ ഒഴിവ് വന്നതും സമീപകാലത്ത് വരാൻ പോകുന്നതുമായ ഒഴിവുകളിലേക്ക് തികച്ചും രാഷ്ട്രീയ പ്രേരിതമായാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

മുനിസിപ്പൽ കൗൺസിലർമാരുടെ ഭാര്യമാരെയും, മുൻ കൗൺസിലറെയും കുടുംബശ്രീ സിഡിഎസ് ചെയർമാനേയും പാർട്ടി നേതാക്കളുടെ ബന്ധുക്കളെയും ഈ ലിസ്റ്റിൽ തിരുകി കയറ്റുക വഴി സീനിയോറിറ്റിയുള്ളവരെയും അർഹരെയും വഞ്ചിക്കുന്ന നിലപാടാണ് മുനിസിപ്പൽ ഭരണാധികാരികൾ ചെയ്തത്. ആയതിനാൽ ലിസ്റ്റ് റദ്ദ് ചെയ്യണമെന്നാണ് ആവശ്യം.ആയിരക്കണക്കിന് ഉദ്യോഗാർത്ഥികൾ പങ്കെടുത്ത ഇന്റർവ്യൂ ഭരണസ്വാധീനം ഉപയോഗിച്ച് സിപിഎം നേതൃത്വം അട്ടിമറിച്ചു.

2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ സിപിഎം മഹിളാ സംഘടന പ്രവർത്തകരുടേയും സിപിഎം നേതാക്കളുടെ ബന്ധുക്കളുടേയും കീഴിലുള്ള കുടുംബശ്രീ യൂണിറ്റുകൾ വഴിയുള്ള സംരംഭങ്ങൾക്ക് ലക്ഷക്കണക്കിന് സബ്സിഡി അനുവദിച്ചതിൽ അപാകത കണ്ടെത്തിയതും അധികാര ദുർവിനിയോഗമാണ്.വാർത്താസമ്മേളനത്തിൽ സമീർ പുന്നാട്, സികെ ശശിധരൻ, വിപി റഷീദ്, കെ രാമചന്ദ്രൻ, പി.കെ ബൽക്കീസ്, വി ശശി, പി ബഷീർ, കോമ്പിൽ അബ്ദുൽ ഖാദർ, എൻകെ ഇന്ദുമതി പങ്കെടുത്തു.

കീച്ചേരിയിൽ നിർമ്മിക്കുന്ന മേൽപ്പാലത്തിലെ കോൺക്രീറ്റ് പ്രവൃത്തികൾക്കിടെ കോൺക്രീറ്റ് ഇളകി വീണ നിലയിൽ

പ്രവൃത്തി നടക്കുന്ന മേൽപ്പാലത്തിലെ കോൺക്രീറ്റ് ഇളകി വീണു

കല്യാശ്ശേരി:ദേശീയപാതയിൽ കീച്ചേരിയിൽ നിർമ്മിക്കുന്ന മേൽപ്പാലത്തിലെ കോൺക്രീറ്റ് പ്രവൃത്തികൾക്കിടയിൽ ചെറിയ ഭാഗത്തെ കോൺക്രീറ്റ് ഇളകി വീണു. മേൽപാലത്തിന്റെ സെന്ററിങ്ങിനായി ബുധനാഴ്ച കോൺക്രീറ്റ് ചെയ്ത ഭാഗമാണ് സന്ധ്യയോടെ ഇളകി വീണത്. താഴെ തിരക്കേറിയ സർവീസ് റോഡാണെങ്കിലും ആ സമയം വാഹനങ്ങളോ ആളുകളോ താഴെ ഉണ്ടാക്കാത്തതിനാൽ വൻ അപകടമില്ലാതെ രക്ഷപ്പെട്ടത്. കനത്ത മഴയായതിനാൽ കോൺക്രീറ്റ് ഉറക്കാത്തതും ബലപ്പെടുത്താൻ അഭിഭാഗത്ത് വെച്ച പ്ലേറ്റ് ഇളകിയതുമാണ് അപകട കാരണം.

തലായിയിൽ കിണർ ഇടിഞ്ഞ് താഴ്ന്നു

തലശ്ശേരി: തലായിയിൽ വീട്ട് കിണർ ഇടിഞ്ഞ് താഴ്ന്നു. ദത്താത്രേയ മഠത്തിന് സമീപത്തെ മാധവി നിലയത്തിൽ ഭാസ്കരന്റെ വീട്ടിലെ 24 കോൽ ആഴമുള്ള കിണറാണ് മൂന്ന് മീറ്ററോളം ഇടിഞ്ഞ് താഴ്ന്നത്. ഇന്നലെ രാവിലെ ഉറക്കമുണർന്ന് വെള്ളമെടുക്കാൻ എത്തിയപ്പോഴാണ് കിണർ ഭൂമിക്കടിയിലേക്ക് അമർന്നത് ശ്രദ്ധയിൽ പെട്ടത്. ഉടൻ സമീപവാസികളെ വിവരം അറിയച്ചു. കിണറിൽ ഘടിപ്പിച്ച മോട്ടോറും ആൾമറയും ഉൾപ്പെടെയാണ് ഇടിഞ്ഞ് താഴ്ന്നത്. നഗരസഭ ചെയർപേഴ്സൺ കെ.എം ജമുനാറാണി, വാർഡ് കൗൺസിലർ കെ അജേഷ് സ്ഥലം സന്ദർശിച്ചു.

ഭാസ്കരന്റെ വീട്ടിലെ കിണർ ഇടിഞ്ഞ് താഴ്ന്ന നിലയിൽ

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂൺ 27 വ്യാഴം
ഗൾഫ് ചന്ദ്രിക

സമസ്ത സ്ഥാപകദിനം ആചരിച്ചു

വാകേരി: വാകേരി ശംസുൽ ഹുദ ഹയർ സെക്കണ്ടറി മദ്റസയിൽ സമസ്ത സ്ഥാപകദിനം ആചരിച്ചു.മഹല്ല് പ്രസിഡന്റ് സൈതലവി ഹാജി പതാക ഉയർത്തി. തുടർന്ന് നടന്ന അസംബ്ലിയിൽ സ്വദർ മുഅല്ലിം നൂറുദ്ധീൻ ഫൈസി പുഴക്കംവയൽ പ്രമേയ പ്രഭാഷണം നടത്തി. ആലിക്കുട്ടി, ഷൗക്കത്തലി വാഫി പേരിയ, സുലൈമാൻ ദാരിമി, സിനാൻ ദാരിമി, ഷമീർ മൗലവി, ഹസൻ ഫൈസി, മൻസൂർ സംബന്ധിച്ചു.

നഷ്ടപരിഹാരത്തിന്റെ ആദ്യഗഡു നൽകി

കേണിച്ചിറ: എടക്കാടിലും സമീപങ്ങളിലും കടുവ ആക്രമണത്തിൽ ചത്ത പശുക്കളുടെ ഉടമകൾക്ക് നഷ്ടപരിഹാരത്തിന്റെ ആദ്യഗഡു വനം വകുപ്പ് കൈമാറി. പശു ഒന്നിനു 30,000 രൂപയാണ് അനുവദിച്ചത്. മൂന്നു പേരുടേതായി നാലു പശുക്കളെയാണ് കടുവ കൊന്നത്. സെക്ഷൻ ഫോറസ്റ്റർ മണികണ്ഠൻ, വാർഡ് അംഗം സുധീരൻ എന്നിവർ ചേർന്നാണ് ചെക്കുകൾ വീടുകളിൽ എത്തിച്ചുനൽകിയത്.

ലഹരി വിരുദ്ധ പാർലമെന്റ്

കൽപ്പറ്റ: മുണ്ടേരി ഗവ വി.എച്ച്.എസ്.എസ് സ്കൂളിൽ ലോക ലഹരി വിരുദ്ധ ദിനത്തിന്റെ ഭാഗമായി ലഹരി വിരുദ്ധ പാർലമെന്റ് സംഘടിപ്പിച്ചു. പ്രധാനാധ്യാപിക എം. സൽമ ഉദ്ഘാടനം ചെയ്തു. സിവിൽ എക്സൈസ് ഓഫീസർ സജി പോൾ ക്ലാസുകൾക്ക് നേതൃത്വം നൽകി.

വയനാട് വാർത്തകൾ

മക്കിമല വനമേഖലയിൽ കണ്ടെത്തിയ കുഴിബോംബ് നിർവീര്യമാക്കി

കണ്ടെത്തിയ ബോംബ് വീര്യം കൂടിയത്

മാനന്തവാടി: മക്കിമല മേലെതലപ്പുഴ കൊടക്കാട് വനമേഖലയിൽ കണ്ടെത്തിയ കുഴിബോംബ് നിർവീര്യമാക്കി. കണ്ടെത്തിയത് ശക്തി കൂടിയ ബോംബാണെന്ന് വ്യക്തമായി. വയനാട്, കണ്ണൂർ, കോഴിക്കോട് ബോംബ് സ്ക്വാഡുകൾ സ്ഥലത്തെത്തിയിരുന്നെങ്കിലും കോഴിക്കോട് ബോംബ് സ്ക്വാഡിന്റെ നേതൃത്വത്തിലാണ് ബുധനാഴ്ച രാവിലെ ഒമ്പതോടെ ബോംബ് നിർവീര്യമാക്കിയത്.

ചൊവ്വാഴ്ച വൈകീട്ടാണ് വനപാലകസംഘം കുഴിബോംബ് കണ്ടെത്തിയത്. കുഴിച്ചിട്ട ബോബും ഇതിലേക്ക് ഘടിപ്പിച്ച വയറും മഴ പെയ്തതിനെ തുടർന്ന് പുറത്തു വന്നിരുന്നു. വനപാലകർ അറിയിച്ചതിനെ തുടർന്ന് തലപ്പുഴ പോലീസ് സംഘം സ്ഥലത്തെത്തി. ബുധനാഴ്ച ബോംബ് നിർവീര്യമാക്കുന്നതു വരെയും തലപ്പുഴ പോലീസ് സേനാംഗങ്ങളെയും 15-ഓളം വരുന്ന തണ്ടർബോൾട്ട്, നക്സൽ വിരുദ്ധ സേനാംഗങ്ങളെയും പ്രദേശത്ത് വിന്യസിച്ചിരുന്നു.

ബുധനാഴ്ച രാവിലെ ആറോടെയാണ് ബോംബ് നിർവീര്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയത്. വനത്തിൽ കോമ്പിങിനെത്തുന്ന തണ്ടർബോൾട്ട് സേനാംഗങ്ങളെ ലക്ഷ്യംവെച്ച് മാവോവാദികൾ ബോബുസ്ഫോടനം നടത്താൻ ഉദ്ദേശിച്ചതാണെന്നു കരുതുന്നു. മാവോവാദി നേതാവ് കവിത കൊല്ലപ്പെട്ടതിനു പ്രതികാരം തീർക്കുമെന്ന് മാവോവാദികൾ മുമ്പ് തിരുനെല്ലിയിൽ പതിച്ച പോസ്റ്ററിലൂടെ വ്യക്തമാക്കിയിരുന്നു. നവംബർ 13-ന് അയ്യൻകുന്ന് ഉരുപ്പുകുറ്റിയിൽ മാവോവാദികളും തണ്ടർബോൾട്ടും തമ്മിലുണ്ടായ ഏറ്റുമുട്ടലിലാണ് കവിത കൊല്ലപ്പെട്ടത്. കവിത കൊല്ലപ്പെട്ടതിന്റെ 45-ാം നാളാണ് രക്തക്കടങ്ങൾ രക്തത്താൽ പകം വീട്ടുമെന്നെഴുതി മാവോവാദികൾ തിരുനെല്ലിയിൽ അന്ന് പോസ്റ്ററുകൾ പതിച്ചത്.

ചൊവ്വാഴ്ച കണ്ടെത്തിയ കുഴിബോംബിൽ

സ്റ്റീൽ കണ്ടെയ്നറിൽ സ്ഫോടക വസ്തുക്കളും ഇരുമ്പിന്റെ ചീളുകളും വെള്ളാരംകല്ലുകളുമാണ് ഉണ്ടായിരുന്നത്. ബാറ്ററി കൊണ്ട് പ്രവർത്തിപ്പിക്കാവുന്ന തരത്തിലാണ് കുഴിബോംബ് രൂപകല്പന ചെയ്തിരുന്നത്.

കണ്ണൂർ റെയ്ഞ്ച് ഡി.ഐ.ജി. തോംസൺ ജോസഫ്, സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് ഡി.ഐ.ജി. പൂട്ട വിമലാദിത്യ, എസ്.പി. തപോഷ് ബസുമതാരി, മാനന്തവാടി ഡിവൈ.എസ്.പി പി. ബിജുരാജ്, തലപ്പുഴ ഇൻസ്പെക്ടർ കെ.പി. ശ്രീഹരി, തലപ്പുഴ എസ്.ഐ. വിമൽ ചന്ദ്രൻ, അഡീഷണൽ എസ്.ഐ. എസ്.പി. ഷിബു എന്നിവരുടെ നേതൃത്വത്തിലുള്ള പോലീസ് സംഘം സ്ഥലത്തെത്തി. സംഭവം നടന്നതിനു സമീപത്തേക്ക് ആരെയും പ്രവേശിപ്പിച്ചില്ല. ബുധനാഴ്ച രാവിലെ മുതൽ തന്നെ കൊടക്കാട് വനത്തിലേക്ക് പോകുന്ന വേങ്ങച്ചുവട് റോഡിൽ പോലീസ് വാഹനമിട്ട് ഇതുവഴിയുള്ള പ്രവേശനം വിലക്കിയിരുന്നു. സംഭവവുമായി ബന്ധപ്പെട്ട് തലപ്പുഴ പോലീസ് യു.എ.പി.എ. ചുമത്തി കേസെടുത്തു.

മക്കിമല മേലെതലപ്പുഴ കൊടക്കാട് വനമേഖലയിൽ കുഴിബോംബ് കണ്ടെത്തിയ സ്ഥലത്ത് പൊലീസ് ക്യാമ്പ് ചെയ്യുന്നു

ലഹരി വിരുദ്ധ വാരാചരണത്തിന് തുടക്കമായി

പനമരം: പനമരം പോലീസ് സ്റ്റേഷനും ഗവ. ഹയർ സെക്കൻഡറി സ്കൂൾ കുട്ടി പോലീസും സംയുക്തമായി ലോക ലഹരി വിരുദ്ധ ദിനത്തിൽ ഒരാഴ്ച

നിണ്ടുനിൽക്കുന്ന ലഹരി വിരുദ്ധ പ്രചാരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ലഹരിക്കെതിരെ പനമരം ടൗണിൽ നടന്ന ഒപ്പ് ശേഖരണത്തിന്റെ ഉദ്ഘാടനം എസ്ഐ എൻ കെ ദാമോദരൻ നിർവഹിച്ചു. ലഹരി പദാർഥങ്ങളിലല്ല കളികളിലാണ്

ഞങ്ങളുടെ ലഹരി എന്ന് പ്രതിജ്ഞ ചൊല്ലുകയും പഞ്ചഗുസ്തി മത്സരവും നടത്തി. തുടർന്ന് ലഹരിക്കെതിരെ മനുഷ്യചങ്ങലയും തീർത്തു. ചടങ്ങിൽ സി പി ഒമാരായ കെ രേഖ, ടി നവാസ്, വി എം രതീഷ്, എം എ ശിഹാബ്, പി ബിനീഷ്, കെ നീതു എന്നിവർ പങ്കെടുത്തു.

രോഗികൾക്കുള്ള ഫണ്ട് കൈമാറി

കൽപ്പറ്റ: ജിദ്ദ കെഎംസിസി വയനാട് ജില്ലാ കമ്മിറ്റിയുടെ റമസാൻ ക്യാമ്പയിനിന്റെ ഭാഗമായി സ്വരൂപിച്ച നിർധനരായ ഡയാലിസിസ് രോഗികൾക്കുള്ള ധനസഹായ വിതരണ പരിപാടി കൽപ്പറ്റയിൽ സംഘടിപ്പിച്ചു. കൽപ്പറ്റ നിയോജകമണ്ഡലം മുസ്ലിം ലീഗ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന യോഗത്തിൽ നിയോയോജകമണ്ഡലം പ്രസിഡണ്ട് ടി ഹംസ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി സലീം മേമന സ്വാഗതം പറഞ്ഞു.

ജില്ലാ വൈസ് പ്രസിഡണ്ട് റസാഖ് കൽപ്പറ്റ നിയോജകമണ്ഡലം മുസ്ലിം ലീഗ് ഭാരവാഹികളായ അലവി വടക്കേതിൽ അബൂബക്കർ സിദ്ദീഖ് പഞ്ചായത്ത് ഭാരവാഹികളായ വി. പി. ഷുക്കൂർ ഹാജി,കെ.എം. എ.. സലീം, ഉസ്മാൻ പഞ്ചാര,സി.കെ. നാസർ കെ.കെ.മുഹമ്മദലി, കെ. വി.ഉസ്മാൻ കോയ തുടങ്ങിയവർ സംബന്ധിച്ചു. കെഎംസിസി സ്വരൂപിച്ച ഫണ്ട് ജിദ്ദ കെഎംസിസി വയനാട് ജില്ലാ സെക്രട്ടറിലത്തീഫ് മേപ്പാടി, ഉബൈദ് കണിയാമ്പറ്റ, ഹംസ മേപ്പാടി,തുടങ്ങിയവർ നിയോജകമണ്ഡലം ഭാരവാഹികളെ ഏൽപ്പിച്ചു. സെക്രട്ടറി സി ഹാരിസ് നന്ദി പറഞ്ഞു.

ജിദ്ദ കെഎംസിസി വയനാട് ജില്ലാ കമ്മിറ്റി സ്വരൂപിച്ച ഡയാലിസിസ് രോഗികൾക്കുള്ള ധനസഹായ വിതരണ ചടങ്ങഇൽ നിന്ന്

കുഡോസ് 2024- 29ന്

കൽപ്പറ്റ: അഡ്വ. ടി. സിദ്ധിഖ് എം.എൽ.എ നടപ്പിലാക്കുന്ന സ്പാർക്ക് വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി നടത്തുന്ന കുഡോസ്-2024 ജൂൺ 29 ശനിയാഴ്ച രാവിലെ 9.30 ന് കൽപ്പറ്റ ചന്ദ്രഗിരി ഓഡിറ്റോറിയത്തിൽ നടക്കും.

കൽപ്പറ്റയുടെ വിദ്യാഭ്യാസ മേഖലയിൽ കാതലായ മാറ്റം വരുത്തുക എന്ന ലക്ഷ്യവുമായി, ഈ അധ്യയന വർഷത്തിൽ എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ ഉന്നത വിജയം കൈവരിച്ച നിയോജകമണ്ഡലത്തിലെ വിദ്യാർത്ഥികളേയും, നൂറ് ശതമാനം വിജയം കൈവരിച്ച സ്കൂളുകളേയും, മറ്റ് മത്സര പരീക്ഷകളിൽ മികവ് പുലർത്തിയവരേയും പരിപാടിയിൽ അനുമോദിക്കും.

വിദ്യാഭ്യാസ രംഗത്ത് നിയോജകമണ്ഡലത്തിന്റെ സമഗ്ര വിദ്യാഭ്യാസ പുരോഗതിയാണ് ലക്ഷ്യമിടുന്നത്. അതിനുള്ള കഠിന പ്രയത്നമാണ് സ്പാർക് പോലുള്ള വിവിധ പദ്ധതികളിലൂടെ ആരംഭിച്ചിട്ടുള്ളത്. കഴിഞ്ഞ വർഷങ്ങളിലെല്ലാം ഉന്നത വിജയം നേടിയവരേയും, വിദ്യാഭ്യാസ മേഖലയിൽ മികവ് പുലർത്തിയ വിദ്യാർത്ഥികളെയും അനുമോദിച്ചിരുന്നു. കുഡോസ് 2024 ഉദ്ഘാടനം നിർവ്വഹിക്കുന്നത് മുൻ ചീഫ് സെക്രട്ടറി ഡോ.കെ. ജയകുമാർ (ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്), ഇന്ത്യൻ വനിത ക്രിക്കറ്റ് താരം മിന്നുമണി ഉൾപ്പെടെയുള്ള പ്രമുഖ വ്യക്തിത്വങ്ങൾ പങ്കെടുക്കും.

ശംസുൽ ഉലമാ ഇസ്ലാമിക് അക്കാദമിയിൽ സമസ്ത സ്ഥാപക ദിനം ആചരിച്ചു

വെങ്ങപ്പള്ളി: "ആദർശ ബോധം പകർന്ന 98 വർഷങ്ങൾ" എന്ന പ്രമേയത്തിൽ വെങ്ങപ്പള്ളി ശംസുൽ ഉലമാ ഇസ്ലാമിക് അക്കാദമിയിൽ സമസ്ത സ്ഥാപക ദിനം ആചരിച്ചു. അക്കാദമി വൈസ് പ്രസിഡണ്ട് ചീരമ്പത്ത് കുഞ്ഞബ്ദുള്ള സാഹിബ് പതാക ഉയർത്തി, സിറാജുദ്ദീൻ നിസാമി പ്രാർത്ഥനക്ക് നേതൃത്വം നൽകി. ഹാമിദ് റഹ്മാനി പച്ചിലക്കാടിന്റെ അധ്യക്ഷതയിൽ നടന്ന പരിപാടി സമസ്ത വയനാട് ജില്ല ജനറൽ സെക്രട്ടറി എസ് മുഹമ്മദ് ദാരിമി ഉദ്ഘാടനം ചെയ്തു. മമ്മൂട്ടി നിസാമി തരുവണ സ്ഥാപകദിന സന്ദേശം നൽകി. നാസർ മൗലവി, മുഹിയുദ്ദീൻ കുട്ടി യമാനി, ബഷീർ ബാഖവി, ഉനൈസലി വാഫി, കുഞ്ഞിമുഹമ്മദ് ദാരിമി, ഹാഫിള് സഹൽ മൗലവി, അശ്മൽ ഫൈസി, അഖ്നസ് ബാഖവി, ആശിഫ് ഹുദവി സംബന്ധിച്ചു. ഇബ്രാഹിം ഫൈസി പേരാൽ സ്വാഗതവും എ.കെ സുലൈമാൻ മൗലവി നന്ദിയും പറഞ്ഞു.

കനത്ത മഴ: പുഴകളിൽ ജലനിരപ്പ് ഉയർന്നു

ചെങ്കുറ്റി പാലം വെള്ളത്തിൽ മുങ്ങി, താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറിത്തുടങ്ങി, റിപ്പണിൽ കിണർ ഇടിഞ്ഞു താഴ്ന്നു

കൽപ്പറ്റ: കാലവർഷം കനത്തതോടെ ജില്ലയിലെങ്ങും മഴ ശക്തമായി തുടരുന്നു. സുൽത്താൻ ബത്തേരി, മീനങ്ങാടി, കൽപ്പറ്റ, കോട്ടത്തറ, പനമരം, വൈത്തിരി, മേപ്പാടി, പടിഞ്ഞാറത്തറ, തവിഞ്ഞാൽ, മാനന്തവാടി തുടങ്ങിയ പ്രദേശങ്ങളിലെല്ലാം ഇടമുറിയാതെയുള്ള മഴയാണ്. പുത്തുമല, മേൽമുറി, ചുളിക്ക, ബാണാസുര, ചെമ്പ്ര, പടിഞ്ഞാറത്തറ, ലക്കിടി, വൈത്തിരി ഭാഗങ്ങളിലും സമാനമായ രീതിയാണ്. പുഴകളിലും തോടുകളിലും ജലനിരപ്പ് ഉയർന്നിട്ടുണ്ട്. ജലനിരപ്പ് ഉയർന്നതോടെ പുഴയോര പ്രദേശങ്ങളിലുള്ളവരും ഭീതിയിലായി. ഗുരുതരമായ നാശനഷ്ടങ്ങൾ ഇതുവരെ ഇല്ലെങ്കിലും മണ്ണിടിച്ചിൽ സാധ്യതയുള്ള ഭാഗങ്ങളിൽ മഴ ആശങ്ക കൂട്ടുന്നുണ്ട്.

കനത്ത മഴയിൽ മൂപ്പൈനാട് റിപ്പണിൽ കിണർ ഇടിഞ്ഞു താഴ്ന്നു. പുതുക്കാട് പാലപ്പെട്ടി റസാക്കിന്റെ വീടിനോട് ചേർന്നുള്ള കിണറാണ് ഇടിഞ്ഞത്. മോട്ടോറും ഫൈബർടാങ്കും ഉൾപ്പെടെ താഴ്ന്നുപോയി. ഇന്നലെ രാവിലെ പതിനൊന്നരയോടെയായിരുന്നു സംഭവം. മേപ്പാടിയിൽ മഴ കനത്തു പെയ്യുകയാണ്.

വെള്ളരിമല വില്ലേജിൽ പുഴകളിൽ ജലനിരപ്പ് ക്രമാതീതമായി ഉയർന്നു. രണ്ടു തവണ ഉരുൾപൊട്ടലും പലതവണ മണ്ണിടിച്ചിലും ഉണ്ടായ പ്രദേശമായതിനാൽ വെള്ളരിമല വില്ലേജിൽ ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. പുത്തൂർവയൽ ചെങ്കുറ്റി പാലവും വെള്ളത്തിൽ മുങ്ങി. കനത്ത മഴയെ തുടർന്ന് പുഴയിൽ വെള്ളം ഉയർന്നതോടെ പാലം കാണാനാവാത്ത വിധം മുങ്ങുകയായിരുന്നു. ഒമ്പതു കുടുംബങ്ങൾ ആശ്രയിക്കുന്ന പാലമാണിത്. പാലത്തിന് ഉയരം കൂട്ടി നിർമിക്കണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടിട്ടുമുണ്ട്.

കാലവർഷം കനത്തതോടെ താഴ്ന്ന പ്രദേശങ്ങളിലെല്ലാം വെള്ളം കയറി തുടങ്ങിയിട്ടുണ്ട്. പുത്തൂർവയൽ ചെങ്കുറ്റി പാലം വെള്ളത്തിനടിയിലായി. നിരവധി കുടുംബങ്ങൾ ആശ്രയിക്കുന്നതാണ് പാലം. പൂതാടി, കണിയാമ്പറ്റ പഞ്ചായത്തുകളിലെ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറി. കണിയാമ്പറ്റ പഞ്ചായത്തിലെ കാവടം പുഴ കരകവിഞ്ഞ് ഏക്കർക്കണക്കിന് വയലുകൾ വെള്ളത്തിനടിയിലായി. കാവടത്തെ ഇഷ്ടിക കളങ്ങൾ വെള്ളം കയറി മൂടി. കോട്ടവയൽ കൂടൽക്കടവ് റോഡിലും വെള്ളം കയറി. മഴ തുടരുന്ന സാഹചര്യത്തിൽ താഴ്ന്ന പ്രദേശങ്ങളിലും പുഴയോരങ്ങൾ, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ സാധ്യതയുള്ളതായി കണ്ടെത്തിയ പ്രദേശങ്ങളിലും താമസിക്കുന്നവർ അതീവ ജാഗ്രത പാലിക്കേണ്ടതാണ്.

ജില്ലയിൽ കനത്ത മഴ തുടരുന്നു

കൽപ്പറ്റ: വയനാട്ടിൽ കാലവർഷം തുടരുന്നു. ജില്ലയുടെ ചില ഭാഗങ്ങളിൽ ശക്തമായ മഴയാണ് പെയ്യുന്നത്. ഇന്നലെ രാവിലെ എട്ടിന് അവസാനിച്ച 24 മണിക്കൂറിൽ ജില്ലയിൽ വ്യത്യസ്ത അളവിലാണ് മഴ പെയ്തത്. വാളാംതോട് മട്ടിയലത്ത് 233.6 എംഎം മഴ രേഖപ്പെടുത്തി. കാപ്പിക്കളത്ത് 208 എംഎം മഴ പെയ്തു. തൃക്കൈപ്പറ്റ-103 എംഎം, അരുണമല-126, പള്ളിക്കുന്ന്-146, കുറുമ്പാലക്കോട്ട-162, നീരട്ടാടി-102, തളിമല-184, ചുണ്ടേൽ-122, സുഗന്ധഗിരി-147, കടച്ചിക്കുന്ന്-116, മുട്ടിൽ കോൽപ്പാറ-180, മക്കിയാട്-156, വാളാട്-133, വെള്ളാരംകുന്ന്-105, മുക്കുന്നുമല-170, തേറ്റമല 204, ബാണാസുര ഡാം-164, ചെമ്പ്ര-128 എംഎം എന്നിങ്ങനെ മഴ ലഭിച്ചു. കൽപ്പറ്റ ഓണിവയൽ-80 എംഎം, പഴൂർ-78, അതിരാറ്റുകുന്ന് 74, കല്ലൂർ-58, കാട്ടിക്കുളം-61, നീർവാരം-65, തൃശിലേരി-68 എംഎം എന്നിങ്ങനെ മഴ പെയ്തു. പുൽപ്പള്ളിയിൽ 43 ഉം മുള്ളൻകൊല്ലിയിൽ 32ഉം എംഎം മഴയാണ് രേഖപ്പെടുത്തിയത്. കർണാടകയോടു ചേർന്നുകിടക്കുന്ന കൊളവള്ളിയിലാണ് കുറഞ്ഞ അളവിൽ മഴ പെയ്തത്-18.1 എംഎം. സമീപപ്രദേശങ്ങളായ മരക്കടവിൽ 19 ഉം കബനിഗിരിയിൽ 21.3 ഉം എംഎം മഴ പെയ്തു.

കനത്ത മഴയെ തുടർന്ന് റിപ്പണിൽ കിണർ ഇടിഞ്ഞപ്പോൾ, പുഴയിൽ വെള്ളം ഉയർന്നതോടെ മുങ്ങിയ ചെങ്കുറ്റി പാലം

സൗജന്യ പരിശീലനം

കൽപ്പറ്റ: പുത്തൂർവയൽ എസ്ബിഐ ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്രത്തിൽ ജൂലൈ ഒന്നിന് ആരംഭിക്കുന്ന എൽ.സി.വി.ഇ.ടി പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. അച്ചാർ, മസാലപ്പൊടികൾ, പപ്പടം നിർമ്മാണ പരിശീലനത്തിന് 18 നും 45 നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. 10 ദിവസത്തെ പരിശീലനമാണ് നടക്കുക. ഫോൺ-8078711040, 04936207132

ആശാ വർക്കർ നിയമനം

വൈത്തിരി: വൈത്തിരി താലൂക്ക് ആശുപത്രിയിലെ പിപിയൂണിറ്റിന് കീഴിലുള്ള 5-ാം വാർഡിലേക്ക് ആശാ വർക്കറെ നിയമിക്കുന്നു. എസ്.എസ്.എൽ.സി പാസായ വിവാഹിതരായ സ്ത്രീകൾക്ക് അപേക്ഷിക്കാം. അഞ്ചാം വാർഡിലുള്ളവർക്ക് മുൻഗണന. യോഗ്യരായവർ ജൂലൈ നാലിന് രാവിലെ 10 ന് പഞ്ചായത്ത് ഹാളിൽ കൂടിക്കാഴ്ച്ചക്ക് എത്തണം. ഫോൺ: 04936 256229.

കോഴിക്കൂട്ടിൽ പുലിക്കുട്ടി കുടുങ്ങി

സുൽത്താൻ ബത്തേരി: കോഴിക്കൂട്ടിൽ പുലിക്കുട്ടി കുടുങ്ങി. നെൻമേനി ചീരാൽ കുടുക്കി മുണ്ടുപറമ്പിൽ കുട്ടപ്പന്റെ വീട്ടിലെ കോഴിക്കൂട്ടിലാണ് ചൊവ്വാഴ്ച രാത്രി പുലി കുടുങ്ങിയത്. രാത്രി ഒൻപതോടെയാണ് സംഭവം വീട്ടുകാരുടെ ശ്രദ്ധയിൽപ്പെട്ടത്. കോഴിക്കൂടിന്റെ വാതിൽ അടച്ചശേഷം വീട്ടുകാർ വനം ഉദ്യോഗസ്ഥരെ വിവരം അറിയിച്ചു. രാത്രിതന്നെ സ്ഥലത്തെത്തിയ ഉദ്യോഗസ്ഥർ പുലിക്കുട്ടിയെ വല വിരിച്ചുപിടിച്ചു. കോഴിക്കൂട്ടിൽ കയറിയത് പുലിക്കുട്ടിയായതിനാൽ കുടുക്കി നിവാസികൾ ഭീതിയിലാണ്. തള്ളപ്പുലി സമീപത്ത് ഉണ്ടാകുമെന്ന് സംശയത്തിലാണ് പ്രദേശവാസികൾ.

നെൻമേനി ചീരാൽ കുടുക്കി മുണ്ടുപറമ്പിൽ കുട്ടപ്പന്റെ വീട്ടിലെ കോഴിക്കൂട്ടിൽ കുടുങ്ങിയ പുലിക്കുട്ടി

ഭക്ഷ്യവിഷബാധയെന്ന് സംശയം; 17 വിദ്യാർത്ഥികൾ ചികിത്സ തേടി

മാനന്തവാടി: തോണിച്ചാലിലെ അരാമിയ ഇന്റർനാഷണൽ റെസിഡൻഷ്യൽ സ്കൂളിൽ ഭക്ഷ്യ വിഷബാധ ഉണ്ടായതായി സംശയം. സ്കൂളിലെ 17 വിദ്യാർത്ഥികൾ പൊരുന്നന്നൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ചികിത്സ തേടി. വൈകുന്നേരം കുട്ടികൾക്ക് സ്നാക്സ് ആയി കൊടുത്ത ഈത്തപ്പഴംപൊരി കഴിച്ചതിനുശേഷം ആണ് കുട്ടികൾക്ക് ശാരീരിക അസ്വസ്ഥതകളുണ്ടായതെന്നാണ് പറയുന്നത്. വയറുവേദന, വയറിളക്കം, ഛർദി എന്നി വയനുഭവപ്പെട്ടതോടെയാണ് കുട്ടികൾ ആശുപത്രിയിൽ ചികിത്സ തേടിയത്. ആരുടെയും നില ഗുരുതരമല്ല.പ്രാഥമിക ചികിത്സ തേടിയ വിദ്യാത്ഥികൾ വിശ്രമത്തിന്നായി വീടുകളിലേക്ക് പോയി. സംഭവത്തെ തുടർന്ന്

ജില്ലാ ആരോഗ്യവകുപ്പും, എടവക പിഎച്ച്സി ആരോഗ്യ വിഭാഗവും, ഭക്ഷ്യ സുരക്ഷാ വിഭാഗം ഉദ്യോഗസ്ഥരും സ്കൂളിൽ പരിശോധന നടത്തി. എന്നാൽ പ്രാഥമിക പരിശോധനയിൽ വ്യത്തിഹീനമായ സാഹചര്യമോ, പഴകിയ ഭക്ഷ്യവസ്തുക്കളോ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു. എന്നാൽ പൊരിക്കാനായി വാങ്ങിയ ഈത്തപ്പഴം പഴകിയതായിരുന്നു എന്ന സൂചനകളുടെ അടിസ്ഥാനത്തിൽ ഈത്തപ്പഴത്തിന്റെ സാമ്പിൾ ആരോഗ്യ വകുപ്പ് പരിശോധക്കാനായി അയച്ചിട്ടുണ്ട്. കൂടുതൽ വിശദമായ പരിശോധനകൾക്കും, ലാബ് റിസൽട്ടുകളുടെ അടിസ്ഥാനത്തിലും മാത്രമേ

യഥാർത്ഥ കാരണം മനസ്സിലാകൂവെന്ന് ആരോഗ്യ വകുപ്പ് വ്യക്തമാക്കി.

മെഡിക്കൽ കോളേജിലെ ഐ.സി.യു ആംബുലൻസ് പ്രവർത്തന ക്ഷമമാക്കണം

മാനന്തവാടി: വയനാട് മാനന്തവാടി മെഡിക്കൽ കോളേജിൽ പുതുതായി വാങ്ങിയ ഐ സി യു ആംബുലൻസ് കട്ടപ്പുറത്തായിട്ട് മാസങ്ങളായിട്ടും കേടുപാടുകൾ തീർത്ത് നിരത്തിലിറക്കാൻ അധികൃതർ തയ്യാറാകാത്തത് പ്രതിഷേധാർഹമാണെന്ന് യൂത്ത് ലീഗ് മാനന്തവാടി മുനിസിപ്പൽ കമ്മിറ്റി.

ഇതുകാരണം ആദിവാസികളടക്കമുള്ള സാധാരണക്കാർ വലിയ ബുദ്ധിമുട്ടുകൾ അനുഭവിക്കുകയിണെന്നും മന്ത്രി ഒ.ആർ കേളു ഇടപെടണമെന്നും യൂത്ത് ലീഗ് ആവശ്യപ്പെട്ടു

കടയിൽ നിന്ന് പണം കവർന്ന് മുങ്ങിയ പ്രതി പിടിയിൽ

വെള്ളമുണ്ട: വാഴക്കുല കച്ചവടം നടത്തുന്ന കടയിൽ നിന്ന് പണം കവർന്ന് മുങ്ങിയ യുവാവിനെ പിടികൂടി. പാലക്കാട്, കോങ്ങാട്, കോങ്ങാട്-1 ഷുഹൈബ് (24)നെയാണ് സാഹസികമായി ചൊവ്വാഴ്ച പിടികൂടിയത്. കസ്റ്റഡിയിലെടുത്ത സമയം പോലീസുകാരെ ആക്രമിച്ചു രക്ഷപ്പെടാൻ ശ്രമിച്ച പ്രതിയെ ഏറെ പണിപ്പെട്ടാണ് കീഴടക്കിയത്. പോലീസുകാരിലൊരാളെ മുഖത്ത് ഇടിച്ച് ചുണ്ട് മുറിക്കുകയും പല്ലുകൾക്ക് പരിക്കേൽപ്പിക്കുകയും, മറ്റൊരാളെ തള്ളി വീഴ്ത്തി പരിക്കേൽപ്പിക്കുകയും ചെയ്തു. 2020-ലും പാലക്കാട് റെയിൽവേ പോലീസ് സ്റ്റേഷനിൽ ഔദ്യോഗിക കൃത്യനിർവഹണം തടസപ്പെടുത്തിയതിന് ഇയാൾക്കെതിരെ കേസുണ്ട്. ഇതേ സ്റ്റേഷനിൽ സ്ത്രീയുടെ മാല പൊട്ടിച്ച കേസിലും പ്രതിയാണ്.

പൊരുന്നന്നൂർ, ആറുവാൾ സ്വദേശിയുടെ ആറുവാൾ അടിവാരത്തുള്ള വാഴക്കുല കച്ചവടം നടത്തുന്ന കടയിലാണ് ഞായറാഴ്ച മോഷണം നടന്നത്. കടയിലെ മേശ വലിപ്പിന്റെ ലോക്ക് പൊട്ടിച്ച് 20,000 രൂപ മോഷ്ടിച്ചു. കടയുടമയുടെ പരാതിയിൽ പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു. മൊബൈൽ ഫോൺ കേന്ദ്രീകരിച്ചു നടത്തിയ അന്വേഷണത്തിൽ ഇയാൾ കോങ്ങാടിലേക്ക് കടന്നതായി മനസിലാക്കുകയും ഇയാളെ പിടികൂടാനായി പോലീസ് കോങ്ങാടിലേക്ക് തിരിക്കുകയുമായിരുന്നു.

നാട്ടുകാരുടെ സഹായത്തോടെ പ്രതിയെ തിരിച്ചറിഞ്ഞ പോലീസ് ചൊവ്വാഴ്ച രാവിലെ പ്രതിയെ കസ്റ്റഡിയിലെടുത്തു. എന്നാൽ ആക്രമാസക്തനായ പ്രതി പോലീസുകാരെ ആക്രമിച്ചു ഓടി രക്ഷപ്പെടാൻ ശ്രമിക്കുകയും പോലീസ് ബലം പ്രയോഗിച്ച് കീഴടക്കുകയുമായിരുന്നു. തുടർന്ന്, പ്രതിയെ വെള്ളമുണ്ട പോലീസ് സ്റ്റേഷനിലെത്തിച്ചു. ഇയാളെ റിമാൻഡ് ചെയ്തു.

വീട്ടമ്മയുടെ മരണം പ്രതിഷേധ റാലി നടത്തി

അത്തോളി: ഉള്ള്യേരി പാലോറ കാവോട്ട് വീട്ടമ്മയായ ഷൈജിയുടെ മരണത്തിനുത്തരവാദികളായവരെ അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് ജനകീയ മുന്നണി പ്രതിഷേധ റാലി നടത്തി. നാലാം വാർഡ് കേന്ദ്രീകരിച്ച് നടത്തിയ റാലിയിൽ എ.കെ. മണി, ഷാജി പുതിയോട്ടിൽ, നടുക്കണ്ടി ഭാസ്ക്കരൻ, ടി.കെ. ശകുന്തള, ഹസൻകോയ, എൻ.കെ.രാജൻ, ചാലിൽ ശശി, എൻ.എം പ്രഭാകരൻ നേതൃത്വം നൽകി.

ഉള്ളിയേരിയിൽ നടന്ന പ്രതിഷേധറാലി

പെട്രോൾ പമ്പ്: നന്മണ്ടയിൽ പ്രതിഷേധമിരമ്പി

ബാലുശ്ശേരി :ജനവാസ മേഖലയായ നന്മണ്ട ബ്രഹ്മ കുളത്ത് പെട്രോൾ പമ്പ് സ്ഥാപിക്കാനുള്ള നീക്കത്തിനെതിരെ നാട്ടുകാരുടെ പ്രതിഷേധപ്രകടനവും പൊതുയോഗവും നടന്നു. പ്രതിഷേധ മാർച്ചിൽ നൂറ്ക്കണക്കിന് ആളുകൾ അണി ചേർന്നു. നാല് ഓളം പെട്രോൾ പമ്പുകളാണ് നന്മണ്ടയിൽ തുടങ്ങാൻ പഞ്ചായത്തിനെ സമീപിച്ചിരിക്കുന്നത്. മുട്ടിന് മുട്ടിന് പമ്പ് സ്ഥാപിച്ച് കുടിവെള്ള പ്രശ്നം സൃഷ്ടിക്കുന്നതിനെതിരെ നടന്ന പൊതുയോഗം നന്മണ്ട പഞ്ചായത്ത് മെമ്പർ നിത്യകല വി.കെ ഉദ്ഘാടനം ചെയ്തു.ബിനീഷ് ഏറാഞ്ചേരി അദ്ധ്യക്ഷത വഹിച്ചു. അബ്ദുറഹിമാൻ മെഹനത്ത്, ഇഷംസുദ്ദീൻ , ഒ. കെ മോഹനൻ, മുഹമ്മദ് സാലിഹ്.ടി , കെ.പി. ദാമോദരൻ മാസ്റ്റർ, ടി. ദേവാനന്ദ്, മുകേഷ് പി.കെ. ഡോ. കെ.രാജേന്ദ്രൻ, കെ.മോഹനൻ രാജേന്ദ്രൻ താനപ്പറ്റ ,ഒ.ടി ജമാലുദ്ദീൻ സംസാരിച്ചു.

കോഴിക്കോട് വാർത്തകൾ

കെ.എസ്.ടി.യു. പേരാമ്പ്ര സബ്ജില്ലാ മെമ്പർഷിപ്പ് കാമ്പയിൻ എ.പി. അസീസ് ഉദ്ഘാടനം ചെയ്യുന്നു

കെ.എസ്.ടി.യു മെമ്പർഷിപ്പ് കാമ്പയിൻ

നടുവണ്ണൂർ :അശാസ്ത്രീയമായ അക്കാദമിക് കലണ്ടർ അടിച്ചേൽപ്പിച്ചു പൊതുവിദ്യാഭ്യാസരംഗം നശിപ്പിക്കാൻ ശ്രമിക്കുന്നവിദ്യാഭ്യാസ വകുപ്പിൻറെ ശ്രമംചെറുത്തു തോൽപ്പിക്കുമെന്കേരള സ്കൂൾ ടീച്ചേഴ്സ് യൂണിയൻ സംസ്ഥാന സെക്രട്ടേറിയേറ്റ് അംഗം എ.പി.അസീസ് പറഞ്ഞു. കെ .എസ് . ടി .യു പേരാമ്പ്ര ഉപജില്ലാ തല മെമ്പർഷിപ്പ് കാമ്പയിൻ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം .എൻ. കെ. സാലിം അധ്യക്ഷതവഹിച്ചു .സി. നസിറ ടീച്ചർ , മിസ്ഹബ് കീഴരിയൂർ,റഷീദ് പാണ്ടിക്കാട് ,ആസിഫ് നൊച്ചാട് ,നജ്മൽ. സി , സഹീറ ടീച്ചർ സംസാരിച്ചു.

മേപ്പയ്യൂർ സലഫി ഹയർ സെക്കൻഡറി സ്കൂൾ ഉന്നത വിജയികളൾക്കുള്ള അനുമോദനം അഷിദ നടുക്കാട്ടിൽ ഉദ്ഘാടനം ചെയ്യുന്നു

വിജയികളെ അനുമോദിച്ചു

മേപ്പയ്യൂർ:മേപ്പയ്യൂർ സലഫി ഹയർ സെക്കൻഡറി സ്കൂൾ പ്ലസ് ടു വിജയികളെ അനുമോദിച്ചു.മേലടി ബ്ലോക്ക് പഞ്ചായത്ത് മെമ്പർ അഷിദ നടുക്കാട്ടിൽ ഉദ്ഘാടനം ചെയ്തു. ഷംന ടീച്ചർ സ്വാഗതം പറഞ്ഞു.സ്കൂൾ പ്രിൻസിപ്പൽ ലാലു അധ്യക്ഷനായി.സി.കെ ഹസ്സൻ മാസ്റ്റർ,സാബിത്ത് മാസ്റ്റർ സംസാരിച്ചു. രമേശ് കാവിൽ മോട്ടിവേഷൻ ക്ലാസുകൾ നൽകി.സാജിത ടീച്ചർ നന്ദിപറഞ്ഞു.

പന്തീരാങ്കാവ് പീഡനക്കേസ്

മൊഴി മാറ്റിയത് രാഹുലിന്റെ സമ്മർദ്ദം

കോഴിക്കോട്: പന്തീരാങ്കാവ് ഗാർഹിക പീഡനക്കേസ് റദ്ദാക്കരുതെന്ന് പൊലീസ് ഹൈക്കോടതിയിൽ അറിയിച്ചു. പരാതിക്കാരിയായ യുവതി മൊഴി മാറ്റിയത് പ്രതി രാഹുലിന്റെ സമ്മർദ്ദത്തെ തുടർന്നാണെന്ന് അന്വേഷണസംഘം ഹൈക്കോടയിൽ റിപ്പോ!ർട്ട് നൽകി. കേസ് റദ്ദാക്കണമെന്നാവശ്യപ്പെട്ട് രാഹുൽ നൽകിയ ഹർജി തള്ളണമെന്നാണ് പൊലീസ് ആവശ്യപ്പെട്ടിരിക്കുന്നത്. യുവതി പൊലീസ് സ്റ്റേഷനിൽ നേരിട്ട് എത്തിയാണ് ഭർത്താവായ രാഹുലിനെതിരെ പരാതി നൽകിയതെന്നും റിപ്പോർട്ടിലുണ്ട്കേസെടുത്തതിന് പിന്നാലെ രാഹുൽ ജർമനിയിലേക്ക് കടന്നിരുന്നു. തന്റെ വീട്ടുകാരുടെ സമ്മർദ്ദത്തെത്തുടർന്നാണ് ഭർത്താവിനെതിരെ പരാതി നൽകിയതെന്ന് യുവതി പിന്നീട് പറഞ്ഞിരുന്നു. വീട്ടുകാർക്കൊപ്പം പോകാൻ താൽപര്യമില്ലെന്ന് മജിസ്ട്രേറ്റിന് മുന്നിൽ ഹാജരാക്കിയപ്പോൾ അറിയിച്ച യുവതി ഡൽഹിയിലേക്കു തിരിച്ചു പോയി. പന്തീരാങ്കാവ് ഗാർഹിക പീഡനക്കേസ് ഒത്തുതീർപ്പായെന്നാണ് പ്രതി ഹൈക്കോടതിയിൽ അറിയിച്ചത്. എഫ്ഐആർ റദ്ദാക്കണമെന്നാവശ്യപ്പെട്ടുള്ള പ്രതി രാഹുലിന്റെ ഹർജിയിൽ സർക്കാരിനും പന്തീരാങ്കാവ് എസ്എച്ച്ഒയ്ക്കും പരാതിക്കാരിക്കും കോടതി നോട്ടീസ് അയക്കുകയായിരുന്നു.

ബസ് സ്ക്കൂട്ടറിലിടിച്ച് രണ്ടുപേർക്ക് പരിക്ക്

ബാലുശ്ശേരി: ബ്ലോക്ക് റോഡ് ജംക്ഷനിൽ ബസ് സ്ക്കൂട്ടറിലിടിച്ച് രണ്ടുപേർക്ക് പരിക്ക്. പാലോളി അബ്ദുൽസലാം കൂരിക്കണ്ടി, ബഷീർ കൂരിക്കണ്ടി എന്നിവർക്കാണ് പരിക്ക് ഇവർ സ്വദേശമായ കൂട്ടാലിട പാലോളിയിലേക്ക് പോകുമ്പോഴാണ് അപകടം. ഇന്നലെ വൈകീട്ട് ആറരയോടെയാണ് സംഭവം..പരിക്കേറ്റ രണ്ടുപേരെയും മൊടക്കല്ലൂർ മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കൊയിലാണ്ടി ഭാഗത്തുനിന്നു ബാലുശ്ശേരി ഭാഗത്തേക്ക് വരികയായിരുന്നു ബസ്

സിനിമ

കോഴിക്കോട്

രാധ: GHAJINI (Tamil) (11.00 A.M., 9.00 P.M)
GURUVAYOOR AMBALANADAYIL (Mal)
(2.30 P.M., 6.00 P.M.)

ARC കോറണേഷൻ
ONLINE BOOKING THROUGH Bookmyshow
KALKI -2898 AD (MAL) (10:00 AM, 01:30 PM, 04:00 PM, 07:15 PM, 10:30 PM, 10:45 PM)
MAHARAJA (TAMIL) (10:00 AM, 01:00 PM, 07:30 PM)
MANDAKINI (MAL) (04:50 PM)
NADANNA SAMBHAVAM (MAL)
(12:30 PM, 05:30 PM, 10:20 PM)
ULLOZHUKKU (MAL) (10:00 AM, 03:00 PM, 08:00 PM)

കൈരളി: A/C 4K Dolby:
KALKI 2898 AD(malayalam)-
(10.00am,01.30pm,05.00pm,08.30pm,11.55pm)

ശ്രീ: A/C 4K Dolby:
ULLOZHUKKU-(11.00AM,02.30PM,06.00PM,09.00PM)

വടകര

അശോക് CNC: A/C 4K Dolby 7.1
KALKI 2898 AD (Malayalam) (10.00, 01.15, 04.30, 07.45)
GRRR... (Malayalam) (11.00AM)
NADANNA SAMBHAVAM (Malayalam) (01:30, 07:30)
GOLAM (Malayalam) (04:30PM)

കുന്ദമംഗലം
MAGIC FRAMES 4K RGB LASER/3D DOLBY ATMOS
GURUVAYOOR AMBALANADAYIL - Malayalam (4:30 PM)
LITTLE HEARTS - Malayalam (9:45 PM)
GRRRR (U) - Malayalam (11:00 AM, 4:15 PM)
MAHARAJA (U/A) - TAMIL (1:30 PM, 7:00 PM, 9:50 PM)
GAGANACHARI - Malayalam
(11:45 AM, 2:00 PM, 4:00 PM, 7:15 PM, 9:30 PM)
NADANNA SAMBHAVAM - Malayalam
(11:15 AM, 1:45 PM, 7:30 PM)

പേരാമ്പ്രയിൽ ടാക്സി ജീപ്പിനു മുകളിൽ മരം വീണപ്പോൾ.

മഴ തുടരുന്നു വ്യാപകനാശം

ജീപ്പിന് മുകളിൽ മരം കടപുഴകി വീണു

ഒഴിവായത് വൻ ദുരന്തം

പേരാമ്പ്ര: ചെമ്പ്ര റോഡ് ജംഗ്ഷനു സമീപം നിർത്തിയിട്ട ടാക്സി ജീപ്പിന് മുകളിൽ മരം വീണു. കായണ്ണ ഭാഗത്തേക്ക് സർവ്വീസ് നടത്തുന്ന ജീപ്പിന്റെ മുകളിലാണ് മരം വീണത്. ഇന്നലെ വൈകീട്ട് 5 മണിയോടെയാണ് സംഭവം. മരം വീഴുന്ന സമയത്ത് ആരും ജീപ്പിൽ ഇല്ലാത്തതിനാൽ ദുരന്തം ഒഴിവായി. കഴിഞ്ഞവർഷവും മഴക്കാലത്ത് ഇവിടെ ജീപ്പിനു മുകളിൽ മരം വീണിരുന്നു. ഈ വർഷം മഴക്കാലം തുടങ്ങുന്നതിന്റെ മുമ്പ് തന്നെ ഡ്രൈവർമാർ എല്ലാവരും ചേർന്ന് ഒപ്പ് ശേഖരണം നടത്തി വില്ലേജ് ഓഫീസർക്ക് നൽകിയിരുന്നു. പക്ഷെ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. മരം വീണതിനെ തുടർന്ന് അരമണിക്കൂറോളം ഗതാഗതം തടസ്സപ്പെട്ടു. നാട്ടുകാരും പേരാമ്പ്ര ഫയർഫോഴ്സും ചേർന്ന് മരം മുറിച്ചുമാറ്റി ഗതാഗതം പുന:സ്ഥാപിച്ചു. ജീപ്പിന് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. കായണ്ണയിലെ കെ. പി ഗോവിന്ദന്റെ താണ് ജീപ്പ്.

റോഡിനോട് ചേർന്ന വീടിന്റെ മതിൽ ഇടിഞ്ഞു വീണു

അത്തോളി: കനത്ത മഴയിൽ വീടിന്റെ സംരക്ഷണ ഭിത്തി ഇടിഞ്ഞു വീണു. അത്തോളി കണ്ടംപറമ്പത്ത് കീഴളത്ത് റോഡിൽ കണ്ടംപറത്ത് ഷരീഫിന്റെ വീടിനു സമീപം പഞ്ചായത്ത് റോഡിനോട് ചേർന്ന കരിങ്കൽ കെട്ടാണ് തകർന്നു വീണത്. ചൊവ്വാഴ്ച രാത്രി ഏഴു മണിയോടെയാണ് സംഭവം. വലിയ ശബ്ദം കേട്ട് വീട്ടുകാർ വന്നു നോക്കിയപ്പോഴാണ് മതിൽ തകർന്നു കണ്ടത്. ബാക്കി ഭാഗവും ഏതു നിമിഷവും വീഴാവുന്ന അവസ്ഥയിലാണ്. മതിലിന്റെ അവശിഷ്ടം പതിച്ചതിനെ തുടർന്ന് വീടിന്റെ ചുമരിനും കേടുപാടുകൾ പറ്റിയിട്ടുണ്ട്. ഇരുമ്പ് ഷീറ്റിന്റെ മറയും തകർന്നു. ജലജീവിൻ പദ്ധതിക്കായി കുഴിയെടുത്തു നേരാം വണ്ണം മൂടാത്ത ഭാഗത്താണ് മതിൽ ഇടിഞ്ഞു വീണത്. വീതി കുറഞ്ഞ റോഡിന്റെ ഭാഗം ഇടിഞ്ഞു വീണതോടെ ഇതുവഴി വാഹനങ്ങൾ കടന്നു പോകാൻ കഴിയാത്ത സ്ഥിതിയാണ്. രാത്രിയിൽ വെളിച്ചമില്ലാത്തതും അപകട സാധ്യത വർധിപ്പിക്കുന്നു. ജലജീവൻ പദ്ധതിക്കായി വെട്ടിപ്പൊളിച്ച റോഡിൽ കോൺക്രിറ്റ് പ്രവൃത്തി നടക്കുന്നുണ്ട്. ഇതിനായുള്ള വലിയ വാഹനങ്ങൾ ഇതുവഴി സഞ്ചരിക്കുന്നതിനാൽ റോഡു തിങ്ങുന്നതും കുഴിയിലൂടെ മഴവെള്ളം ഊർന്നിറങ്ങിയും റോഡരുകിലെ മതിലുകൾക്ക് ഭീഷണയായിട്ടുണ്ട്

അത്തോളി കണ്ടംപറമ്പത്ത് കീഴളത്ത് റോഡിൽ കണ്ടംപറമ്പത്ത് ഷരീഫിന്റെ വീടിന്റെ മതിൽ ഇടിഞ്ഞു വീണ നിലയിൽ

വാർത്ത അടിസ്ഥാന രഹിതം

നന്തിബസാർ: വന്മുഖം ഗവ. ഹൈസ്കൂളിലെ സ്റ്റാഫ് യോഗത്തിൽ കയ്യേറ്റശ്രമം നടന്നുവെന്ന രീതിയിൽ ദേശാഭിമാനി പത്രത്തിൽ വന്ന വാർത്ത അടിസ്ഥാനരഹിതമാണെന്നും ശാന്തമായഅന്തരീക്ഷത്തിൽ തീർത്തും ക്രിയാത്മകമായ ചർച്ചകളാണ് യോഗത്തിൽ നടന്നതെന്നും,പ്രകോപനപരമായസംസാരമോ പ്രവൃത്തിയോ ആരുടെ ഭാഗത്ത് നിന്നു ഉണ്ടായിട്ടില്ലെന്നും സ്കൂൾ അധികൃതർ അറിയിച്ചു.

ഹെൽത്ത് വർക്കർ ഒഴിവ്

അത്തോളി: പഞ്ചായത്ത് ഗവ. ആയുർവ്വേദ ഡിസ്പെസറി ആയുഷ് ഹെൽത്ത് ആന്റ് വെൽനെസ് സെന്ററിലേക്ക് മൾട്ടി പർപസ് ഹെൽത്ത് വർക്കർ ഒഴിവിലേക്ക് നിയമനം നടത്തുന്നതിനായി ജി.എൻ.എം യോഗ്യതയുള്ള 40 വയസ്സിൽ താഴെ പ്രായമുള്ളവരിൽ നിന്നു അപേക്ഷകൾ ക്ഷണിക്കുന്നു. 3 ന് രാവിലെ 10 ന് പഞ്ചായത്ത് ഓഫീസിൽ അഭിമുഖത്തിന് ഹാജരാകണം വിവരങ്ങൾക്ക്: 04962672235, 9847310638

ബോധവത്കരണ ക്ലാസ്

ബാലുശ്ശേരി: കോട്ടനട റെസിഡൻസ് അസോസിയേഷൻ വനിതാവിങ് സ്ത്രീ ശാക്തികരണ വിഷയത്തിൽ ബോധവത്ക്കരണ ക്ലാസ് നടത്തി. സമൂഹിക പ്രവർത്തകൻ വി.കെ സുകുമാരൻ മാസ്റ്റർ ക്ലാസെടുത്തു. അജി രാജൻ അധ്യക്ഷയായി. ഷൈനി ടീച്ചർ, ഭാഗ്യലക്ഷ്മി പ്രകാശ് സംസാരിച്ചു.

കവിത സൗഹൃദ സദസ്

അത്തോളി: വായന വാരാചരണത്തിന്റെ ഭാഗമായി ഓട്ടമ്പലം പ്രിയദർശിനി ഗ്രന്ഥാലയം ഒരുക്കിയ 'മലയാള കവിതയുടെ സുഗതകുമാരി ടീച്ചർ' വിഷയത്തിൽ നടന്ന പ്രാദേശിക കവിത സൗഹൃദ സദസ് എഴുത്തുകാരൻ എൻ.ആർ സുരേഷ് ഉദ്ഘാടനം ചെയ്തു.വി.എം ഷാജി അധ്യക്ഷനായി. കരീം ചെങ്ങോട്ട്, വേണു പുതിയേടത്ത്, ടി.കെ അനിൽകുമാർ, രവീന്ദ്രൻ കണ്ടോത്ത് കണ്ടി, പി.എം ഷിബി, ബിൻസി ദിനേശ് സംസാരിച്ചു.ദിവ്യ സുരേഷ്, എ.കെ മയൂഖ ,എസ്.എസ് വൈഷ്ണവി, സുധ പേക്കോടത്ത് കവിത ആലപിച്ചു

പൊലീസ് സ്റ്റേഷനിൽ നിന്ന് ഫയൽ തട്ടിപ്പറിച്ചോടാൻ ശ്രമം

ഹോംഗാർഡ് അറസ്റ്റിൽ

ബാലുശ്ശേരി: പരാതികളടങ്ങുന്ന ഫയൽ തട്ടിപ്പറിച്ച് ഓടാൻ ശ്രമം നടത്തിയ ഹോംഗാർഡ് അറസ്റ്റിൽ. താമരശേരി പൊലിസ് സ്റ്റേഷനിലെ ഹോംഗാർഡ് നന്മണ്ട കുടത്താം കണ്ടി സുധീഷിനെയാണ് അറസ്റ്റ് ചെയ്തത്. വീട്ടിൽ മദ്യപിച്ചെത്തി വഴക്കുണ്ടാക്കുന്നുവെന്ന് കാണിച്ച് ഇയാൾക്കെതിരേ ഭാര്യ ബാലുശേരി പൊലീസിൽ പരാതി നൽകിയിരുന്നു. ഇതിനെ തുടർന്ന് സുധീഷിനെ സ്റ്റേഷനിലേക്ക് വിളിപ്പിച്ചിരുന്നു. ചൊവ്വാഴ്ച വൈകുന്നേരം അഞ്ചരയോടു മദ്യപിച്ചെത്തിയ നിലയിൽ പൊലിസിനു നേരെ കയർക്കുകയും പരാതികൾ ഉൾപ്പെടുന്ന ഫയൽ പിടിച്ചു ഓടാൻ ശ്രമം നടത്തുകയും ചെയ്തതായി പൊലിസ് പറഞ്ഞു. പേരാമ്പ്ര കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

പണയസ്വർണം തിരിച്ചു കിട്ടിയില്ല

ബാങ്കിൽ കുത്തിയിരിപ്പു സമരം

പേരാമ്പ്ര: സി.പി.എം നിയന്ത്രണത്തിലുള്ള പേരാമ്പ്ര റിജ്യനൽ കോഓപ്പറേറ്റീവ് ബാങ്കിന്റെ മാർക്കറ്റ് ബ്രാഞ്ചിൽ പണയം വെച്ച സ്വർണാഭരണത്തിന് പലിശ സഹിതം പണമടച്ചിട്ടും തിരിച്ചു കൊടുത്തില്ല. രോഷാകുലനായ സി.പി.എം പ്രവർത്തകൻ തളിച്ചാംകുളത്ത് പ്രകാശൻ ബാങ്കിൽ കുത്തിയിരിപ്പ് സമരം നടത്തി. ജൂൺ 20 നാണ് ഭാര്യയുടെ അഞ്ചേകാൽ പവൻ വരുന്ന താലിമാല പ്രകാശൻ 90,000 രൂപക്ക് പണയം വെച്ചത്.22 ന് സ്വർണം എടുക്കാൻ പലിശ സഹിതം പണമടച്ച ശേഷമാണ് സ്വർണം തരില്ലെന്ന് ബാങ്ക് അധികൃതർ പറഞ്ഞത്.

ഒരു വിധത്തിലും സ്വർണം തിരിച്ചുകിട്ടില്ലെന്ന് ബോധ്യപ്പെട്ടതോടെ പ്രകാശൻ സമരത്തിനിറങ്ങുകയായിരുന്നു. തന്റെ സ്വർണം ബാങ്ക് അധികാരികൾ എന്തു ചെയ്തുവെന്ന ആശങ്കയിലാണ് പ്രകാശൻ. സ്വർണം കാണിച്ചു തരാൻ പോലും അധികൃതർ തയ്യാറായില്ല. വർഷങ്ങൾക്ക് മുമ്പ് പ്രകാശൻ ബാങ്കിൽ നിന്നു എടുത്ത ലോണുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ് നിലവിലുണ്ട്. അതിന്റെ പണം കൃത്യമായി കോടതിയിൽ അടച്ചു വരുന്നുണ്ട്.ഇതിന്റെ പേരിൽ പണയ സ്വർണം തടഞ്ഞുവെക്കാൻ കഴിയില്ലെന്നും സ്വർണം ബാങ്ക് തിരിമറി നടത്തിയതാണെന്നും പ്രകാശൻ പറഞ്ഞു. സി.പി.എം മുൻ ഏരിയ സെക്രട്ടറി എ.കെ ബാലനാണ് ബാങ്കിന്റെ പ്രസിഡന്റ്.സി.പി.എം നേതാക്കൾ ഇടപെട്ടെങ്കിലും പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. പണം തിരിമറി നടത്തിയതിനെ തുടർന്ന് ബാങ്കിൽ നിന്ന് നിരവധി കളക്ഷൻ ഏജന്റുമാരെ ഈയിടെ പിരിച്ചുവിട്ടിരുന്നു.

റോഡുകളുടെ ശോചനീയാവസ്ഥ

ബസ്സ് ഉടമകളും തൊഴിലാളികളും പ്രക്ഷോഭത്തിലേക്ക്

കൊയിലാണ്ടി: കൊയിലാണ്ടി,വടകര താലൂക്കുകളിലെ ദേശീയ പാതയിലെ പ്രവൃത്തി കാരണം റോഡുകളുടെ ശോചനീയാവസ്ഥ പരിഹാരം കാണണമെന്നാവശ്യപ്പെട്ട് വടകരയിലെയും, കൊയിലാണ്ടിയിലെയും, ബസ്സ് ഉടമകളും, തൊഴിലാളി സംഘടനാ കോ .ഓർഡിനേഷൻ കമ്മിറ്റി യോഗം പയ്യോളിയിൽ ചേർന്നു പ്രത്യക്ഷ സമരപരിപാടികൾ ആസൂത്രണം ചെയ്തു. റോഡിന്റെ ശോചനീയാവസ്ഥ കാരണം ട്രപ്പുപ്രകൾ മുടങ്ങുന്നത് നിത്യ സംഭവമായി മാറിയത് കാരണം കൊയിലാണ്ടി വടകര ബസ്സുകൾ പയ്യോളി വരെയാണ് ഉപ്പോൾ സർവീസ് നടത്തുന്നത് .സമരസമിതിയുടെ തീരുമാനപ്രകാരം കലക്ടർക്കും, എം.പി., എം.എൽ.എമാർക്ക് നിവേദനം നൽകാനും , പരിഹാരം കണ്ടില്ലെങ്കിൽ വഗാഡിന്റെ ഓഫീസ് മാർച്ച് നടത്താനും തീരുമാനിച്ചു. യോഗത്തിൽ എ.കെ.സുരേഷ് ബാബു അദ്ധ്യക്ഷത വഹിച്ചു. ബിജു,അഡ്വ: നാരായണൻ നായർ,ശിവ പ്രകാശ് ,എ.പി.ഹരിദാസൻ, ഇ.സി. കുഞ്ഞമ്മദ്, ടി.കെ.ദാസൻ, മനോജ് കെ.കെ, അബുഹാജി പാറക്കൽ, സുശീൽ, സംസാരിച്ചു

പുസ്തക ചർച്ച

കൊടിയത്തൂർ: വായന അനുഭവം മാത്രമല്ല അനുഭൂതിയും പകരുമെന്ന് സി.പി ചെറിയ മുഹമ്മദ് വായനാ വാരാചരണത്തിന്റെ ഭാഗമായി കൊടിയത്തൂർ സീതി സാഹിബ് ലൈബ്രറിയിൽ എം.എ റുഖിയ്യ രചിച്ച വെള്ളക്കാന്താരി പുസ്തക ചർച്ച ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പി സി അബ്ദു നാസർ അധ്യക്ഷത വഹിച്ചു. പി.സി അബൂബക്കർ, ബച്ചു ചെറുവാടി, ഫസൽ കൊടിയത്തൂർ, എം.എ അബ്ദുറഹിമാൻ, എം അഹ്മദ് കുട്ടി മദനി, സാദിഖ് അലി കക്കാട്, സംസാരിച്ചു.

ലഹരി വിരുദ്ധ ദിനം

കൊയിലാണ്ടി : നടുവത്തൂർ ശ്രീ വാസുദേവാശ്രമ ഗവ.ഹയർ സെക്കൻഡറി സ്കൂൾ ഗൈഡ്സ് യൂണിറ്റും, എൻ എസ് എസ് യൂണിറ്റും, കൊയിലാണ്ടി ലീഗൽ സർവീസ് കമ്മിറ്റിയും സംയുക്തമായി ലഹരി വിരുദ്ധ ദിനത്തിൽ ബോധവൽക്കരണ ക്ലാസ് നടത്തി. അഡ്വ. രാജീവൻ മല്ലിശ്ശേരിക്ലാസ്സിന് നേതൃത്വം നൽകി. പ്രിൻസിപ്പൽ അമ്പിളി കെ കെ അധ്യക്ഷത വഹിച്ചു. ദേവപ്രിയ എം എം മിദ ഷെറിൻ, ഹെഡ് മിസ്ട്രസ് അജിത, വിനീത് കെ പി,വിസ്മയ ,സോളമൻ ബേബി, സിന്ധു വി കെ, സ്മിത പി, ഉഷ ചന്ദ്രൻ സംസാരിച്ചു

നന്തി ബസാർ: വന്മുകം എളമ്പിലാട് എം.എൽ.പി.സ്കൂളിൽ ലഹരി വിരുദ്ധ ദിനത്തിൽ വിദ്യാലയം ഒരു വർഷം നീണ്ടു നിൽക്കുന്ന വായനയാണ് ലഹരി ലഹരിയാണ് വായന എന്ന വേറിട്ട കാമ്പയിന് തുടക്കം കുറിച്ചിരിക്കുന്നത്. സ്കൂൾ ഗ്രൗണ്ടിൽ പുസ്തകം കൈകളിലേന്തി അധ്യാപകരും, കുട്ടികളും ചേർന്ന് വായനയായിരിക്കും ഇനി മുതൽ തങ്ങളുടെ ലഹരിയെന്ന് പ്രതിജ്ഞയെടുത്തു. വാർഡ് മെമ്പർ ടി.എം.രജുപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. പ്രധാനാധ്യാപിക എൻ.ടി.കെ.സീനത്ത് അധ്യക്ഷയായി.എസ്.ആർ.ജി.കൺവീനർപി.കെ.അബ്ദുറഹ്മാൻ, സി.ഖൈറുന്നിസാബി,പി. നൂറുൽ ഫിദ പ്രസംഗിച്ചു.

ബാലുശ്ശേരി: ജി എച്ച് എസ് എസ് ശിവപുരം സൈക്കോ സോഷ്യൽ പദ്ധതിയുടെയും സ്കൂൾ ജാഗ്രതാ സമിതിയുടെയും നേതൃത്വത്തിൽ പരിപാടികൾ നടത്തി. ബാലുശ്ശേരി പോലീസ് സ്റ്റേഷനിലെ മുഹമ്മദ് പുതുശ്ശേരി ബോധവത്കരണ ക്ലാസ് നടത്തി. ലഹരി വിരുദ്ധ പ്രതിജ്ഞ എടുത്തു.

ബാലുശ്ശേരി: ഉണ്ണികുളം ജി യു പി സ്കൂൾ ജാഗ്രത സമിതിയും എസ്റ്റേറ്റ് മുക്ക് പൗരസമിതിയും ചേർന്ന് ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ് നടത്തി. ബാലുശ്ശേരി എസ് ഐ മുഹമ്മദ് പുതുശ്ശേരി ക്ലാസ് നയിച്ചു. ഉണ്ണികുളംപഞ്ചായത്ത് പ്രസിഡണ്ട് ഇന്ദിര ഏറാടിയിൽ ഉദ്ഘാടനം ചെയ്തു.കെഎം സന്തോഷ് കുമാർ അധ്യക്ഷതവഹിച്ചു. വി. വിപിന്യ, റഷീദ് പൂനൂർ,ബാബു കെ എം ,എംജി സീന മോൾ സംസാരിച്ചു

കാപ്പാട്: ചേമഞ്ചേരി യു പി സ്കൂളിൽ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. വിനീത മണാട്ട് അദ്ധ്യക്ഷത വഹിച്ചു. ഹെഡ്മിസ്ട്രസ് സി.കെ സജിത ഉദ്ഘാടനം ചെയ്തു. തിരുവങ്ങൂർ വെസ്റ്റ് എൽ പി സ്കൂൾഹെഡ്മിസ്ട്രസ് ലസിത ടീച്ചർ ക്ലാസെടുത്തു. മുഹമ്മദ് ഷരീഫ് , ഷിജ ഇ , നസീറ എ.കെ എസ് സംസാരിച്ചു

അത്തോളി: ഗവ.മാപ്പിള യു.പി സ്കൂളിൽ ലോക ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി രക്ഷാതാക്കൾക്ക്ബാലുശ്ശേരി റെയിഞ്ച് സിവിൽ എക്സൈസ് ഓഫീസർ പി. റഷീദ് ക്ലാസ്സെടുത്തു. എം.പ്രകാശ് ബാബു, ടി.വി. ബൽരാജ്,എൻ.എം. അഞ്ജു, പി.കെ.സിഞ്ചുര,ബി.എസ്.ബിന്ദു,എൻ.എം.നഷീദ,കെ.രാജു.,പി.കെ.സുബിത,എസ്.ശ്രുതില നേതൃത്വം നൽകി.

അത്തോളി:ജി.വി.എച്ച്.എസ്.എസ് എസ്.പി.സിയ ലഹരി വിരുദ്ധ ദിനാചരണം അത്തോളി എസ്.ഐ ആർ.രാജീവ് ഉദ്ഘാടനം ചെയ്തു.സന്ദീപ് കുമാർ നാലുപുരക്കൽ അധ്യക്ഷനായി. ശാന്തി മാവീട്ടിൽ, കെ.എം മണി, കെ.ശ്രീലേഖ, വി.ആർ സുനു, സി.പി മോളി സംസാരിച്ചു. ആന്റി ഡ്രഗ് ബ്രിഗേഡുകൾ ക്ലാസെടുത്തു. എസ് സരിത നേതൃത്വം നൽകി.

സിവിൽ സർവീസ് പരിശീലന കേന്ദ്രം

മുക്കം: രാഷ്ട്ര നിർമിതിയിൽ പ്രധാന പങ്ക് വഹിക്കാൻ അവസരം ലഭിക്കുന്ന സിവിൽ സർവീസ് മേഖലയിലേക്ക് പിന്നാക്ക സമൂഹങ്ങൾ കൂടുതലായി കടന്നുവരേണ്ടത് അനിവാര്യമാണെന്ന് നജീബ് കാന്തപുരം എം.എൽ.എ പറഞ്ഞു. പെരിന്തൽ മണ്ണയിലെ ഹൈദരലി ശിഹാബ് തങ്ങൾ അക്കാദമി ഫോർ സിവിൽ സർവീസസിന് കീഴിൽ ചേന്ദമംഗല്ലൂർ ഹയർ സെക്കണ്ടറി സ്കളിൽ ആരംഭിച്ച സിവിൽ സർവീസ് പരിശീലന കേന്ദ്രത്തിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.പ്രധാനാധ്യാപകൻ യു.പി മുഹമ്മദലി അധ്യക്ഷത വഹിച്ചു. സിവിൽ സർവ്വീസ് പ്രവേശന പരീക്ഷക്ക് കുട്ടികളെ പ്രാപ്തരാക്കുന്നതിനും അഭിരുചി വളർത്തുന്നതിനുമായാണ് കേന്ദ്രം ആരംഭിച്ചത്.ഒ.അബ്ദുറഹിമാൻ, സുബൈർ കൊടപ്പന, അഡ്വ. ഉമർ പുതിയോട്ടിൽ, മെഹറുന്നീസ, കെ.സി അബ്ദു ലത്തീഫ്, പി.വി റഹ്മാബി, ജമാൽ കെ.ഇ എന്നിവർ സംസാരിച്ചു.

പഞ്ചായത്ത് അംഗങ്ങൾക്ക് അയോഗ്യത

വിധി

ലഹരി വിരുദ്ധ സെമിനാർ

മലപ്പുറം: ലോക ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് ലഹരി നിർമാർജന സമിതി ജില്ലാ കമ്മിറ്റി ലഹരി വിരുദ്ധ സെമിനാർ സംഘടിപ്പിച്ചു. എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ വൈ. ഷിബു ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് സയ്യിദ് ഫസൽ ജിഫ്രി തങ്ങൾ അധ്യക്ഷനായി. എസ്. മഹേഷ് കുമാറിന് കമ്മിറ്റി ഏർപ്പെടുത്തിയ സ്നേഹാദരം കൈമാറി. തുടർന്ന് വിദ്യാർഥികളെയും രക്ഷിതാക്കളെയും പങ്കെടുപ്പിച്ചു ലഹരിവിരുദ്ധ റാലി നടത്തി. റസാഖ് മാസ്റ്റർ കളത്തേരതൊടി, ഒ.കെ. കുഞ്ഞി കോമു മാസ്റ്റർ, സി.കെ.എം. ബാപ്പു ഹാജി, എസ്. മഹേഷ് കുമാർ, ലുഖ്മാൻ അരീക്കോട്, അലവിക്കുട്ടി മാസ്റ്റർ, കമ്മുക്കുട്ടി, പി.പി അബൂബക്കർ എടവണ്ണ, അസീസ് പഞ്ചിളി, കാളക്കൽ മുഹമ്മദാലി, ജനീഷ് ബാബു എടവണ്ണ പ്രസംഗിച്ചു.

ലഹരി നിർമാർജന സമിതി ജില്ലാ കമ്മിറ്റി മലപ്പുറത്ത് ലഹരി വിരുദ്ധ സെമിനാറിന്റെ ഭാഗമായി നടത്തിയ റാലിയിൽനിന്ന്

കൊടിഞ്ഞി ഫൈസൽ വധക്കേസ് ആഗസ്ത് 23ലേക്ക് മാറ്റി

തിരൂരങ്ങാടി: 2016 നവംബർ 19-ന് പുലർച്ചെ ആർ.എസ്.എസ് കൊലപ്പെടുത്തിയ കൊടിഞ്ഞി പുല്ലാണി ഫൈസൽ വധക്കേസ് കോടതി വീണ്ടും മാറ്റിവെച്ചു. സർക്കാർ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നൽകാത്തതിനെത്തുടന്നാണ് വിചാരണയ്ക്ക് തിയ്യതി നിശ്ചയിക്കാനുള്ള ജൂൺ 26ൽ നിന്നും തിരൂർ അഡീഷണൽ ജില്ലാ സെഷൻസ് കോടതി ആഗസ്ത് 23ലേക്ക് നീട്ടിയത്. തിയ്യതി നിശ്ചയിക്കുന്നതിനും സർക്കാരിന്റെ ഉത്തരവിനുമായി ഇന്നലെയാണ് തിരൂർ അഡീഷണൽ ജില്ലാ സെഷൻസ് കോടതിയിൽ തിയ്യതി നിശ്ചയിച്ചിരുന്നത്. കഴിഞ്ഞ മാസം കേസ് പരിഗണിച്ചെങ്കിലും സർക്കാർ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കാത്തതിനെത്തുടർന്ന് ഈ മാസം 26 ലേക്ക് മാറ്റിയതായിരുന്നു. ഇതാണ് വീണ്ടും മാറ്റിവെച്ചത്. കേസിൽ ഫൈസലിന്റെ കുടുംബത്തിനു വേണ്ടി അഭിഭാഷകനായ ഫവാദ് പത്തൂരാണ് ഹാജരായത്. അതേസമയം സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിച്ചു കിട്ടാൻ ഫൈസലിന്റെ ഭാര്യ ജസ്ന ഇന്നലെ ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചു.

കോഴിക്കോട്ടെ പ്രമുഖ അഭിഭാഷകരായ അഡ്വ. പി കുമാരൻ കുട്ടി, അഡ്വ. കെ സഫൽ എന്നിവരെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറായി നിയമിച്ചുകിട്ടണമെന്ന് ആവശ്യപ്പെട്ട് ജസ്ന മാസങ്ങൾക്ക് മുമ്പ് സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ഇതുവരെയും അനുകൂല മറുപടി ലഭിച്ചിട്ടില്ല. അഡ്വ. പി കുമാരൻകുട്ടിയെ ഒഴിവാക്കി മറ്റ് ഏതെങ്കിലും ഒരു അഭിഭാഷകനെ ആവശ്യപ്പെട്ടാൽ ഉടൻ നിയമിച്ചു തരാമെന്നാണത്രേ സർക്കാർ നിലപാട്. ഇതേത്തുടർന്നാണ് ജസ്ന ഹൈക്കോടതിയിൽ പ്രമുഖ അഭിഭാഷകനായ എസ് രാജീവ് മുഖേന ഹരജി നൽകിയത്. ജസ്നയുടെ ഹരജി ഹൈകോടതി ഫയലിൽ സ്വീകരിച്ചിട്ടുണ്ട്.

കേരള വ്യാപാരി വ്യവസായി ഏകോപന സമിതി മലപ്പുറം ജില്ല ഭാരവാഹികളായി തിരഞ്ഞെടുത്ത പി കുഞ്ഞാവു ഹാജി (പ്രസിഡന്റ്), എം കുഞ്ഞുമുഹമ്മദ് (ജനറൽ സെക്രട്ടറി), നൗഷാദ് കളപ്പാടൻ (ട്രഷറർ)

മലപ്പുറം വാർത്തകൾ

പൊന്നാനി, വെളിയങ്കോട്, പാലപ്പെട്ടി മേഖലയിൽ കടലാക്രമണം രൂക്ഷം

പൊന്നാനി: പൊന്നാനി, വെളിയങ്കോട്, പാലപ്പെട്ടി മേഖലയിൽ ശക്തമായ കടലാക്രമണം. പൊന്നാനി നഗരസഭാ പരിധിയിൽ മുപ്പതോളം വീടുകളിലേക്ക് വെള്ളം കയറി. പാലപ്പെട്ടി വെളിയങ്കോട് മേഖലകളിൽ അമ്പതോളം വീടുകളിലും വെള്ളം കയറി. അഞ്ച് വീടുകൾ തകർച്ചാ ഭീഷണിയിലാണ്. ജില്ലാതിർത്തിയായ പാലപ്പെട്ടി കാപ്പിരിക്കാട് മുതൽ പൊന്നാനി മരക്കടവ് വരെയുള്ള ഭാഗങ്ങളിൽ ഉച്ചയോടെയാണ് ശക്തമായ തിരയടിയുണ്ടായത്. വെളിയങ്കോട് തണ്ണിത്തുറ പത്ത്മുറി ഭാഗങ്ങളിൽ രാവിലെ മുതലേ ശക്തമായ തിരയടിയുണ്ട്.

വെളിയങ്കോട് പള്ളിമുക്ക് ബീച്ചിൽ ഇന്നലെയുണ്ടായ കടൽക്ഷോഭം

പെരുമ്പടപ്പ് പഞ്ചായത്തിലെ പാലപ്പെട്ടിയിൽ ചെറിയകത്ത് ആലിക്കുട്ടി, മരയ്ക്കാരകത്ത് സൈഫു, ഹാജിരാകത്ത് റസീന, കാക്കാനാട്ട് ഹനീഫ, വടക്കെ പുറത്ത് ഹലീമ, കറുപ്പൻ വീട്ടിൽ സുലൈമാൻ, കിഴക്കേതിൽ സഫിയ, വെളിയങ്കോട് വടക്കൂട്ട് മൊയ്തീൻ, ചുള്ളിന്റെ ഹസ്സൻ ഉൾപ്പെടെ നിരവധി വീടുകളിലേക്ക് വെള്ളം കയറി.ശക്തമായ തിരയടിയിൽ വീടുകളിലേക്ക് വെള്ളം കയറി താമസം ദുഷ്കരമായതോടെ മിക്കവരും ബന്ധുവീടുകളിലേക്ക് താമസം മാറിയിട്ടുണ്ട്. വീടുകൾക്ക് പരിസരത്ത് വെള്ളം കെട്ടിനിന്ന് ഇറങ്ങാൻ പോലും വയ്യാത്ത അവസ്ഥയിലാണ്. പൊന്നാനി മുനിസിപ്പാലിറ്റിയിലെ മുറിഞ്ഞഴി, ഹിളർ പള്ളിക്കു സമീപം എം.ഇ.എസ് കോളജിന് പിൻവശം, പോക്കിരിമുക്ക് തുടങ്ങിയ ഭാഗങ്ങളിൽ വെള്ളം കെട്ടിക്കിടക്കുന്നത് മൂലം കടുത്ത ദുരിതമാണ് ഉണ്ടായിട്ടുള്ളത്.

വീടുകൾക്കു മുമ്പിൽ കടൽ ജലം കെട്ടിക്കിടക്കുന്ന അവസ്ഥയുണ്ട്. വെള്ളം കടലിലേക്ക് ഒഴുക്കി വിടാൻ സൗകര്യമൊരുക്കിയിട്ടില്ല. നേരത്തെ സമാനമായ പ്രശ്നം നേരിട്ടപ്പോൾ പ്രതിഷേധം ശക്തമായപ്പോൾ നഗരസഭ മുൻകയ്യെടുത്ത് കടൽ ജലം തിരിച്ച് കടലിലേക്കു തന്നെ ചാല് കീറി ഒഴുക്കി വിട്ടിരുന്നു. വീണ്ടും അടിയന്തര ഇടപെടൽ വേണ്ടി വരും. കടലാക്രമണം രൂക്ഷമായി തുടർന്നാൽ വൻ നാശ നഷ്ടങ്ങൾ നേരിടേണ്ടി വരും. നിലവിൽ തീരത്തെ മിക്ക വീടുകളും കടലാക്രമണ ഭീഷണിയിലാണ്. മുപ്പതോളം കുടുംബങ്ങൾ കടലാക്രമണത്തെ തുടർന്ന് താമസം മാറി. കഴിഞ്ഞ ദിവസങ്ങളിൽ ശക്തമായ കാറ്റും മഴയുമാണ് തീരദേശ മേഖലയിൽ അനുഭവപ്പെട്ടത്.

കുട്ടികളിൽ ലഹരിക്കായി മരുന്നുകളുടെ ദുരുപയോഗം

ഫാർമസികളിലും മെഡിക്കൽ ഷോപ്പുകളിലും സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കും

മലപ്പുറം: കുട്ടികൾ ലഹരിക്കായി മരുന്നുകൾ ദുരുപയോഗം ചെയ്യുന്നത് തടയാൻ, ഷെഡ്യൂൾ എച്ച്, എച്ച്1, എക്സ് വിഭാഗത്തിൽപെട്ട മരുന്നുകൾ വിൽക്കുന്ന മലപ്പുറം ജില്ലയിലെ എല്ലാ ഫാർമസികളിലും മെഡിക്കൽ ഷോപ്പുകളിലും സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കാൻ ജില്ലാ കലക്ടർ വി.ആർ വിനോദ് ഉത്തരവിട്ടു. സി.ആർ.പി.സി സെക്ഷൻ 133 പ്രകാരമാണ് ജില്ലാ മജിസ്ട്രേറ്റു കൂടിയായ ജില്ലാ കലക്ടറുടെ ഉത്തരവ്. ഷെഡ്യൂൾ എച്ച്, എച്ച്1, എക്സ് വിഭാഗത്തിൽ പെട്ട മരുന്നുകൾ വിൽക്കുന്ന കടകളും ഫാർമസികളും കടയ്ക്ക് പുറത്തും അകത്തുമായി സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കണം. ഇതിനായി കടയുടമകൾക്ക് ഒരു മാസത്തെ സമയം നൽകിയിട്ടുണ്ട്. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ടോയെന്ന കാര്യം പരിശോധിക്കുന്നതിനായി ജില്ലാ ഡ്രഗ്സ് കൺട്രോൾ അതോറിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റെക്കോർഡു ചെയ്യുന്ന ക്യാമറാ ഫൂട്ടേജുകൾ ജില്ലാ ഡ്രഗ്സ് വിഭാഗം ഉദ്യോഗസ്ഥർക്കും ചൈൽഡ് വെൽഫെയർ പൊലീസ് ഓഫീസർക്കും ഏതു സമയത്തും പരിശോധിക്കാം. സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കാത്ത കടയുടമകൾക്കെതിരെ നിയമ നടപടി സ്വീകരിക്കുമെന്നും ഉത്തരവിൽ പറയുന്നു. ദേശീയ സാമൂഹ്യ നീതി ശാക്തീകരണ മന്ത്രാലയം 2019 ൽ നടത്തിയ പഠനത്തിൽ സംസ്ഥാനത്തെ മലപ്പുറം അടക്കമുള്ള ആറു ജില്ലകളിൽ ഷെഡ്യൂൾ എച്ച്, എച്ച്1, എക്സ് വിഭാഗത്തിൽ പെട്ട മരുന്നുകളുടെ ദുരുപയോഗം കൂടുതലാണെന്ന് കണ്ടെത്തുകയും ഈ ജില്ലകളെ വൾനറബിലിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു.

രജിസ്ട്രേറ്റ് മെഡിക്കൽ പ്രാക്ടീഷണറുടെ കുറിപ്പടിയില്ലാതെ എച്ച്, എച്ച്1, എക്സ് വിഭാഗത്തിൽ പെട്ട മരുന്നുകൾ വിൽക്കുന്നത് കണ്ടെത്താനും തടയാനും മരുന്നു കടകളിലും ഫാർമസികളിലും സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കണമെന്ന് കുട്ടികളുടെ അവകാശ സംരക്ഷണത്തിനുള്ള ദേശീയ സമിതിയും (എൻ.സി.പി.സി.ആർ) ഇതിന്റെ അടിസ്ഥാനത്തിൽ നിർദേശം നൽകിയിരുന്നു.

പ്രോസ്പെക്ടസിലെ വ്യവസ്ഥകൾ പാലിക്കണം: യൂണിയൻ സെക്രട്ടറി

തേഞ്ഞിപ്പലം: കാലിക്കറ്റ് സർവ കലാശാല ബിരുദ പ്രവേശനത്തിൽ പ്രോസ്പെക്ടസിലെ വ്യവസ്ഥകൾ പാലിക്കണമെന്ന് യൂണിവേഴ്സിറ്റി യൂണിയൻ സെക്രട്ടറി സഫ്വാൻ പത്തിൽ വി.സിക്ക് നൽകിയ കത്തിലൂടെ ആവശ്യപ്പെട്ടു. കാലിക്കറ്റ് സർവകലാശാല ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് രണ്ടാം അലോട്ട്മെന്റിൽ സ്ഥിരം പ്രവേശനം നേടണമെന്ന സർവവ്വകലാശാലയുടെ നിലപാട് വിദ്യാർത്ഥി വിരുദ്ധമാണ്. സർവകലാശാല പ്രോസ്പെക്ടസ് അനുസരിച്ച് ഉയർന്ന ഓപ്ഷനുള്ള വിദ്യാർത്ഥികൾക്ക് രണ്ടാം അലോട്ട്മെന്റിൽ സ്ഥിരപ്രവേശനം നേടണമെന്നത് നിർബന്ധമില്ല. എന്നാൽ ഈ വ്യവസ്ഥകൾക്ക് വിരുദ്ധമായ നടപടികളാണ് ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ് വിഭാഗം സ്വീകരി ക്കുന്നത്. ഇതുമൂലം വിദ്യാർഥികൾ ഏറെ പ്രയാസം നേരിടുന്നു. ഇതിനാൽ രണ്ടാം അലോട്ട്മെന്റിൽ സ്ഥിര പ്രവേശനം നിർബന്ധമാക്കുന്ന നിലവിലെ നടപടിക്രമം സർവകലാശാല അവലോകനം ചെയ്യണ മെന്നും പ്രസിദ്ധീകരിച്ച പ്രോസ്പെക്ടസിലെ വ്യവസ്ഥകൾ പാലിക്കണമെന്നും വിസിയ്ക്ക് നൽകിയ കത്തിൽ വ്യക്തമാക്കുന്നു.

കാലിക്കറ്റിലെ സ്റ്റുഡൻസ് ഹബ്ബിൽ ചലാൻ അടക്കാൻ ഓൺലൈൻ സൗകര്യമില്ല

തേഞ്ഞിപ്പലം: കാലിക്കറ്റ് സർവകലാശാല സ്റ്റുഡൻസ് ഹബ്ബിൽ ചലാൻ അടക്കാൻ ഓൺലൈൻ സൗകര്യമില്ല.ദിനംപ്രതി നൂറുകണക്കിന് വിദ്യാർഥികൾ വിവിധ ആവശ്യങ്ങൾക്കായി സർവകലാശാലയിലെ പരീക്ഷാഭവനിൽ ചലാൻ അടക്കാൻ ഏറെ പ്രയാസങ്ങൾ അനുഭവിക്കുന്ന സാഹചര്യം നിലനിൽക്കുന്നു. പണം നേരിട്ട് നൽകി ചലാൻ അടക്കുന്നതിൽ കുട്ടികൾക്ക് പ്രയാസമുണ്ട്.

മിക്കവരിലും നേരിട്ട് പണമടക്കാൻ കയ്യിൽ പണം കരുതാറില്ല. കാരണം ഇവിടെ അന്വേഷണ കൗണ്ടറിൽ നിന്ന് ചോദിച്ചറിഞ്ഞാൽ മാത്രമെ ചലാൻ തുക എത്രയാണെന്നറിയാൻ കഴിയൂ.ഇതിനെ തുടർന്ന് മിക്കവർക്കും ചലാൻ തുക അടക്കാൻ കയ്യിൽ ഉണ്ടാവില്ല. മാത്രമല്ല പുതിയ കാലത്ത് എല്ലാ മേഖലകളിലും ഡിജിറ്റൽ പണമിടപാടുകൾ നടത്തുന്നത് കൊണ്ട് മിക്ക കുട്ടികളുടെ കൈവശം ലിക്വിഡ് കറൻസി ഇല്ലാത്തതിനാൽ പരീക്ഷാഭവനിൽ കുട്ടികൾക്ക് വിവിധ തരം ചലാൻ അടക്കാൻ പ്രയാസം നേരിടുന്നു.

ഈ അവസരം മുതലെടുത്ത് ഡിജിറ്റൽ പണത്തെ മാറ്റിയെടുക്കാൻ കൂടുതൽ പണം നൽകേണ്ട അവസ്ഥ പരീക്ഷാഭവനി ൽ പ്രവർത്തിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളിൽ നിന്ന് ഉണ്ടാകുന്നുണ്ട്. ആധുനിക കാലത്ത് എല്ലാ മേഖലയിലും യു.പി.ഐ അല്ലെങ്കിൽ മറ്റ് ഓൺലൈൻ പണമിടപാടിന് സൗകര്യമുള്ള സാഹചര്യത്തിൽ ഡിജിറ്റൽ സർവകലാശാലയെന്ന് കൊട്ടി ഘോഷിക്കുന്ന കാലിക്കറ്റിലെ പരീക്ഷാഭവനിലെ ചലാൻ കൗണ്ടറുകളിൽ ഓൺലൈൻ പണമിടപാടി നോ യു.പി.ഐ, ഇ പെയ്മെന്റ് ഇടാപാടി നോ സംവിധാനമേർപ്പെടുത്താത്തതിൽ വിദ്യാർഥികൾ കടുത്ത പ്രതിഷേധത്തിലാണ്. ഇക്കാര്യം ആവശ്യപ്പെട്ട് എം.എസ്.എഫ് ജില്ലാ വൈസ് പ്രസിഡന്റ് ടി.പി നബീൽ, സർവകലാശാല കാമ്പസ് എം.എസ്.എഫ് യൂണിറ്റ് ട്രഷറർ ഫൈസൽ തടത്തിൽ എന്നിവർ രജിസ്ട്രാർക്ക് കത്ത് നൽകിയിരിക്കുകയാണ്.

സർവകലാശാലകളുടെ സ്വയംഭരണാവകാശത്തെ സർക്കാർ മാനിക്കണം

തേഞ്ഞിപ്പലം: നാലു വർഷ ബിരുദ കോഴ്സുകൾ തുടങ്ങാനിരിക്കെ അപ്രായോഗികമായതും യൂണിവേഴ്സിറ്റികളുടെ സ്വയംഭരണത്തെ മാനിക്കാത്തതുമായ നിർദേശങ്ങളിൽനിന്ന് സർക്കാർ പിൻ വാങ്ങണമെന്ന് കെ.പി.സി.ടി.എ സർവകലാശാല റിജിയണൽ പ്രസിഡന്റ് ഡോ. കെ.ജെ വർഗീസ് അധ്യക്ഷനായി. റിജിയണൽ സെക്രട്ടറി ഡോ. റഫീഖ് പി, ലെയ്സൺ ഓഫീസർ കബീർ പി, കെ .പി.സി.ടി.എ സംസ്ഥന വൈസ് പ്രസിഡന്റ് ഡോ. ബിജു ജോൺ, സംസ്ഥാന സെക്രട്ടറി ഡോ. ഉമർ ഫാറൂഖ് ടി.കെ സെനറ്റ് മെമ്പർമാരായ ഡോ. ചാക്കോ വി.എം, ഡോ. സുനിൽ കുമാർ ജി, ഡോ. മനോജ് മാത്യു, ഡോ. ശ്രീലത ഇ, ഡോ. കെ. ജയകുമാർ, ഡോ. സുൽഫി. പി പ്രസംഗിച്ചു.

കാലിക്കറ്റ് സർവകലാശാല ഡിഗ്രി അഡ്മിഷൻ രണ്ടാം അലോട്ട്മെന്റ്

സ്ഥിരപ്രവേശനം നേടണമെന്നത് വിദ്യാർഥി വിരുദ്ധം: എം.എസ്.എഫ്

മലപ്പുറം: ഉയർന്ന ഓപ്ഷനുകളിലുള്ള വിദ്യാർഥികൾക്ക് രണ്ടാം അലോട്ട്മെന്റിൽ സ്ഥിര പ്രവേശനം നേടണമെന്നത് വിദ്യാർഥി വിരുദ്ധവും നീതി നിഷേധവുമാണെന്ന് എം.എസ്.എഫ്.

സർവകലാശാല വിജ്ഞാപനത്തോടൊപ്പം പ്രസിദ്ധീകരിച്ച പ്രോസ്പെക്ടസിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ പാലിക്കാൻ സർവകലാശാല ബാധ്യസ്ഥരാണെന്നിരിക്കെ രണ്ടാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ച ലിസ്റ്റോടെ നിർബന്ധമായും സ്ഥിരമായി അഡ്മിഷൻ എടുക്കണമെന്ന് പറയുന്നത് വിദ്യാർഥികൾക്ക് ഉയർന്ന മേഖലകളിലേക്ക് പഠിക്കുന്നതിന് തുരങ്കം വെക്കലാണ്. ഈ വിഷയത്തിൽ കേരള സർക്കാർ ഏകീകൃത കലണ്ടർ നടപ്പിലാക്കുന്നത് വിദ്യാർഥികളുടെ അവകാശങ്ങൾ ലംഘിച്ച് കൊണ്ടാകരുതെന്നും സർവകലാശാല അധികാരികൾ പരിശോധിച്ച് പഠനവിധേയമാക്കി അവലോകനം ചെയ്യണമെന്നും പ്രോസ്പെക്ട്സിന് അനുസൃതമായി അഡ്മിഷൻ നടപടിക്രമങ്ങൾ നടത്തണമെന്നും എം.എസ്.എഫ് ആവശ്യപ്പെട്ടു. വിദ്യാർഥികളുടെ ഭാവി കൊണ്ട് പന്താടുന്ന സർവകലാശാലയിലെ അധികാരികൾ വിദ്യാർഥി വിരുദ്ധ സമീപനവുമായി മുന്നോട്ട് പോകുന്നതെങ്കിൽ അതിശക്തമായ സമരപരിപാടികൾക്ക് നേതൃത്വം കൊടുക്കുമെന്നും എം.എസ്.എഫ് മലപ്പുറം ജില്ല പ്രസിഡന്റ് കബീർ മുതുപ്പറമ്പും ജനറൽ സെക്രട്ടറി വി.എ വഹാബും അറിയിച്ചു.

മൂന്നിയൂരിൽ ബൈത്തുറഹ്മ സമർപ്പിച്ചു

ചേളാരി: മൂന്നിയൂർ പഞ്ചായത്ത് രണ്ടാം വാർഡ് മുസ്‌ലിം ലീഗ് കമ്മിറ്റി നിർമിച്ച ബൈത്തുറഹ്മയുടെ താക്കോൽ ദാനകർമം മുസ്‌ലിം യൂത്ത് ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് മുനവറലി ശിഹാബ് തങ്ങൾ നിർവഹിച്ചു.

വാർഡ് മുസ്‌ലിം ലീഗ് പ്രസിഡന്റ് മലയിൽ മുഹമ്മദ് അധ്യക്ഷനായി. വള്ളിക്കുന്ന് മണ്ഡലം മുസ്‌ലിം ലീഗ് ജനറൽ സെക്രട്ടറി ബക്കർ ചെർന്നൂർ, മുസ്‌ലിം യൂത്ത് ലീഗ് ജില്ലാ വൈസ് പ്രസിഡന്റ് എൻ.കെ അഫ്സൽ റഹ്മാൻ, പഞ്ചായത്ത് മുസ്‌ലിം ലീഗ് ജനറൽ സെക്രട്ടറി എം.എ അസീസ്, വാർഡ് മുസ്‌ലിം ലീഗ് സെക്രട്ടറി സി.എച്ച് ജലീൽ, ട്രഷറർ എം.എം കബീർ,മണ്ഡലം യൂത്ത് ലീഗ് സെക്രട്ടറി ജാഫർ ചേളാരി, വനിതാ ലീഗ് ജില്ലാ വൈസ് പ്രസിഡന്റ് വി.കെ സുബൈദ, മണ്ഡലം വനിതാ ലീഗ് ജനറൽ സെക്രട്ടറി കുട്ടശ്ശേരി ഷരീഫ , പഞ്ചായത്ത് ഭാരവാഹികളായ പി.പി മുനീറ, എം.എം ജംഷീന, പി.എം.കെ തങ്ങൾ, എം.എം മുഹമ്മദ് , സി.എച്ച് അബ്ദുറഹിമാൻ, റഷീദ് മുസ്‌ലിയാർ, മലയിൽ മൊയ്തീൻകുട്ടി, കെ.ടി ഹസ്സൻകോയ, സി.എച്ച് മൻസൂർ, മലയിൽ കോയ, ജംഷീദ് പുന്നശ്ശേരി, എ.പി സമദ്, ടി.പി സഫിയ, കെ. നഫീസ, അഡ്വ. കഫീൽ,ഇജാസ് പ്രസംഗിച്ചു.

മൂന്നിയൂർ രണ്ടാം വാർഡ് മുസ്‌ലിം ലീഗ് കമ്മിറ്റി നിർമിച്ച ബൈത്തുറഹ്മയുടെ താക്കോൽ ദാനം പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ നിർവഹിക്കുന്നു

ബിൽഡിങ് ഓണേഴ്സ് കോൺഫെഡറേഷൻ പ്രതികരിക്കും

മലപ്പുറം: കേരളത്തിലെ കെട്ടിട ഉടമകൾക്ക് വേണ്ടി ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിനെ പ്രതിനിധീകരിച്ച് യു.എ. ലത്തീഫ് നിയമസഭയിലുന്നയിച്ച ക്രമ പ്രശ്നത്തെ വളച്ചൊടിച്ച് യാതൊരു പരിഗണനയും നൽകാതെ അപഹസിച്ച് ട്രോളിയ മന്ത്രി എം.ബി.രാജേഷ് നിലപാടിൽ ശക്തമായി പ്രതികരിക്കുന്നതിന് കേരള ബിൽഡിങ് ഓണേഴ്സ് കോൺഫെഡറേഷൻ സംസ്ഥാന സമിതി യോഗം തീരുമാനിച്ചു.

ഈ സംഘടന മുഖ്യമന്ത്രിക്കും വകുപ്പ് മന്ത്രിക്കും പ്രതിപക്ഷ നേതാവ്, ഉപനേതാവ് പി.കെ. കുഞ്ഞാലിക്കുട്ടിക്കും ഈയിടെ നൽകിയ നിവേദനം പഠിച്ച് വിഷയമവതരിപ്പിച്ചിരുന്നെങ്കിൽ മന്ത്രിക്ക് ഇങ്ങനെ മറുപടി പറയാൻ കഴിയുമായിരുന്നില്ല. എല്ലാ വർധനവും നടത്തി കേന്ദ്രത്തെ കുറ്റപ്പെടുത്തി ഒഴിഞ്ഞുമാറുന്ന രീതി ജനം തിരിച്ചറിയും.

കെട്ടിട നിർമാണ മേഖലയല്ല തകർന്നടിഞ്ഞത്, മറിച്ച് കെട്ടിട വ്യവസായത്തിന്റെ നിലനിൽപ്പ് തന്നെ അപകടത്തിലാണെന്നതാണ് വസ്തുത. വളരെയേറെ കെട്ടിടങ്ങൾ കാലിയായി കിടക്കുന്നു. വാടക പരിഷ്കരണ ബിൽ സംസ്ഥാന സർക്കാർ ഉണ്ടാക്കുകയല്ല. കേന്ദ്രത്തിന്റെ മാതൃകാ വാടക പരിഷ്കരണ ബിൽ സംസ്ഥാനം നടപ്പിലാക്കണമെന്നതാണ് കെട്ടിട ഉടമകളുടെ ആവശ്യം.

ഉടനെ തന്നെ കെട്ടിട ഉടമകളുടെ സംയുക്ത വേദിയായ കേരള ബിൽഡിങ് ഓണേഴ്സ് കോൺഫെഡറേഷൻ തൃശൂരിലോ എറണാകുളത്തോ യോഗം ചേർന്ന് വിഷയത്തിന്റെ ഗൗരവവും കെട്ടിട ഉടമകളുടെ പ്രതിസന്ധിയും സർക്കാറിന്റെയും പ്രതിപക്ഷ നേതൃത്വത്തിന്റെയും ശ്രദ്ധയിൽ പ്രശ്നം യഥാവിധി കൊണ്ടുവരാനും പരിഹാരം ആവശ്യപ്പെടാനും തിരുവനന്തപുരത്ത് പോകുവാനും യോഗം തീരുമാനിച്ചു.

ചെയർമാൻ പഴേരി ഷരീഫ് ഹാജി അധ്യക്ഷനായി. വിവിധ സംഘടനകളെ പ്രതിനീധികരിച്ച് ടോമി ഈപ്പൻ, വി. രാമാന്ദ പ്രഭു, കെ. സലാഹുദ്ദീൻ, ജി. നടരാജൻ, പി.പി. അലവിക്കുട്ടി, വിപിൻ പള്ളുരുള്ളി, കെ. ജമാൽ, പി.എം. ഫാറൂഖ്, പി. രാജൻ, ചങ്ങരംകുളം മൊയ്തുണ്ണി, റിഗൾ മുസ്തഫ, പുത്തൂർമഠം മുഹമ്മദ്, യൂനുസ് കിഴക്കേതിൽ പ്രസംഗിച്ചു.

കരിപ്പൂരിൽ സ്വർണവും കറൻസികളുമടക്കം 1.9 കോടി രൂപയുടെ കള്ളക്കടത്ത് സാധനങ്ങൾ പിടികൂടി

കൊണ്ടോട്ടി: കരിപ്പൂർ വിമാനത്താവളത്തിൽ സ്വർണവും വിദേശ കറൻസികളും സിഗരറ്റു കളുമുൾപ്പെടെ 1.9 കോടി രൂപയുടെ കള്ളക്കടത്ത് സാധനങ്ങൾ പിടികൂടി. നാല് യാത്രക്കാരിൽ നിന്നായാണ് 1.52 കോടി രൂപയുടെ 2.13 കിലോഗ്രാം സ്വർണം എയർ കസ്റ്റംസ് ഇന്റലിജൻസ് വിഭാഗം പിടിച്ചത്. രണ്ട് യാത്രക്കാരിൽ നിന്നായി 30 ലക്ഷം രൂപ മൂല്യമുള്ള വിദേശ കറൻസികളും മൂന്ന് പേരിൽ നിന്നായി 9.7 ലക്ഷം രൂപയുടെ വിദേശ നിർമിത സിഗരറ്റുകളും പിടിച്ചെടുത്തു. റാസൽഖൈമയിൽ നിന്ന് എത്തിയ മലപ്പുറം മൂർക്കനാട് സ്വദേശിയും ദുബൈയിൽ നിന്നു വന്ന മലപ്പുറം സ്വദേശിയുമാണ് സ്വർണമിശ്രിതം ക്യാപ്സ്യൂളുകളിലാക്കി ശരീരത്തിനകത്ത് ഒളിച്ചാണ് കൊണ്ടുവന്നത്. മൂർക്കനാട് സ്വദേശിയിൽ നിന്ന് 69.09 ലക്ഷം രൂപയുടെ 968 ഗ്രാം സ്വർണ്ണവും മലപ്പുറം സ്വദേശിയിൽ നിന്ന് 36.96 ലക്ഷം രൂപ വരുന്ന 518 ഗ്രാം സ്വർണവും കണ്ടെടുത്തു. കൂടാതെ ജിദ്ദയിൽ നിന്നെത്തിയ മമ്പാട് സ്വദേശിയിൽ നിന്ന് 17.63 ലക്ഷം രൂപ വിലവരുന്ന 246 ഗ്രാം സ്വർണവും പിടികൂടി.

ധരിച്ചിരുന്ന ജീൻസിനുള്ളിൽ സ്വർണം വിദഗ്ധമായി ഒളിപ്പിച്ച നിലയിലായിരുന്നു. ദുബായിൽ നിന്നു വന്ന കാസർക്കോട് മംഗൽപാടി സ്വദേശി ഹാൻഡ് ബാഗിൽ ഒളിപ്പിച്ച 28.23 ലക്ഷം രൂപയുടെ 396 ഗ്രാം സ്വർണവും പരിശോധനയിൽ കണ്ടെത്തി.

ദുബായിലേക്കുള്ള രണ്ട് യാത്രക്കാരുടെ ബാഗേജുകളിൽ നിന്നാണ് മതിയായ രേഖകളില്ലാതെ ഒളിപ്പിച്ച നിലയിലുള്ള 30 ലക്ഷം രൂപ മൂല്യം വരുന്ന കറൻസികൾ കണ്ടെത്തിയത്. കൂടാതെ ഷാർജ, അബുദാബി എന്നിവിടങ്ങളിൽ നിന്നെത്തിയ മൂന്ന് യാത്രക്കാരിൽ നിന്നായി 9.7 ലക്ഷം രൂപയുടെ വിദേശ നിർമിത സിഗരറ്റുകളും പിടികൂടി.

പതിനാലുകാരിയെ പീഡനത്തിനിരയാക്കിയ കേസിലെ പ്രതിക്ക് 53 വർഷം കഠിനതടവ്

പെരിന്തൽമണ്ണ: പതിനാലുകാരിയെ പലതവണ ലൈംഗിക പീഡനത്തിനിരയാക്കിയ കേസിലെ പ്രതിയെ 53 വർഷം കഠിനതടവിനും 30,000 രൂപ പിഴയടയ്ക്കുന്നതിനും ശിക്ഷിച്ചു. പിഴയടച്ചില്ലെങ്കിൽ

മരക്കൊമ്പുകൾ വെട്ടിമാറ്റാൻ നിർദേശം

പാലക്കാട്: പൊതുനിരത്തുകളിലും പൊതുസ്ഥലങ്ങളിലും അപകടാവസ്ഥയിലുള്ള മരങ്ങളുടെ ശിഖരങ്ങൾ വെട്ടിമാറ്റുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാ കലക്ടർ നിർദേശം നൽകി.

കനാൽ കമ്മിറ്റി യോഗം 2ന്

പാലക്കാട്: പോത്തുണ്ടി ജലസേചന പദ്ധതിയുടെ 2024-25 വർഷത്തിലെ കാർഷിക കലണ്ടർ തയ്യാറാക്കൽ, പി.എ.സി അംഗങ്ങളുടെ തെരഞ്ഞെടുപ്പ്, വാട്ടർ യൂസേഴ്സ് അസോസിയേഷൻ രൂപീകരിക്കൽ എന്നിവ ഉൾപ്പെടുന്ന കാര്യങ്ങൾ തീരുമാനിക്കുന്നതിനായി ജൂലൈ രണ്ടിന് രാവിലെ 11ന് നെന്മാറ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ കനാൽ കമ്മിറ്റി യോഗം ചേരും. പോത്തുണ്ടി ജലസേചന പദ്ധതിയുടെ കീഴിലുള്ള എല്ലാ പാടശേഖരങ്ങളുടെയും പ്രസിഡണ്ട്/സെക്രട്ടറി, നിലവിലെ പി.എ.സി അംഗങ്ങൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കണമെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

പഠനാരംഭം

പട്ടാമ്പി: ചുണ്ടമ്പറ്റ ശിഹാബ് തങ്ങൾ ഇസ്‌ലാമിക് വിമൻസ് കോളജിൽ പഠനാരംഭം സയ്യിദ് താജുദ്ദീൻ ദാരിമി പ്രഭാപുരം നിർവഹിച്ചു. സ്ഥാപനത്തെക്കുറിച്ചും പാഠ്യപദ്ധതിയെ കുറിച്ചും മാനേജർ വി.എം മുഹമ്മദലി മാസ്റ്റർ വിശദീകരിച്ചു. റാഷിദ് വാഫി സ്വാഗതവും മുനവ്വിർ ഹുദവി നന്ദിയും പറഞ്ഞു.

ചുണ്ടമ്പറ്റ ശിഹാബ് തങ്ങൾ ഇസ്‌ലാമിക് വിമൻസ് കോളജിൽ പഠനാരംഭം സയ്യിദ് താജുദ്ദീൻ ദാരിമി പ്രഭാപുരം നിർവഹിക്കുന്നു

പാലക്കാട് വാർത്തകൾ

അട്ടപ്പാടി റോഡിൽ തെങ്കരയിൽ റോഡിലേക്ക് വീണ മരം അഗ്നിരക്ഷാസേന മുറിച്ച് നീക്കുന്നു

തെങ്കരയിൽ രണ്ടിടത്ത് മരം വീണു ഗതാഗതം തടസ്സപ്പെട്ടു

മണ്ണാർക്കാട്: മണ്ണാർക്കാട്-അട്ടപ്പാടി റോഡിൽ തെങ്കര ഭാഗത്ത് രണ്ടിടങ്ങളിൽ മരംവീണ് ഗതാഗതം തടസപ്പെട്ടു. അഗ്നിരക്ഷാസേന സ്ഥലത്തെത്തി മരംമുറിച്ച് നീക്കി ഗതാഗതം പുനസ്ഥാപിച്ചു. മണലടി ആയുർവേദ ആശുപത്രിക്ക് സമീപത്ത് ഇന്നലെ പുലർച്ചെ അഞ്ച് മണിയോടെയാണ് വലിയ ഒരു മാവും പുളിമരവും നിലംപൊത്തിയത്. ഇതോടെ ഇതുവഴിയുള്ള ഗതാഗതം തടസ്സപ്പെട്ടു. മണ്ണാർക്കാട് അഗ്നിരക്ഷാസേന രണ്ട് മണിക്കൂറോളം പരിശ്രമിച്ച് മരങ്ങൾ മുറിച്ച് നീക്കി ഗതാഗതം പുനസ്ഥാപിച്ചു. തെങ്കര ജങ്ഷന് സമീപം പാതയോരത്തെ മരംകടപുഴകി റോഡിലേക്ക് വീഴുകയായിരുന്നു. റോഡിന്റെ മുക്കാൽ ഭാഗത്തോളം മരംകിടന്നതിനാൽ വാഹനങ്ങൾക്ക് കടന്നുപോകാൻ പ്രയാസമായി. മണ്ണുമാന്തിയന്ത്രമെത്തിച്ച് റോഡിൽനിന്നും മരം നീക്കി. റോഡ് വികസനത്തിന്റെ ഭാഗമായി മുറിച്ചുമാറ്റാനിരുന്ന മരമാണ് നിലംപൊത്തിയത്.

മഴ ശക്തമായി

കാവശ്ശേരി-പത്തനാപുരം നടപ്പാത തകർന്നു

500ഓളം കുടുംബങ്ങൾ ഒറ്റപ്പെട്ടു

പാലക്കാട്: ശക്തമായ മഴയിൽ പത്തനാപുരം പഴയ പാലം പൊളിച്ചതിനുപകരം ഗായത്രിപ്പുഴയിൽ നിർമിച്ച താൽക്കാലിക ഇരുമ്പു നടപ്പാത തകർന്നു. ഇന്നലെ രാവിലെ ഏഴുമണിയോടെയാണ് നടപ്പാതയുടെ ഒരുഭാഗം പുഴയിലെ വെള്ളത്തിൽ തകർന്നത്. പത്തനാപുരം പാലം പുതുക്കിപണിയുന്നതിന്റെ ഭാഗമായാണ് നിലവിലുള്ള പഴയപാലം പൊളിച്ചത്. കാവശ്ശേരി വടക്കേനടതോണിപ്പാടം പാതയിൽ ഗായത്രിപ്പുഴയ്ക്ക് കുറുകെയുള്ള അരനൂറ്റാണ്ടോളം പഴക്കമുള്ള പാലമാണ് പൊളിച്ചുമാറ്റിയത്. നിലവിലുള്ള പാലത്തിന്റെ കാലപ്പഴക്കവും വീതിക്കുറവും പുഴയിൽ ജലനിരപ്പ് ഉയരുമ്പോൾ മുങ്ങിപോകുന്നതിനാലുമാണ് പാലം പുതുക്കി പണിയാൻ തീരുമാനിച്ചത്. ഇരുചക്രവാഹനങ്ങൾക്കും ചെറുകിട വാഹനങ്ങൾക്കും യാത്രക്കാർക്കും താൽക്കാലിക ബദൽ യാത്രാമാർഗത്തിനായി സമാന്തര പാത നിർമിച്ചിരുന്നു. എന്നാൽ ബദൽപാത വേനൽ മഴയിൽ ഒലിച്ചുപോയതോടെയാണ് കരാർകമ്പനി താൽക്കാലിക ഇരുമ്പു നടപ്പാത നിർമിച്ചത്.

വർഷങ്ങളായി മഴക്കാലമാകുന്നതോടുകൂടി ഇരുവശത്തെക്കുമുള്ള യാത്രക്കാർ ബുദ്ധിമുട്ട് അനുഭവിച്ചിരുന്നു. അതിനൊരു ശാശ്വത പരിഹാരം ഈപാലം നിർമാണം പൂർത്തിയാവുന്നതോടുകൂടി ഉണ്ടാവുമെന്നതാണ് പത്തനാപുരം നിവാസികൾ കരുതിയത്. താൽക്കാലിക നടപ്പാത നിലംപൊത്തിയതോടെ കാവശ്ശേരി പത്തനാപുരം പ്രദേശത്തെ 1500ഓളം കുടുംബങ്ങൾ ഒറ്റപ്പെട്ടു. പുതിയ പാലത്തിന്റെ നിർമാണവും ഇന്നലെ നിർത്തിവെച്ചു. മഴ കുറഞ്ഞാൽ വീണ്ടും താൽക്കാലിക നടപ്പാത തുറന്നുകൊടുക്കാനുള്ള സംവിധാനം ഒരുക്കുമെന്നാണ് കരാർ കമ്പനി പറയുന്നത്.

കനത്ത മഴയിൽ തകർന്ന കാവശ്ശേരി പത്തനാപുരം താൽക്കാലിക നടപ്പാത

മഴയിൽ ഇടിഞ്ഞു താഴ്ന്ന കുമരംപുത്തൂർ കുളപ്പാടത്തെ ചോലപ്പള്ളിയാലിൽ സുബ്രമണ്യന്റെ കിണർ

മിനി സിവിൽസ്റ്റേഷൻ വളപ്പിലെ മതിൽ ഇടിഞ്ഞുവീണു

മണ്ണാർക്കാട്: കനത്തമഴയെ തുടർന്ന് മണ്ണാർക്കാട് മിനി സിവിൽ സ്റ്റേഷൻ വളപ്പിലെ മതിൽ ഇടിഞ്ഞുവീണു. ആളപായങ്ങളോ മറ്റു നാശനഷ്ടങ്ങളോ ഇല്ല. ചൊവ്വാഴ്ച രാത്രിയിലാണ് സംഭവം. സിവിൽസ്റ്റേഷൻ വളപ്പിന് പിന്നിലായി എക്സൈസ് റെയ്ഞ്ച് ഓഫീസിനോടു ചേർന്നുള്ള ഒന്നരയാൾ പൊക്കത്തിലുള്ള പഴയ മതിലാണ് നിലംപതിച്ചത്. മതിലിന് സമീപമുള്ള കെട്ടിടത്തോടു ചേർന്ന് എക്സൈസ് വിവിധ കേസുകളിലായി പിടിച്ചെടുത്ത ഇരുചക്രവാഹനങ്ങൾ നിർത്തിയിട്ടിരുന്നെങ്കിലും ഇതിനു മുകളിലേക്ക് മതിൽ വീഴാതിരുന്നതിനാൽ നാശഷ്ടങ്ങളുണ്ടായില്ല. പഴയ മതിൽ പൊളിച്ചുനീക്കാത്തതിനാൽ എക്സൈസ് കെട്ടിടത്തിന്റെ ഭാഗത്ത് പുതിയത് നിർമിച്ചതുമില്ല. കാലപ്പഴക്കംചെന്ന മതിൽ ജീവനക്കാർക്കും വാഹനങ്ങൾക്കും ഭീഷണിയായി നിൽക്കുകയായിരുന്നു.

മംഗലം ഡാം തുറന്നേക്കും

പാലക്കാട്: മഴ ശക്തമായി തുടർന്നാൽ ജലനിരപ്പ് ഉയരുന്നതിനനുസരിച്ച് മംഗലം ഡാമിന്റെ സ്പിൽവെ ഷട്ടറുകൾ തുറക്കുമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. ഡാമിന്റെ താഴെ ഭാഗത്തുള്ള ചെറുകുന്നം പുഴയുടെ തീരത്തുള്ളവർ ജാഗ്രത പാലിക്കണമെന്നും എക്സിക്യൂട്ടീവ് എഞ്ചിനിയർ അറിയിച്ചു.ജൂൺ 26 ന് രാവിലെ എട്ടിന് ഡാമിലെ ജലനിരപ്പ് 75.73 മീറ്ററാണ്. ഡാമിന്റെ ബ്ലൂ അലർട്ട് ലെവൽ 76 മീറ്ററും ഓറഞ്ച് അലർട്ട് ലെവൽ 76.51 മീറ്ററും ആണ്.

മണ്ണാർക്കാട് സിവിൽ സ്റ്റേഷൻ വളപ്പിലെ ഇടിഞ്ഞ മതിൽ.

കഞ്ചാവും വിദേശമദ്യവും പിടികൂടി

പാലക്കാട്: പാലക്കാട് ജംഗ്ഷൻ റെയിൽവെ സ്റ്റേഷനിൽ ആർ.പി.എഫ് ക്രൈം ഇന്റലിജൻസ് വിഭാഗവും എക്സൈസ് എൻഫോഴ്സ്മെന്റ് ആൻഡ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡും എക്സൈസ് റേഞ്ചും സംയുക്തമായി നടത്തിയ പരിശോധനയിൽ കഞ്ചാവും വിദേശമദ്യവും പിടികൂടി. ദിബ്രുഗഡ് കന്യാകുമാരി വിവേക് എക്സ്പ്രസിൽ ഉടമസ്ഥനില്ലാത്ത കണ്ടെത്തിയ ബാഗുകളിൽ നിന്നും 17.2കിലോ കഞ്ചാവും 8 കുപ്പി അരുണാചൽപ്രദേശ് നിർമ്മിത വിദേശമദ്യവും കണ്ടെടുത്തു.

എക്സൈസ് കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം ആരംഭിച്ചു. ആർ.പി.എഫ് ക്രൈം ഇന്റലിജൻസ് വിഭാഗം ഇൻസ്പെക്ടർ എൻ.കേശവദാസ്, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ കെ.എം.ഷിജു പങ്കെടുത്തു.

വീട് കുത്തിത്തുറന്ന് എട്ട് പവൻ സ്വർണവും പണവും കവർന്നു

ഒറ്റപ്പാലം: റെയിൽവെ സ്റ്റേഷന് സമീപം ഇതരസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന വീട് കുത്തിത്തുറന്ന് കവർച്ച. എട്ട് പവൻ തൂക്കം വരുന്ന സ്വർണാഭരണങ്ങളും 2500 രൂപയും മോഷണം പോയി. സേലം ചാത്തപ്പടി ആത്തൂർമടം സ്വദേശി രാജ(48)യുടെ വാടകയ്ക്ക് താമസിക്കുന്ന വീടാണ് കുത്തിത്തുറന്ന് മോഷണം നടത്തിയിട്ടുള്ളത്. വീടിനുള്ളിൽ പേഴ്സിൽ സൂക്ഷിച്ചിരുന്ന സ്വർണവും പണവുമാണ് കവർന്നത്. റെയിൽവെ സ്റ്റേഷന്റെ തെക്കുഭാഗത്തുള്ള വീട്ടിലാണ് രാജയും കുടുംബവും താമസിക്കുന്നത്. തൊട്ടടുത്തായി വെറെയും ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്നുണ്ട്. ഒരുവീടിന്റെ ചുമര് ചാടിക്കടന്നാൽ തൊട്ടടുത്ത വീട്ടിലേക്ക് കയറാനാകും. സമീപത്തെ വീടിന്റെ പൂട്ട് പൊളിച്ച് അകത്ത് കയറി ചുമര് ചാടിക്കടന്ന് തന്റെ വീട്ടിൽ മോഷണം നടത്തുകയായിരുന്നുവെന്നാണ് രാജയുടെ പരാതിയിൽ പറയുന്നത്. എട്ടുവർഷത്തോളമായി രാജയും കുടുംബവും ഇവിടെയാണ് താമസിക്കുന്നത്. രാജയും ഭാര്യയും രാവിലെ ജോലിക്ക് പോയതായിരുന്നു. തിരിച്ച് വൈകീട്ട് വീട്ടിലെത്തിയപ്പോഴാണ് മോഷണം നടന്നതറിയുന്നത്. വീട്ടിലെ നടുവിലെ മുറിയിലെ കാർബോർഡ് പെട്ടിക്കകത്ത് വെച്ചിരുന്ന കുഞ്ഞുപേഴ്സിലുണ്ടായിരുന്ന പണവും സ്വർണവുമാണ് മോഷ്ടിച്ചത്. ഭാര്യയുടെ മൂന്ന് മാല, കൈചെയിൻ, മൂക്കുത്തി എന്നിങ്ങനെയാണ് എട്ട് പവൻ സ്വർണം നഷ്ടമായതെന്നാണ് പരാതി. വീട്ടിലെ ബാഗുകളിലുണ്ടായിരുന്ന വസ്ത്രങ്ങൾ പുറത്തേക്ക് വലിച്ചിട്ട നിലയിലായിരുന്നു. ആദ്യം കുത്തിത്തുറന്ന വീട്ടിൽ നിന്ന് ഒന്നും നഷ്ടമായിട്ടില്ല. അവിടെയും ബാഗുകൾ പരിശോധിച്ച ലക്ഷണങ്ങളുണ്ട്. രാജയുടെ പരാതിയിൽ പൊലീസും വിരലടയാള വിദഗ്ദരും സ്ഥലത്തെത്തി പരിശോധന നടത്തി. സംഭവത്തിൽ പൊലീസ് അന്വേഷണം തുടങ്ങി.

മോഷണം നടന്ന ഇതരസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന വീട്ടിൽ പൊലീസ് പരിശോധന നടത്തുന്നു

പുതുനഗരം മുസ്‌ലിം എജുക്കേഷണൽ കൾച്ചറൽ അസോസിയേഷൻ കമ്മിറ്റി നടത്തിയ അനുമോദന സദസ്സ് മുസ്‌ലിംലീഗ് ജില്ലാ പ്രസിഡന്റ് മരക്കാർ മാരായമംഗലം ഉദ്ഘാടനം ചെയ്യുന്നു

അനുമോദനവും അവാർഡ് വിതരണവും

പുതുനഗരം: മുസ്‌ലിം എജുക്കേഷണൽ കൾച്ചറൽ അസോസിയേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷയിൽ ഫുൽ എ പ്ലസ്സ് വാങ്ങിയ കുട്ടികൾക്ക് ക്യാഷ് അവാർഡും അനുമോദനവും നടത്തി. മുസ്‌ലിംലീഗ് ജില്ലാ പ്രസിഡന്റ് മരക്കാർ മാരായമംഗലം ഉദ്ഘാടനം ചെയ്തു. മുസ്‌ലിം എജുക്കേഷണൽ കൾച്ചറൽ അസോസിയേഷൻ പ്രസിഡന്റ് ടി.എ നൂർ മുഹമ്മദ് അധ്യക്ഷത വഹിച്ചു. ജില്ലാ ലീഗ് ജനറൽ സെക്രട്ടറി അഡ്വ.ടി.എ സിദ്ധീഖ്, ട്രഷറർ പി.ഇ.എ സലാം മാസ്റ്റർ, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സുധീറ ഇസ്മായിൽ, സ്കൂൾ പ്രധാന അധ്യാപിക എസ്.എ ജരീനബീഗം, പ്രിൻസിപ്പൽമാരായ ബിജിമോൾ ജേക്കബ്ബ്, എം.എസ് ബീന ടീച്ചർ, പി.ടി.എ പ്രസിഡന്റ് ടി.എ അബ്ദുൽ സലാം, അബ്ദുൽകരീം, ജി.എൽ.പി വെസ്റ്റ് എച്ച്.എം അബ്ദുൽസലീം, കമ്മിറ്റി മെമ്പർമാരായ അബ്ദുൽ സലീം, തൗഫീഖ്, പി.സി ഇസ്മായിൽ, എൻ.സലീം, സ്കൂൾ സ്റ്റാഫ് സെക്രട്ടറി എച്ച്.സർദാർ സേട്ട് മാസ്റ്റർ, ഐ.ഇസ്മായിൽ തുടങ്ങിയവർ സംബന്ധിച്ചു. സെക്രട്ടറി എ.കെ ഹുസൈൻ സ്വാഗതവും ഇഖ്ബാൽ പുതുനഗരവും നന്ദിയും പറഞ്ഞു.

വിസ്മയം തീർത്ത് മെഹന്തി ഫെസ്റ്റ്

മണ്ണാർക്കാട്: കുമരംപുത്തൂർ കല്ലടി ഹയർസെക്കന്ററി സ്കൂളിൽ മെഹന്തി ഫെസ്റ്റ് സംഘടിപ്പിച്ചു. നൂറിലധികം വിദ്യാർഥിനികൾ മൈലാഞ്ചി കൊണ്ട് കൈകളിൽ വിസ്മയം തീർത്തു. മൊഞ്ചേറും ചിത്രങ്ങൾ വരച്ച് വിദ്യാർഥിനികൾ അണിനിരന്നപ്പോൾ കണ്ട് നിന്നവർക്ക് കൗതുക കാഴ്ചയായി. വിജയികൾക്ക് പ്രിൻസിപ്പൽ എം.ഷഫീക്ക് റഹിമാൻ സമ്മാനങ്ങൾ വിതരണം ചെയ്തു. ഹയർസെക്കന്ററി അധ്യാപകരായ ജിതി സൂസൻ ജോസഫ്, എം.കുഞ്ഞയമ്മു, പി.റുക്സാന, കെ.ടി നസ്മത്ത്, കെ.ടി സീനത്ത്, അനൂഷ കല്ലടി, ജെസി ചാക്കൊ, എം.ബി നിർമ്മൽ കുമാർ, എ.അജിത കുമാരി, എൻ.എൻ റിഷാൽ, എം.പ്രസീത, കെ.അനില, അനു മേരി മാത്യു, ആർ.ദിവ്യ, രോഷിണി ദേവി. ജി, തുഷാര പരമേശ്വരൻ, അനസ് കെ.പി തുടങ്ങിയവർ മത്സരം നിയന്ത്രിച്ചു. മത്സരത്തിൽ ഒന്നാംസ്ഥാനം കംപ്യൂട്ടർ സയൻസ് ടീം അംഗങ്ങളായ കെ.മിൻഷ ഫാത്തിമ, സംഗീത.പിയും കോമേഴ്സ് ടീം അംഗങ്ങളായ എം.കെ അൻഷിദ ഷെറിൻ, പി.ജിനില പ്രകാശ് എന്നിവർ പങ്കിട്ടു. ബയോളജി സയൻസ് ടീം അംഗങ്ങളായ ലിയ ഫാത്തിമ, ഖദീജ സിയ എന്നിവർ രണ്ടാംസ്ഥാനവും ഹ്യുമാനിറ്റീസ് ടീം അംഗങ്ങളായ ഫാത്തിമത്ത് ഷിബില.കെ, സന.എം എന്നിവർ മൂന്നാം സ്ഥാനവും നേടി.

കുമരംപുത്തൂർ കല്ലടി സ്കൂളിൽ നടന്ന മെഹന്തി ഫെസ്റ്റിൽ പങ്കെടുത്ത വിദ്യാർഥികൾ.

തൊഴിലവകാശ പോരാട്ടങ്ങൾ ശക്തമാക്കും

പാലക്കാട്. കേന്ദ്ര -സംസ്ഥാന സർക്കാറുകളുടെ തൊഴിലാളി വിരുദ്ധ നയങ്ങൾക്കെതിരെ ശക്തമായ പോരാട്ടങ്ങൾ തുടരുമെന്ന് എസ്.ടി.യു സംസ്ഥാന പ്രസിഡന്റ് അഡ്വ. എം. റഹ്മത്തുല്ല പറഞ്ഞു. കേരളത്തിലെ ഇടതു മുന്നണിയുടെ പരാജയത്തിനുള്ള മുഖ്യ കാരണങ്ങളിലൊന്ന്, തൊഴിൽ മേഖലയോട് കാണിച്ച കനത്ത അവഗണനയാണെന്ന് അദ്ദേഹം അഭിപ്രായപെട്ടു. എം.എം. ഹമീദ് അധ്യക്ഷനായി. എസ്.ടി.യു ദേശീയ ജനറൽ സെക്രട്ടറി ജാഫറുള്ള മുല്ലയുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. 2024ലെ മെമ്പർഷിപ്പ് അഫിലയേഷൻ പ്രവർത്തനങ്ങൾ ജൂലായ് 15ന്റെ മുമ്പ് പൂർത്തീക്കാനും, ആഗസ്റ്റ് 15ന് പുതിയ ജില്ലാകമ്മിറ്റി രൂപീകരിക്കാൻ കൗൺസിൽ വിളിച്ചു ചേർക്കാനും തീരുമാനിച്ചു. കെ.പി ഉമ്മർ സ്വാഗതവും കെ.ടി ഹംസപ്പ നന്ദിയും പറഞ്ഞു. സംസ്ഥാന ജനറൽസെക്രട്ടറി കെ.പി മുഹമ്മദ് അഷ്റഫ്, കെ.ടി കുഞ്ഞാൻ, കല്ലടി അബൂബക്കർ, എം.എ മുസ്തഫ, എസ്.എം നാസർ, പി.പി മുഹമ്മദ് കാസിം, മേലാടയിൽ വാപ്പുട്ടി, നാസർ പാതാക്കര, ഒ.പി ബഷീർ, അബ്ദുൽസമദ് വെട്ടം, റഫീഖ പാറോക്കോട്, സൈതലവി പൂളക്കാട്, ടി.എസ് നസീമ, സി.സുനിത, പി.കെ.എം മുസ്തഫ, എസ്.ഹക്കീം,വി.എം അബ്ദുൽഖാദർ, എ.കുഞ്ഞയമ്മു, കെ.യൂസഫ് മിശ്ക്കാത്തി, എൻ.കോയ മൗലവി, പി.വി ഇർഷാദ്, മുഹമ്മദ് മുസ്തഫ, വി.എ നാസർ, പി.പി കബീർ, മഷൂക്ക് മൻസൂർ, വി.കെ മുഹമ്മദ്കുട്ടി, മുഹമ്മദ് ഇഖ്ബാൽ, അഷ്റഫ് പറക്കുന്നം, എസ്.മുഹമ്മദ് ബഷീർ, ഇഫ്തിക്കാർ ഹുസൈൻ, ഷറഫുദ്ധീൻ എന്നിവർ പ്രസംഗിച്ചു.

എസ്.ടി.യു ജില്ലാ പ്രവർത്തക സമിതിയോഗം സംസ്ഥാന പ്രസിഡന്റ് അഡ്വ.എം.റഹ്മത്തുല്ല ഉദ്ഘാടനം ചെയ്യുന്നു

ബി.ജെ.പി പ്രവർത്തകർക്ക് 10 വർഷം തടവ്

വടക്കഞ്ചേരി: കിഴക്കഞ്ചേരിയിൽ സി.പി.എം പ്രവർത്തകരെ വെട്ടിപരിക്കേൽപ്പിച്ച കേസിൽ ആറു ബി.ജെ.പി പ്രവർത്തകർക്ക് പത്തുവർഷം തടവ് വിധിച്ച് കോടതി. കോരഞ്ചിര ചീരക്കുഴി സ്വദേശികളായ സുദീഷ്, ബിജു, പ്രസാദ്, അഭിലാഷ്, കണ്ണൻ, മണികണ്ഠൻ എന്നിവരെയാണ് പാലക്കാട് അതിവേഗ കോടതി ശിക്ഷിച്ചത്. തെളിവില്ലെന്ന് കണ്ട് ഒന്നും രണ്ടും പ്രതികളെ കോടതി വെറുതെ വിടുകയായിരുന്നു. 2017 ഫെബ്രുവരിയിലാണ് കേസിന്നാസ്പദമായ സംഭവം. കേസിൽ 8 ബി.ജെ.പി പ്രവർത്തകരാണ് അറസ്റ്റിലായത്. വിചാരണയ്ക്ക് ശേഷം 2 പ്രതികളെ വെറുതെ വിട്ട കോടതി മറ്റു ആറുപേർക്കും പത്തുവർഷം തടവ് വിധിക്കുകയായിരുന്നു.

ട്രോളിങ് നിരോധനം ലംഘിച്ച തമിഴ്നാട് വള്ളങ്ങൾ പിടികൂടി

ചാവക്കാട്: ട്രോളിങ് നിരോധനം ലംഘിച്ചതിനും വ്യാജ കളർകോഡ് അടിച്ച തമിഴ്നാട് വള്ളങ്ങൾ പിടികൂടി ഫിഷറീസ് എൻഫോഴ്സ്മെന്റ് സ്ക്വാഡ്.

മൺസൂൺ കാല ട്രോളിങ്ങ് നിരോധന നിയമങ്ങൾ ലംഘിച്ച് തമിഴ്നാട് രജിസ്ട്രേഷൻ ഉള്ള യാനങ്ങൾ കൂട്ടമായി ചാവക്കാട് ബ്ലാങ്ങാട് കടപ്പുറത്ത് എത്തിയത് അറിഞ്ഞ് ഫിഷറീസ് മറൈൻ എൻഫോഴ്സ്മെൻറ് ഉദ്യോഗസ്ഥ സംഘം പരിശോധന നടത്തിയതിനെ തുടർന്നാണ് പി ടി ക്കൂടിയത്. കേന്ദ്ര സർക്കാർ നിഷ്കർച്ചിട്ടുള്ള പച്ച കളർകോഡ് മാറ്റി കേരള യാനങ്ങൾക്ക് അനുവദിച്ചിട്ടുള്ള നീല കളർകോഡ് അടിച്ച് കേരള വള്ളങ്ങൾ എന്ന വ്യാജേന മത്സ്യബന്ധനത്തിന് ഒരുക്കങ്ങൾ നടത്തിയത് തമിഴ്നാട് കന്യാകുമാരി ജില്ലയിൽ കൊളച്ചൽ സ്വദേശികളായ സഹായ സർച്ചിൽ ,ഹിറ്റ്ലർ തോമസ് ,സ്റ്റാൻലി പോസ്സ്മസ് എന്നിവരുടെ ഉടമസ്ഥതയിലുള്ള യാനങ്ങളാണ് ഫിഷറീസ് മറൈൻ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ ബ്ലാങ്ങാട് നിന്ന് പിടിച്ചെടുത്തത്. തൃശൂർ ജില്ല ഫിഷറീസ് സ്റ്റേഷൻ അസി. ഡയറക്ടർ പോളിന്റെ നേതൃത്വത്തിലുള്ള പ്രത്യേക പരിശോധന സംഘത്തിൽ പി ഇ ഒശ്രുതിമോൾ , എ എഫ് ഇ ഒ സംനാ ഗോപൻ, മെക്കാനിക്ക് ജയചന്ദ്രൻ , മറൈൻ എൻഫോഴ്സ്മെന്റ് ആന്റ് വിജിലൻസ് വിങ്ങ് ഉദ്യോഗസ്ഥരായ പ്രശാന്ത് കുമാർ വി എൻ ,ഷൈബു വി എം , ഷിനിൽ കുമാർ ഇ ആർ,എന്നിവർ നേതൃത്വം നൽകി.

കോസ്റ്റൽ പൊലീസ് പിടികൂടിയ തമിഴ്നാട് വള്ളങ്ങൾ

തൃശൂർ വാർത്തകൾ

കടപ്പുറത്ത് കരയെടുത്ത് കടൽ

കടൽ റോഡിലെത്താൻ അഞ്ച് മീറ്റർ ദൂരം മാത്രം. അഞ്ചങ്ങാടിയിൽ ജനങ്ങൾ ഭീതിയിൽ

ചാവക്കാട്: കടപ്പുറം അഞ്ചങ്ങാടി വളവിൽ കടൽ റോഡിലെത്താൻ അഞ്ച് മീറ്റർ ദൂരം മാത്രം എത്തിയതോടെ തീരദേശത്തെ ജനങ്ങൾ ഭീതിയിലായി.

കഴിഞ്ഞ മൂന്നു ദിവസമായി കടൽ രൂക്ഷമായി കര കാർന്നു തിന്നുകയാണ്. അഞ്ചങ്ങാടി വളവിലെ ഒരു കെട്ടിടം ഇതിനകം നിലം പൊത്തി. മറ്റൊരു ഇരു നില കെട്ടിടം നിലം പൊത്തുന്ന അവസ്തയിലാണ്. പൊതുമരാമത്തിന്റെ കീഴിലുള്ള മുനക്കകടവ് ചാവക്കാട് അഹമ്മദ് കുരിക്കൾ റോഡ് ഒലിച്ചു പോകാൻ അതികസമയം വേണ്ട. അഞ്ചങ്ങാടി വളവിൽ 5 മീറ്റർ വരെ റോഡിനോട് ചേർന്ന് കടലടുത്തു. ഇവിടെ കുഴിപ്പൻ തിരമാല കരയിലേക്കു അടിച്ചു കയറുകാണ്. കടൽ വെള്ളം റോഡിലൂടെ ഒഴുകുന്നു. കടൽ ക്ഷോഭം തടയാൻ അടിയന്തിരമായി എത്തിയത് മൂന്നു ലോറി കരിങ്കല്ല് മാത്രം. യുദ്ധ കാല അടിസ്ഥാനത്തിൽ അഞ്ചങ്ങാടി വളവിൽ കല്ലടിച്ചു താൽക്കാലിക ഭിത്തി പണിതില്ലെങ്കിൽ എല്ലാം കൈവിട്ടു പോകും. അതിരൂക്ഷ കടലാക്രമണം ഉണ്ടായിട്ടും എൻ.കെ അക്ബർ എം.എൽ, എ കടൽ ക്ഷോഭ മേഖല ഇതുവരെ സന്ദർശിച്ചിട്ടില്ല. തൃശൂർ ജില്ലക്ക് കേന്ദ്ര മന്ത്രിയുണ്ടായിട്ടും തിരിഞ്ഞു നോക്കിയിട്ടില്ല. കടൽക്ഷോഭം ശക്തി പ്രാപിക്കുന്നതോടെ കടപ്പുറം പഞ്ചായത്തിന്റെ തീരദേശം വൻ ദുരിതങ്ങളിലേക്കു ചെന്നെത്തും. കടപ്പുറം പഞ്ചായത്തിന്റെ ഏഴു കിലോ മീറ്റർ ദൂരം ശക്തമായ കടൽ ക്ഷോഭ ഭീക്ഷണിയിലാണ്. കടപ്പുറം പഞ്ചായത്തിലെ കടൽ ക്ഷോഭത്തിൽ നിന്നും തീരദേശ ജനങ്ങളെ രക്ഷിക്കാൻ കേരള, കേന്ദ്ര, സർക്കാറുകൾ ഇടപെടണമെന്നും നാട്ടുകാർ ആവശ്യപ്പെട്ടു.

കടപ്പുറം അഞ്ചങ്ങാടി വളവിൽ കടൽ റോഡിലെത്താറായ നിലയിൽ

കടലേറ്റത്തിൽ മുൻ കടപ്പുറം പഞ്ചായത്ത് മെമ്പറും യൂത്ത് ലീഗ് നേതാവുമായ അഷ്ക്കർ മുനക്ക കടവിന്റെ വീട്ടിൽ വെള്ളം കയറിയ നിലയിൽ

ഏങ്ങണ്ടിയൂരിൽ ഗ്യാസ് സിലിണ്ടർ പൊട്ടി തെറിച്ചു. തകർന്ന വീട്

ചേറ്റുവയിൽ വീട്ടിൽ ഗ്യാസ് സിലിണ്ടർ പൊട്ടിത്തെറിച്ചു

ചാവക്കാട്: ചേറ്റുവയിൽ അടഞ്ഞ് കിടന്നിരുന്ന വീട്ടിൽ മെയിന്റനൻസ് വർക്ക് നടക്കുന്നതിനിടയിൽ ഡബിൾ ഡോർ ഫ്രിഡ്ജിൽ ഗ്യാസ് നിറക്കുന്നതിനിടയിൽ മിനി സിലിണ്ടർ പൊട്ടിത്തെറിച്ച് ഫ്രിഡ്ജ് റിപ്പയർ ചെയ്തിരുന്ന വാടാനപ്പള്ളി സ്വദേശി കാഞ്ഞിരപ്പള്ള ജിമ്മിക്ക് പരുക്കേറ്റു. ചേറ്റുവ ജി.എം.യു.പി സ്കൂളിൽ ലഹരി വിരുദ്ധ കാമ്പയിൻ നടക്കുന്നതിനിടയിൽ വാടാനപ്പള്ളി പൊലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ ബി.എസ് ബിനുവിനെ പരിസരവാസികൾ വിവരമറിയിച്ചതിനെ തുടർന്ന് അദ്ദേഹവും ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചിരുന്ന സ്കൂൾ വികസന സമിതി ഭാരവാഹിയും, മുൻ ഗ്രാമ പഞ്ചായത്തംഗവുമായ ഇർഷാദ് കെ. ചേറ്റുവയും ഉടനെ സംഭവ സ്ഥലത്തെത്തി ഫയർ ഫോയ്സിൽ വിവരമറിയിച്ച് രക്ഷാ പ്രവർത്തനത്തിന് നേതൃത്വം നൽകി.

സിലിണ്ടർ പൊട്ടിതെറിച്ച് അടുക്കള ഭാഗത്ത് തീ പടർന്നു. വീട്ടിൽ മെയിന്റൻസ് പ്രവർത്തിയുടെ ഭാഗമായി പെയിന്റിങ്ങ് നടക്കുന്നതിനാൽ ലിറ്റർ കണക്കിന് ടർപ്പെന്റ് ഉൾപ്പടെ തീ പടരാൻ സാധ്യതയുള്ള പെയിന്റിങ്ങ് വസ്തുക്കളും, വലിയ ഗ്യാസ് സിലിണ്ടറും അടുക്കളയിൽ ഉണ്ടായിരുന്നു. ദീപു വൈലിത്തറ , കെ.ആർ പ്രനിൽ, ജിനീഷ് , ദീപക്ക് , കിരൺ, സി.പി.എം ലോക്കൽ കമ്മറ്റി സെക്രട്ടറി കെ.ആർ രാജേഷ് എന്നിവർ രക്ഷാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

ഗുരുവായൂരിൽ നിന്നും ഫയർ ഫോഴ്സെത്തിയാണ് തീയണച്ചത്. പരുക്കേറ്റ ജിമ്മിയെ ആദ്യം ചേറ്റുവയിലെ സ്വകാര്യ ആശുപത്രിയിലെത്തിച്ചെങ്കിലും പിന്നീട് വിദഗ്ദ ചികിത്സക്ക് തൃശൂരിലെ ആശുപത്രിയിലേക്ക് മാറ്റി. അപകട സ്ഥലത്ത് പതിനഞ്ചോളം പേർ പണിയെടുത്തിരുന്നു. തൊഴിലാളികൾ ചായ കുടിക്കാൻ പുറത്തുപോയ സമയത്താണ് സംഭവമുണ്ടായതെന്നതിനാൽ കൂടുതൽ അപകടം ഒഴിവായി. ദുബായിൽ ടൂറിസം കമ്പനി നടത്തുന്ന നെടിയേടത്ത് അനൂപിന്റെ ഏകദേശം ആറായിരത്തോളം ചതുരശ്ര വിസ്തീർണമുള്ള വീട്ടിലാണ് അപകടം ഉണ്ടായത്. അടുക്കള ഭാഗമുൾപ്പടെ വുഡ് പാനലുകളിൽ ഇന്റീരിയർ വർക്കുകൾ ഉള്ളതാണ് തീ പെട്ടെന്ന് പടരാൻ കാരണം.

കടപ്പുറം പഞ്ചായത്തിൽ കടൽ വീടുകളിലേക്കെത്തുന്നു

കടപ്പുറം പഞ്ചായത്തിൽ നിരവധി വീടുകളിൽ വെള്ളം കയറി

ചാവക്കാട് : കടപ്പുറം പഞ്ചായത്തിൽ കടൽ ക്ഷോഭം രൂക്ഷമായതോടെ വെള്ളം കയറി നിരവധി വീടുകൾക്കു കെട്ടിടങ്ങൾക്കും നാശം.

കടലോരത്തെ നിരവധി കുടുംബങ്ങൾ താമസം മാറ്റി. കടൽ റോഡിലൂടെ കിഴക്കോട്ടൊഴുകി റോഡിന്റെ കിഴക്കു ഭാഗങ്ങളിലും വീടുകൾക്കും നാശം വിതച്ചു. ഇന്നലെ ഉച്ചയോടെയാണ് കടൽകരകയറാൻ തുടങ്ങിയത്. വലിയ തിരമാലങ്ങൾ നിമിഷനേരങ്ങൾ കൊണ്ട് കരയിലേക്ക് ഉയർന്നു പൊന്തി ഇരച്ചു കയറുകയായിരുന്നു. മുനക്ക കടവ്, ഇഖ്ബാൽ നഗർ, ലീഗ് ഓഫീസ് പരിസരത്ത് കടൽ ക്ഷോഭം രൂക്ഷമായി. നിരവധി വീടുകൾക്ക് നാശം വിതച്ചു. മൂസറോഡ് അഞ്ചങ്ങാടി വളവ്, ആശുപത്രി പടി, നോളീ റോഡ്, ആനന്തവാടി, മാളുകുട്ടി വളവ്, ഫൈറ്റ് ഹൗസ്, തുടങ്ങിയ സ്ഥലങ്ങളിലും കടൽ കരയിലേക്ക് കയറി. കടൽ പലസ്ഥലത്തും റോഡിലൂടെ ഒഴുകി പരിസരങ്ങളിലെല്ലാം വെള്ളകെട്ട് രൂക്ഷമായ നിലയാണ്. ഉപ്പു വെള്ളം കയറി നിരവധി കുടിവെള്ള കിണറുകളും, കുഴൽ കിണറുകളും, ഉപയോഗ ശൂന്യമായി. തീര ദേശത്തെ ജനങ്ങൾ വലിയ ദുരിതത്തിലും ഭയപാടിലുമാണ് കഴിയുന്നത്. കടപ്പുറം പഞ്ചായത്തിന്റെ എട്ടു കിലോമീറ്റർ കടലോരമാണ്. ഭൂരിഭാഗം സ്ഥലത്തും കടൽ ഭിത്തി തകർന്ന നിലയിലും പുതിയ കടൽ ഭിത്തി കെട്ടാനുമുണ്ട്.

എന്നാൽ കേരള, കേന്ദ്ര സർക്കാറുകൾ തീരദേശത്തോട് വലിയ അവഗണനയാണ് കാണിക്കുന്നത്.. കടൽ ക്ഷോഭ മേഖല കടപ്പുറംം പഞ്ചായത്ത് ജന പ്രതിനിധികളും, മുസ്ലിം ലീഗ് നേതാക്കളും സന്ദർശിച്ചു. ചാവക്കാട് പൊലീസും, മുനക്ക കടവ് കോസ്റ്റൽ പൊലീസും സ്ഥലത്തെത്തി.ി തഹസിൽദാർ അടക്കമുള്ള റവന്യൂ ഉദ്യോഗസ്ഥരും സ്ഥലത്തെത്തിയിരുന്നു. തീര ദേശ ജനങ്ങളോട് ജാഗ്രത പാലിക്കാൻ നിർദേശം നൽകി. വരും ദിവസങ്ങളിലും കാലവർഷം രൂക്ഷമാവാനും, കടൽ രൂക്ഷമാവാനും സാധ്യതകൾ ഏറെയാണ്. ഇടക്കു വീശുന്ന ശക്തമായ കാറ്റും, കടൽക്ഷോഭത്തിനു കാരണമാവുന്നു. കടലിൽ ജല നിരപ്പ് ഉയർന്ന നിലയിലാണ് ഇതും ഭീക്ഷണിയാകുന്നുണ്ട്.

മുനക്കകടവിൽ സ്ത്രീകളടക്കമുള്ള നാട്ടുകാർ റോഡ് ഉപരോധിക്കുന്നു

കടൽ ക്ഷോഭം; സ്ത്രീകളടക്കമുള്ള നാട്ടുകാർ റോഡ് ഉപരോധിച്ചു

ചാവക്കാട്: മുനക്കക്കകടവിൽ കടൽ ക്ഷോഭം രൂക്ഷമായതിനെ തുടർന്ന് ജനങ്ങൾ രോഷാകുലരായി റോഡ് ഉപരോധിച്ചു.

കേന്ദ്ര കേരള സർക്കാറുകൾ തീരദേശത്തുക്കാരോട് കാണിക്കുന്ന അവഗണനയിൽ പ്രതിഷേധിച്ചായിരുന്നു റോഡ് ഉപരോധം. പിന്നീട് ചാവക്കാട് മുനക്ക കടവ് കോസ്റ്റൽ എന്നിവിടങ്ങളിൽ നിന്നുള്ള പൊലീസ് സ്ഥലത്തെത്തി ഉപരോധക്കാരുമായി സംസാരിച്ചതിനു ശേഷമാണ് ഉപരോധം നിറുത്തിയത്. സൈയ്തുമുഹമ്മദ് പോക്കാക്കില്ലത്ത്, പി.എ.അഷ്കർ അലി, എ.കെ.ശുഹൈബ്, ഹുസൈൻ പോക്കാകിലത്ത്, നസീർ പൊന്നാക്കാരൻ, സുഫൈർ.പി.എസ്, മൈമൂന, ഐഷ കറുത്ത, സുബൈദ ഷാഹുൽഹമീദ്, പാത്തുമ്മു കറുത്ത, ശബന ഹുസൈൻ, കയ്യമോൾ കുറ്റിയാട്ടയിൽ, ഷാഹുൽഹമീദ് പുതുവീട്ടിൽ, അശ്റഫ് കുറ്റിയാട്ടയിൽ, മുഹമ്മദാലി പൊന്നാക്കാരൻ, പി എസ് അസ്ലം, പി.എം.ഹിളർ, പി.എസ്.ഷബീർ, അബ്ദുസമദ് പോക്കാകില്ലത്ത്, ഇസഹാക്ക് ചിന്നാലി, യാസിർ കെ ആർ, മൻസൂർ പണ്ടാരത്തിൽ, ഷബീബ് ഇബ്രാഹിം, പി.കെ.നിഷാദ് എന്നിവർ സമരത്തിന് നേതൃത്വം നൽകി.

സമസ്ത സ്ഥാപക ദിനം ബ്ലാങ്ങാട് കാട്ടിൽ നൂറുൽ ഇസ്ലാം ഹയർ സെക്കന്ററി മദ്രസയിൽ ആക്റ്റിംഗ് പ്രസിഡന്റ് വി.കെ കുഞ്ഞാലു ഹാജി പതാക ഉയർത്തുന്നു

സമസ്ത സ്ഥാപക ദിനം ആചരിച്ചു

ചാവക്കാട്: ബ്ലാങ്ങാട് കാട്ടിൽ നൂറുൽ ഇസ്ലാം ഹയർ സെക്കന്ററി മദ്രസയിൽ ആക്റ്റിംഗ് പ്രസിഡന്റ് വി കെ കുഞ്ഞാലു ഹാജി പതാക ഉയർത്തി ഖത്തീബ് എം മൊയ്തീൻ കുട്ടി അൽ ഖാസിമി മുഖ്യ പ്രഭാഷണം നടത്തി പി.വി ബക്കർ ഹാജി, റാഫി വലിയകത്ത്, സദർ അഷറഫ് സഖാഫി, ഷാഫി അഹ്സനി, ഹനീഫ അഹ്സനി, സിദ്ധീഖ് സഖാഫി, ജസീർ ഉലൂമി എന്നിവർ സംബന്ധിച്ചു.

ചിറക്കൽ നമാഉൽ ഉലൂം മദ്രസയിൽ സമസ്ത സ്ഥാപകദിനത്തോടനുബന്ധിച്ച് പ്രസിഡന്റ് ഇ.എം കുഞ്ഞിമോൻ ഹാജി പതാക ഉയർത്തുന്നു

ചിറക്കൽ മദ്രസയിൽ സമസ്ത സ്ഥാപകദിനാചരണം

കാട്ടകാമ്പാൽ: ചിറക്കൽ നമാഉൽ ഉലൂം മദ്രസയിൽ സമസ്ത സ്ഥാപകദിനം ആചരിച്ചു. പ്രസിഡന്റ് ഇ.എം കുഞ്ഞിമോൻ ഹാജി പതാക ഉയർത്തി. അബ്ദുൾ ഹഖീം ദാരിമി പ്രാർത്ഥന നടത്തി. സെക്രട്ടറി ഇ.എസ് ഷെമീർ, ട്രഷറർ പി.കെ അഷറഫ്, വി.വി അബൂബക്കർ, മെമ്പർ ഷമീർ കരീം എന്നിവർ പങ്കെടുത്തു

വാർഷികാഘോഷം

തൃശൂർ: കത്തോലിക്കാ കോൺഗ്രസ് കുരിയച്ചിറ യൂണിറ്റ് വാർഷികാഘോഷം കുരിയച്ചിറ സെന്റ് ജോസഫ് പള്ളി വികാരി ഫാ.തോമസ് വടക്കൂട്ട് ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡൻറ് ടോണി ചിറ്റിലപ്പിള്ളി അധ്യക്ഷത വഹിച്ചു.

യൂണിവേഴ്സൽ എഞ്ചിനീയറിംഗ് കോളജിൽ ഗ്രാഡ്യൂവേഷൻ സെറിമണി

വെള്ളാങ്ങല്ലൂർ: വള്ളിവട്ടം യൂണിവേഴ്സൽ എഞ്ചിനീയറിംഗ് കോളജിലെ നാല് വർഷ ബിടെക് പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് ഗ്രാഡ്യൂവേഷൻ സെറിമണി നടത്തി. സിവിൽ, മെക്കാനിക്കൽ, ഇലെക്ട്രിക്കൽ ,ഇലക്ട്രോണിക് ആൻഡ് കമ്മ്യൂണിക്കേഷൻ, കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾ ആണ് ബിടെക് പഠനം പൂർത്തിയാക്കിയത്.

ചടങ്ങിന്റെ ഉദ്ഘാടനം കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല വൈസ് ചാൻസലർ ഡോ.പി.ജി.ശങ്കരൻ നിർവ്വഹിച്ചു. യൂണിവേഴ്സൽ എഡ്യൂക്കേഷണൽ ട്രസ്റ്റ് വൈസ് ചെയർമാൻ മുകുന്ദൻ സി.കെ അദ്ധ്യക്ഷത വഹിച്ചു. വിദ്യാഭ്യാസത്തിന് മാത്രമേ സമൂഹത്തെ മെച്ചപ്പെട്ട ജീവിതത്തിലേക്ക് നയിക്കാൻ കഴിയൂ എന്ന് മനസിലാക്കി സമൂഹത്തിനും അവരുടെ വികസനത്തിനും സാങ്കേതിക രംഗത്തു മികച്ച സംഭാവനകൾ നൽകണമെന്ന് വൈസ് ചാൻസലർ വിദ്യാർത്ഥികളെ ഉദ്ബോധിപ്പിച്ചു. മുന്നൂറോളം വിദ്യാർത്ഥികൾക്കു കോഴ്സ് കംപ്ലീഷൻ സെർട്ടിഫിക്കറ്റും ഉപഹാരവും നൽകി .വിവിധ ബ്രാഞ്ചുകളിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി പ്രതിഭകളായ ലാലി ജോർജ് (സിവിൽ) മരിയ റോസ് (എം.ടെക് സിവിൽ) സ്റ്റെഫിൻ ടി.ജെ (മെക്കാനിക്കൽ) വൈഷ്ണവി കെ.എസ് (ഇലെക്ട്രിക്കൽ) അഫ്ന വി.എൻ (ഇലക്ട്രോണിക്) അമൃതപ്രിയ സി.ബി (കമ്പ്യൂട്ടർ) എന്നീ വിദ്യാർഥികൾക്കു ശ്രേഷ്ഠ ശിഷ്യ അവാർഡുകൾ നൽകി. വിവിധ വ്യവസായ സ്ഥാപനങ്ങളിൽ പ്ലേസ്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് പ്ലേസ്മെന്റ് സർട്ടിഫിക്കറ്റ് നൽകി.പ്രിൻസിപ്പൽ ഡോ .ജോസ് കെ ജേക്കബ് ,വൈസ് പ്രിൻസിപ്പൽ ഡോ കെ.കെ നാരായണൻ, കോളജ് ഡീൻ ഡോ ജോബിൻ എം.വി വിവിധ വകുപ്പ് മേധാവികൾ എന്നിവർ സംസാരിച്ചു.

വള്ളിവട്ടം യൂണിവേഴ്സൽ എഞ്ചിനീയറിംഗ് കോളജിലെ ഗ്രാഡ്യൂവേഷൻ സെറിമണി കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല വൈസ് ചാൻസലർ ഡോ.പി.ജി.ശങ്കരൻ ഉദ്ഘാടനം ചെയ്യുന്നു.

സമസ്ത പ്രവർത്തനം മാതൃകാപരം: സി.എച്ച്.റഷീദ്

കടപ്പുറം: സമസ്ത 98-ാംസ്ഥാപക ദിനത്തോടനുബന്ധിച്ച് കടപ്പുറം അഞ്ചങ്ങാടി തൻവീറുൽ ഇസ്ലാം മദ്റസയിൽ മഹല്ല് പ്രസിഡന്റ് സി.എച്ച്. റഷീദ് പതാക ഉയർത്തി ഉദ്ഘാടനം കർമ്മം നിർവ്വഹിക്കുകയും ചെയ്തു. മദ്റസ സ്വദർ മുഅല്ലിം ബി.എം.ഉസ്മാൻ ദാരിമി എടക്കഴിയൂർ സ്ഥാപക സന്ദേശം നൽകി.

പ്രാർത്ഥനക്ക് സൈനുദ്ധീൻ വാഫി നേതൃത്വം നൽകി. മഹല്ല് ട്രഷറർ ഹസൈനാർ ഹാജി, സെക്രട്ടറി മുബാറക് മാഷ്, കമ്മിറ്റി ഭാരവാഹികളായ ഐ.കെ.അബൂബക്കർ, അലി അഞ്ചങ്ങാടി, മദ്റസ അധ്യാപകരായ കുഞ്ഞാലൻ മുസ്ലിയാർ, അലി മുസ്ലിയാർ, ആസിഫ് വാഫി, യൂസഫ് ഫൈസി, ഹനീഫ് ഫൈസി, ഉസ്മാൻ മൗലവി, എസ്.കെ.എസ്.എസ്.എഫ് പ്രവർത്തകരായ സഹൽ ഇസ്മായിൽ, സാജിദ് അലി, ആദിൽ, ഹിലാൽ, അക്ബർ അറക്കൽ എന്നിവർ പങ്കെടുത്തു.

സമസ്ത സ്ഥാപക ദിനാചരണം കടപ്പുറം അഞ്ചങ്ങാടി തൻവീറുൽ ഇസ്ലാം മദ്റസയിൽ മഹല്ല് പ്രസിഡന്റ് സി.എച്ച്. റഷീദ് ഉദ്ഘാടനം ചെയ്യുന്നു.

അൽ -ഖാദിരിയ്യ ശരീഅത്ത് അക്കാദമി പൂർവ്വ വിദ്യാർത്ഥി സംഘടന രൂപീകരിച്ചു

വാക : സമസ് തൃശ്ശൂർ ജില്ല കമ്മറ്റി അംഗം അൽ ഹാജ് ഉമർ അൻവരിയുടെ നേതൃത്വത്തിൽ മറ്റം വാകയിൽ സ്ഥിതി ചെയ്യുന്ന മത -ഭൗതിക സമന്വയ വിദ്യാഭ്യാസ സ്ഥാപനം അൽ ഖാദിരിയ്യ ശരീഅത്ത് അക്കാദമി & ഹിഫ്ള് ഖുർആൻ കോളേജിലെ പൂർവ്വ വിദ്യാർത്ഥി സംഘടന രൂപീകരിച്ചു. ബലി പെരുന്നാലിനോടനുബാധിച്ചു സ്ഥാപനത്തിൽ ചേർന്ന സംഗമത്തിലാണ് അൽ ഹാജ് ഉമർ അൻവരിയുടെ നേതൃത്വത്തിൽ പുതിയ കമ്മിറ്റി ക്ക് രൂപം നൽകിയത് .

പ്രസിഡന്റ് സ്വാദിഖ് ഖാദിരി അൻവരി പൊർക്കളെങ്ങാട്,വൈസ്. പ്രസിഡന്റ് അബ്ദു സമദ് ഖാദിരി പട്ടിത്തടം,ജനറൽ സെക്രട്ടറി അലിമോൻ ഖാദിരി ഫൈസി പഴുന്നാന, ജോ. സെക്രട്ടറി യഹ്യ ഖാദിരി ഇയ്യാൽ, വർക്കിംഗ് സെക്രട്ടറി നാദിർഷ ഖാദിരി ഫൈസി പാലപ്പെട്ടി,ട്രഷറർ മുബീൻ ഖാദിരി ഫൈസി കല്ലൂർ, ഓഡിറ്റിങ് റാഫി ഖാദിരി ഫൈസി മാണൂർ എന്നിവരെയും തിരഞ്ഞെടുത്തു.

ലഹരി വിരുദ്ധ ദിനാചരണം സിറ്റി പൊലീസിനൊപ്പം അണിചേർന്ന് സെന്റ് ആൽബർട്ട്സ് ഹൈസ്കൂൾ

കൊച്ചി ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി എറണാകുളം സെന്റ് ആൽബർട്ട്സ് ഹൈസ്കൂളിലെ എൻ.സി.സി,എസ്.പി.സി, ജെ.ആർ.സി,ടീൻസ് ക്ലബ്ബുകളുടെ സംയുക്താഭിമുഖ്യത്തിൽ സിറ്റി പൊലീസിന്റെ നേതൃത്വത്തിൽ വിവിധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. സ്കൂളിൽ നിന്നും ആരംഭിച്ച സൈക്കിൾ റാലി മുഖ്യാതിഥിയായ എസ്.പി.സി ജില്ലാ നോഡൽ ഓഫീസർ, അസി. പൊലീസ് കമ്മീഷണർ ബിനു ശ്രീധർ ഫ്ളാഗ് ഓഫ് ചെയ്തു.
തുടർന്ന് ഹൈക്കോർട്ട് ജംഗ്ഷനിൽ വച്ച് അസി. പൊലീസ് കമ്മീഷണർ ബാലകൃഷ്ണൻ എം യു വിദ്യാർത്ഥികൾക്ക് ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ലഹരി വിരുദ്ധ സന്ദേശം അടങ്ങുന്ന ഹൈഡ്രജൻ ബലൂൺ പറത്തൽ, മനുഷ്യച്ചങ്ങല, ലഹരി വസ്തുക്കളുടെ പ്രതീകാത്മക ജ്വലനം, ഫ്ളാഷ് മോബ് എന്നിവയും സംഘടിപ്പിച്ചു. സ്കൂൾ പരിസരത്തുള്ള കടകളിലും യാത്രക്കാർക്കും കുട്ടികൾ ലഹരി വിരുദ്ധ ബോധവൽക്കരണം നടത്തി. സെന്റ് ആൽബർട്ട് ഹൈസ്ക്കൂൾ എച്ച് എം ഇൻ ചാർജ് ജോസഫ് സെൻ, സൂരജ് കുമാർ എം.ബി, ഫ്രാൻസിസ്, സിനീഷ് എസ്, അധ്യാപകരായ ലൈജു, ഡാംസൺ, സുബിൻ, റെക്സൺ, ജാൻസി, മിനി, സ്മിത, ശോഭ, അനില, മിന്നു, ജിജി എന്നിവർ നേതൃത്വം നൽകി.

എറണാകുളം വാർത്തകൾ

ഭൂതത്താൻകെട്ട് ഡാമിൽ ജലനിരപ്പ് ഉയർന്നു

ഏഴ് ഷട്ടറുകൾ തുറന്നു

ഭൂതത്താൻ കെട്ടിന്റെ ഷട്ടറുകൾ തുറന്നപ്പോൾ

കോതമംഗലം: മഴ കനത്തോടെ ഭൂതത്താൻ കെട്ട് ഡാമിൽ ജല നിരപ്പ് ഉയർന്നു. ആകെയുള്ള 15 ഷട്ടറുകളിൽ 7 ഷട്ടറുകൾ തുറന്ന നിലയിലാണ്. 5 ഷട്ടറുകൾ 5 മീറ്ററും 2 ഷട്ടറുകൾ 30 സെന്റീമീറ്റർ വീതവും തുറന്നിട്ടുണ്ട്. 25 ലക്ഷം ലിറ്റർ വെള്ളം സെക്കന്റിൽ ഡാമിൽ നിന്നും പുറത്തേക്ക് ഒഴുക്കി വിടുന്നുണ്ട്. വ്യക്ഷ്ടി പ്രദേശത്തും കിഴക്കൻ മേഖലയിലും മഴ ശക്തമായാൽ കൂടുതൽ ഷട്ടറുകൾ തുറക്കുമെന്ന് അധികൃതർ അറിയിച്ചു. ഡാമിന്റെ സംഭരണ ശേഷി 34.85 മീറ്റർ ആണ്. ഇപ്പോൾ ജലനിരപ്പ് 32 മീറ്ററിൽ നിയന്ത്രിക്കുന്നു. 39 അടി മീറ്റർ ഉയരവും 692 അടി നീളവുമാണ് ഡാമിനുള്ളത്.

ശക്തമായ കടൽ ക്ഷോഭത്തെ തുടർന്ന് ചെല്ലാനത്ത് വീടുകളിൽ വെള്ളം കയറിയപ്പോൾ

എറണാകുളം പണ്ഡിറ്റ് കറുപ്പൻ സ്മാരക ഹാളിലെ കെ കരുണാകരൻ നഗറിൽ നടന്ന ധീവര ദിനാഘോഷവും, നേതൃ സമ്മേളനവും ധീവരസഭ സംസ്ഥാന ജനറൽ സെക്രട്ടറി വി. ദിനകരൻ എക്സ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു

ഐഡിഎഫ് ഏഷ്യാ - പസഫിക് മേഖലാ ഡെയറി സമ്മേളനത്തിന് തുടക്കമായി

കൊച്ചി: കേന്ദ്ര ഫിഷറീസ്, മൃഗസംരക്ഷണ, ക്ഷീര വികസന മന്ത്രാലയവും നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡും ഇന്റർനാഷണൽ ഡയറി ഫെഡറേഷനും ചേർന്ന് രാജ്യത്താദ്യമായി സംഘടിപ്പിക്കുന്ന 'റീജിയണൽ ഡയറി കോൺഫറൻസ് ഏഷ്യ- പസഫിക് 2024' ത്രിദിന സമ്മേളനത്തിന് കൊച്ചിയിൽ തുടക്കമായി.
സംസ്ഥാന ക്ഷീരവികസന, മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി ഉദ്ഘാടനം ചെയ്തു.
കാലാവസ്ഥാ വ്യതിയാനം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ക്ഷീരമേഖല നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കാൻ ക്രിയാത്മകമായ നടപടികൾ ആവശ്യമാണെന്നും ക്ഷീരോത്പാദനത്തിൽ സ്വയംപര്യാപ്തമാകാൻ കേരളത്തിന് ഇതുവരെ കഴിഞ്ഞിട്ടില്ലെന്നും മന്ത്രി പറഞ്ഞു.
ക്ഷീരമേഖലയിൽ കർഷക സൗഹൃദ നൂതന രീതികൾ അനിവാര്യമാണെന്ന് ഉദ്ഘാടന ചടങ്ങിൽ വെർചലായി മുഖ്യപ്രഭാഷണം നടത്തിയ കേന്ദ്ര ഫിഷറീസ്, മൃഗസംരക്ഷണ, ക്ഷീര വകുപ്പ് മന്ത്രി രാജീവ് രഞ്ജൻ സിംഗ് പറഞ്ഞു. ഐഡിഎഫ് പ്രസിഡന്റ് ഡോ. പിയർക്രിസ്റ്റ്യാനോ ബ്രസാലെ ആമുഖ പ്രഭാഷണം നടത്തി. കേന്ദ്ര അനിമൽ ഹസ്ബൻഡറി ആന്റ് ഡയറിയിങ്ങ് വകുപ്പ് സെക്രട്ടറിയും ഐഡിഎഫിന്റെ ഇന്ത്യൻ നാഷണൽ കമ്മിറ്റി പ്രസിഡന്റുമായ അൽക്ക ഉപാധ്യായ, അരുണാചൽ പ്രദേശ് ക്ഷീരവകുപ്പ് മന്ത്രി ഗബ്രിയേൽ ഡെൻവാങ് വാങ്സു, എൻഡിഡിബി ചെയർമാനും ഐഡിഎഫിന്റെ ഇന്ത്യൻ നാഷണൽ കമ്മിറ്റി മെമ്പർ സെക്രട്ടറിയുമായ ഡോ. മീനേഷ് ഷാ എന്നിവർ സംസാരിച്ചു.
മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന സമ്മേളനത്തിൽ ഇരുപത് രാജ്യങ്ങളിൽ നിന്നുള്ള 1000 പ്രതിനിധികളും 500 കർഷകരും പങ്കെടുക്കുന്നുണ്ട്.

കുപ്രസിദ്ധ മോഷ്ടാവ് നസറുദീൻ ഷാ പിടിയിൽ

മരട് : കുപ്രസിദ്ധ അന്തർജില്ലാ മോഷ്ടാവ് പിടിയിൽ. കൊച്ചി സിറ്റിയിൽ ടൗൺ സൗത്ത് പൊലീസ് സ്റ്റേഷൻ പരിധിയിൽ ആളില്ലാത്ത വീട് കുത്തിതുറന്ന് മോഷണം നടത്തിയതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിവരവേ കഴിഞ്ഞദിവസം മരട് പൊലീസ് സ്റ്റേഷൻ പരിധിയിലും സമാനമായ രീതിയിൽ ആളില്ലാത്ത വീട് കുത്തി തുറന്ന് മോഷണം നടത്തിയതിനെ തുടർന്ന് നോർത്ത് റെയിൽവേ സ്റ്റേഷന് സമീപത്തുള്ള ലോഡ്ജിൽ നിന്നും തിരുവനന്തപുരം ബീമാപള്ളി സ്വദേശി നസറുദീൻ ഷാ എന്ന അസറുദീൻ (35) നെയും സഹായി ആയ ഖലീഫ് എന്ന പ്രായപൂർത്തിയാകാത്ത യുവാവിനേയും എറണാകുളം അസിസ്റ്റന്റ് കമ്മീഷണർ പി രാജ് കുമാറിന്റെ നിർദ്ദേശ പ്രകാരം എറണാകുളം എ സി പി സ്ക്വാഡും, സിപി ഓ മാരായ ജിബിൻ, നിഖിലേഷ് എന്നിവരും ചേർന്ന് പിടികൂടിയത്.

ഇയാളെ വിശദമായി ചോദ്യം ചെയ്തതിൽ കന്യാകുമാരി, ആലപ്പുഴ ജില്ലയിൽ പുന്നപ്ര, എണാകുളം ടൗൺ സൗത്ത്, നോർത്ത്, മരട്, മലപ്പുറം ജില്ലയിൽ പരപ്പനങ്ങാടി കേട്ടയം ജില്ലയിൽ പിറവം റോഡ് റെയിൽവേ സ്റ്റേഷന് സമീപം അമ്പലം തുടങ്ങിയ സ്ഥലങ്ങളിൽ മോഷണം നടത്തിയതായി സമ്മതിച്ചു. റെയിൽവേ ട്രാക്കിലൂടെ രാത്രി സഞ്ചരിക്കുന്ന പ്രതികൾ ട്രാക്കിന് സമീപം പൂട്ടി കിടക്കുന്ന വീടുകളാണ് കൂടുതലായും ലക്ഷ്യം വയ്ക്കുന്നത് മോഷണം നടത്തുന്ന വീട്ടിൽ നിന്നോ സമീപത്തേ വീടുകളിൽ നിന്നും ലഭിക്കുന്ന ആയുധങ്ങൾ ഉപയോഗിച്ചാണ് വീട് കുത്തി തുറക്കുന്നത്. ഈ മോഷണങ്ങളിൽ എല്ലാം തന്നെ പ്രതി സഹായത്തിനായി കൂടെ കൂട്ടിയത് പ്രായപൂർത്തിയാകാത്ത യുവാക്കളെയാണ്.
പുന്നപ്രയിലും, പരപ്പനങ്ങാടിയിലും ഇയാളുടെ കൂടെ ഉണ്ടായിരുന്നത് ഷിഫാസ് എന്ന പ്രായപൂർത്തിയാകാത്ത ആളാണ്. മരട് സ്റ്റേഷൻ പരിധിയിൽ നിന്നും മോഷണ പോയ മോഷണമുതലുകൾ പ്രതിയുടെ പക്കൽ നിന്നും കണ്ടെടുത്തിട്ടുണ്ട്. ചെറുപ്രായത്തിൽ തന്നെ മോഷണം തുടങ്ങിയ ഇയാളുടെ പേരിൽ വിവിധ ജില്ലകളിലായി 25 ഓളം മോഷണ കേസുകൾ നിലവിൽ ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ കാപ്പാ കേസിൽ പിടികിട്ടാപുള്ളി കൂടിയാണ്.

ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു

ശ്രീമൂലനഗരം: ശ്രീമൂലനഗരം ഗവണ്മെന്റ് എൽ പി സ്കൂളിൽ വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കുമായി ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. ഭാവി തലമുറയെ നശിപ്പിക്കുകയും സമൂഹത്തിൽ ഒട്ടേറെ ദുരന്തങ്ങൾ വിതക്കുകയും ചെയ്യുന്ന ലഹരിയെന്ന സാമൂഹ്യതിന്മക്കെതിരെ സമൂഹം ഒറ്റക്കെട്ടായി അണിനിരക്കണമെന്ന് ആലുവ ഈസ്റ്റ് പൊലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടറും കേരള ചൈൽഡ് ഫ്രണ്ട്ലി പ്രൊജക്ട് മാസ്റ്റർ ട്രെയ്നറുമായ മുഹമ്മദ് അഷ്റഫ് പി. സി അഭിപ്രായപ്പെട്ടു. ബോധവൽക്കരണ പരിപാടിയിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. പി.ടി.എ പ്രസിഡണ്ട് സിറാജ് ഉസ്മാൻ അദ്ധ്യക്ഷത വഹിച്ച പരിപാടിയിൽ സീനിയർ അധ്യാപിക ശ്രീകല സ്വാഗതം ആശംസിക്കുകയും അധ്യാപകൻ ഷമീർ എം. എം നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു.

പെരിയാറിലേക്ക് മലിന ജലം ഒഴുക്കിയ കമ്പനി അടച്ചുപൂട്ടിച്ചു

ഏലൂർ: പെരിയാറിലേക്ക് വിഷ ജലം ഒഴുക്കിയ എടയാറിലെ ചെറുകിട വ്യവസായശാല അടച്ചു പൂട്ടാൻ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നോട്ടീസ് നൽകി.
ചെറുകിട വ്യവസായ ശാലയായ സീജി ലൂബ്രിക്കൻസിനാണ് ഇന്നലെ രാവിലെ അടച്ചുപൂട്ടാൻ നോട്ടീസ് നൽകിയത്.
ഈ വ്യവസായ ശാലയിൽ നിന്ന് ഇന്നലെ പുലർച്ചെ 2.40 ഓടെ പെരിയാറിലേക്ക് മലിനജലം ഒഴുകുന്നത് പരിസ്ഥിതി പ്രവർത്തകർ കണ്ടെത്തി.
2.30 ഓടെയാണ് റോഡരുകിലെ കാനയിൽ നിന്ന് ശക്തമായി കറുത്ത നിറത്തിൽ മലിന ജലം ഒഴുകുന്നത് കണ്ടു. ഇതിന്റെ സ്രോതസ് കണ്ടെത്താൻ ഒരു സ്ലാബ് പൊളിച്ചുനീക്കിയതോടെയാണ് സീജി ലൂബ്രിക്കന്റ്സിലെ ടാങ്കിൽ നിന്ന് കരിയോയിൽ പോലുള്ള ദ്രാവകം പൈപ്പ് വഴി ഒഴുക്കിവിടുന്നത് ശ്രദ്ധയിൽ പെട്ടത്. കമ്പനിയിൽ ഏതാനും അതിഥിത്തൊഴിലാളികൾ മാത്രമാണ് ഈ സമയത്ത് ഉണ്ടായിരുന്നത്. ഇതോടെ പരിസ്ഥിതി പ്രവർത്തകർ പി സി ബി ഉദ്യോഗസ്ഥരെ വിളിച്ചു വരുത്തി. നാലുമണിയോടെ മലിനീകരണ നിയന്ത്രണ ബോർഡ് ഏലൂർ കേന്ദ്രം സീനിയർ എൻവയോൺമെൻറൽ എൻജിനീയർ എം എ ഷിജുവിന്റെ നേതൃത്വത്തിൽ പിസിബി ഉദ്യോഗസ്ഥർ സ്ഥലത്ത് എത്തി. ബിനാനി പുരം പൊലീസും സ്ഥലത്തെത്തി.
ഉദ്യോഗസ്ഥർ കമ്പനിയിൽ എത്തിയ ശേഷവും തൊഴിലാളികൾ മലിനജലം വീണ്ടും തുറന്ന് വിടുകയുണ്ടായി. തുടർന്നാണ് കമ്പനി അടച്ചുപൂട്ടാൻ നോട്ടീസ് നൽകിയതെന്ന് സീനിയർ എൻവയോൺമെന്റൽ എൻജിനീയർ എം.എ. ഷിബു പറഞ്ഞു.

ഭീതിയുണർത്തി തെരുവ് നായ്ക്കൂട്ടം വിലസുന്നു

മട്ടാഞ്ചേരി: കൊച്ചിയിൽ തെരുവുനായ ശല്യം രൂക്ഷം. പകലും രാത്രിയിലുമെല്ലാം നായ്ക്കൾ കൂട്ടമായി തെരുവുകൾ കയ്യടക്കുമ്പോൾ ഏറെ ഭയന്നാണ് വിദ്യാർഥികൾ ഉൾപെടെയുള്ളവരുടെ സഞ്ചാരം.
ഇരുചക്ര വാഹനങ്ങളിൽ സഞ്ചരിക്കുന്നവരേയും നായ്ക്കൾ വെറുതേ വിടുന്നില്ല. നായ്ക്കളുടെ അക്രമത്തിൽ ഇരുചക്ര വാഹന യാത്രികർ അപകടത്തിൽപെടുന്നതും പതിവായിരിക്കുകയാണ്. തോപ്പുംപടി, കരുവേലിപ്പടി, കഴുത്ത്മുട്ട്, ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി, പള്ളുരുത്തി തുടങ്ങിയ സ്ഥലങ്ങളിലാണ് തെരുവ് നായ്ക്കൾ വിലസുന്നത്.

മട്ടാഞ്ചേരിയിൽ തെരുവ് നായ്ക്കൾ ആടിനെ കടിച്ച് കൊന്ന നിലയിൽ.

ഇന്നലെ മട്ടാഞ്ചേരി പുതിയ റോഡ് വാട്ടർ ടാങ്കിന് സമീപം ഒരു ആടിനെ തെരുവ് നായ്ക്കൾ ക്രൂരമായി കടിച്ച് കീറി. തെരുവ് നായ്ക്കളെ നിയന്ത്രിക്കാൻ നഗരസഭ കൊണ്ട് വന്ന പദ്ധതികളൊന്നും ഫലം കാണുന്നില്ലെന്ന് നാട്ടുകാർ പറയുന്നു.

പഠനോപകരണങ്ങൾ വിതരണം ചെയ്തു

മരട്: മരട് നഗരസഭയിലെ എസ്. സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി പഠനോപകരണങ്ങൾ വിതരണം ചെയ്തു. ചടങ്ങിന്റെ ഉദ്ഘാടനം നഗരസഭാ ചെയർമാൻ ആന്റണി ആശാംപറമ്പിൽ നിർവ്വഹിച്ചു. വൈസ് ചെയർപേഴ്സൺ അഡ്വ. രശ്മി സനിൽ, സ്ഥിരം സമിതി അധ്യക്ഷന്മാരായ റിയാസ് കെ മുഹമ്മദ്, റിനി തോമസ്, ശോഭ ചന്ദ്രൻ, കൗൺസിലർമാരായ മിനി ഷാജി, സിബി സേവ്യർ, പി.ഡി. രാജേഷ്, പത്മപ്രിയ വിനോദ്, മോളി ഡെന്നി , ജെയ്നി പീറ്റർ, നഗരസഭാ സെക്രട്ടറി നാസിം. ഇ, എസ്. സി ഓഫീസർ മിനി വേണുഗോപാൽ, എസ്.സി പ്രമോട്ടർമാരായ സുചിത്ര എം .എൽ, അൽക്ക കൃഷ്ണൻ, അഖില ടി . ആർ, സബിത വി.ബി തുടങ്ങിയവർ പ്രസംഗിച്ചു.

ഫലവൃക്ഷ തൈകൾ വിതരണം ചെയ്തു

കൊച്ചി : ലഹരി വിമോചന വേദിയും മദ്യനിരോധനസമതിയും സംയുകതമായി ലഹരി വിരുദ്ധ ദിനം രാജേന്ദ്ര മൈതാനി ഗാന്ധി സ്ക്വയറിൽ നടത്തി. മദ്യാസക്തി ഉള്ള ചിലരെ നേരിൽ കണ്ട് സത്യം ചെയ്യിച്ചു ഫലവൃക്ഷ തൈകളായ പപ്പായ, അത്തിക്ക, മാതളനാരങ്ങ തൈകൾ വിതരണം ചെയ്തു. ലഹരി വിമോചന വേദി സംസ്ഥാന പ്രസിഡണ്ട് എലൂർ ഗോപിനാഥ് ഉദ്ഘാടനം ചെയ്തു. മദ്യനിരോധന സമിതി ജില്ല പ്രസിഡന്റ് രാധാകൃഷ്ണൻ കടവുങ്കൽ അധ്യക്ഷത വഹിച്ചു. കെ കെ വാമനലോചനൻ, നോബേർട്ട് അടിമുടി, ഹിൽട്ടൺ ചാൾസ്, അചാമളൻ, എം എൻ ജോസഫ്, കെ. വിജയൻ, പി.ആർ സുരേഷ് അയ്യർ,സജീവൻ എന്നിവർ പ്രസംഗിച്ചു.

ധീവരസഭയെ പരിഗണിച്ചത് യുഡിഎഫ്

■ ധീവര ദിനാഘോഷം സംഘടിപ്പിച്ചു

കൊച്ചി: ധീവര സമുദായത്തിലെ 10 അവാന്തരവിഭാഗങ്ങളെ ധീവര എന്ന പൊതു നാമത്തിൽ ഉൾപ്പെടുത്തി 1978 ജൂൺ 26ന് സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിന്റെ 46-ാം വാർഷിക ദിനാഘോഷവും നേതൃസമ്മേളനവും എറണാകുളം പണ്ഡിറ്റ് കറുപ്പൻ സ്മാരക ഹാളിലെ കെ കരുണാകരൻ നഗറിൽ വച്ച് സഭ പ്രസിഡന്റ് യു എസ് ബാലന്റെ അധ്യക്ഷതയിൽ നടത്തി. ധീവരസഭ സംസ്ഥാന ജനറൽ സെക്രട്ടറി വി ദിനകരൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. സാമുദായികമായും തൊഴിൽപരമായും സഭക്ക് നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞത് യുഡിഎഫിന്റെ ഭരണകാലത്ത് ആണെന്ന് വി ദിനകരൻ പറഞ്ഞു. അതേസമയം എൽഡിഎഫ് ആനുകൂല്യങ്ങൾ ഒന്നും തന്നില്ലെന്ന് മാത്രമല്ല, ഉണ്ടായിരുന്ന ആനുകൂല്യങ്ങൾ പോലും ഇല്ലാതാക്കുന്ന സമീപനമാണ് സ്വീകരിച്ചത് സഭ കൊടുത്ത നിവേദനം ചർച്ച ചെയ്യാൻ പോലും ഇടതുസർക്കാർ തയ്യാറാകാത്ത അവസ്ഥയാണ് ഉണ്ടായിട്ടുള്ളതെന്നും അദ്ദേഹം പറഞ്ഞു.
ചടങ്ങിൽ സഭയുടെ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള ലഘുലേഖ സഭ പ്രസിഡന്റ് സീനിയർ വൈസ് പ്രസിഡന്റ് പൂന്തുറ ശ്രീകുമാരന് നൽകി പ്രകാശനം നടത്തി. എ ദാമോദരൻ, പൂന്തുറ ശ്രീകുമാർ, എം വി വാരിജാക്ഷൻ, പി വി ജനാർദ്ദനൻ, കെ കെ തമ്പി, എൻ ആർ ഷാജി, ജെ വിശ്വംഭരൻ, പി എം സുഗതൻ, എ ആർ ശിവജി,ശാന്തി മുരളി, സുലഭ പ്രദീപ്, അഡ്വ.ഷാജു തലാശ്ശേരി, പി.എസ്. ഷമ്മി, സുനിൽ മടപ്പള്ളി എന്നിവർ സംസാരിച്ചു. സഭ ട്രഷറർ എ. ദാമോദരൻ സ്വാഗതവും ജില്ലാ പ്രസിഡണ്ട് കെ.വി. സാബു നന്ദിയും പറഞ്ഞു.

എയർപോർട്ട് മാർച്ച് നടത്തി

നെടുമ്പാശ്ശേരി : കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന് കീഴിൽ എയർ ഇന്ത്യ യിൽ ജോലിയിലിരിക്കെ ആത്മഹത്യ ചെയ്ത കരാർ തൊഴിലാളിയായ പി. വി സുരേഷിന്റെ മരണത്തിന് ഉത്തരവാദികളായവരുടെ പേരിൽ കൊലക്കുറ്റത്തിന് കേസ്സെടുത്ത് അന്വേഷണം നടത്തണമെന്ന്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ ആവശ്യപ്പെട്ടു.
ചിലരുടെ പേരുകൾ കൃത്യമായി ആത്മഹത്യ കുറിപ്പിൽ രേഖപ്പെടുത്തിയ സാഹചര്യത്തിലാണിതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.
മരണത്തിൽ സത്യസന്ധമായ അന്വേഷണം ആവശ്യപ്പെട്ടു സംയുക്ത ട്രേഡ് യൂണിയനുകളുടെ നേതൃത്വത്തിൽ നെടുമ്പാശ്ശേരിയിൽ നടന്ന എയർപോർട്ട് മാർച്ച് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മനോജ്.
യോഗത്തിൽ ഐ എൻ ടി യു സി യൂണിയൻ പ്രസിഡന്റ് വി. പി ജോർജ് അധ്യക്ഷത വഹിച്ചു. ബി.എം.എസ് സംസ്ഥാന ജനറൽ സെക്രട്ടറി കെ. വി. മധുകുമാർ മുഖ്യ പ്രഭാഷണം നടത്തി, നേതാക്കളായ എം. പി പ്രദീപ് കുമാർ, ഇ.ജി. ജയപ്രകാശ്, പി.പി. ഷിബു, ഷിജോ തച്ചപ്പിള്ളി, ആന്റണി ജോർജ്, ഷിജോ മൽപാൻ എന്നിവർ പ്രസംഗിച്ചു.

സംയുക്ത ട്രേഡ് യൂണിയനുകളുടെ നേതൃത്വത്തിൽ നെടുമ്പാശ്ശേരിയിൽ നടന്ന എയർപോർട്ട് മാർച്ച് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ ഉദ്ഘാടനം ചെയ്യുന്നു

ലഹരി വിരുദ്ധ ദിനമാചരിച്ചു

വിദ്യാർത്ഥികൾക്കായി കാമ്പയിൻ

മട്ടാഞ്ചേരി: ലോക ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് 'നമ്മൾ കൊച്ചിക്കാർ' സംഘടന ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി നടത്തിയ കാമ്പയിൻ തോപ്പുംപടി സർക്കിൾ ഇൻസ്പെക്ടർ എ.ഫിറോസ് ഉദ്ഘാടനം ചെയ്തു. ചെയർമാൻ ജബ്ബാർ ഉപ്പാസ് അധ്യക്ഷത വഹിച്ചു. സ്കൂൾ ഹെഡ്മിസ്ട്രസ് മേരിആൻ പ്രീതി ബാസ്റ്റിൻ, പി ടി എ പ്രസിഡന്റ് മെർലിൻ ജോബ്, നീനു മാത്യു, നിഗാൻ ഇബ്രാഹിം, എന്നിവരെ ചടങ്ങിൽ ആദരിച്ചു. കൗൺസിലർ ഷീബാഡുറോം, വിൻസി ബൈജു, കെ എ ഹുസൈൻ, ജോളിടീച്ചർ, രേണുക പ്രതീപ്, ഫാസില സൈനുദ്ധീൻ എന്നിവർ പ്രസംഗിച്ചു. സെക്രട്ടറി ക്ലീറ്റസ് സ്വാഗതവും കൺവീനർ ലൈഷാ പവിത്രൻ നന്ദിയും പറഞ്ഞു. തുടർന്ന് ടീം കൗൺസാർ പ്രൊജക്റ്റ് പ്രതിനിധികൾ വിദ്യാർത്ഥികൾക്ക് ലഹരി വിരുദ്ധ ക്ലാസ് നടത്തി.

ലഹരിവിരുദ്ധ കാമ്പയിൻ തോപ്പുംപടി സി ഐ എ.ഫിറോസ് ഉദ്ഘാടനം ചെയ്യുന്നു

അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനം ആലുവ താലൂക്ക് ജമാഅത്ത് കൗൺസിൽ പ്രസിഡന്റ് ഡോ. അബ്ബാസ് ഹാജി ഉദ്ഘാടനം ചെയ്യുന്നു

ആലുവ: അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനത്തിന്റെ ഭാഗമായി ആലുവ താലൂക്ക് ജമാഅത്ത് കൗൺസിലിന്റെ നേതൃത്വത്തിൽ സംഗമം സംഘടിപ്പിച്ചു. താലൂക്ക് പ്രസിഡന്റ് ഡോക്ടർ അബ്ബാസ് ഹാജി യോഗം ഉദ്ഘാടനം ചെയ്തു. താലൂക്ക് ട്രഷറർ പി എം മൂസക്കുട്ടി ലഹരിവിരുദ്ധ സന്ദേശം നടത്തി. താലൂക്ക് ജനറൽ സെക്രട്ടറി നാസർ മുട്ടത്തിൽ സ്വാഗതവും, കെ.എം. പരീത് പിള്ള കാരോത്തുകുഴി നന്ദിയും പറഞ്ഞു. അഡ്വ. എം.എം. അലികുഞ്ഞ്, അഡ്വ. വി .കെ. സിദ്ദീഖ്, അബ്ബാസ് മുപ്പത്തടം, അസീസ് കോമ്പാറ, പി.ബി. അലികുഞ്ഞ്, സി.എ. അഷറഫ് മുട്ടം, കുഞ്ഞഹമ്മദ് മുട്ടം, ഷിനാസ് മേക്കാട്, അബ്ദുൽ റഹൂഫ് കുട്ടമശ്ശേരി എന്നിവർ പ്രസംഗിച്ചു.

മട്ടാഞ്ചേരി: എം.ഇ.എസ് കോളജ് കൊച്ചിയുടെ നേതൃത്വത്തിൽ ലോക ലഹരി വിരുദ്ധ ദിനാചരണം കോളേജ് സെക്രട്ടറി കെ.എ. മുഹമ്മദ് അഷ്റഫ് ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. പി.കെ. യാഖൂബ് അധ്യക്ഷനായി. വൈസ് പ്രിൻസിപ്പൽ രഹനാസ് കെ.എൻ. ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. വൈസ് ചെയർമാൻ കെ. എം ഹസ്സൻ, എ.എം. അയ്യൂബ്, പി.വൈ. സലീം, വി.പി. ബഷീർ തുടങ്ങിയവർ പ്രസംഗിച്ചു. ലഹരിവിരുദ്ധ കാമ്പസ് എന്ന ലക്ഷ്യത്തോടെ ലഹരി വിരുദ്ധ ബോർഡ് കോളേജ് അങ്കണത്തിൽ സ്ഥാപിച്ചു. ലഹരിവിരുദ്ധ സന്ദേശയാത്രയും നടന്നു.

ശതാബ്ദി നിറവിൽ സെന്റ് തെരേസാസ് കോളജ്; ഒരു വർഷം നീളുന്ന പരിപാടികൾ

കൊച്ചി: പഴയ കൊച്ചി രാജ്യത്തെ ആദ്യത്തേതും കേരളത്തിലെ രണ്ടാമത്തെ വനിതാ കോളജുമായ എറണാകുളം സെന്റ് തെരേസാസ് കോളജ് ശതാബ്ദി നിറവിൽ. അടുത്തവർഷം ശതാബ്ദി പൂർത്തിയാക്കുന്നതുമായി ബന്ധപ്പെട്ട് ഒരു വർഷം നീളുന്ന പദ്ധതികളാണ് കോളജ് തയാറാക്കിയിട്ടുള്ളത്. കോളജിന്റെ ശതാബ്ദിയാഘോഷ ചടങ്ങുകൾ ഉദ്ഘാടനം ചെയ്യുന്നതിനായി രാഷ്ട്രപതി സെപ്തംബറിൽ എത്തുമെന്ന് പ്രതീക്ഷിക്കുന്നതായി സെന്റ് തെരേസാസ് കോളജ് പ്രൊവിൻഷ്യൽ സുപ്പീരിയറും മാനേജരുമായ ഡോ.സിസ്റ്റർ വിനീത വാർത്താസമ്മേളനത്തിൽ അറിയിച്ചു. 100 വർഷം പൂർത്തിയാക്കുന്ന സെന്റ് തെരേസാസ് കോളജിന്റെ ചരിത്രം ഉൾക്കൊള്ളിച്ചുള്ള ഗ്രന്ഥം സെപ്തംബറിൽ പ്രസിദ്ധീകരിക്കും.
ടി ഡി റോഡിൽ പുതുതായി നിർമിച്ച സെന്റിനറി ബ്ലോക്കിന്റെ രണ്ടാം ഘട്ട നിർമാണം പുരോഗമിക്കുകയാണ്. പതിനൊന്ന് നിലകളുള്ള ശതാബ്ദി സ്മാരക ബ്ലോക്കിലാകും ഇനി സ്വാശ്രയ കോഴ്സുകൾ പൂർണമായും നടത്തപ്പെടുക. വല്ലാർപാടത്ത് മുതിർന്ന പൗരന്മാർക്കായി കാരുണ്യനികേതൻ പദ്ധതി, പാലിയേറ്റിവ് രോഗികൾക്കായി തുഷാരം പദ്ധതി, സംരംഭകത്വ പരിപാടിയായ റ്റിബിക് ഇൻകുബേഷൻ സെന്റർ, തെരേസ്യൻ സ്കിൽ ഹബ് എ

കോട്ടയത്തിന്റെ എഴുപത്തിയഞ്ചാം പിറന്നാൾ ആഘോഷമാക്കും

കോട്ടയം: കോട്ടയത്തിന്റെ എഴുപത്തഞ്ചാം പിറന്നാളാഘോഷം കളറാക്കാൻ ജില്ലാ ഭരണകൂടം ഒരുക്കം തുടങ്ങി. 1949 ജൂലൈ ഒന്നിനാണ് കോട്ടയം ജില്ല രൂപീകൃതമായത്. 75 വർഷം തികയുന്ന ഈ ജൂലൈ ഒന്നിന് കലാപരിപാടികളും നൈറ്റ് ലൈഫും ഫുഡ്ഫെസ്റ്റും അടക്കമുള്ള പരിപാടികളോടെ നിറപ്പകിട്ടാക്കാനുള്ള തീരുമാനത്തിലാണ് ജില്ലാ ഭരണകൂടം. കോട്ടയം ജില്ലയുടെ പിറന്നാൾ ആഘോഷവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ വി. വിഗ്നേശ്വരിയുടെ നേതൃത്വത്തിൽ പ്രാഥമിക ചർച്ചകൾ നടത്തി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. ബിന്ദു, ജില്ലാ പോലീസ് മേധാവി കെ. കാർത്തിക്, സബ് കളക്ടർ ഡി. രഞ്ജിത്ത്, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ബീന പി. ആനന്ദ് എന്നിവർ യോഗത്തിൽ പങ്കെടുത്തു.

സാക്ഷരതാമിഷൻ ലഹരി വിരുദ്ധ കാമ്പയിൻ

കോട്ടയം: ലഹരി ഉപഭോഗത്തിനെതിരേയുള്ള ബോധവത്കരണതിനായി സാക്ഷരതാമിഷന്റെ നേതൃത്വത്തിൽ ജില്ലയിലെ 100 കേന്ദ്രങ്ങളിൽ സംഘടിപ്പിക്കുന്നലഹരിവിരുദ്ധ പ്രതിജ്ഞ, പോസ്റ്റർ പ്രചാരണപരിപാടിക്ക് തുടക്കം. ഗ്രാമ പഞ്ചായത്ത് തലത്തിൽ 73,ബ്ലോക്ക് തലത്തിൽ 11, നഗരസഭാതലത്തിൽ ആറു സമ്പർക്ക പഠന കേന്ദ്രങ്ങളിൽ തദ്ദേശസ്ഥാപനങ്ങളുടെ സഹകരണത്തോടെ പ്രചാരണം സംഘടിപ്പിക്കും. തുടക്കം കുറിച്ചു ജില്ലാ സാക്ഷരതാ മിഷൻ ഹാളിൽ നടന്ന ലഹരി വിരുദ്ധ പ്രതിജ്ഞക്ക് ഭരണങ്ങാനം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ലിസമ്മ സെബാസ്റ്റ്യൻ നേതൃത്വം നൽകി. സാക്ഷരതാ മിഷൻ ജില്ലാ കോർഡിനേറ്റർ പി എം അബ്ദുൾകരീം, മോണിറ്ററിംഗ് ചുമതലയുള്ള ജില്ലാ കോർഡിനേറ്റർ ദീപാ ജയിംസ്, അസിസ്റ്റൻഡ് കോർഡിനേറ്റർ ആർ. സിംല, താരാ തോമസ്, പി.കെ. ബിന്ദു, പി.കെ. ഓമന, ജെസി ജോസ് എന്നിവർ പങ്കെടുത്തു. പ്രചാരണം ജൂൺ 30ന് സമാപിക്കും.

കോട്ടയം വാർത്തകൾ

ജില്ലയിൽ ഖനനം നിരോധിച്ചു

കോട്ടയം: മഴ ശക്തമായി തുടരുന്ന സാഹചര്യത്തിലും വരും ദിവസങ്ങളിൽ മഴ രൂക്ഷമാകുമെന്ന മുന്നറിയിപ്പുകൾ ലഭിച്ചിരിക്കുന്നതിനാലും ജൂൺ 30 വരെ കോട്ടയം ജില്ലയിലെ എല്ലാ വിധ ഖനന പ്രവർത്തനങ്ങളും നിരോധിച്ചു കൊണ്ട് ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ കൂടിയായ ജില്ലാ കളക്ടർ വി. വിഗ്നേശ്വരി ഉത്തരവായി.

വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വിലക്ക്

കോട്ടയം: മഴ ശക്തമായി തുടരുന്ന സാഹചര്യത്തിലും വരും ദിവസങ്ങളിൽ മഴ രൂക്ഷമാകുമെന്ന മുന്നറിയിപ്പുകൾ ലഭിച്ചിരിക്കുന്നതിനാലും കോട്ടയം ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളായ ഇലവീഴാപൂഞ്ചിറ, ഇല്ലിക്കൽ കല്ല്, മാർമല അരുവി കേന്ദ്രങ്ങളായ എന്നിവിടങ്ങളിലേയ്ക്കുള്ള പ്രവേശനവും ഈരാറ്റുപേട്ടവാഗമൺ റോഡിലെ രാത്രികാലയാത്രയും ജൂൺ 30 വരെ നിരോധിച്ച് ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ കൂടിയായ ജില്ലാ കളക്ടർ വി. വിഗ്നേശ്വരി ഉത്തരവായി.

കൺട്രോൾ റൂം ആരംഭിച്ചു

കോട്ടയം: മഴക്കാല മുന്നൊരുക്കങ്ങളുടെ ഭാഗമായി ജില്ലയിൽ മൃഗസംരക്ഷണമേഖലയിലെ കർഷകർക്ക് അത്യാവശ്യ സാഹചര്യങ്ങളിൽ ബന്ധപ്പെടുന്നതിനു കോടിമത ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ കൺട്രോൾ റൂം ആരംഭിച്ചു. ഫോൺ :04812564623

പ്രിൻസിപ്പൽ നിയമനം: അപേക്ഷ ക്ഷണിച്ചു

കോട്ടയം: പത്തനംതിട്ട കോന്നിയിൽ സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിലുള്ള കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്പ്മെന്റിനു കീഴിലുള്ള കോളേജ് ഓഫ് ഇൻഡിജനസ് ഫുഡ് ടെക്നോളജിയിൽ കരാർ അടിസ്ഥാനത്തിൽ ഒരുവർഷത്തേക്ക് പ്രിൻസിപ്പലിനെ നിയമിക്കുന്നതിന് യോഗ്യരായ ഉദ്യോഗാർത്ഥികളിൽനിന്ന് അപേക്ഷ ക്ഷണിച്ചു. ഫുഡ് ടെക്നോളജി /ഫുഡ് ടെക്നോളജി ആൻഡ് ക്വാളിറ്റി അഷ്വറൻസ് വിഷയത്തിൽ 55 ശതമാനം മാർക്കിൽ കുറയാത്ത ബിരുദാനന്തര ബിരുദവും പി.എച്ച്.ഡിയും 15 വർഷത്തിൽ കുറയാത്ത അധ്യാപന പരിചയവുമാണ് യോഗ്യത. മതിയായ യോഗ്യതയുള്ളവരുടെ അഭാവത്തിൽ 10 വർഷത്തിൽ കുറയാത്ത അധ്യാപന പരിചയമുള്ളവരെയും പരിഗണിക്കും. അപേക്ഷാഫോമിനും വിശദവിവരത്തിനും വെബ്സൈറ്റ് : www.supplycokerala.com, www.cfrdkerala.in .ഫോൺ: 0468 2961144.

ജില്ലാ വികസനസമിതി

കോട്ടയം: ജൂൺ മാസത്തെ ജില്ലാ വികസന സമിതി യോഗം ജൂൺ 29ന് രാവിലെ 11 മണിക്ക് ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയറ്റ് കോൺഫറൻസ് ഹാളിൽ ചേരും.

പഴയപള്ളിയിൽ തങ്ങന്മാരുടെ ആണ്ട് നേർച്ച

ചങ്ങനാശേരി: പഴയപള്ളിയിൽ അന്ത്യവിശ്രമം കൊള്ളുന്ന ഹാജി മീരാ വലിയുള്ളാഹ് കുഞ്ഞുണ്ണി കോയതങ്ങൾ, സയ്യിദ് അബൂബക്കർ ബം എന്നീ മഹാന്മാരുടെ പാവനസ്മരണ നിലനിർത്തുന്നതിന് എല്ലാ വർഷവും നടത്താറുള്ള ആണ്ട് നേർച്ച ജൂലൈ ഏഴിന് നടക്കും.
ജൂലൈ ആറിന് വൈകിട്ട് എട്ടിനുശേഷം മൗലൂദ് പാരായണം, റാത്തീബ്, ദിക്റ്, ദുആ തുടങ്ങിവയ്ക്കശേഷം ഏഴിന് രാവിലെ 8.45ഓടെ തങ്ങൾമാരുടെ മഖ്ബറയ്ക്ക് മുൻപിലുള്ള ദുആയോടെ അമ്പതിനായിരം പേർക്കുള്ള നേർച്ചവിതരണം ആരംഭിക്കും.
പഴയപള്ളി ചീഫ് ഇമാം അൽഹാഫിസ് അബുഷമ്മാസ് മൗലവി, അസിസ്റ്റന്റ് ഇമാം മുഹിയിദ്ധീൻ ബാഖവി, ഷബീർ സഖാഫി എന്നിവർ ദുആയിക്ക് നേതൃത്വം നൽകും.ജമാഅത്ത് പ്രസിഡന്റ് എസ് എം ഫുവാദ്, സെക്രട്ടറി സാജുദ്ധീൻ, വൈസ് പ്രസിഡന്റ് ഹക്കീം പാറയിൽ, ട്രഷറർ ഹാജി ഷെരീഫുകുട്ടി, ജോയിന്റ് സെക്രട്ടറി മുഹമ്മദ് ഷെരീഫ് എന്നിവർ വാർത്ത സമ്മേളനത്തിൽ പങ്കെടുത്തു.
ഷാജഹാൻ ടി.പി, നൂറുദ്ധീൻ, താജുദ്ധീൻ പി.എസ്, റജി പട്ടേൽ, മുബാഷ്, ഷിബുറസാക്ക്, ബൈജു ഹമീദ്, നിഷാദ്, ഷംസുദീൻ കെ.എ, മുഹമ്മദ് ഹാരിസ് എന്നി കമ്മറ്റി അംഗങ്ങളുടെ നേതൃത്വത്തിൽ 36 അംഗം ജനറൽ കൗൺസിൽ ആണ്ടുനേർച്ചയുടെ പ്രവർത്തനത്തിന് നേതൃത്വം നൽകും.

കെൽട്രോണിൽ ജേണലിസം പഠനം

കോട്ടയം: കേരള സർക്കാർ പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിന്റെ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ജേണലിസം 2024 25 ബാച്ചിലേക്ക ജൂലൈ 10 വരെ അപേക്ഷിക്കാം. തിരുവനന്തപുരം കെൽട്രോൺ നോളജ് സെന്ററിലേക്കാണ് അപേക്ഷകൾ ക്ഷണിച്ചിട്ടുള്ളത്. പത്രം, ടെലിവിഷൻ, സോഷ്യൽമീഡിയ, ആർട്ടിഫിഷ്യൽ ഇന്റലിജിൻസ് എന്നിവയിൽ അധിഷ്ഠിതമായ ജേണലിസം, മൊബൈൽജേണലിസം, ആങ്കറിങ്, ന്യൂസ് ക്യാമറ, വീഡിയോ എഡിറ്റിംഗ് തുടങ്ങിവയിൽ പരിശീലനം ലഭിക്കും. പഠനത്തോടൊപ്പം മാധ്യമസ്ഥാപനങ്ങളിൽ നിബന്ധനകൾക്ക് വിധേയമായി ഇന്റേൺഷിപ്പ് ചെയ്യാൻ അവസരം ലഭിക്കുന്നതാണ്.
ഉയർന്ന പ്രായപരിധി 30 വയസ്. ക്ലാസുകൾ ജൂലൈയിൽ ആരംഭിക്കും. വിശദവിവരങ്ങൾക്ക് ഫോൺ : 954495 8182. വിലാസം: കെൽട്രോൺ നോളേജ് സെന്ററർ, രണ്ടാംനില, ചെമ്പിക്കളം ബിൽഡിങ്, ബേക്കറി ജംഗ്ഷൻ, വഴുതക്കാട്, തിരുവനന്തപുരം 695 014.

പമ്പാ നദിയിലെ ഇടകടത്തി അരയാഞ്ഞിലിമണ്ണ് പാലത്തിൽ വെള്ളം കയറിയ നിലയിൽ.

മഴ: പാലങ്ങൾ വെള്ളത്തിൽ മുങ്ങി

എരുമേലി : കനത്ത മഴയിൽ എരുമേലിയിൽ ശബരിമല പാതയിലെ ഗതാഗതം തടസപ്പെട്ടു. പമ്പാ, അഴുത നദികൾ കരകവിഞ്ഞു.
മണിമലയാറിൽ തീരങ്ങൾ വെള്ളത്തിലായി.
പമ്പയാറിലെ കുറുമ്പൻമുഴി, അറയാഞ്ഞിലിമണ്ണ് പാലങ്ങൾ മണിക്കൂറുകളോളം വെള്ളത്തിനടിയിലായി. മണിമലയാറിലെ പഴയിടം കോസ്‌വേ പാലത്തിൽ വെള്ളം നിറഞ്ഞൊഴുകി.
അഴുത നദിയിൽ മൂക്കൻപെട്ടി പാലത്തിലും വെള്ളം കയറി.
ഇന്നലെ ഉച്ചയോടെ മഴ ശമനമായപ്പോൾ ആണ് പാലങ്ങളിൽ ഗതാഗതം സുഗമമായത്. എന്നാൽ വീണ്ടും മഴ തുടരുന്നത് ആശങ്ക വർധിപ്പിച്ചിട്ടുണ്ട്.

മീനച്ചിലാറ്റിൽ ജലനിരപ്പ് ഉയരുന്നു.ഈരാറ്റുപേട്ട നഗരസഭാ പ്രദേശത്തും മലയോര പഞ്ചായത്തുകളിലും ശക്തമായ മഴ. തോട്ട് മുക്ക് കോസ് വേയിൽ നിന്നുള്ള ദൃശ്യം.

വയനാട് ടു കാശ്മീർ സൈക്കിൾ കാരവന് വൻ സ്വീകരണം

ഈരാറ്റുപേട്ട: മിഷൻ വൺ റുപ്പീസ് എന്ന സന്ദേശവുമായി സൈക്കിൾ കാരവനിൽ ഇന്ത്യ ചുറ്റിസഞ്ചരിക്കുന്ന യുവാക്കൾ യാത്ര തുടങ്ങി മൂന്ന് വർഷത്തിന് ശേഷം ഈരാറ്റുപേട്ടയിൽ എത്തി.
കൗതക കാരവൻ കാണാൻ തടിച്ച് കൂടിയ ജനങ്ങൾ കൈ നിറയെ സംഭാവനയും നൽകി. നിർധനരും നിരാലംബരുമായ അഞ്ച് ഭിന്ന ശേഷിക്കാർക്ക് സൗജന്യമായി സ്ഥലവും വീടും നൽകുക എന്നതാണ് യാത്രയുടെ ലക്ഷ്യം. ഒരു രൂപ മുതലുള്ള സംഭാവനകളാണ് ഇതിനായി സ്വീകരിക്കുന്നത്.
2021 ഡിസംബർ പത്തിന് വയനാട്ടിൽ നിന്നാണ് യാത്ര തുടങ്ങിയത്. സുഹൃത്തുക്കളായ റെനീഷ്,നിജിൽ എന്നീ യുവാക്കളുടെ കൂട്ടായ്മയിലാണ് സൈക്കിൾ കാരവനിൽ യാത്ര നടത്തുന്നത്.രണ്ട് സൈക്കിൾ ചേർത്ത് നിർമിച്ചിട്ടുള്ള കാരവനിൽ കിടക്കാനും ഭക്ഷണം പാകം ചെയ്യാനും തുടങ്ങി അത്യാവിശ്യം സംവിധാനങ്ങൾ ഉണ്ട്. ഇത്തരത്തിലുള്ള സൈക്കിൾ കാരവൻ ലോകത്ത് തന്നെ ആദ്യത്തേതെന്നാണ് യുവാക്കൾ അവകാശപ്പെടുന്നത്.

റെനീഷ്,നിജിൽ എന്നിവർ സൈക്കിൾ കാരവനുമായി

യാത്ര തുടങ്ങി മൂന്നര വർഷം പിന്നട്ടപ്പോൾ പത്ത് ജില്ലകളിൽ പര്യടനം നടത്തി. ഒരു ജില്ലയിൽ മൊത്തം പര്യടനത്തിന് മൂന്നര മാസം എങ്കിലും എടുക്കും.
ഇത്രയും നാൾ കൊണ്ട് സ്വരൂപിച്ച പണം കൊണ്ട് വയനാട് അമ്പലവളവിൽ 22 സെന്റ് സ്ഥലം വാങ്ങി വീട് നിർമാണത്തിനുള്ള തറ പണി പൂർത്തിയായി.ലിജിൽ ഹൈസ്ക്കൂൾ അധ്യാപകനും റെനീഷ് മൊബൈൽ ഷോപ്പ് ജീവനക്കാരനുമാണ്. എല്ലാ പ്രദേശത്തും നല്ല സ്വീകരണമാണ് ലഭിക്കുന്നതെന്ന് യുവാക്കൾ പറയുന്നു.ജീവിത യാത്രക്കിടയിൽ എന്തെങ്കിലും അടയാളപെടുത്തലുകൾക്ക് വേണ്ടിയാണ് ഈ സാഹസിക യാത്ര നടത്തുന്നതെന്ന് ലിജിലും റെനീഷും പറയുന്നു.

മരങ്ങളിൽ വലിഞ്ഞ് കയറിയും ഊഞ്ഞാലാടിയും

കുട്ടികൾ വനസ്ഥലിയിലൂടെ..

ഈരാറ്റുപേട്ട : മരങ്ങളിൽ വലിഞ്ഞ് കയറിയും വള്ളികളിൽ ഊഞ്ഞാലാടിയും പാട്ടും കവിതകളുമായി വിദ്യാർത്ഥികൾ വനസ്തലിയിലൂടെ ഓടി നടന്നു.ലോക മഴക്കാട് ദിനത്തിൽ മലയിഞ്ചിപ്പാറ വനസ്തലിയിൽ ഒത്ത് ചേർന്ന ഈരാറ്റുപേട്ട ഗവ.ഹയർ സെക്കൻഡറി സ്കൂളിലെ ഇക്കോ ക്ലബ് വിദ്യാർത്ഥികൾക്ക് വിവിധയിനം മരങ്ങളും ഔഷധ സസ്യങ്ങളും പക്ഷികളും ശലഭങ്ങളും അപൂർവ കാഴ്ചകളായി.
മണ്ണിനെയും മരങ്ങളെയും മനുഷ്യനുവേണ്ടി പ്രണയിച്ച വനസ്ഥലിയുടെ ഉപജ്ഞാതാവായ ദേവസ്യ സെബാസ്റ്റ്യന്റെ പരിസ്ഥിതിദർശനത്തെ കുറിച്ച് പ്രമുഖ പരിസ്ഥിതി പ്രവർത്തകൻ എബി പൂണ്ടിക്കുളത്തിൽ നിന്നും വിശദമായി കുട്ടികൾ ചോദിച്ചറിഞ്ഞു. വനസ്ഥലിയിൽ പടർന്ന് പന്തലിച്ചു നിൽക്കുന്ന വൻ വൃക്ഷങ്ങളും വള്ളിപ്പടർപ്പുകളും അവയ്ക്കിടയിൽ ജീവിക്കുന്ന പക്ഷി മൃഗാദികളും ഏർമാടങ്ങളും ഗുഹയുമൊക്കെ കുട്ടികളെ നന്നായി ആകർഷിച്ചു.വിദ്യാർത്ഥികളെ അനുഗമിച്ച എ

ഈരാറ്റുപേട്ട ഗവ.ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികൾ വന സ്ഥലിയിൽ

സ്.എം.ഡി.സി.ചെയർമാൻ വി.എം അബ്ദുള്ളാ ഖാൻ ആലപിച്ച ദുര മൂത്തു നമ്മൾക്ക് പുഴ കറുത്തു..എന്ന കവിത വിദ്യാർത്ഥികൾ ഉച്ചത്തിൽ ഏറ്റ് പാടി. പണത്തിന്റെ വിനിമയം ഇല്ലാതെ ഭക്ഷണത്തിന്റെ പങ്കുവയ്ക്കൽ എന്നമഹത്തായ വിത്തുകുട്ട സംരംഭത്തിന്റെ പ്രവർത്തനങ്ങൾ കുട്ടികൾ നേരിൽ കണ്ടു മനസ്സിലാക്കി.
വിത്തു കുട്ടയിൽ നിന്നും ലഭിച്ച വൃക്ഷത്തൈകൾ പി.ടി.എ.പ്രസിഡന്റ് അനസ് പാറയിൽ,നഗരസഭ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സുഹാന ജിയാസ്,ഹെഡ്മിസ്ട്രസ്സ് സിസി പൈകടയിൽ എന്നിവർ ചേർന്ന് സ്കൂൾ വളപ്പിൽനട്ടു.പരിസ്ഥിതിക്ക് വേണ്ടി ജാഗ്രതയോടെ ഇടപെടുന്ന എബി പൂണ്ടിക്കുളത്തെ ഇക്കോ ക്ലബ്ബിലെ കുട്ടികൾ പൊന്നാട അണിയിച്ചു ആദരിച്ചു.അധ്യാപകരായ അഗസ്റ്റിൻ സേവിയർ,സന്തോഷ് മാത്യു,സൗമ്യ മോൾ,ജാൻസി ജേക്കബ്എന്നിവർ നേതൃത്വം നൽകി.

താഴ്ന്നപ്രദേശങ്ങളിൽ വെള്ളം കയറാൻ സാധ്യത

കോട്ടയം: കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട സ്ഥിതിഗതികൾ ജില്ലാ കളക്ടർ വി. വിഗ്നേശ്വരിയുടെ അധ്യക്ഷതയിൽ നടന്ന ജില്ലാ ദുരന്തനിവാരണ അതോറിറ്റി യോഗം വിലയിരുത്തി.
മഴ മൂന്നുദിവസം കൂടി ജില്ലയിൽ തുടരുമെന്നാണ് കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിച്ചിട്ടുള്ളത്. അതിനാൽ വിവിധ സർക്കാർ വകുപ്പുകൾ ജാഗ്രതയോടെ പ്രവർത്തിക്കണമെന്നും തഹസിൽദാർമാരും വില്ലേജ് ഓഫീസർമാരും ഹെഡ്ക്വാർട്ടേഴ്സ് വിട്ട് പോകരുതെന്നും ജില്ലാ കളക്ടർ നിർദ്ദേശിച്ചു.
താഴ്ന്നപ്രദേശങ്ങളിൽ വെള്ളം കയറാനുള്ള സാധ്യതയുള്ളതിനാൽ ക്യാമ്പുകൾ സജ്ജമാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ തഹസിൽദാർമാർക്ക് നിർദ്ദേശം നൽകി. മഴ തുടരുന്നുണ്ടെങ്കിലും കോടിമതയിലൊഴികെ ഒരിടത്തും ജലനിരപ്പ് അപകടനില കടന്നിട്ടില്ലെന്ന് തഹസിൽദാർമാർ യോഗത്തെ അറിയിച്ചു.
അപകടകരമായ മരങ്ങളും ശിഖരങ്ങളും നിയമപരമായ നടപടികൾ സ്വീകരിച്ച് മുറിച്ചുമാറ്റാൻ തദ്ദേശസ്വയംഭരണവകുപ്പ് ജോയിന്റ് ഡയറക്ടർക്ക് നിർദ്ദേശം നൽകി. ഈരാറ്റുപേട്ടവാഗമൺ റോഡിൽ രാത്രിയാത്രാ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. യാത്രാനിരോധനം ഉറപ്പാക്കാൻ പൊലീസിന് നിർദ്ദേശം നൽകി. വിവിധ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥർ, തഹസിൽദാർമാർ എന്നിവർ പങ്കെടുത്തു

വീട്ടമ്മയെ ആക്രമിച്ച കേസിൽ നാല് പേർ അറസ്റ്റിൽ

മരങ്ങാട്ടുപള്ളി : വീട്ടമ്മയോടും കുടുംബത്തോടുമുള്ള മുൻവിരോധം മൂലം വീട്ടമ്മയെ ആക്രമിച്ച കേസിൽ നാല് പേരെ പോലീസ് അറസ്റ്റ് ചെയ്തു.
ആലപ്പുഴ തുറവൂർ കൃഷ്ണാലയം വീട്ടിൽ അമീഷ് (30), കീഴാറ്റൂർ ഒറ്റശേഖരമംഗലം മുളമുട്ടുവിളാകം വീട്ടിൽ നിധിൻ(24), കീഴാറ്റൂർ ഒറ്റശേഖരമംഗലം വലിയവീട് വീട്ടിൽ അഭിജിത്ത് (22), കൊല്ലം ആലപ്പാട് അമൃതപുരി ഭാഗത്ത് തയ്യിൽ വീട്ടിൽ പ്രജിത്ത് (32) എന്നിവരെയാണ് മരങ്ങാട്ടുപള്ളി പോലീസ് അറസ്റ്റ് ചെയ്തത്.
വയലാ സ്വദേശിനിയായ വീട്ടമ്മയുടെ വീടിനു സമീപം വാടകയ്ക്ക് താമസിച്ചിരുന്ന ഇവർ കഴിഞ്ഞദിവസം രാത്രി 8:15മണിയോടുകൂടി വീടിനു സമീപം വെച്ച് സംഘം ചേർന്ന് വീട്ടമ്മയെയും, ഭർത്താവിനെയും ചീത്തവിളിച്ച് വീട്ടമ്മയെ തള്ളി വീഴ്ത്തുകയുമായിരുന്നു.കൂടാതെ കയ്യിൽ കരുതിയിരുന്ന ക

അമീഷ്,നിധിൻ,അഭിജിത്ത്,പ്രജിത്ത്

ത്തി കാണിച്ച് ഇവരെഭീഷണിപ്പെടുത്തുകയും ചെയ്തു. ഇതിനുശേഷം വഴിയിൽ കിടന്നിരുന്ന കല്ലെടുത്ത് വീട്ടമ്മ താമസിക്കുന്ന വീടിന്റെ ജനൽ എറിഞ്ഞ് പൊട്ടിച്ചു.
പരാതിയെ തുടർന്ന് മരങ്ങാട്ടുപള്ളി പോലീസ് നടത്തിയ തിരച്ചിലിൽ നാലുപേരെയും പിടികൂടുകയുമായിരുന്നു.
നിധിന് അരയൻകോട്, വെള്ളറട,തെന്മല,കാട്ടാക്കട, കർണാടകയിലെ കൊട്ടാരപ്പേട്ട് എന്നീ സ്റ്റേഷനുകളിൽ മോഷണം ഉൾപെ ടെ നിരവധി ക്രിമിനൽ കേസുകളും , പ്രജിത്തിന്പട്ടണക്കാട് സ്റ്റേഷനിൽ കൊലപാതക ശ്രമത്തിനും കേസ്നിലവിലുണ്ട്.
മരങ്ങാട്ടുപള്ളി സ്റ്റേഷൻ എസ്.എച്ച്.ഓ പ്രസാദ് എം.ആർ, എസ്.ഐ പ്രിൻസ് തോമസ്, സി.പി.ഓ മാരായ സിജു എം.കെ, സനീഷ്, ബിനിൽ എന്നിവർ ചേർന്നാണ് ഇവരെ അറസ്റ്റ് ചെയ്തത്.
കോടതിയിൽ ഹാജരാക്കിയഇവരെ റിമാണ്ട് ചെയ്തു.

ഇവന്റ് മാനേജ്മെന്റിന് സെലിബ്രിറ്റികളെ നൽകാമെന്ന് പറഞ്ഞ് പണം തട്ടി ഒരാൾ അറസ്റ്റിൽ

പാമ്പാടി : ഇവന്റ് മാനേജ്മെന്റിന്സെലിബ്രിറ്റിസിനെ പരിചയപ്പെടുത്തി നൽകാമെന്ന് പറഞ്ഞ് യുവാവിൽ നിന്നും പണം തട്ടിയെടുത്ത കേസിൽ ഒരാളെ പോലീസ് അറസ്റ്റ് ചെയ്തു. തൃശ്ശൂർ പഴയന്നൂർ ഭാഗത്ത് ഹാജിലത്ത് വീട്ടിൽ എം ഹക്കീമിനെയാണ് (46) പാമ്പാടി പോലീസ് അറസ്റ്റ് ചെയ്തത്.
കോത്തല സ്വദേശിയായ യുവാവിന്റെ ഫോണിലേക്ക് വാട്സ് ആപ്പ് കോൾ വഴി ഇവന്റ് മാനേജ്മെന്റിന് ആവശ്യമായ സെലിബ്രിറ്റിസിനെ പരിചയപ്പെടുത്തി നൽകാമെന്ന് പണം നല്കണമെന്നുപറഞ്ഞ് യുവാവിൽ നിന്നും 2023 ജൂൺ മുതൽ പലതവണകളായി ഇയാൾ 64,000 രൂപ വാങ്ങിയെടുത്ത് കബളിപ്പിക്കുകയായിരുന്നു.
പണം നഷ്ടപ്പെട്ടതിനെ തുടർന്ന് യുവാവ് പോലീസിൽ പരാതി നൽകി.തുടർന്ന് പാമ്പാടി പോലീസ് പ്രത്യേക അന്വേഷണസംഘം രൂപീകരിച്ചു നടത്തിയ ശക്തമായ തിരച്ചിലിൽ ഇയാളെ കോയമ്പത്തൂരിൽ നിന്നും പിടികൂടുകയുമായിരുന്നു. ആഡംബര കാറിൽസഞ്ചരിച്ച് വന്നിരുന്ന ഇയാളെ അതിസാഹസികമായാണ് പോലീസ് സംഘം പിടികൂടുന്നത്.
പിടികൂടിയ സമയം ഇയാളിൽ നിന്നും പതിനൊന്നോളം മൊബൈൽ ഫോണുകളും, 20 സിം കാർഡുകളും,20 ൽപരം എ.റ്റി.എം കാർഡുകളും, വിവിധ ബാങ്കുകളുടെ പാസ്ബുക്കു

ഹക്കീം.എം

കളും, ചെക്കുകളും, കൂടാതെ മോതിരം, കമ്മൽ, പാദസരം, വളകൾ, നെക്ലൈസ് ഉൾപ്പെടെ 115 ഗ്രാം സ്വർണാഭരണങ്ങളും, വിവിധ പേരുകൾ ഉള്ള സീലുകളും, വാഹനങ്ങളുടെ ആർ.സി ബുക്കുകളും കണ്ടെടുത്തു.
ഇയാളുടെ ആഡംബര കാറിൽ തന്നെയായിരുന്നു ഇയാൾ താമസിച്ചു വന്നിരുന്നത്.
പോലീസ് നടത്തിയ പ്രാഥമിക അന്വേഷണത്തിൽ ഇയാൾ സെക്കൻഡ് ഹാൻഡ് ഫോണുകൾ വാങ്ങി കോയമ്പത്തൂർ കളക്ടറേറ്റിന്റെ ഭാഗത്തും, ആശുപത്രിയുടെ പരിസരത്തും, വഴിയരികിൽഭിക്ഷ യാചിക്കുന്നവരും,ആക്രി പെറുക്കി നടക്കുന്നവരുമായ ആളുകളെയുംസമീപിച്ച് ഇവരോട് ബാങ്കിൽ അക്കൗണ്ട് എടുക്കുവാനും എടിഎമ്മും, പിൻ നമ്പറും, കൂടാതെ അക്കൗണ്ടിനായി കൊടുത്ത സിം കാർഡും തനിക്ക് നൽകിയാൽ 10,000 രൂപ നൽകാമെന്നു പറഞ്ഞ് ഇവർ മുഖേന അക്കൗണ്ട് തുറപ്പിച്ച്,ഈ അക്കൗണ്ടുകൾ വഴിയാണ് ഇയാൾ പണമിടപാട് നടത്തിയിരുന്നത്.
ഇത്തരം സിം കാർഡ് വഴി ഇയാൾ ഫേസ്ബുക്കിൽ സ്ത്രീയുടെ പേരിൽ വ്യാജ അക്കൗണ്ട് ക്രിയേറ്റ് ചെയ്യുകയും, കേരളത്തിലും ഗൾഫിലും സുഹൃത്തുക്കളെ ആവശ്യമുള്ളവർ ഈ പേജ് ഫോളോ ചെയ്യുക എന്ന തരത്തിൽ വാട്സ്ആപ്പ് നമ്പർ കൊടുത്തു പോസ്റ്റ് ചെയ്യുകയായിരുന്നു. ഇത്തരത്തിൽ ബന്ധപ്പെടുന്നവരിൽ നിന്നും ഫ്രെൻഡ്ഷിപ്പ് ക്ലബ്ബിൽ ചേരുന്നതിന് ആയിരം രൂപ അടയ്ക്കുണമെന്നും,കൂടാതെ ഉയർന്ന തലത്തിലുള്ള സ്ത്രീകളുമായി സൗഹൃദത്തിൽ ആകുന്നതിന് കൂടുതൽ പണം വേണമെന്ന് ഇവരോട് ആവശ്യപ്പെടും. ഇത്തരക്കാരിൽ നിന്നും പല കാരണങ്ങൾ പറഞ്ഞു കൂടുതൽ പണം കൈക്കലാക്കിയതിനുശേഷം, ഇവരുടെ നമ്പരുകൾ ബ്ലോക്ക് ചെയ്യുകയുമായിരുന്നു ഇയാളുടെ രീതിയെന്ന് പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തി. ഈ കേസുമായി ബന്ധപ്പെട്ട് കൂടുതൽ അന്വേഷണം നടത്തിവരികയാണെന്നും, സമീപകാലത്ത് ഇത്തരത്തിൽ നടന്ന സൈബർ തട്ടിപ്പുകളുമായി ഇയാൾക്ക് ബന്ധമുണ്ടോയെന്ന് കൂടുതൽ അന്വേഷിച്ചു വരികയാണെന്നും ജില്ലാ പോലീസ് മേധാവി കാർത്തിക് പറഞ്ഞു.
പാമ്പാടി സ്റ്റേഷൻ എസ്.എച്ച്.ഓ സുവർണ്ണകുമാർ, എ.എസ്.ഐ നവാസ്, സി.പി.ഓ മാരായ സുമീഷ് മാക്മില്ലൻ, ശ്രീജിത്ത് രാജ് എന്നിവരും അന്വേഷണ സംഘത്തിൽ ഉണ്ടായിരുന്നു.
കോടതിയിൽ ഹാജരാക്കിയ ഇയാളെ റിമാൻഡ് ചെയ്തു.

ലോട്ടറി ഏജൻസിയെ കബളിപ്പിച്ച് ലക്ഷങ്ങൾ തട്ടിയ കേസിൽ രണ്ടുപേർ അറസ്റ്റിൽ

എരുമേലി: പ്രമുഖ ലോട്ടറി ഹോൾസെയിൽ ഏജൻസിയുടെ എരുമേലി പ്രൈവറ്റ് ബസ്റ്റാൻഡിന് സമീപമുള്ള ശാഖയിൽ നിന്നും ലക്ഷങ്ങൾ തട്ടിയെടുത്ത കേസിൽ ജീവനക്കാരായ രണ്ടുപേരെ പോല

ഗാന്ധി പ്രതിമയോടുള്ള അനാദരവിൽ പ്രതിഷേധിച്ചു

ആലപ്പുഴ: വളർന്നുവരുന്ന ഗാന്ധി നിന്ദക്ക് എതിരെ ഗാന്ധിയൻ ദർശന വേദി സംസ്ഥാന നേതൃയോഗം ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. ഏറെ നാളായി ഗാന്ധിജിയെയും ഗാന്ധി പ്രസ്ഥാനങ്ങളെയും ഗാന്ധിജിയുടെ ചിത്രത്തെയും പ്രതിമകളെയും അവഹേളിക്കുകയും സ്ഥാനമാറ്റം വരുത്തുകയും ആക്രമിക്കപ്പെടുകയും ചെയ്യുന്ന വേദനാജനകമായ സംഭവങ്ങൾ ഭാരതത്തിൽ നടക്കുന്നത് വേദനാജനകവും പ്രതിഷേധാർഹവും ആണെന്ന് ഗാന്ധിയൻ ദർശന വേദി സംസ്ഥാന നേതൃയോഗം അഭിപ്രായപ്പെട്ടു.നേതൃ സമ്മേളനത്തിൽ ഗാന്ധിയൻ ദർശന വേദി സംസ്ഥാന വൈസ് ചെയർമാൻ പി. ജെ. കുര്യൻ അധ്യക്ഷത വഹിച്ചു. നേതൃസമ്മേളനം സംസ്ഥാന ചെയർമാൻ ബേബി പാറക്കാടൻ ഉദ്ഘാടനം ചെയ്തു. എം. ഇ .ഉത്തമക്കുറുപ്പ്, എച്ച്. സുധീർ ,എം .ഡി. സലീം, പി. എ. കുഞ്ഞുമോൻ,പ്രൊ. ദിലീപ് രാജേന്ദ്രൻ,ആശാ കൃഷ്ണലയം, ഈ. ഷാബ്ദീൻ ,ഡോ.എം.എൻ.ജോർജ്, എൻ.എൻ.ഗോപിക്കുട്ടൻ,ഇ. ഖാലിദ്, ആൻറണി കരിപ്പാശ്ശേരി, ബിനു മദനൻ, മിനിമോൾ കപ്പക്കട,എൻ.സദാശിവൻനായർ, ഷില ജഗധരൻ, ശ്യാമള പ്രസാദ്, ലൈസമ്മ ബേബി എന്നിവർ സംസാരിച്ചു.

മെഡിക്കൽ കോളേജിൽ ഇന്റർവെൻഷണൽ റേഡിയോളജിസ്റ്റ് ഒഴിവ്

ആലപ്പുഴ: ഗവ.റ്റി.ഡി. മെഡിക്കൽ കോളജിൽ വികസന സമിതിയുടെ കീഴിൽ ഇന്റർവെൻഷണൽ റേഡിയോളജിസ്റ്റിനെ നിയമിക്കുന്നു. പ്രായം 2024 ജൂൺ 1 ന് 25 നും 50 നുമിടയിലായിരിക്കണം. താൽപര്യമുള്ളവർ യോഗ്യത, വയസ്, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളും പകർപ്പുമായി ജൂലൈ 11 ന് ഉച്ചയ്ക്ക് രണ്ടിന് സൂപ്രണ്ട് ഓഫീസിൽ നടക്കുന്ന വാക് ഇൻ ഇന്റർവ്യൂവിന് ഹാജരാകണം

പൊതുജനങ്ങൾക്ക് പരാതി നൽകാം

ആലപ്പുഴ: പൊതുജനങ്ങൾക്ക് നിലം നികത്ത് സംബന്ധിച്ച പരാതികൾ ചുവടെ കൊടുക്കുന്ന നമ്പറുകളിൽ വിളിച്ചറിയിക്കാം. അമ്പലപ്പുഴ 0477 2253771,ചേർത്തല 0478 2813103,കുട്ടനാട് 0477 2702221, കാർത്തികപ്പള്ളി 0479 2412797,ചെങ്ങന്നൂർ 0479 2452334,മാവേലിക്കര 0479 2302216. കളക്ട്രേറ്റ് കൺട്രോൾ റൂം നമ്പർ: 04772238630.

ആലപ്പുഴ വാർത്തകൾ

വിദേശ ജോലി വാഗ്ദാനം; പണം തട്ടിയ പ്രതി അറസ്റ്റിൽ

മനൂഫ്

ആലപ്പുഴ:വിദേശത്ത് ഓൺലൈൻ ജോലി വാഗ്ദാനം ചെയ്ത് രണ്ട് പേരിൽ നിന്നായി 1,60,000 രൂപ വീതം സാമ്പത്തിക തട്ടിപ്പ് നടത്തിയ കേസിലെ പ്രതി പിടിയിൽ. ആലപ്പുഴ മുനിസിപ്പൽ ഇരവുകാട് വാർഡിൽ തൈപ്പറമ്പിൽ വീട്ടിൽ മനൂഫ് (30) ആണ് ആലപ്പുഴ സൗത്ത് പൊലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിൽ പിടിയിലായത്. നെടുമ്പാശ്ശേരി എയർപോട്ട് വഴി കംബോഡിയയിലേക്കാണ് ഇരുവരെയും അയച്ചത്. ജോലിയോ ശമ്പളമോ നൽകിയില്ല. തിരികെ നാട്ടിലേക്ക് കയറ്റി വിട്ടില്ലെന്നും പരാതിയിലുണ്ട്. കോടതിയിൽ ഹാരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

പ്ലസ് വൺ സീറ്റ് ഒഴിവ്

ആലപ്പുഴ: ലജ്നത്തുൽ മുഹമ്മദിയ്യ ഹയർ സെക്കണ്ടറി സ്കൂളിൽ അണ് എയ്ഡഡിൽ സയൻസ്, ഹുമാനിറ്റിസ്, കൊമേഴ്സ് ബാച്ചിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ അസ്സിൽ രേഖകളുമായി വെള്ളിയാഴ്ച്ച രാവിലെ സ്കൂൾ ഓഫീസിൽ എത്തിച്ചേരണമെന്ന് പ്രൻസിപ്പാൾ അറിയിച്ചു.

അധ്യാപക ഒഴിവ്

ആലപ്പുഴ: ലജ്നത്തുൽ മുഹമ്മദിയ്യ ഹയർ സെക്കണ്ടറി സ്കൂളിൽ എക്കണോമിക്സ്, ഹിസ്റ്ററി, സുവോളജി ഒഴിവുകളിലേയ്ക്ക് ഹയർ സെക്കണ്ടറി അധ്യാപകരെ ദിവസ വേതനാടിസ്ഥാനത്തിൽ ആവശ്യമുണ്ട്. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ യോഗ്യത സർട്ടിഫിക്കറ്റുകൾ സഹിതം 28ന് രാവിലെ 11.00 മണിക്ക് പ്രിൻസിപ്പാൾ ഓഫീസിൽ ഹാജരാകണം.

അപ്പർ കുട്ടനാട്ടിൽ ജലനിരപ്പ് ഉയരുന്നു

പമ്പാനദിയിലും മണിമലയാറ്റിലും ജലനിരപ്പ് ക്രമാതീതമായി വർധിച്ചു

എടത്വാ: കനത്തമഴയും കിഴക്കൻ വെള്ളത്തിന്റെ വരവും വർദ്ധിച്ചതോടെ അപ്പർ കുട്ടനാട്ടിൽ ജലനിരപ്പ് ഉയർന്നു. തലവടി പഞ്ചായത്തിലെ നിരവധി വീടുകളിൽ വെള്ളം കയറി. പമ്പാനദിയിലും മണിമലയാറ്റിലും ജലനിരപ്പ് ക്രമാതീതമായി ഉയരുകയാണ്. തലവടി പഞ്ചായത്ത് മൂന്നാം വാർഡിൽ പൂന്തുരുത്തി, നാലാം വാർഡ് നെരവംതറ, 7ാം വാർഡ് കുന്നുമ്മാടി കുതിരച്ചാൽ, 10ാം വാർഡ് മണലേൽ അംബേദ്കർ കോളനി, 11 ാം വാർഡ് പുലിത്തട്ട എന്നീ പ്രദേശങ്ങളാണ് വെള്ളത്തിൽ മുങ്ങിയത്. മൂന്ന് ദിവസമായി പെയ്യുന്ന കനത്ത മഴയിൽ നിരണം, തലവടി, എടത്വാ, തകഴി, വീയപുരം എന്നീ പഞ്ചായത്തിലെ താഴ്ന്ന പ്രദേശങ്ങളും വെള്ളത്തിൽ മുങ്ങിയിട്ടുണ്ട്. മുട്ടാർ പഞ്ചായത്തിലെ താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിലായതോടെ ജനജീവിതം ദുസ്സഹമായി തീർന്നു. തലവടി, മുട്ടാർ പ്രദേശത്തെ നദികളും തോടുകളും കരകവിഞ്ഞ് ഒഴുകുകയാണ്. മഴ നീണ്ടുനിന്നാൽ തലവടിയിലെ ഒട്ടുമിക്ക വീടുകളും വെള്ളത്തിൽ മുങ്ങും. കുന്നുമ്മാടി കുതിരച്ചാൽ നിവാസികളാണ് ഏറെ ദുരിതം അനുഭവിക്കുന്നത്. അപ്പർ കുട്ടനാട്ടിൽ ആദ്യം വെള്ളത്തിൽ മുങ്ങുന്ന പ്രദേശമെന്നിരിക്കേ ഇവിടുത്തെ താമസക്കാരെ ക്യാമ്പുകളിലേയ്ക്ക് മറ്റേണ്ടിവരും. ഇന്നലെ മുതലാണ് നദികളിൽ പൊടുന്നനേ ജലനിരപ്പ് ഉയർന്നത്. ഏതാനും ദിവസങ്ങളായി ഇടവിട്ട് ശക്തമായ മഴ പ്രദേശത്ത് ചെയ്യുന്നുണ്ടായിരുന്നെങ്കിലും ജലനിരപ്പിന് കാര്യമായ മാറ്റം കണ്ടിരുന്നില്ല. ഇന്നലെ ഉച്ചയോട് കൂടിയാണ് ജലനിരപ്പ് ഉയർന്ന് വീടുകളിൽ വെള്ളം കയറിയത്. പെയ്തു വെള്ളവും കലങ്ങി മറിഞ്ഞ കിഴക്കൻ വെള്ളവും എത്തിയതോടെ നദികളിലെ ജലനിരപ്പ് ഉയരാൻ തുടങ്ങിയിരുന്നു. രണ്ട് ദിവസം മുൻപുണ്ടായ ശക്തമായ കാറ്റിൽ മരങ്ങൾ വീണ് തലവടിയിലെ നിരവധി വീടുകൾക്ക് കേട് സംഭവിച്ചിരുന്നു. മഴ നീണ്ടുനിന്നാൽ അപ്പർ കുട്ടനാട് മുങ്ങാനാണ് സാധ്യത.

തലവടിയിൽ വീടുകളിൽ വെള്ളം കയറി

തലവടി കുന്നുമ്മാടി കുതിരച്ചാൽ വീടുകളിൽ വെള്ളം കയറിയ നിലയിൽ

നാടെങ്ങും സമസ്ത സ്ഥാപക ദിനാചരണം

സമസ്തയുടെയും പോഷക ഘടകങ്ങളുടെയും നേതൃത്വത്തിൽ വിപുലമായ പരിപാടികൾ

ആലപ്പുഴ: സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ സ്ഥാപക ദിനാചരണം ജില്ലയിൽ വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. സമസ്തയുടെയും വിവിധ പോഷക ഘടകങ്ങളുടെയും നേതൃത്വത്തിൽ പതാക ഉയർത്തലും അനുമോദനവും പ്രാർഥന സദസുകളും സംഘടിപ്പിച്ചു.

അമ്പലപ്പുഴ: സമസ്ത അജയ്യമായി നിലകൊള്ളുന്നത് പൂർവ്വികർ കാണിച്ച വഴി പിന്തുടരുന്നത് കൊണ്ടാണന്ന് സമസ്ത കേന്ദ്ര മുശാവറ അംഗം ഐ.ബി ഉസ്മാൻ ഫൈസി ജംഇയ്യത്തുൽ ഖുതുബ ജില്ല സംഘടിപ്പിച്ച പഠന ക്ലാസ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. വണ്ടാനം സമസ്ത സൗധത്തിൽ വെച്ച് സംഘടിപ്പിച്ച സമസ്ത സ്ഥാപക ദിനാചരണ ചടങ്ങിൽസമസ്ത ജില്ലാ ജനറൽ സെക്രട്ടറി അബ്ദുൽ റഹ്മാൻ അൽഖാസിമി പതാക ഉയർത്തി .

ഖുതുബ ജില്ല സെക്രട്ടറി സിറാജുദ്ദീൻ ഫൈസി ആലപ്പുഴ സ്വാഗതവുംജില്ലാ പ്രസിഡന്റ് ത്വാഹാ ജിഫ്രി തങ്ങൾ അധ്യക്ഷത വഹിച്ചു . കായംകുളം ശാഫി മൗലവി ക്ലാസിന് നേതൃത്വം നൽകി. ജംഇയ്യത്തുൽ ഉലമ ജില്ല ട്രഷറർ ഹംസ മുസ്ലിയാർ , നാസർ മാമൂലയിൽ, മഹ്മൂദ് മുസ്ലിയാർ കായംകുളം, ജഅ്ഫർ മുസ്ലിയാർ മണ്ണഞ്ചേരി, മൂസൽ ഫൈസി വടുതല, സക്കീർ ഹുസൈൻ അസ്ഹരിതുടങ്ങിയവർ സംസാരിച്ചു. സമാപന പ്രാർത്ഥന സംഗമത്തിന് സയ്യിദ് അബ്ദുല്ല തങ്ങൾ ദാരിമി നേതൃത്വം നൽകി.

വണ്ടാനം സമസ്ത സൗധത്തിൽ വെച്ച് സംഘടിപ്പിച്ച സമസ്ത സ്ഥാപക ദിനാചരണ ചടങ്ങിൽ സമസ്ത ജില്ലാ ജനറൽ സെക്രട്ടറി എം. എ അബ്ദുൽ റഹ്മാൻ അൽഖാസിമി പതാക ഉയർത്തുന്നു

കായംകുളം: സമസ്ത സ്ഥാപക ദിനത്തോടനുബന്ധിച്ച് എസ് വൈ എസ് എസ്.കെ.എസ്.എസ്.എഫ് കുറ്റിത്തെരുവ് യൂണിറ്റ് കമ്മിറ്റി പതാക ദിനം ആചരിച്ചു. മേഖലാ ട്രഷറർ സലിം മുരുക്കുംമൂട് ഉദ്ഘാടനം ചെയ്തു. എസ്.കെ.എസ്.എസ്.എഫ് ജില്ലാ കമ്മിറ്റിയംഗം ഇർഷാദ് മുസ്ലിയാർ അധ്യക്ഷത വഹിച്ചു. കുറ്റിത്തെരുവ് ജമാഅത്ത് കമ്മിറ്റി വൈസ് പ്രസിഡന്റ് അസീസ്കുഞ്ഞ്, യൂണിറ്റ് പ്രസിഡന്റ് മുഹമ്മദ്ഇഖ്ബാൽ ' സെക്രട്ടറി സുധീർ കറുകത്തറ, യൂണിറ്റ് സെക്രട്ടറി സത്താർ അസ്ലമി , നൗഷാദ്,നൗഷാദ്, മമ്മൂട്ടി, സിയാദ് വഴിഞ്ഞലക്കൽ പ്രസംഗിച്ചു.

കുത്തിയതോട്: സമസ്ത സ്ഥാപക ദിനത്തോടനുബന്ധിച്ച് കുത്തിയതോട് മുസ്ലിം ജമാഅത്ത് മഹൽ കമ്മറ്റിയുടെയും ദാറുൽ ഉലൂം മദ്രസയുടെയും ആഭിമുഖ്യത്തിൽ നടന്ന പരിപാടി സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ ചന്തിരൂർ റെയ്ഞ്ച് സെക്രട്ടറി കെ ബഷീർ മൗലവി അധ്യക്ഷത വഹിച്ച യോഗം കുത്തിയതോട് മഹൽ ജമാഅത്ത്ജനറൽ സെക്രട്ടറി പി കെ അബ്ദുൽ ജലീൽ ഉദ്ഘാടനം നിർവഹിച്ചു.

മഹൽ ഇമാം അബ്ദുൽ കരീം മുസ്ലിയാർ തൊടുപുഴ മുഖ്യപ്രഭാഷണം നടത്തി.ഉമർ മൗലവി പാണാവള്ളി ആശംസകൾ അർപ്പിച്ചു.

ജംഇയ്യത്തുൽ ഖുതുബ ജില്ല സംഘടിപ്പിച്ച സമസ്ത സ്ഥാപക ദിനാചരണവും പഠന ക്ലാസും സമസ്ത കേന്ദ്ര മുശാവറ അംഗം ഐ.ബി ഉസ്മാൻ ഫൈസി ഉദ്ഘാടനം ചെയ്യുന്നു

കായംകുളം : എസ്. കെ.എസ്.എസ്.എഫ് കായംകുളം മേഖലാതല സമസ്ത സ്ഥാപക ദിനാചരണം മുഹിയുദ്ദീൻ പള്ളി യൂനിറ്റിൽ പതാക ഉയത്തി നടത്തി. സമസ്ത റീജിയണൽ മുത്തിശ് കെ. ഇ. മുഹമ്മദ് മുസ്ലിയാർ തൊടുപുഴ ഉദ്ഘാടനം ചെയ്തു. മേഖലാ പ്രസിഡന്റ് ഹാഫിസ് മുഹമ്മദ് ജുനൈദ് മന്നാനി അധ്യക്ഷത വഹിച്ചു.

എസ്. വൈ.എസ് സംസ്ഥാന കൗൺസിൽ അംഗം എ.എ.വാഹിദ്,മേഖല പ്രസിഡന്റ് എം.അബ്ദുൽ വാഹിദ് മാസ്റ്റർ, സെക്രട്ടറി ബഷീർ സഫ,എസ്.കെ.എസ്. എസ്. എഫ് ജില്ലാ കമ്മിറ്റി അംഗം ഇർഷാദ് മുസ്ലിയാർ,അലിയാരുകുഞ്ഞ് മുസ്ലിയാർ സലീം അസ്ലമി, ഹാഫിള് ഹുസൈൻ മന്നാനി, സുധീർ കാട്ടിശ്ശേരിൽ,അബ്ദുൽ റഷീദ് മന്നാനി ,ഇസ്മായിൽ മുസ്ലിയാർ തുടങ്ങിയവർ പങ്കെടുത്തു.

മേഖലയിലെ പതിനഞ്ച് യൂണിറ്റുകളിലും പതാക ഉയർത്തൽ,സിയാറത്ത്, മധുര പലഹാര വിതരണം തുടങ്ങിയവയോടെ സമസ്ത സ്ഥാപക ദിനാചരണം സമുചിതമായി ആഘോഷിച്ചു.

എസ്.കെ.എസ്.എസ്.എഫ് അമ്പലപ്പുഴ മേഖല തല ഉദ്ഘാടനം സയ്യിദ് അലിയ്യുൽ ബുഖാരി തങ്ങൾ നിർവഹിക്കുന്നു

കായംകുളം പുതിയവിള ദാറുസ്സലാം മദ്റസയിൽ നടന്ന സ്ഥാപക ദിനാചരണം മസ്ജിദുൽ മഗ്ഫിറ ഖത്തീബ് ഉവൈസ് ഫൈസി പതിയാങ്കര ഉദ്ഘാടനം ചെയ്യുന്നു

കുത്തിയതോട് മുസ്ലിം ജമാഅത്ത് മഹൽ കമ്മറ്റിയുടെ പരിപാടിയിൽ റെയ്ഞ്ച് സെക്രട്ടറി കെ ബഷീർ മൗലവി സംസാരിക്കുന്നു

കായംകുളം കുറ്റിത്തെരുവ് യൂണിറ്റ് കമ്മിറ്റിയുടെ പതാക ദിനചരണ ചടങ്ങ് എസ്.വൈ.എസ് മേഖലാ ട്രഷറർ സലിം മുരുക്കുംമൂട് ഉദ്ഘാടനം ചെയ്യുന്നു

ദക്ഷിണ സ്ഥാപക ദിനത്തിൽ വെട്ടിയാർ കിഴക്ക് നജാത്തുൽ ഇസ്ലാം മദ്രസയിൽജമാഅത്ത് പ്രസിഡൻറ് ഷൗക്കത്തലി പതാക ഉയർത്തുന്നു

ദക്ഷിണ പതാകദിനം ആചരിച്ചു

മാവേലിക്കര :ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമ പണ്ഡിത സംഘടനയുടെ സ്ഥാപക ദിനത്തിൽ ജില്ലയിൽ വിവിധ പരിപാടികളോടെ പതാക ദിനം സംഘടിപ്പിച്ചു.ചാരുംമൂട് മേഖലയിലെ വെട്ടിയാർ കിഴക്ക് നജാത്തുൽ ഇസ്ലാം മദ്റസയിൽ ജമാഅത്ത് പ്രസിഡൻറ് എ ഷൗക്കത്തലി പതാക ഉയർത്തി.കെ.എം.വൈ.എഫ് സംസ്ഥാന ജനറൽ സെക്രട്ടറി നൗഷാദ് മാങ്കാംകുഴി,അസിസ്റ്റന്റ് ഇമാമുമാരായ ഉമർ മന്നാനി,സ്വാലിഹ് മൗലവി പങ്കെടുത്തു. ദക്ഷിണ ചേർത്തല താലൂക്ക് കമ്മിറ്റി ആസ്ഥാനമന്ദിരത്തിൽ താലൂക്ക് പ്രസിഡൻറ് പി.പി ജമാലുദ്ദീൻ മൗലവി പതാക ഉയർത്തി. ലജ്നത്തുൽ മുഅല്ലിമീൻ ചന്തിരൂർ മേഖല സെക്രട്ടറി കെ എസ് താജുദ്ദീൻ മൗലവി ആമുഖ പ്രഭാഷണം നിർവഹിച്ചു.താലൂക്ക് സെക്രട്ടറി ഡി എം തഖ് യുദ്ധീൻ ബിൻ വി.എം മൂസാ മൗലവി, ഡി.കെ.ഐ.എസ്.എഫ് സംസ്ഥാന സമിതി അംഗം ഹാരിസ് അബ്റാരി ,കെ.എം .വൈ .എഫ് സംസ്ഥാന സമിതി അംഗം ഫസ്ലുലുൽ റഹ് മാൻ തുടങ്ങിയവർ പങ്കെടുത്തു കായംകുളം മേഖലയിലെ പടിഞ്ഞാറെ തെരുവ് ഹിദായത്തുൽ ഇസ്ലാം മദ്റസാ അങ്കണത്തിൽ ജമാഅത്ത് പ്രസിഡന്റ് നിസാം കണ്ടത്തിലും മേഖലാ പ്രസിഡന്റ് ഹുസൈൻ ഫാളിലിയും സംയുക്തമായി പതാകഉയർത്തി.

ഡി.കെ.എൽ.എം കാഞ്ഞിപ്പുഴ മേഖല കമ്മിറ്റിയുടെ നേതൃത്വത്തിൽ ദക്ഷിണ പതാക ദിനം ആചരിച്ചു.പ്രസിഡന്റ് ഓച്ചിറ അബ്ദുല്ലാ ബാഖവിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സെക്രട്ടറി യൂനുസ് ബാഖവി സ്വാഗതം ആശംസിച്ചു. ജോ. സെക്രട്ടറി ഹാരിസ് ശാദി ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമയുടെ മൺമറഞ്ഞ പണ്ഡിതന്മാരെ കുറിച്ച് അനുസ്മരണ പ്രഭാഷണം നടത്തി. ജലീൽ സഖാഫി, താജുദ്ദീൻ ബാഖവി, ഹുസൈൻ മൗലവി,കോയിക്കൽ ഫാറൂഖ്, ആസാദ് തുടങ്ങിയവർ പങ്കെടുത്തു.

കാഞ്ഞിപ്പുഴ മേഖലയിൽ പ്രസിഡന്റ് ഓച്ചിറ അബ്ദുള്ള മൗലവി പതാക ഉയർത്തുന്നു

പോക്സോ; 58കാരന് 29 വർഷം കഠിന തടവ്

അരൂക്കുറ്റി: പോക്സോ കേസിൽ പ്രതിക്ക് 29 വർഷം കഠിന തടവിന് വിധിച്ച് ചേർത്തല പോക്സോ കോടതി.അരൂക്കുറ്റി വടുതല സ്വദേശിയായ ചക്കാല നികർത്ത വീട്ടിൽ മമ്മൂ മകൻ മുഹമ്മദിനെ (58) ആണ് ചേർത്തല അതിവേഗ പോക്സോ സ്പെഷ്യൽ ജഡ്ജ് 29 വർഷം കഠിനതടവിനും രണ്ടര ലക്ഷം രൂപ പിഴയ്ക്കും ശിക്ഷിച്ചത്.

അരൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിൽ സബ് ഇൻസ് പെക്ടർമാരായ ഹാരോൾഡ് ജോർജ്, അനിൽകുമാർ കെപി എന്നിവർ അന്വേഷണം നടത്തി പ്രതിക്കെതിരെ കുറ്റപത്രം സമർപ്പിക്കുകയായിരുന്നു.

സബ് ഇൻസ്പെക്ടർ ശ്യാം പൊലീസുദ്യോഗസ്ഥരായ വി ജേഷ്, പ്രവീൺ, നിതീഷ് മോൻ, രതീഷ് കെ ആർ അനിത മോൾ എന്നിവരാണ് അന്വേഷണ സംഘത്തിൽ ഉണ്ടായിരുന്നത്. പൊലീസ് ഉദ്യോഗസ്ഥരായ സുനിത , രതീഷ് എന്നിവർ കോടതി നടപടികൾ ഏകോപിപ്പിച്ചു.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂൺ 27 വ്യാഴം
ഗൾഫ് ചന്ദ്രിക

എ.കെ.പി.എ പ്രതിഭാ സംഗമം

മാവേലിക്കര: ഓൾ കേരള ഫോട്ടോഗ്രാഫേഴ്സ് അസോസിയേഷൻ (എ.കെ.പി.എ) മാവേലിക്കര മേഖല കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന പ്രതിഭാ സംഗമം തിരക്കഥാകൃത്ത് ഡോ. പ്രവീൺ ഇറവങ്കര ഉദ്ഘാടനം ചെയ്തു. മേഖല പ്രസിഡന്റ് യു.ആർ. മനു അധ്യക്ഷനായി. 'ചെട്ടികുളങ്ങര ഭരണി കാഴ്ചകൾ' എന്ന വിഷയത്തിൽ മേഖല നടത്തിയ സംസ്ഥാനതല ഫോട്ടോഗ്രാഫി മത്സരവിജയികൾക്ക് എ.കെ.പി.എ സംസ്ഥാന സെക്രട്ടറി ബി.ആർ. സുദർശനൻ പുരസ്കാരങ്ങൾ വിതരണം ചെയ്തു. വിദ്യാഭ്യാസ മേഖലകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ മുൻ സംസ്ഥാന പ്രസിഡന്റ് ബി. രവീന്ദ്രൻ ആദരിച്ചു. ചടങ്ങിന്റെ ഭാഗമായി നടത്തിയ എം. താമരാക്ഷൻ അനുസ്മരണ സമ്മേളനം സംസ്ഥാന കമ്മിറ്റിയംഗം സുരേഷ് ചിത്രമാലിക ഉദ്ഘാടനം ചെയ്തു. കെ.വി. ശ്രീകുമാർ, അനി വർഗ്ഗീസ്, എസ്. മോഹനൽ പിള്ള, സന്തോഷ് ഫോട്ടോവേൾഡ്, കെ.ജി. മുരളി, പ്രസാദ് ചിത്രാലയ, ഷാൽ വിസ്മയ, ജെ. ഗോപിനാഥപണിക്കർ, ഹേമദാസ് ഡോൺ, ശശിധരൻ ഗീത്, ബിനു വൈഗ, വിനോദ് അപ്സര, ഷൈജ തമ്പി, ടെനിബി ജോർജ് പ്രസംഗിച്ചു.

പൊതുവാർത്തകൾ

പാനൂർക്കര ഗവൺമെന്റ് യുപി സ്കൂളിൽ സംഘടിപ്പിച്ച ലഹരി വിമുക്ത പരിപാടയിൽ സ്കൂളിലെ ബി ആർ സി കായികാധ്യാപകൻ സുബാഷ് ചന്ദ്രൻ സംസാരിക്കുന്നു

ലഹരിക്കെതിരെ കൈകോർത്ത്

ആലപ്പുഴ ഗവ. മുഹമ്മദൻസ് എൽ പി സ്കൂളിലെ സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ ലോക ലഹരി വിരുദ്ധദിനത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് കുട്ടികളുടെ പാർലമെന്റെ സംഘടിപ്പിച്ചു. ഭരണപക്ഷ മന്ത്രിമാർ പ്രതിപക്ഷ അംഗങ്ങൾ തുടങ്ങി സഭ നടപടികൾ, ചോദ്യോത്തവേള, മറുപടി എന്നിവ കാഴ്ചക്കാരായ കുട്ടികളിൽ കൗതുകമുണർത്തി. മയക്കുമരുന്ന് ലഹരിക്കെതിരേ ഒന്നിച്ചുള്ള കൂട്ടായപ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ പുതുതലമുറയ്ക്ക് കഴിയണമെന്ന് പരിപാടി ഉദ്ഘാടനം ചെയ്തു കൊണ്ട് പ്രധാനാധ്യാപകൻ പിഡി ജോഷി പറഞ്ഞു, സാമൂഹ്യ ശാസ്ത്രക്ലബ്ബ് കോർഡിനേറ്റർ കെ കെ ഉല്ലാസ്, ലറ്റിഷ്യ അലക്സ്, മാർട്ടിൻ പ്രിൻസ്, ബുഷറ കെ ഒ,എന്നിവർ നേതൃത്വം നൽകി.

ആലപ്പുഴ: ലഹരി വിരുദ്ധ ദിനത്തിൽ കുരുന്നു ജാലിക തീർത്ത് ലജ്നത്തുൽ മുഹമ്മദിയ്യ എൽ.പി സ്കൂൾ വിദ്യാർത്ഥികൾ. പ്ലക്കാർഡുകളും പോസ്റ്ററുകളും ഉയർത്തി ലഹരി വിരുദ്ധ സന്ദേശം പകർന്നും പ്രതിജ്ഞ ചൊല്ലിയും ദിനാചരണം വേറിട്ടതാക്കി. വിദ്യാർത്ഥികളോടൊപ്പം അധ്യാപകരും കൈകൾ കോർത്ത് ഉയർത്തിപ്പിടിച്ചാണ് ജാലിക തീർത്തത്. കുട്ടികൾ തയ്യാറാക്കിയ പ്രബന്ധവും പോസ്റ്ററും കുറിപ്പുകളും പ്രദർശിപ്പിച്ചു. പ്രധാനാധ്യാപകൻ അബ്ദുൽ മാഹിൻ റഷീദ് ഉദ്ഘാടനം ചെയ്തു. എ.എം മുഹമ്മദ് ശാഫി സന്ദേശം നൽകി. അധ്യാപകരായ പി.എസ് സുൽഫത്ത്, സഹീറ, സജ്ന കാസിം, സജ്ജാദ് റഹ്മാൻ, അൻസില, ജയലക്ഷ്മി, നസ്നി, നൗസിയ, ആമിന, മുഹ്സിന, സൗജത്ത്, ഷമീന എന്നിവർ ദിനാചരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

ആലപ്പുഴ: അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തിൽ ആലപ്പുഴ കലക്ടറേറ്റ് മുന്നിൽ മദ്യവിരുദ്ധ ജനകീയ മുന്നണിയുടെ നേതൃത്വത്തിൽ പ്രതിഷേധ സംഗമം സംഘടിപ്പിച്ചു. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനം തടയണമെന്നും ലഹരിവസ്തുക്കളുടെ ഉപയോഗം കർശനമായി നിരോധിക്കണമെന്നും മദ്യവിരുദ്ധ ജനകീയ മുന്നണി സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടു. കലക്ടറേറ്റിന് മുന്നിൽ നടന്ന പ്രതിഷേധ സംഗമം ജെ. ബാബുരാജ് ഉദ്ഘാടനം ചെയ്തു.മദ്യവിരുദ്ധ ജനകീയ മുന്നണിയുടെ താലൂക്ക് പ്രസിഡൻറ് അഡ്വ. എം എ ബിന്ദു മുഖ്യ പ്രസംഗം നടത്തി .യോഗത്തിൽ മദ്യവിരുദ്ധ ജനകയീയമുന്നണി സംസ്ഥാന ചെയർമാർ ബിഷപ്പ് ഡോ.ജോഷ്വാ മാർ ഇഗ്നേത്തിയോസിന്റെ ലഹരിവിരുദ്ധ സന്ദേശം പ്രതിഷേധ സംഗമത്തിൽ അവതരിപ്പിച്ചു. മദ്യവിരുദ്ധ ജനകീയ മുന്നണി ജില്ലാ വൈസ് ചെയർമാർ എൻ.ആർ അജയകുമാർ അധ്യക്ഷതവഹിച്ചു. ഉമ്മച്ചൻ ചക്കുപുരക്കൽ, ജോസി പനക്കൽപുരക്കൽ,പി.വി സുരേഷ് ബാബു, സാബു അനിനിയാസ് സെലസ്റ്റി എം തൈപറമ്പിൽ, റ്റി.ആർ. രാജിമോൾ തുടങ്ങിയവർ പ്രസംഗിച്ചു. മജീഷ്യൻ ഉമ്മൻ. ജെ. നേതാരം തെരുവിൽ മാജിക് ഷോ നടത്തി. താലൂക്ക് സെക്രട്ടറി ഗായത്രി സ്വാമിനാഥൻ സ്വാഗതവും ജില്ലാ കൺവീനർജഅ ലോറൻസ് നന്ദിയും രേഖപ്പെടുത്തി.

തൃക്കുന്നപ്പുഴ: ലഹരി വിരുദ്ധ ദിനമായ ജൂൺ 26ന് പാനൂർക്കര ഗവൺമെന്റ് യുപി സ്കൂളിൽ ലഹരി വിമുക്ത ക്ലാസ് സംഘടിപ്പിച്ചു. ഇതുമായി ബന്ധപ്പെട്ട് സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ സ്കൂൾ സീനിയർ അസിസ്റ്റന്റ് രമ്യ ടീച്ചർഅധ്യക്ഷത വഹിച്ചു.സ്കൂളിലെ ബി ആർ സി കായികാധ്യാപകൻ സുബാഷ് ചന്ദ്രൻ ലഹരി വിരുദ്ധ ക്ലാസിന് നേതൃത്വം നൽകി. ഹെഡ്മിസ്ട്രസ് ബി. ഇന്ദിര ടീച്ചർ സ്വാഗതവും സ്റ്റാഫ് സെക്രട്ടറി സുനിത കുമാരി ടീച്ചർ നന്ദിയും പറഞ്ഞു. അധ്യാപികമാരായ ഭാഗ്യലക്ഷ്മി, കുമാരി, ആതിര, ലേഖ, ആശാ വിജയൻ, ദീപ്തി, ആതിര ബി. നായർ, ഇർഫാനതുങ്ങിയവർ പങ്കെടുത്തു

ഹരിപ്പാട്: ലോക ലഹരിവിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി കുട്ടികളിൽ ലഹരി വിരുദ്ധ സന്ദേശം എത്തിക്കുന്നതിനും പാർലമെന്റ് നടപടിക്രമങ്ങൾ മനസ്സിലാക്കി കൊടുക്കുന്നതിനുമായി മാതൃകാ പാർലമെന്റ് സംഘടിപ്പിച്ചു. സ്കൂൾ സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പരിപാടി പ്രഥമാധ്യാപിക കെ.എസ് ബിന്ദു ഉദ്ഘാടനം ചെയ്തു. ഭഗത്.എം. വി പ്രധാനമന്ത്രിയും ആതിര ഗായേഷ് ആഭ്യന്തര മന്ത്രിയും ആർദ്ര. ആർ സ്പീക്കറും ദ്വാദശി. എസ്. നായർ എക്സൈസ് മന്ത്രിയും നന്ദിക നായർ പ്രതിപക്ഷ നേതാവുമായി നടത്തിയ പാർലമെന്റിൽ ലഹരിയ്ക്കെതിരെയുള്ള നിയമ നടപടികളുടെ പേരിൽ ചൂടേറിയ ചർച്ചകൾ നടന്നു. ലഹരി ഉപയോഗിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമുള്ള ശിക്ഷകൾ കൂടുതൽ കടുത്തതാക്കുന്നതിനും ലഹരിവസ്തുക്കളുടെ സാന്നിധ്യവും ഉപയോഗവും ഇല്ലാതാക്കുന്നതിനും സഹായകമാകുന്ന നിയമത്തെക്കുറിച്ച് പഠിക്കുവാൻ നിയമ കമ്മീഷനെ നിയമിക്കുമെന്ന പ്രമേയം ഏകകണ്ഠേന പാസാക്കി പാർലമെന്റ് നടപടികൾ സമാപിച്ചു. സാമൂഹ്യ ശാസ്ത്ര അധ്യാപകരായ രേഖ. വി. നായർ, സി. കെ. ശ്രീജ, ജെ. മാല്യ, കെ. ശ്രീകല, ജെ. ഗിരീഷ് ഉണ്ണിത്താൻ, സന്ധ്യാകൃഷ്ണൻ, എസ്. ഷൈനി, എൻ. ശാലിനി എന്നിവർ നേതൃത്വം നൽകി.

അന്തർദേശീയ മയക്കുമരുന്ന് വിരുദ്ധദിനത്തോട് അനുബന്ധിച്ചു കനറാ ബാങ്ക് ഐ ഐ റ്റി ബോധവത്കരണ ക്ലാസും ലഹരി വിരുദ്ധ പ്രതിജ്ഞയും നടത്തി. സി ബി ഐ ഐ റ്റി ഹാളിൽ നടന്ന പരിപാടികൾ ആലപ്പുഴ റേഞ്ച് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ വി കെ മനോജ് ഉദ്ഘാടനം ചെയ്തു. കോർ ഫാക്കൽറ്റി രാഹുൽ പി. നായർ അധ്യക്ഷനായ ചടങ്ങിൽ സോണിനാഥ് പി.അഖില കെ എസ്, ശരണ്യ ആർ, ആരതി ആർ എന്നിവർ സംസാരിച്ചു.

തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പാനൂരിൽ കടലാക്രമണം രൂക്ഷമായപ്പോൾ

പല്ലനയിലും പാനൂരിലും കടലാക്രമണം രൂക്ഷം

തീരദേശ ജനത ദുരിതത്തിൽ

തൃക്കുന്നപ്പുഴ : തൃക്കുന്നപ്പുഴ പഞ്ചായത്തിൽ കടലാക്രമണം രൂക്ഷമായി.പാനൂർ പല്ലന മേഖലയിലാണ് അതി രൂക്ഷമായക കടലാക്രമണം അനുഭവപ്പെടുന്നത്. ഈ മേഖലയിലെ തീരദേശ റോഡിന്റെ പടിഞ്ഞാറ് ഭാഗത്തുള്ള മിക്ക വീടുകളും തകർച്ചയുടെ വക്കിലാണ്. പാനൂർ കിഴക്കത്തേരി പടിഞ്ഞാറ് ഭാഗം ചിറയിൽ പടിഞ്ഞാറ് ഭാഗം, ചേലക്കാട്, പ്രണവം ജംഗ്ഷൻ, പുത്തൻപുര ജംഗ്ഷന് പടിഞ്ഞാറ് ഭാഗം, പല്ലന കുറ്റിക്കാട് ജംഗ്ഷന്റെ പടിഞ്ഞാറുവശത്തുള്ള ചാലിൽ ഭാഗം എന്നിവിടങ്ങളിലാണ് ശക്തിയായ കടലാക്രമണം അനുഭവപ്പെടുന്നത്. പുലിമുട്ടോടുകൂടിയ കടൽ ഭിത്തി നിർമ്മിച്ചാൽ ഈ മേഖലയിലെ കടലാക്രമണത്തിന് ഒരു പരിധി വരെ പരിഹാരമാകും

സഹായം എത്തിക്കണം

തൃക്കുന്നപ്പുഴ : രൂക്ഷമായ കടലാക്രമണം കാരണം ദുരിതമനുഭവിക്കുന്ന തൃക്കുന്നപ്പുഴ മേഖലയിലെ തീരദേശവാസികൾക്ക് അടിയന്തിര സഹായം എത്തിക്കണമെന്ന് മുസ്ലിം ലീഗ് നേതാക്കളായ സി. ശ്യാം സുന്ദർ, എ. ഷാജഹാൻ, എ. ഫക്രുദീൻ, എം. എ ലത്തീഫ്, നിസാം കുമാരപുരം,സിയാർ തൃക്കുന്നപ്പുഴ, ഷാഫി കാട്ടിൽ, ഉവൈസ് ഫൈസി, അബ്ദുൽ റഹ്മാൻ ചാത്തൻകേരിൽ, പി. താഹിറ എന്നിവർ ആവശ്യപ്പെട്ടു.

കാലവർഷം;കായംകുളത്ത് പനിബാധിതർ വർധിക്കുന്നു

കായംകുളം: ജില്ലയിൽ കാലവർഷം കടുത്തതോടെ വിവിധതരം പനി ബാധിതരുടെയും ഛർദിയും അതിസാരവും പിടിപ്പെടുന്നവരുടെയും എണ്ണം അനുദിനം വർധിക്കുന്നു.

ആരോഗ്യ വകുപ്പിന്റെയും സർക്കാർ ആശുപത്രികളിലെയും കണക്കുകൾ പരിശോധിച്ചാൽ ഓരോ ദിവസം കഴിയും തോറും പനി ബാധിച്ചു ആശുപത്രിയിൽ എത്തുന്നവരുടെ എണ്ണത്തിൽ ഏറെ വർധനവാണ്.കഴിഞ്ഞ കുറച്ചു ദിവസങ്ങളിൽ മാത്രം കായംകുളം മണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളിൽ ചികിത്സ തേടിയെത്തിയത് 3000 ത്തിലേറെ രോഗികളാണ്, വിവിധ സ്വകാര്യ ആശുപത്രികളിലെയും ആയുർവേദ വൈദ്യശാലകളിലെയും കണക്കുകൾ കൂട്ടി എടുത്താൽ എണ്ണം ഇതിലേറെ വരും. നിരവധി പേർ വിവിധ ആശുപത്രികളിൽ കിടത്തിച്ചികിത്സയിലുമാണ്.

ഇതിന് പുറമെ ഡെങ്കിപനി , എച്ച് 1 എൻ 1, എലിപനി എന്നിവയും ജില്ലയുടെ വിവിധ ഭാഗങ്ങളിൽ വ്യാപിക്കുന്നുണ്ട്. എച്ച് 1 എൻ 1 ബാധിച്ച് ഗുരുതരാവസ്ഥയിൽ കഴിയുന്നവരും ഈ കൂട്ടത്തിൽ ഉണ്ട്, ഇതിന് പുറമെയാണ് വയറിളക്ക രോഗങ്ങൾ പലയിടത്ത് റിപ്പോർട്ടചെയ്യപ്പെടുന്നു. കഴിഞ്ഞ ഒരാഴ്ചക്കുള്ളിൽ വയറിളക്കരോഗങ്ങളുമായി കായംകുളം താലൂക്ക് ആശുപത്രിയിൽ ചികിത്സ തേടിയത് 100 ൽ പരം ആളുകളാണ്. മാലിന്യം നിറഞ്ഞ ജലസ്രോതസുകളിലെ വെള്ളം മഴക്കാലമാകുന്നതോടെ കൂടുതൽ ഇടങ്ങളിലെക്ക് ഒഴുകി പരക്കുമ്പോൾ രോഗങ്ങൾ കൂടുതൽ ആളുകളിലെക്കു പകരാനും കാരണമാകുന്നു ,പഞ്ചായത്ത് മുനിസിപ്പാലിറ്റി. കാലവർഷം തുടങ്ങുന്നതിന് മുമ്പ് തന്നെ മുൻകരുതലുകൾ സ്വീകരിക്കാത്തതും ഇപ്പോൾ ചർച്ചാ വിഷയമാകുന്നുണ്ട്.

ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി

ആലപ്പുഴ: ജില്ലയിലെ വിവിധ താലൂക്കുകളിലെ സ്കൂളുകളിൽ വെള്ളക്കെട്ട് രൂപപ്പെട്ടിട്ടുള്ളതിനാലും ശക്തമായ മഴ തുടരുന്ന സാഹചര്യത്തിലും ഇന്ന് ജില്ലയിലെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അംഗൻവാടികൾക്കും ജില്ലാ കലക്ടർ അവധി പ്രഖ്യാപിച്ചു. മുൻ നിശ്ചയിച്ച പരീക്ഷകൾക്ക് മാറ്റമില്ല.

ഗവ. വനിത ഐ ടി ഐ പ്രവേശനം

ആലപ്പുഴ: ചെങ്ങന്നൂർ ഗവ. വനിത ഐ.ടി.ഐ യിലെ എൻ.സി.വി.ടി അംഗീകൃത കോഴ്സുകളായ ഇലക്ട്രോണിക്സ് മെക്കാനിക്ക്, കംമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ്, ഡ്രാഫ്റ്റ്സ്മാൻ സിവിൽ, സർവ്വേയർ, കംമ്പ്യൂട്ടർ ഹാർഡ്വെയർ & നെറ്റ്വർക്ക് മെയിന്റനൻസ്, സ്റ്റെനോഗ്രാഫർ ആന്റ് സെക്രട്ടേറിയൽ അസിസ്റ്റന്റ് (ഇംഗ്ലീഷ്), ഡ്രെസ്സ് മേക്കിംഗ് എന്നീ ട്രേഡുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ജൂൺ 29 വരെ https://itiadmissions.kerala.gov.in, https://det.kerala.gov.in വെബ് സൈറ്റ് മുഖേന ഓൺലൈനായി അപേക്ഷിക്കാം. ഫോൺ : 0479 2457496, 9747454553.

കൊടുങ്കാറ്റിൽ

വീടിന്റെ മേൽക്കൂര പറന്നുപോയി

അമ്പലപ്പുഴ: ശക്തമായ കൊടുങ്കാറ്റിൽ ഷീറ്റുകൊണ്ട് നിർമിച്ച വീടിന്റെ മേൽക്കൂര പറന്നു പോയി. ഷീറ്റു വീണ് മാതാവിനും നാല് വയസുള്ള കുട്ടിക്കും പരിക്ക്. ഒഴിവായത് വൻ ദുരന്തം. അപകടത്തിൽ കിടപ്പാടം നഷ്ടപ്പെട്ട് കുടുംബം. അമ്പലപ്പുഴ വടക്ക് പഞ്ചായത്ത് 11-ാം വാർഡ് കാക്കാഴം കിഴക്ക് പുത്തൻ ചിറയിൽ ഉസ്മാൻ കുഞ്ഞിന്റെ വീട്ടിലാണ് ദുരന്തം തലനാരിഴയ്ക്ക് വഴി മാറിയത്.

ബുധനാഴ്ച പുലർച്ചെ അഞ്ചരയോടെ ആഞ്ഞു വീശിയ കൊടുങ്കാറ്റിൽ വീടിന്റെ ഷീറ്റു കൊണ്ടു നിർമിച്ച മേൽക്കൂര പറന്ന് സമീപത്തെ പുരയിടത്തിൽ വീഴുകയായിരുന്നു. ഹാളിലെ സീലിംഗ് ഫാനും ഷീറ്റുകൾക്കൊപ്പം പറന്നു പോയി. ഉസ്മാൻ കുഞ്ഞിന്റെ മരുമകൾ റഷിദ, റഷിദയുടെ നാല് വയസുള്ള മകൻ അയാൻ എന്നിവരുടെ ദേഹത്ത് ഷീറ്റ് വീണ് പരിക്കേറ്റു.ഇവർ ആശുപത്രിയിൽ നിന്ന് ചികിത്സ തേടി.ഉസ്മാൻ കുഞ്ഞും ഭാര്യ ആബിദാ ബീവിയും കൊച്ചുമക്കളായ ഒമ്പത് വയസുകാരൻ അമാൻ ഷാ, ആറ് വയസുകാരൻ മുഹമ്മദ് യാസർ എന്നിവർ മറ്റൊരു മുറിയിലാണ് കിടന്നത്.തല നാരിഴക്കാണ് ഇവർ രക്ഷപെട്ടത്.ശക്തമായ കാറ്റ് തുടങ്ങി ഷീറ്റ് തകർന്നയുടൻ ഇവർ മറ്റൊരു മുറിയിലേക്ക് മാറി. ഫർണിച്ചറും മറ്റ് വീട്ടുപകരണങ്ങളും ഷീറ്റും ഹോളോ ബ്രിക്സും വീണ് തകർന്നു. വീട്ടിലെ വയറിംഗും പൂർണമായി തകർന്നു. അമ്പലപ്പുഴയിലെ ബേക്കറി തൊഴിലാളിയായ ഉസ്മാൻ കുഞ്ഞ് കുടുംബത്തോടൊപ്പം വർഷങ്ങളായി വാടക വീട്ടിലാണ് കഴിഞ്ഞിരുന്നത്.നിരവധി സുമനസുകളുടെ കാരുണ്യം കൊണ്ട് ഏതാനും മാസം മുൻപാണ് ഈ വീട് നിർമിച്ചത്. ഇപ്പോഴും വീടു നിർമാണം പൂർത്തിയായിട്ടില്ല.ഇതിനിടയിലാണ് കൊടുങ്കാറ്റ് ദുരന്തത്തിന്റെ രൂപത്തിൽ വീണ്ടും ഈ കുടുംബത്തിനെ ദുരിതത്തിലാക്കിയത്. കിടപ്പാടം നഷ്ടപ്പെട്ടതോടെ ഇനി കുട്ടികളുമായി എങ്ങോട്ട് പോകുമെന്നറിയാതെ വിഷമിക്കുകയാണ് ഇവർ. വീടിന്റെ അറ്റകുറ്റപ്പണി അടിയന്തിരമായി നടത്താൻ സർക്കാർ തയാറാകണമെന്ന് ഇവിടം സന്ദർശിച്ച പഞ്ചായത്തംഗം ലേഖാമോൾ സനൽ ആവശ്യപ്പെട്ടു.

ശക്തമായ കാറ്റിൽ മേൽക്കൂര പറന്നുപോയ അമ്പലപ്പുഴ വടക്ക് പഞ്ചായത്ത് 11-ാം വാർഡ് കാക്കാഴം കിഴക്ക് പുത്തൻ ചിറയിൽ ഉസ്മാൻ കുഞ്ഞിന്റെ വീട്

ദേശീയപാത തുറവൂർ അരൂർ ഭാഗത്ത് ഗതാഗത പ്രശ്നങ്ങൾ നേരിട്ട് പരിശോധിക്കുന്നതിന് ജില്ലാ കളക്ടർ അലക്സ് വർഗീസ് എത്തിയപ്പോൾ

ആറാട്ടുവഴി അന്തേക്ക് പറമ്പ് വീട്ടിൽ അലി അക്ബർ-ഹസീന ദമ്പതികളുടെ മകൻ ലജ്നത്ത് സ്കൂൾ വിദ്യാർഥി അൽ ഫയാസ് അലിയുടെ മരണത്തിന് ഇടയാക്കിയ മതിൽ പൂർണമായും നിലംപതിച്ച നിലയിൽ

നൊമ്പരമായി അൽ ഫയാസിന്റെ വേർപാട്

ആലപ്പുഴ: മതിൽ ഇടിഞ്ഞു വീണ് സ്കൂൾ വിദ്യാർഥി മരിച്ച സംഭവം സഹപാഠികൾക്കും അധ്യാപകർക്കും നാട്ടുകാർക്കും നൊമ്പരമായി. ആലപ്പുഴ ആറാട്ടുവഴി അന്തേക്ക് പറമ്പ് വീട്ടിൽ അലി അക്ബർ -ഹസീന ദമ്പതികളുടെ ഏക മകൻ ഫയാസ് അലി(13) ആണ് അയൽവാസിയുടെ മതിൽ ഇടിഞ്ഞുവീണുണ്ടായ അപകടത്തിൽ മരിച്ചത്. ഇന്നലെ രാത്രി ഏഴ് മണിയോടെയായിരുന്നു സംഭവം.ആലപ്പുഴ ലജ്നത്ത് സ്കൂളിലെ ഒൻപതാം ക്ലാസ് വിദ്യാർഥിയായിരുന്ന ഫയാസ് ട്യൂഷന് പോയി മടങ്ങി വരുമ്പോഴായിരുന്നു അപകടം. അപ്രതീക്ഷിതമായുണ്ടായ അപകടത്തിൽ ഫയാസിനെ നഷ്ടമായതിന്റെ ഞെട്ടലിലാണ് പ്രിയപ്പെട്ടവർ. പഠനത്തിൽ മികവ് പുലർത്തിയിരുന്ന ഫയാസ് സ്കൂളിലെ അധ്യാപകർക്കും സഹപാഠികൾക്കും ഏറെ പ്രിയപ്പെട്ടവനായിരുന്നു. ഏക മകന്റെ വേർപാടിൽ വിഷമിക്കുന്ന മാതാപിതാക്കളെ ആശ്വസിപ്പിക്കാൻ കഴിയാത്ത അവസ്ഥയിലാണ് ബന്ധുക്കൾ. മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുന്ന മൃതദേഹം ആലപ്പുഴ മെഡിക്കൽ കോളജ് ആശുപത്രിയിൽ പോസ്റ്റ്മോർട്ടം നടത്തിയ ശേഷം ബന്ധുക്കൾക്ക് വിട്ടുനൽകും. പോസ്റ്റ്മോർട്ടത്തിന് ശേഷം ഫയാസിന്റെ ജനാസ സ്കൂൾ ഓഡിറ്റോറിയത്തിൽ പൊതുദർശനവും തുടർന്ന് മയ്യിത്ത് നമസ്കാരവും നടക്കുമെന്ന് സ്കൂൾ മാനേജർ എ. എം നസീർ അറിയിച്ചു.

അനധികൃത നിലം നികത്തൽ: 65 സെന്റ് ഭൂമി പൂർവസ്ഥിതിയിലാക്കും

ആലപ്പുഴ: ജില്ലയിൽ അനധികൃതമായ നിലം നികത്തൽ വ്യാപകമാകുന്നത് സംബന്ധിച്ച് പരാതികൾ ലഭിച്ചതിനെത്തുടർന്ന് കർശനമായ നടപടി സ്വീകരിച്ചുതുടങ്ങി. റവന്യൂ ഉദ്യോഗസ്ഥർ അടിയന്തിര ശ്രദ്ധ ചെലുത്തി തുടർ നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യണമെന്ന് കഴിഞ്ഞ ദിവസം ജില്ല കളക്ടർ അലക്സ് വർഗ്ഗീസ് കർശന നിർദ്ദേശം നൽകിയിരുന്നു. കൂടാതെ ജില്ല തല സ്കാഡുകളോട് 24 മണിക്കൂർ പ്രവർത്തിച്ച് നടപടി സ്വീകരിക്കാനും നിർദ്ദേശിച്ചു. ഇത് പ്രകാരം 2024 ജനുവരി മുതൽ കാർത്തികപള്ളി താലൂക്കിലെ 28 കേസുകളും മാവേലിക്കരയിലെ ആറ് കേസുകളും കുട്ടനാട് താലൂക്കിലെ ഏഴ് കേസുകളും ചെങ്ങന്നൂർ താലൂക്കിലെ 11 കേസുകളിലും ചേർത്തല താലൂക്കിലെ മൂന്ന് കേസുകളിലും അമ്പലപ്പുഴ താലൂക്കിലെ 1 കേസും ഉൾപ്പെടെ ആകെ 58 കേസുകൾ റിപ്പോർട്ട് ചെയ്തത് പരിഗണിച്ചു. 38 കേസുകളിൽ വിചാരണ നടത്തുകയും ആറ് കേസുകളിലായി 65 സെന്റ് വസ്തു പൂർവ്വ സ്ഥിതിയിലാക്കാൻ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. അനധികൃത പരിവർത്തനം നടത്തിയതായി ശ്രദ്ധയിൽപ്പെട്ട കേസുകളിൽ 14 ദിവസത്തിനകം സ്വന്തം ചെലവിൽ നികത്തിയത് ഒഴിവാക്കി നിലം പൂർവസ്ഥിതിയിലാക്കുന്നതിനാണ് ഉത്തരവ് നൽകിയിട്ടുള്ളത്. അല്ലാത്ത പക്ഷം നിലം സർക്കാർ ചെലവിൽ പൂർവസ്ഥിതിയിലാക്കുകയും ചെലവായ തുക മുഴുവൻ സർക്കാർ ബന്ധപ്പെട്ട കക്ഷിയിൽ നിന്ന് ഈടാക്കാനും നിർദ്ദേശം നൽകി. കൂടാതെ നിലം പൂർവസ്ഥിതിയിലാക്കാത്ത ബന്ധപ്പെട്ട തണ്ടപ്പേർ കക്ഷിയുടെ ഭൂരേഖകളിൽ അനധികൃത പരിവർത്തനം സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്താനും ഭൂമി ഈടു നൽകുന്നതിനോ വിൽക്കുന്നതിനോ തടസ്സമാകുന്നതിനാവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും നെൽവയൽതണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. ബാക്കിയുള്ള കേസുകൾ അന്തിമഘട്ടത്തിലാണെന്നും ജില്ല കളക്ടർ അറിയിച്ചു.

വീട്ടമ്മയെ ആക്രമിച്ച കേസിലെ പ്രതി അറസ്റ്റിൽ

തിരുവനന്തപുരം: വസ്തു നോക്കാനെത്തിയ സ്ത്രീയേയും സഹായിയേയും ആക്രമിച്ച കേസിലെ പ്രതി അറസ്റ്റിൽ. പ്രദേശവാസിയായ രഞ്ചിത്(39) എന്നയാളെയാണ് ശ്രീകാര്യം പോലിസ് അറസ്റ്റ് ചെയ്തത്. പൗഡിക്കോണം, ഇലഞ്ഞിമൂട്ടിൽ ഇക്കഴിഞ്ഞ 25 നാണ് സംഭവം.

ഇലഞ്ഞിമൂട്ടിൽ തെക്കതിനോട് ചേർന്നുള്ള വസ്തുവിൽ സഹായിയുമായി എത്തിയ സ്ത്രീ സർവ്വേക്കല്ല് ഇളകി കിടക്കുന്നത് കണ്ട് വസ്തുവിന്റെ സമീപം താമസിക്കുന്ന ആളോട് വിവരം തിരക്കി. ഇത് ഇഷ്ടപ്പെടാതിരുന്ന യുവാവ് സഹായിയെ അസഭ്യം വിളിക്കുകയും ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്തു. ഇത് ഉടമസ്ഥ മൊബൈലിൽ പകർത്തിയപ്പോൾ യുവാവ് വനിതയെ കത്തി കാണിച്ച് ഭീഷണിപ്പെടുത്തി ബലമായി ഫോൺ കൈക്കലാക്കി ഫോട്ടോ ഉൾപ്പെടെയുള്ള വിവരം ഡിലീറ്റ് ചെയ്തതായും പരാതി ഉണ്ട്.

കാർ തട്ടിയെടുത്ത കേസിലെ പ്രതി കുടുങ്ങി

തിരുവനന്തപുരം:കാർ തട്ടിയെടുത്ത കേസിലെ പ്രതി അറസ്റ്റിൽ. തോന്നയ്ക്കൽ കാവടിവാരം വീട്ടിൽ നസീർ(49) എന്നയാളെയാണ് മ്യൂസിയം പോലീസ് അറസ്റ്റ് ചെയ്തത്. വെള്ളയമ്പലത്തെ ഹോട്ടലിന് സമീപം വെച്ച് വെബ്സൈറ്റ് വഴി പരസ്യം ചെയ്ത് പ്രതിമാസം 14,000 രൂപ മാസത്തവണ അടച്ചു കൊള്ളാമെന്ന് പറഞ്ഞ് കാറുടമയിൽ നിന്ന് 2 ലക്ഷം രൂപയും കാറും കൈക്കലാക്കി കടന്നതായാണ് പരാതി.

ഡ്രൈവറെ ഭീഷണിപ്പെടുത്തിയ കേസിൽ യുവാവ് പിടിയിൽ

തിരുവനന്തപുരം: കെ.എസ്.ആർ.ടി.സി ഡ്രൈവറെ ഭീഷണിപ്പെടുത്തിയ കേസിലെ പ്രതി അറസ്റ്റിൽ. പുന്തുറ സ്വദേശിയായ മഹേഷ്(26) നെയാണ് പൂന്തുറ പോലിസ് അറസ്റ്റ് ചെയ്തത്. പൂന്തുറ പോലീസ് സ്റ്റേഷൻ പരിധിയിലെ പൂന്തുറ ഹക്കിം നഗറിൽ ഇക്കഴിഞ്ഞ 24 ന് വൈകുന്നേരമാണ് സംഭവം. ഓട്ടോറിക്ഷ കുറുകേയിട്ട് കെ.എസ്.ആർ.ടി.സി സ്വിഫ്റ്റ് ബസ് തടഞ്ഞുനിർത്തി ഡ്രൈവർ സീറ്റ് ഡോർ ബലമായി വലിച്ചു തുറന്ന് ഡ്രൈവറെ ബലമായി പിടിച്ചു പുറത്തേക്കിറക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തെന്നാണ് പരാതി.

തിരുവനന്തപുരം വാർത്തകൾ

മന്നാനിയ കോളെജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ ലഹരി വിരുദ്ധ ദിന ആഘോഷ പരിപാടികൾ പ്രിൻസിപ്പൽ പ്രൊഫ.ഡോ.പി.നസീർ ഉദ്ഘാടനം ചെയ്യുന്നു

മന്നാനിയയിൽ വിപുലമായ ലഹരി വിരുദ്ധ ദിനാഘോഷം

പാങ്ങോട്: മന്നാനിയാ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ വിപുലമായ ലഹരി വിരുദ്ധ ദിന ആഘോഷം സംഘടിപ്പിച്ചു. കോളേജിലെ എൻഎസ്എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ നടന്ന പരിപാടികൾ കോളേജ് പ്രിൻസിപ്പലും ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുൻ ഡയറക്ടർ ആയ പ്രൊഫ.ഡോ. പി.നസീർ ഉദ്ഘാടനം ചെയ്തു.ഔപചാരികതകളില്ലാതെ, മനസ്സ് തൊടുന്ന പ്രവർത്തനങ്ങൾക്കെ ലഹരിയെ സമൂഹത്തിൽ നിന്ന് പിഴുതെറിയാനാകുവെന്നു പ്രൊഫ.ഡോ. പി. നസീർ പറഞ്ഞു.

കോളേജിലെ എൻഎസ്എസ് യൂണിറ്റ് കോഡിനേറ്റർമാരായ ഡോ. മുംതാസ്, ഹാഷിം എ എന്നിവരുടെ നേതൃത്വത്തിലായിരുന്നു പരിപാടികൾ. ക്ലാസുകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കൽ, ക്വിസ് പ്രോഗ്രാം, ഫ്ലാഷ് മോബ്, സ്കിറ്റ്, ലഹരി വിരുദ്ധ പ്രതിജ്ഞ എടുക്കൽ എന്നിവയായിരുന്നു പരിപാടികൾ. ഓരോ പരിപാടികളിലും സജീവമായ അധ്യാപക വിദ്യാർത്ഥി സഹകരണമുണ്ടായി. കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. ദിൽഷാദ് ബിൻ അഷ്റഫ് സൂപ്രണ്ട് കടയ്ക്കൽ ജുനൈദ് എന്നിവരും ഉദ്ഘാടനാ വേളയിൽ സന്നിഹിതരായിരുന്നു.

ചരിത്ര നേട്ടവുമായി നൂറുൽ ഇസ്‌ലാം യൂനിവേഴ്സിറ്റി

തിരുവനന്തപുരം: കാമ്പസ് പ്ലെയ്സ്മെന്റിൽ ചരിത്ര നേട്ടവുമായി നൂറുൽ ഇസ്‌ലാം യൂനിവേഴ്സിറ്റി. 202324 അദ്ധ്യയന വർഷം എല്ലാ എഞ്ചിനീയറിംഗ് ശാഖകളിൽ നിന്നുമുള്ള വിദ്യാർത്ഥികൾക്ക് ഉയർന്ന കമ്പനികളിൽ പ്ലെയ്സ്മെന്റ് ലഭ്യമാക്കാൻ സ്ഥാപനത്തിനു സാധിച്ചു.ഗുണനിലവാരമുള്ള എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിലൂടെ വിദ്യാർത്ഥികൾക്ക് അഭിരുചികളനുസരിച്ച് അവസരങ്ങളുടെ വാതായനങ്ങൾ തുറന്നിട്ട് നൂറുൽ ഇസ്‌ലാം യൂനിവേഴ്സിറ്റി മുന്നേറുകയാണ്. മെക്കാനിക്കൽ, ഇൻസ്ട്രമെന്റേഷൻ, ഓട്ടോമൊബൈൽ, എയ്റോസ്പേസ് തുടങ്ങി വിവിധ വിഭാഗങ്ങളിൽ നിന്നുമായി 300ലധികം വിദ്യാർത്ഥികൾക്കാണ് ഇതുവരെ പ്ലെയ്സ്മെന്റ് ഉറപ്പായത്. പ്രതിവർഷം ശരാശരി 6 ലക്ഷം രൂപ മുതലുള്ള ശമ്പള പാക്കേജാണ് ഈ ക്യാമ്പസ് സെലക്ഷന്റെ മുഖ്യാകർഷണം. കന്യാകുമാരി ആസ്ഥാനമായുള്ള നൂറുൽ ഇസ്‌ലാം സർവ്വകലാശാലയിൽ ഇപ്പോഴും ക്യാമ്പസ് സെലക്ഷൻ നടന്നുവരികയാണ്. ടെക് മഹീന്ദ്ര, ടിവിഎസ് സുന്ദരം ഫാസ്റ്റനേഴ്സ്, ഇടക്കഞ്ചകകടാ, അശോക് ലെയ്‌ലാൻഡ് തുടങ്ങിയ പ്രശസ്ത സ്ഥാപനങ്ങളും കമ്പനികളും പ്രതിഭാധനരായ വിദ്യാർത്ഥികളെ നല്ല ശമ്പളത്തിൽ ജോലിക്കെടുക്കാൻ ഈ കാമ്പസിലുണ്ട്. വിവിധ കമ്പനികളുമായി നൂറുൽ ഇസ്‌ലാം സെന്റർ ഫോർ ഹയർ എഡ്യൂക്കേഷൻ ധാരണാപ്പത്രങ്ങളിൽ ഒപ്പിട്ടിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് 65 വർഷത്തെ സേവന പാരമ്പര്യമാണ് നൂറുൽ ഇസ്‌ലാം യൂനിവേഴ്സിറ്റിയുടെ കരുത്ത്.കൂടുതൽ വിവരങ്ങൾക്ക് : +91 89433 52456

നാച്ചുറൽസ് ഐസ്ക്രീം

തിരുവനന്തപുരം: നാച്ചുറൽസ് ഐസ്ക്രീം ഇനി മുതൽ തിരുവനന്തപുരത്തും. പട്ടം കവടിയാർ റോഡിൽ കുറവൻകോണം ആദിത്യ ഏജൻസീസിലാണ് തിരുവനന്തപുരത്തു നാച്ചുറൽസ് ഐസ്ക്രീം തങ്ങളുടെ പുതിയ ഔട്ട്‌ലെറ്റ് തുടങ്ങിയത്. മാമ്പഴം പോലെയുള്ള ഫ്രൂട്ടി ഡിലൈറ്റുകൾ മുതൽ ടെൻഡർ കോക്കനട്ട്, വറുത്ത ബദാം തുടങ്ങിയ ഫ്ളേവറുകൾ ലഭ്യമാണ്. ത്രെവ്, സൊമാറ്റോ, സ്വിഗ്ഗി തുടങ്ങിയവ വഴി വീട്ടിലിരുന്നു ഓർഡർ ചെയ്യാനും സൗകര്യമുണ്ട്.

കാർ താഴ്ചയിലേക്ക് മറിഞ്ഞ് രണ്ട് പേർക്ക് പരിക്ക്

വെഞ്ഞാറമൂട്: കാർ 10 അടി താഴ്ചയിലേക്ക് മറിഞ്ഞ് രണ്ട് പേർക്ക് പരിക്ക്. ഭരതന്നൂർ കരിങ്ങട ഉദയാ മന്ദിരത്തിൽ അഭിനവ് ചന്ദ്രൻ (18), അക്ഷയ ചന്ദ്രൻ (21) എന്നിവർക്കാണ് പരിക്കേറ്റത്. ബുധനാഴ്ച രാവിലെ 10.45ന് കാരേറ്റ് കല്ലറ റോഡിൽ താളിക്കുഴിയിൽ വച്ചായിരുന്നു അപകടം. കല്ലറയിൽ നിന്നും കാരേറ്റേക്കുള്ള യാത്രക്കിടെ നിയന്ത്രണം വിട്ട കാർ റോഡിന് താഴെയുള്ള പുരയിടത്തിലേക്ക് മറിയുകയായിരുന്നു. വീഴ്ചയിൽ കാർ ഒരു മരത്തിൽ തട്ടി ഡോർ തുറക്കാനാകാതെ യാത്രക്കാർ ഉള്ളിൽ കുടുങ്ങി. വിവരം അറിയിച്ചതനുസരിച്ച് സ്ഥലത്തെത്തിയ വെഞ്ഞാറമൂട് അഗ്നിരക്ഷാ സേനാംഗങ്ങളാണ് ഡോർ പൊളിച്ച് കാറിനുള്ളിൽ കുടുങ്ങിയവരെ പുറത്തെടുത്തത്. ഇവരെ വെഞ്ഞാറമൂട്ടിലെ സ്വകാര്യ മെഡിക്കൽ കോളേജാശുപത്രിയിൽ പ്രവേശിപ്പിച്ചു.

കിൻഫ്ര വ്യവസായ പാർക്കിലെ പൊട്ടിത്തെറി പരിഭ്രാന്തി പരത്തി

കഴക്കൂട്ടം: മേനംകുളം കിൻഫ്ര വ്യവസായ പാർക്കിലെ കോൺക്രീറ്റ് മിക്സിങ് യൂണിറ്റിൽ പൊട്ടിത്തെറി പരിഭ്രാന്തി പരത്തി. സൈലോ വ്യവസായ പാർക്കിൽ പ്രവർത്തിക്കുന്ന ആർഎംസി എന്ന കോൺഗ്രീറ്റ് മിക്സിങ് യൂണിറ്റിന്റെ സൈലോ ആണ് വൻ ശബ്ദത്തോടെ പൊട്ടിത്തെറിച്ചത്. പൊട്ടിത്തെറിയുടെ ആഘാതത്തിൽ സൈലോയുടെ ഇരുമ്പ് മൂടി തകരുകയും മോഡിയുടെ ഭാഗമായ ഇരുമ്പ് വേലി ദൂരേക്ക് തെറിക്കുകയും ആയിരുന്നു ഭാഗങ്ങൾ സമീപത്തെ ഇരുനില മന്ദിരത്തിന്റെ മുകൾഭാഗത്തെ ജനൽ ചില്ലകൾ തകർത്തു റോഡിലേക്ക് പതിച്ചു. രാവിലെ 11:00 ആണ് പൊട്ടിത്തെറി ഉണ്ടായത് സംഭവം അറിഞ്ഞ് പരിഭ്രാന്തരായ നാട്ടുകാർ പ്രതിഷേധമുയർത്തിയതോടെ കിൻഫ്ര അധികൃതരും കമ്പനി പ്രതിനിധികളും സ്ഥലത്തെത്തി. കമ്പനിയുടെ പ്രവർത്തനം നിർത്തിവയ്ക്കാൻ കിൻഫ്ര നോട്ടീസ് നൽകിയതായി അറിയിച്ചു. തുടർന്ന് കഴക്കൂട്ടം എ.സി.പിയുടെ നേതൃത്വത്തിൽ പോലീസ് സംഘമെത്തി അടിയന്തിരനടപടി സ്വീകരിക്കാമെന്ന് ഉറപ്പു നൽകിയതോടെയാണ് നാട്ടുകാർ പ്രതിഷേധം അവസാനിപ്പിച്ചത്.കോൺഗ്രീറ്റ് മിക്സിങ് കമ്പനി കാരണം രൂക്ഷമായ പൊടി ശല്യം ആണെന്നും സമീപത്തെ കുടിവെള്ള സ്രോതസ്സുകൾ മലിനമായെന്നും നാട്ടുകാർ ആരോപിച്ചു.

സമസ്ത സ്ഥാപക ദിനം സമുചിതമായി ആചരിച്ചു

തിരുവനന്തപുരം: സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ സ്ഥാപകദിനം ജില്ലയിൽ പതാകദിനമായി ആചരിച്ചു. സമസ്ത കേരള ജംഇയ്യത്തുൽ ഉലമ തിരുവനന്തപുരം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ജില്ലാ ആസ്ഥാനമായ തിരുവനന്തപുരം സമസ്ത ജൂബിലി സൗധത്തിലാണ് ചടങ്ങ് സംഘടിപ്പിച്ചത്. ജംഇയ്യത്തിൽഉലമ ജില്ലാ ചെയർമാനും സമസ്ത കേരള ഇസ്‌ലാം മത വിദ്യാഭ്യാസ ബോർഡ് സംസ്ഥാന സമിതി അംഗവുമായ വിഴിഞ്ഞം സഈദ് മുസ്‌ലിയാർ പതാക ഉയർത്തൽ കർമ്മവും പ്രാർത്ഥനയും നിർവഹിച്ചു. ജില്ലാ പ്രസിഡന്റ് പനവൂർ ഷാജഹാൻ ദാരിമിയുടെ അധ്യക്ഷതയിൽ ജനറൽ സെക്രട്ടറി ചിറയിൻകീഴ് നൗഷാദ് ബാഖവി ഉദ്ഘാടനം നിർവഹിച്ചു. മുതിർന്ന പത്രപ്രവർത്തകനും സുപ്രഭാതം ഡയറക്ടർ ബോർഡ് അംഗവുമായ നവാസ് പൂനൂർ അതിഥിയായിരുന്നു.ഫഖ്റുദ്ദീൻ ബാഖവി ബീമാപള്ളി, ഷാജഹാൻ കാശിഫി കരുവ,അഡ്വക്കേറ്റ് സുബൈർ വഴിമുക്ക്,ചുള്ളിമാനൂർ അഹമ്മദ് റാശാദി, ഷാനവാസ് കണിയാപുരം, ഹാറൂൺ റഷീദ് വള്ളക്കടവ്, അസീസ് മുസ്ലിയാർ ബീമാപള്ളി സംസാരിച്ചു.ജില്ലാ വർക്കിംഗ് സെക്രട്ടറി ചന്തവിള സിദ്ദീഖ് ഫൈസി സ്വാഗതവും ഐടി കൺവീനർ റഫീഖ് അണക്കപിള്ള നന്ദിയും പറഞ്ഞു.

സമസ്ത സ്ഥാപക ദിനാചരണം സമസ്ത കേരള ജംഇയ്യത്തുൽ ഉലമ ജില്ലാ ജനറൽ സെക്രട്ടറി ചിറയിൻകീഴ് നൗഷാദ് ബാഖവി തിരുവനന്തപുരം സമസ്ത ജില്ലാ ആസ്ഥാനത്ത് ഉദ്ഘാടനം ചെയ്യുന്നു

ദാറുൽ ഹുദാ ഇസ്‌ലാമിക് യൂണിവേഴ്സിറ്റി

പുല്ലാമല: ദാറുൽ ഹുദാ ഇസ്‌ലാമിക് യൂനിവേഴ്സിറ്റി തിരുവനന്തപുരം സെന്റർ സമസ്ത സ്ഥാപക ദിനം വിപുലമായി ആചരിച്ചു. പ്രിൻസിപ്പാൾ യൂനുസ് അലി ഹുദവിയുടെ ആദ്ധ്യക്ഷത്തിൽ സീനിയർ ലെക്ചറർ അബ്ദുർറഹീം ബാഖവി പതാകയുയർത്തി. ഹാഷിർ ഹുദവി കുറക്കോട് സന്ദേശ ഭാഷണം നിർവ്വഹിച്ചു.

സ്ഥാപനത്തിലെ ലെക്ചറർമാരായ സൈദലവി ഹുദവി, മുഹമ്മദ് ശാഹിദ് ഹുദവി, നൗഫൽ ഹുദവി തുടങ്ങിയവർ സംബന്ധിച്ചു.

സമസ്ത സ്ഥാപക ദിനത്തോടനുബന്ധിച്ച് ദാറുൽ ഹുദാ ഇസ്‌ലാമിക് യൂനിവേഴ്സിറ്റി തിരുവനന്തപുരം സെന്ററിൽ സീനിയർ ലെക്ചറർ അബ്ദുറഹീം ബാഖവി പുല്ലാമല പതാക ഉയർത്തുന്നു

പെൻഷനേഴ്സ് ലീഗ് സെക്രട്ടറിയേറ്റ് സമരസംഗമം ഇന്ന്

തിരുവനന്തപുരം : ഇടതു സർക്കാറിന്റെ സർവ്വീസ് പെൻഷൻ അട്ടിമറിക്കെതിരെയും പെൻഷൻകാരുടെ ആനുകൂല്യങ്ങൾ കവർന്നെടുക്കുന്ന സർക്കാർ നയത്തിനെതിരെയും കേരള സർവ്വീസ് പെൻഷനേഴ്സ് ലീഗ് (കെഎസ്പിഎൽ) സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഇന്ന് സെക്രട്ടറിയേറ്റ് പടിക്കൽ സമരസംഗമം നടക്കും.

രാവിലെ 10 ന് കേരള നിയമസഭ പ്രതിപക്ഷ നേതാവ് വി ഡി സതീശൻ സമരസംഗമം ഉദ്ഘാടനം ചെയ്യും. എംഎൽഎമാരായ കെ പി എ മജീദ്, ഡോ.എം കെ മുനീർ, പി. അബ്ദുൽ ഹമീദ്, പി. ഉബൈദുള്ള, ടി വി ഇബ്രാഹിം, പ്രൊഫ. കെ കെ ആബിദ് ഹുസൈൻ തങ്ങൾ, അഡ്വ. യു എ ലത്തീഫ്, കുറുക്കോളി മൊയ്തീൻ എന്നിവരും മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറി സി പി ചെറിയ മുഹമ്മദ്, മറ്റ് രാഷ്ട്രീയ പാർട്ടി പെൻ ഷൻ സംഘടനാ നേതാക്കൾ സമരസംഗമത്തെ അഭിസംബോധന ചെയ്യും. ജീവാനന്ദം പദ്ധതി പിൻവലിക്കുക, പെൻഷൻ പരിഷ്ക്കരണ കുടിശ്ശിക നാലാം ഗഡു നൽകുക, സർവ്വീസിലിരിക്കെ മരണമടഞ്ഞ ജീവനക്കാരന്റെ സമാശ്വാസ പദ്ധതിയായ ആശ്രിത നിയമനം പുനസ്ഥാപിക്കുക, പെൻഷൻകാരുടെ ഡി എ കുടിശ്ശിക അനുവദിക്കുക, സഹകരണ പെൻഷൻകാർക്ക് പുതുതായി അനുവദിച്ച ഡി എയും കുടിശ്ശികയും നൽകുക, ജൂലൈ 1 മുതൽ ലഭിക്കേണ്ട പന്ത്രണ്ടാം പെൻഷൻ പരിഷ്ക്കരണ നടപടികൾ ആരംഭിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചാണ് സമര സംഗമം

ലഹരിമുക്ത കർമ്മ പരിപാടികൾക്ക് തുടക്കം

തിരുവനന്തപുരം: ദേശീയ ബാലതരംഗം കേന്ദ്ര സമിതിയുടെ ആഭിമുഖ്യത്തിൽ 'ലഹരിയിൽ മയങ്ങല്ലേ നാം നമ്മേ മറക്കല്ലേ'എന്ന സന്ദേശവുമായി ഒരു വർഷം നീണ്ടു നിൽക്കുന്ന ലഹരിമുക്ത കലാലയ കർമ്മപരിപാടികൾക്ക് ലോകലഹരി വിരുദ്ധ ദിനമായ ജൂൺ 26 ന് തുടക്കം കുറിച്ചു.പ്രസംഗ മത്സരം, പ്രബന്ധ മത്സരം, കവിതാരചന, ഷോർട്ട് ഫിലിം മത്സരം, ചിത്രരചനാ മത്സരം, മികച്ച ലഹരി വിരുദ്ധ സന്ദേശം നൽകുന്ന വിദ്യാർത്ഥികൾക്കും സ്കൂളുകൾക്കുമുള്ള അവാർഡ്, ലഹരി വിരുദ്ധ കുട്ടായ്മകൾ, ലഹരി വിരുദ്ധ കലാ ജാഥകൾ, ലഹരി വിരുദ്ധ നാടക മത്സരം തുടങ്ങിയ കലാലയ കർമ്മ പരിപാടികൾക്ക് തുടക്കം കുറിച്ചു.

മഴയോട് മഴ; മൂന്ന് വീടുകൾ തകർന്നു

തിരുവനന്തപുരം: ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ശക്തമായ മഴ തുടരുന്നു. കനത്ത മഴയിൽ മൂന്ന് വീടുകൾ തകർന്നു. കല്ലറയിലും പള്ളിപ്പുറത്തും പൂവച്ചലുമാണ് വീടുകൾ തകർന്നത്. പള്ളിപ്പുറം സിആർപിഎഫ് ക്യാമ്പിന് സമീപം താമസിക്കുന്ന റിയാസിന്റെ വീടാണ് തകർന്നത്. റിയാസും ഭാര്യയും രണ്ടു കുഞ്ഞു മക്കളും പ്രായമായ മാതാപിതാക്കളുമാണ് വീട്ടിൽ താമസം. ശക്തമായ മഴയിൽ വീടിന്റെ ചുമർ ഭാഗികമായി ഇടിഞ്ഞു വീഴുകയായിരുന്നു. മരങ്ങൾ കട പുഴകി വീണാണ് കല്ലറ പേരാപ്പ് തെങ്ങു വിള പുത്തൻ വീട്ടിൽ സുശീലയുടെ വീട് തകർന്നത്. സംഭവ സമയത്ത് സുശീല അടുത്ത വീട്ടിലായിരുന്നതിനാൽ ആളപായമുണ്ടായില്ല.

ജില്ലയിലെ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറി. റോഡുകളിൽ പലയിടത്തും വെള്ളക്കെട്ടാണ്. പല സ്ഥലത്തും വ്യാപാരസ്ഥാപനങ്ങളിൽ വെള്ളം കയറിയിരിക്കുകയാണ്. മുക്കോലയ്ക്കൽ ചില വീടുകളിലും വെള്ളം കയറി. അട്ടക്കുളങ്ങര ബൈപ്പാസിലും വെള്ളക്കെട്ട് രൂക്ഷമാണ്. ककരിക്കകത്ത് ഫാം ജംഗ്ഷനു സമീപത്തുള്ള നാൽപതോളം വീടുകളിൽ വെള്ളം കയറി. കടകംപള്ളി സുരേന്ദ്രൻ എംഎൽഎയുടെ വീടും ഈ ഭാഗത്താണ്.

സ്മാർട്ട് റോഡ് പ്രവൃത്തിയുടെ ഭാഗമായുള്ള കുഴികളെല്ലാം വെള്ളത്തിനടിയിലാണ്. ഇത് കൂടുതൽ അപകടങ്ങളിലേക്ക് വഴിവെക്കുന്ന സ്ഥിതിയാണ്. ചാല മാർക്കറ്റ്, മുക്കോല ഭാഗം എന്നിവിടങ്ങളിലെല്ലാം വെള്ളക്കെട്ട് രൂക്ഷമാണ്. മുട്ടത്തറയിലും ശ്രീ വരാഹത്തും വീടുകളിൽ വെള്ളക്കെട്ടുണ്ടായി.ജില്ലയിൽ ഉച്ചയ്ക്ക് ശേഷം കനത്ത മഴയായതിനാൽ ഓറഞ്ച് അലർട്ടാണ് പ്രഖ്യാപിച്ചിരുന്നത്.

ശക്തമായ കാറ്റിൽ പല സ്ഥലങ്ങളിലും മരം വീണു. കഴക്കൂട്ടം മഹാദേവർ ക്ഷേത്രത്തിനു മുൻപിലെ പരസ്യ ബോർഡ് കാറ്റിലും മഴയിലും നിലംപൊത്തി. യാത്രക്കാർ ഇല്ലാതിരുന്നതിനാൽ അത്യാഹിതങ്ങൾ സംഭവിച്ചില്ല.

ദേശീയപാതയിൽ പൂവമ്പാറ പാലത്തിന് സമീപം മരം വീണതിനെത്തുടർന്ന് ഒരുമണിക്കൂറോളം ഗതാഗതം തടസ്സപ്പെട്ടു. അപകടസമയത്ത് റോഡിൽനിന്ന് വാഹനങ്ങൾ പെട്ടെന്ന് മാറ്റിയതിനാൽ വൻ ദുരന്തം ഒഴിവായി. ഇന്നലെ വൈകീട്ട് 6.15 ഓടെയാണ് സംഭവം. പൂവമ്പാറ പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസിന്റെ മതിലിനോട് ചേർന്നുനിന്ന മരമാണ് മഴയെത്തുടർന്ന് റോഡിലേയ്ക്ക് മറിഞ്ഞുവീണത്. കനത്ത മഴപെയ്തുകൊണ്ടിരുന്ന സമയമായതിനാൽ റോഡിൽ കാൽനടയാത്രക്കാരാരും ഇല്ലായിരുന്നു. മരം മറിഞ്ഞുവരുന്നത് കണ്ട് വാഹനങ്ങൾ വേഗം റോഡിൽ നിന്ന് മാറ്റിയതിനാലാണ് വൻ അപകടം ഒഴിവാക്കാനായത്. മരം വീണതിനെത്തുടർന്ന് ദേശീയപാതയുടെ ഇരുവശത്തേയ്ക്കുമുള്ള ഗതാഗതം തടസ്സപ്പെട്ടു.

ശക്തമായ മഴയിലും കാറ്റിലും പോസ്റ്റുകൾ ഒടിഞ്ഞും ലൈനുകൾ തകർന്നു കെ എസ് ഇ ബിക്ക് കനത്ത നാശനഷ്ടം ഉണ്ടായി. വിതുര ചേന്നം പാറ പെട്രോൾ പമ്പ് ജംഗ്ഷൻ, ചായംചെറ്റച്ചൽ, മരുതുംമൂട്, പേപ്പാറ, കൂട്ടപ്പാറ എന്നീ സ്ഥലങ്ങളിൽ വൈദ്യുതി ലൈനിന് മുകളിലൂടെ മരം ഒടിഞ്ഞു വീണു. പോസ്റ്റുകൾ ഒടിഞ്ഞു വീണുമാറി. രാത്രി വൈകിയും വൈദ്യുതി വിതരണം പുനഃസ്ഥാപിക്കാനുള്ള ശ്രമങ്ങൾ നടക്കുകയാണ്.

കനത്ത മഴയിൽ പൂവച്ചൽ തോട്ടമ്പറയിൽ രതീഷിന്റെ വീട് ഇടിഞ്ഞുവീണപ്പോൾ

ആറ്റിങ്ങൽ പൂവമ്പാറയിൽ ദേശീയ പാതയിൽ വീണ മരം മുറിച്ചു നീക്കുന്നു

മരങ്ങൾ വീണ് പേരാപ്പ് തെങ്ങ് വിള വീട്ടിൽ സുശീലയുടെ വീട് തകർന്ന നിലയിൽ

വീട്ടുകാർ രക്ഷപ്പെട്ടത് ഭാഗ്യം കൊണ്ട്

കാട്ടാക്കട: കനത്ത മഴയിൽ വീടിന്റെ ഒരു ഭാഗം ഇടിഞ്ഞുവീണപ്പോൾ വീട്ടുകാർ രക്ഷപ്പെട്ടത് ഭാഗ്യം കൊണ്ട് മാത്രം. കാട്ടാക്കട പൂവച്ചൽ പഞ്ചായത്തിൽ പൊറ്റയിൽ തോട്ടമ്പറയിൽ രതീഷിന്റെ കണ്ണേറ് വിളാകം വീടാണ് കനത്ത മഴയിൽ ബുധനാഴ്ച രാവിലെ ആറുമണിയോടെ ഇടിഞ്ഞുവീണത്. വീടിന്റെ കിടപ്പ് മുറിയുടെ ഒരു വശത്തും ഉള്ള ഭിത്തിയും മേൽക്കൂരയുടെ ഒരുഭാഗവുമാണ് ഇടിഞ്ഞു നിലം പതിച്ചത്. ഇവിടെ രതീഷിന്റെ അച്ഛൻ 80 വയസുള്ള ഗോവിന്ദൻ ആശാരിയാണ് കിടന്നിരുന്നത്. ടിഞ്ഞു വീഴുന്നത്തിന് അരമണിക്കൂർ മുൻപാണ് ഇദ്ദേഹം ആലയിൽ പണിത ഉപകരണങ്ങളുമായി ചന്തയിൽ വിൽപ്പനയ്ക്കായി മകൻ രതീഷും ഒത്ത് പോയത്. ഇവർ പോയി കുറച്ച് കഴിഞ്ഞ ഉടനെയാണ് വീട് ഇടിഞ്ഞത്. ഈ സമയം രതീഷിന്റെ ഭാര്യ രഞ്ജിനി മക്കൾ ഋതു നന്ദ (7), കൃഷ്ണ നന്ദ (5) എന്നിവരും വീട്ടിൽ ഉണ്ടായിരുന്നു. അടുക്കള ഭാഗത്ത് ആയിരുന്നതിനാലാണ് ഇവർക്ക് പരിക്കൊന്നും ഏൽക്കാതെ രക്ഷപ്പെട്ടത്. രതീഷിന്റെ അമ്മ പദ്മിനി (70) കഴിഞ്ഞ ദിവസം വരെ ഇവിടെ ഉണ്ടായിരുന്നു. ശബ്ദം കേട്ട് പേടിച്ച് രഞ്ജിനി അടുത്ത മുറിയിലേക്ക് നോക്കുമ്പോഴാണ് വീടിൻറെ ഭാഗം ഇടിഞ്ഞു കിടക്കുന്നത് കണ്ടത്.

പാറഖനനവും വിനോദ സഞ്ചാരവും നിരോധിച്ചു

തിരുവനന്തപുരം: ജില്ലയിൽ കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ ജില്ലയിലെ കടലോര/കായലോര/മലയോര മേഖലയിലേക്കുള്ള അവശ്യ സർവീസുകൾ ഒഴികെയുള്ള ഗതാഗതം ക്വാറിയിംഗ്, മൈനിങ് പ്രവർത്തനങ്ങൾ, വിനോദ സഞ്ചാരം എന്നിവ ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ നിരോധിച്ച് ജില്ലാ കലക്ടർ ജെറോമിക് ജോർജ് ഉത്തരവിട്ടു.തിരുവനന്തപുരം പൊന്മുടിയിലേക്കുള്ള യാത്ര നിരോധിച്ചു.

എം.എൽ.എമാർ എംഎസ്എഫ് നേതാക്കളെ ജയിലിൽ സന്ദർശിച്ചു

തിരുവനന്തപുരം: പൂജപ്പുര ജില്ലാ ജയിലിൽ മലബാറിൽ പ്ലസ് വൺ സീറ്റ് വർധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് സമരം ചെയ്ത് ജയിലിൽ കഴിയുന്ന എം.എസ്.എഫ് സംസ്ഥാന നേതാക്കളെ എം.എൽ.എമാരായ എൻ.ഷംസുദ്ദീൻ, അഡ്വ യുഎ ലത്തീഫ്, കുറുക്കോളി മൊയ്തീൻ എന്നിവർ സന്ദർശിച്ചു. വയനാട് യൂത്ത് ലീഗ് ജില്ലാ പ്രസിഡന്റ് എംപി നവാസ്, മലപ്പുറം ജില്ല മുസ്‌ലിംലീഗ് വൈസ് പ്രസിഡന്റ് ഇബ്രാഹിം മുതൂർ, വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് അസ്കർ ആമയൂർ, കൊണ്ടോട്ടി നിയോജക മണ്ഡലം യൂത്ത് ലീഗ് പ്രസിഡൻറ് അഡ്വ എൻ എ കരീം, എം എസ് എഫ് ജില്ലാ പ്രസിഡന്റ് കബീർ മുതുപറമ്പ്, ജില്ലാ ജനറൽ സെക്രട്ടറി വി എ വഹാബ്, സംസ്ഥാന ഭാരവാഹികളായ പിഎച്ച് ജവാദ് അഖിൽ കുമാർ ആനക്കയം തുടങ്ങിയവർ എംഎൽഎമാർക്കൊപ്പം ഉണ്ടായിരുന്നു.



ബി.ജെ.പി ഭരിക്കുന്ന കാലത്ത് നീറ്റ് പരീക്ഷാ ക്രമക്കേട് അന്വേഷിച്ചാലും നീതി ലഭിക്കില്ല. അന്വേഷണങ്ങളൊക്കെ വരുന്നുണ്ട്. ബി.ജെ.പിയുമായി ബന്ധപ്പെട്ട് തന്നെയാണ് ക്രമക്കേട് മുഴുവൻ നടന്നതെന്ന് മനസിലാക്കാൻ കഴിയും. അതുകൊണ്ടുതന്നെ കേന്ദ്ര ഏജൻസി നടത്തുന്ന അന്വേഷണത്തിൽ എത്രമാത്രം വ്യക്തതയുണ്ടാകുമെന്ന് പറയാനാകില്ല. അത്രയും വലിയ ലോബികളാണ് ഇതിന്റെ പിന്നിലുള്ളത്. അതുകൊണ്ടുതന്നെ എന്തും സംഭവിക്കാം എന്നൊരു സാഹചര്യം നമ്മുടെ മുന്നിലുണ്ടെന്ന് മനസിലാക്കണം. കൃത്യമായ അന്വേഷണം വേണമെന്ന് ശക്തമായി ഉന്നയിക്കേണ്ടതുണ്ട്.

–എം.കെ മുനീർ

തുടർ പഠനത്തിന് മുഴുവൻ വിദ്യാർത്ഥികൾക്കും അവസരം ലഭിക്കുന്നത് വരെ മുസ്‌ലിംലീഗും പോഷക ഘടകങ്ങളും സമരം തുടരും. വിദ്യാർത്ഥി സംഘടനകളുമായി മന്ത്രി നടത്തിയ ചർച്ചകളിലെ തീരുമാനങ്ങൾ സർക്കാർ നടപ്പാക്കുമോ എന്ന് പരിശോധിക്കും. ജൂലൈ അഞ്ച് വരെ കാത്തിരിക്കും. വിദ്യാഭ്യാസ മന്ത്രി വിഷയം മലപ്പുറത്തിന്റെ മാത്രം പ്രശ്നമാക്കി ഒതുക്കാനാണ് ശ്രമിക്കുന്നത്. മലബാറിലെ ആറ് ജില്ലകളിലും ഗൗരവതരമായ പ്രശ്നമുണ്ട്. അത് മറച്ചുവെക്കാൻ വിദ്യാഭ്യാസ മന്ത്രിക്കാവില്ല. വിദ്യാഭ്യാസ മന്ത്രി ഇപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നത് കള്ളക്കണക്കുകളാണ്.

–പി.എം.എ സലാം

കേരള വാർത്തകൾ

പോർവിളിയുടെ വിഴുപ്പലക്കലിൽ സി.പി.എം കണ്ണൂർ ലോബി

ഫൈസൽ മാടായി
കണ്ണൂർ

വോട്ട് ചോർച്ചയിലൂടെ ശക്തികേന്ദ്രങ്ങളിലും കനത്ത തിരിച്ചടിയേറ്റ സി.പി.എം കണ്ണൂർ ലോബിക്കുള്ളിൽ അടങ്ങാതെ വാക്പോര്. സ്വന്തം തട്ടകത്തിലും ഒറ്റപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയന്റെ ധാർഷ്ഠ്യവും മാസപ്പടിക്കേസും ചർച്ചയായ ജില്ലയിൽ സ്വർണക്കടത്ത്, മാഫിയാ ബന്ധത്തിൽ യുവജന നേതാവിന്റെ തുറന്നുപറച്ചിലിലും മുറുകുന്നു പ്രതിസന്ധി.

കണ്ണൂർ ജില്ലാ കമ്മിറ്റിയിലും മുഖ്യമന്ത്രി പിണറായി വിജയന് നേരെയുണ്ടായ രൂക്ഷ വിമർശനത്തിന് പിന്നാലെയാണ് പാർട്ടി പിന്തുണയിൽ വളർന്ന സ്വർണക്കടത്ത് ക്വട്ടേഷൻ, മാഫിയ ബന്ധവുമായി ബന്ധപ്പെട്ട് ഡി.വൈ.എഫ്.ഐ മുൻ കണ്ണൂർ ജില്ലാ പ്രസിഡന്റ് മനുതോമസിന്റെ വെളിപ്പെടുത്തലാണ് സി.പി.എമ്മിനെ കൂടുതൽ പ്രതിസന്ധിയിലാക്കിയിരിക്കുന്നത്. പാർലമെന്റ് തിരഞ്ഞെടുപ്പിൽ പാർട്ടി തട്ടകങ്ങളിൽ ഉൾപ്പെടെയുണ്ടായ വോട്ട് ചോർച്ചയുടെ കാരണം കണ്ടെത്താനുള്ള ശ്രമങ്ങൾക്കിടെ പിണറായി വിജയനെതിരെ സ്വന്തം ജില്ലയിൽ ഉയർന്ന ആരോപണവും സ്വർണക്കടത്ത് ക്വട്ടേഷൻ, മാഫിയ ബന്ധത്തിൽ പാർട്ടി നിലപാടും പരസ്പര പോർവിളിയിലെത്തുകയായിരുന്നു.

രക്ഷാപ്രവർത്തന പരാമർശം തിരിച്ചടിയായെന്നും മൈക്ക് വിവാദം മോശം പ്രതിഛായ ഉണ്ടാക്കിയെന്നുമാണ് കണ്ണൂർ ജില്ലാ കമ്മിറ്റിയിലും പിണറായിക്കെതിരെ വിമർശനമുയർന്നത്. പൊതുസമൂഹം എല്ലാം കാണുന്നുണ്ടെന്ന ജാഗ്രത ഉണ്ടായില്ലെന്ന കുറ്റപ്പെടുത്തലിൽ രണ്ടാം പിണറായി സർക്കാർ ആദ്യത്തേതിന്റെ നിഴൽ മാത്രമെന്നും അംഗങ്ങളിൽ നിന്ന് വിമർശനമുയർന്നിരുന്നു. പാർട്ടിയെ ഈ ദുരവസ്ഥയിലെത്തിച്ചത് മുഖ്യനെന്ന വിലയിരുത്തലിൽ സ്വന്തം തട്ടകത്തിലും ഒറ്റപ്പെടുകയാണ് പിണറായി വിജയൻ. ഇതോടെ കാൽ നൂറ്റാണ്ടിന് ശേഷം സി.പി.എം പാർട്ടിയംഗങ്ങളുടെ നിർദയമായ സൂക്ഷ്മപരിശോധനക്കാണ് പിണറായി വിജയൻ വിധേയമാകുന്നത്.

1998ൽ സംസ്ഥാന സെക്രട്ടറിയായ ശേഷം പാർട്ടിക്കുള്ളിൽ ഇത്രയും രൂക്ഷമായ വിമർശനത്തിന് പിണറായി വിജയൻ വിധേയമായിട്ടില്ല. മൈക്കിനോടു പോലും അരിശം കാട്ടുന്നു, കമ്യൂണിസ്റ്റുകാരനു ചേരാത്ത പെരുമാറ്റം, മാസപ്പടിക്കേസിൽ ആരോപണം ഉയർന്നപ്പോൾ തന്നെയും പാർട്ടിയെയും പ്രതിരോധിച്ചില്ല, നവകേരളയാത്ര, ഭരണപരമായ വീഴ്ചകൾ തുടങ്ങിയ പരാമർശങ്ങളാണ് കണ്ണൂരിലും ഉയർന്നത്. ഘടകകക്ഷികൾ ഉയർത്തുന്ന വിമർശനങ്ങളും പാർട്ടിക്ക് ക്ഷീണമാകുന്നുണ്ടെന്നാണ് വിലയിരുത്തൽ.

2019ലും പാർലമെന്റ് തിരഞ്ഞെടുപ്പിൽ പാർട്ടിക്ക് ലഭിച്ചത് ഒരു സീറ്റായിരുന്നു. അന്ന് ഇത്തരത്തിൽ പിണറായിക്ക് നേരെ വിമർശനം ഉന്നയിക്കാൻ ആർക്കും ധൈര്യമുണ്ടായിരുന്നില്ല.

ഒന്നാം പിണറായി സർക്കാറിന്റെ അവസാന നാളുകളിൽ സ്വർണക്കള്ളക്കടത്ത് കേസ് കത്തിയാളിയപ്പോഴും പ്രശ്നം ഉന്നത സമിതികളിൽ ഉന്നയിച്ചില്ല ആരും. പാർട്ടിയിൽ ഒറ്റപ്പെട്ടുപോകുന്നത് മാത്രമാവും ഫലമെന്നാണ് മുതിർന്ന നേതാക്കളും കരുതിയത്. 1998ൽ നായനാർ സർക്കാരിൽ വൈദ്യുതി മന്ത്രിയായിരുന്ന പിണറായി ചടയൻ ഗോവിന്ദന്റെ നിര്യാണത്തെ തുടർന്നാണ് സംസ്ഥാന സെക്രട്ടറിയാകുന്നത്. പാർട്ടിയിൽ പ്രബലമായിരുന്ന, ഇ ബാലാനന്ദനെയും കെ.എൻ രവീന്ദ്രനാഥിനെയും പോലെ മുതിർന്ന നേതാക്കൾ നയിച്ച സി.ഐ.ടിയു പക്ഷത്തെ ഒതുക്കിയ വി.എസ് അച്യുതാനന്ദൻ താരതമ്യേന ജൂനിയറായ പിണറായിയെ സെക്രട്ടറിയാക്കുകയായിരുന്നു. തുടർച്ചയായ 17 വർഷം ആലപ്പുഴയിലെ പാർട്ടി സമ്മേളനത്തിൽ വെച്ച് പദവി ഒഴിയുംവരെ നാല് ഘട്ടങ്ങളിലായാണ് സെക്രട്ടറിയായി തുടർന്നത്.

1998ൽ പാലക്കാട് സമ്മേളനത്തിൽ എതിർപക്ഷത്തെ വെട്ടിനിരത്താൻ വി എസിന് തുണയായി നിന്നവരാണ് പിണറായിയും കോടിയേരിയും എം.എ ബേബിയും ജി സുധാകരനും. ഈ ഗ്രൂപ്പിന്റെ നോമിനിയായാണ് പിണറായി സെക്രട്ടറിയായത്. എന്നാൽ പിന്നീട് കാര്യങ്ങളെല്ലാം മാറിമറിയുകയായിരുന്നു. 2002ലെ കണ്ണൂർ സമ്മേളനത്തിൽ വെട്ടിനിരത്തുകയായിരുന്നു വി.എസ് പക്ഷത്തെ. 2005ലെ മലപ്പുറം സമ്മേളനത്തോടെ പിണറായി പക്ഷം പിടിമുറുക്കി പാർട്ടിയിൽ.

ആ കാലത്താണ് വി.എസ് പൊതുസമൂഹത്തിൽ സ്വീകാര്യത നേടുന്നത്. 2006ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ വി.എസിനെ സ്ഥാനാർഥി പട്ടികയിൽ നിന്ന് തഴഞ്ഞു. തുടർന്നുണ്ടായ ജനരോഷത്തിൽ വി.എസിനെ മുഖ്യമന്ത്രിയാക്കുന്നതിലുൾപ്പെടെ പാർട്ടി നേതൃത്വം നിർബന്ധിതരായി. എന്നാൽ മന്ത്രിസഭയിൽ ഒറ്റപ്പെടുകയായിരുന്നു വി.എസ്. 2011ൽ 72 സിറ്റ് നേടിയ യു.ഡി.എഫിനോട് പരാജയപ്പെട്ട ഇടത് മുന്നണി 2016ൽ തിരിച്ചെത്തുമ്പോഴും പടനായകൻ വി.എസായിരുന്നു. മുഖ്യമന്ത്രിയായത് പിണറായിയും. പാർട്ടിയെ തന്റെ വരുതിയിലാക്കിയ പിണറായി വിജയൻ സർക്കാറിനെയും തന്റെ ഇഷ്ടങ്ങൾക്കൊത്താണ് ചലിപ്പിച്ചത്. മുഖ്യമന്ത്രി എന്ന നിലയിലുള്ള ധാർഷ്ട്യവും നിലപാടും അണികൾക്കിടയിലെ മുറുമുറുപ്പിനുമിടയാക്കി. 2019ൽ നിന്നും 2024ലെത്തിയപ്പോൾ പാർട്ടിയെ പരാജയത്തിന്റെ പടുകുഴിയിലെത്തിച്ചത് താനാണെന്ന ദുഷ്പേര് സമ്പാദിക്കുകയായിരുന്നു പിണറായി വിജയൻ. പാർട്ടിയെ കണ്ണൂർ ലോബിക്കുള്ളിലൊതുക്കാൻ മുന്നിൽ നിന്ന പിണറായി വിജയൻ ഒറ്റപ്പെടുന്ന സാഹചര്യമാണ് ഇത്തവണ പാർലമെന്റ് തിരഞ്ഞെടുപ്പോടെയുണ്ടായത്.

ലോക്സഭയുടെ അടിസ്ഥാന മന്ത്രം തന്നെ നിഷ്പക്ഷതയെന്ന് സ്പീക്കറെ ഓർമ്മിപ്പിച്ച് ഇ.ടി

ന്യൂഡൽഹി: സ്പീക്കർ പവിത്രമായ ഒരു പദവിയാണെന്നും സഭയുടെ നായകനെന്ന നിലയിലും സമാജികരുടെ സംരക്ഷകൻ എന്ന നിലയിലും സ്പീക്കർക്ക് നിർവഹിക്കാനുള്ള ദൗത്യം സുപ്രധാനമാണെന്നും മുസ്‌ലിംലീഗ് പാർലമെന്ററി പാർട്ടി ലീഡർ ഇ.ടി മുഹമ്മദ് ബഷീർ എം.പി. ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിനെ പ്രതിനിധീകരിച്ച് പുതിയ ദൗത്യം ഏറ്റെടുത്തിരിക്കുന്ന സ്പീക്കറെ ഹൃദയംഗമായി അഭിനന്ദിക്കുന്നതിൽ സന്തോഷമുണ്ടെന്നും അദ്ദേഹം പറഞ്ഞു. സഭയുടെ അടിസ്ഥാന മന്ത്രം തന്നെ നിഷ്പക്ഷത എന്നത് ആയിരിക്കണം. ഇക്കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തന്നെ കയ്പ്പേറിയ അനുഭവങ്ങൾ ഉണ്ടായിരുന്നു. പ്രതിപക്ഷ അംഗങ്ങളെ കുരുക്കിലാക്കുകയും പ്രതിസന്ധിയിലാക്കുകയും ചെയ്തിരുന്നു. പ്രതിപക്ഷ നേതാവ് പ്രതിപക്ഷാംഗങ്ങളോട് കാണിച്ച ദ്രോഹങ്ങൾ എടുത്ത്പറഞ്ഞത് പ്രത്യേകം ശ്രദ്ധേയമാണ്. ഇന്ത്യക്ക് മാത്രമല്ല ലോകത്തിന് മുൻപിൽ തന്നെ ഒന്നിച്ച് പോകുന്നതിന്റെ മഹനീയ സന്ദേശം നൽകിയ രാജ്യമാണ് നമ്മുടേത്. മതേതര ജനാധിപത്യ രംഗത്തെ നമ്മുടെ നഷ്ട പ്രതാപങ്ങൾ എന്താർത്ഥത്തിലായിരുന്നാലും തിരിച്ചുകൊണ്ട് വരേണ്ടത് അനിവാര്യമാണെന്നും ഇ.ടി വ്യക്തമാക്കി.

പരസ്യ സംവാദത്തിനുണ്ടോ

പി ജയരാജനെ വെല്ലുവിളിച്ച് മനുതോമസ്

കണ്ണൂർ: സി.പി.എമ്മിലെ ക്വട്ടേഷൻ, മാഫിയാ ബന്ധം വെളിപ്പെടുത്തിയതിന് പിന്നാലെ മുൻ ജില്ലാ സെക്രട്ടറി പി ജയരാജനെ പരസ്യ സംവാദത്തിന് വെല്ലുവിളിച്ച് മനുതോമസ്. ക്വട്ടേഷൻ സംഘത്തിനെതിരെ പോരാടുകയായിരുന്നുവെന്ന അവകാശവാദം ആരെ കബളിപ്പിക്കാനാണെന്ന പി ജയരാജന്റെ പരാമർശത്തിനെതിരെയാണ് മനുതോമസിന്റെ വെല്ലുവിളി.

കണ്ണൂരിൽ സി.പി.എമ്മിനെ പ്രതിസന്ധിയിലാക്കിയ ക്വട്ടേഷൻ, മാഫിയ ബന്ധവുമായി ബന്ധപ്പെട്ട വിവാദത്തിന് പിന്നാലെ ഫെയ്സ്ബുക്ക് കുറിപ്പിലൂടെയാണ് ഇരുവരുടെയും വാക്പോര്. മനു തോമസ് 15 മാസമായി യാതൊരു രാഷ്ട്രീയ പ്രവർത്തനവും നടത്താത്ത ആളാണെന്നും ക്വട്ടേഷൻ സംഘത്തിനെതിരെ പോരാടുന്നുവെന്ന അവകാശവാദം ആരെ കബളിപ്പിക്കാനെന്നുമായിരുന്നു ജയരാജന്റെ ചോദ്യം. പാർട്ടിയിലെ ആരെയെങ്കിലും ലക്ഷ്യം വെച്ച് തെറ്റായ ആരോപണങ്ങളുന്നയിച്ചാൽ കൂട്ടുനിൽക്കാനാകില്ല. ഒരു പത്രത്തിൽ നടത്തിയ പരാമർശത്തിലൂടെ തന്നെയും താറടിച്ച് കാണിക്കാൻ മനു തോമസ് ശ്രമിച്ചെന്നായിരുന്നു ജയരാജന്റെ ആരോപണം. ഇതിനെതിരെ നിയമനടപടി സ്വീകരിക്കുമെന്നും പി ജയരാജൻ ഫെയ്സ്ബുക്കിൽ കുറിച്ചു. മനു തോമസിന്റെ ആരോപണങ്ങൾ വാർത്തയാക്കിയ മാധ്യമങ്ങളെയും ജയരാജൻ വിമർശിച്ചു.

മാധ്യമങ്ങളിലൂടെ പാർട്ടിയെ കൊത്തിവലിക്കാൻ അവസരമൊരുക്കിയ ആളാണ് താങ്കളെന്നായിരുന്നു മനു തോമസിന്റെ മറുപടി. ഉന്നത പദവിയിലിരുന്ന് പാർട്ടിയെ പലവട്ടം ഇതുപോലെ പ്രതിസന്ധിയിലാക്കിയ ആളാണ് താങ്കൾ. ഓർമയുണ്ടാകുമല്ലോ പലതും. താങ്കളുടെ ഇന്നത്തെ അവസ്ഥ പരമദയനീയവുമാണ് സ്വന്തം' ഫാൻസുകാർക്ക് വേണ്ട കണ്ടന്റ് പാർട്ടിയുടെത് എന്ന് തെറ്റിദ്ധരിപ്പിച്ച് തുടങ്ങിയത് കൊണ്ട് എന്തായാലും നമ്മുക്കൊരു സംവാദം തുടങ്ങാമെന്നായിരുന്നു മനുതോമസിന്റെ വെല്ലുവിളി. കാറി മുതലാളിക്ക് വേണ്ടി മലയോരത്ത് പാർട്ടി ഏരിയ സെക്രട്ടറിമാരെ വരെ സൃഷ്ടിക്കാൻ കഴിയുന്ന താങ്കളുടെ പാടവവും വിദേശത്തും സ്വദേശത്തും മകനെയും ക്വട്ടേഷൻകാരെയും ഉപയോഗിച്ച് കെട്ടിപ്പൊക്കിയ കോപ്പി കച്ചവടങ്ങളും എല്ലാം നമ്മുക്ക് പറയാമെന്നുമായിരുന്നു സി.പി.എമ്മിൽ നിന്ന് പുറത്ത് പോയ മനു തോമസിന്റെ കുറിപ്പ്. അടുത്തകാലത്ത് പാർട്ടിയിൽ പുതിയ ഗ്രൂപ്പ് ഉണ്ടാക്കാൻ ചർച്ച നടത്തിയതടക്കം ജനങ്ങൾ അറിയട്ടെയെന്നും പാർട്ടിക്കറിയാത്ത ജനങ്ങൾക്കറിയാത്ത ഒന്നും എനിക്ക് മറച്ചുവെക്കാനില്ല. താങ്കൾക്ക് എന്തെങ്കിലും എന്നെ കുറിച്ച് പറയാനുണ്ടെങ്കിൽ പറഞ്ഞോ.... പണിയെടുത്ത് തിന്നുന്നതാണ് എനിക്കിഷ്ടമെന്നുമായിരുന്നു മനുതോമസ് പി ജയരാജന് നേരെ വെല്ലുവിളിയുയർത്തിയ കുറിപ്പിലുള്ളത്.

എം. ഷാജറിനെതിരെ മനുതോമസ് നൽകിയ കത്ത് പുറത്ത്

കണ്ണൂർ: മുൻ ഡി.വൈ.എഫ്.ഐ നേതാവ് മനുതോമസ് സിപിഎം സംസ്ഥാന സെക്രട്ടറിക്ക് നൽകിയ പരാതി പുറത്ത്. യുവജന കമ്മീഷൻ ചെയർമാൻ എം ഷാജറിന്റെ പേരെടുത്ത് പറഞ്ഞ് നൽകിയ പരാതിയാണ് പുറത്തായത്. സ്വർണക്കടത്ത് ക്വട്ടേഷൻ സംഘവുമായി ചേർന്ന് എം ഷാജർ തനിക്കെതിരെ ഗൂഢാലോചന നടത്തിയെന്നാണ് മനു തോമസിന്റെ പരാതി. തെളിവായി ശബ്ദരേഖയും ജില്ലാ കമ്മിറ്റിക്ക് ലഭിച്ചതായി മനു തോമസ് പരാതിയിൽ പറയുന്നുണ്ട്. ശബ്ദരേഖ വന്നത് ആകാശ് തില്ലങ്കേരിയുടെ രഹസ്യ വാട്സ്ആപ്പ് ഗ്രൂപ്പിലാണ്. പരാതി അന്വേഷിക്കാൻ ഒരു വർഷത്തോളം ജില്ലാ കമ്മിറ്റി തയാറായില്ലെന്നും മൂന്ന് തവണ ജില്ലാ കമ്മിറ്റിയിൽ വിഷയം ഉന്നയിച്ചെന്നും മനു തോമസ് പരാതിയിൽ പറയുന്നു. ഷാജറിന് ശ്രദ്ധക്കുറവുണ്ടായി എന്ന പരാമർശം മാത്രമാണ് അന്വേഷണ കമ്മീഷൻ നടത്തിയതെന്നും മനു തോമസ് പരാതിയിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. 2023 ഏപ്രിലിലാണ് മനു തോമസ് സംസ്ഥാന സെക്രട്ടറിക്ക് പരാതി നൽകിയത്.

ഹാരിസ് ബീരാൻ പാർലമെന്റിൽ ന്യൂനപക്ഷത്തിന്റെ ശബ്ദമാവും: പ്രഫ. ഖാദർ മൊയ്തീൻ

ചെന്നൈ: ഭരണഘടനാ നിർമ്മാണത്തിൽ പങ്കുവഹിച്ച മുസ്‌ലിം ലീഗ് പ്രസ്ഥാനം അതിന്റെ സംരക്ഷണത്തിന് ഏതറ്റം വരെ പോകുമെന്നും പുതുതായി തിരഞ്ഞെടുക്കപ്പെട്ട അഡ്വ. ഹാരിസ് ബീരാൻ രാജ്യസഭയിൽ പിന്നോക്ക ന്യൂനപക്ഷത്തിന്റെ ശബ്ദമാവുമെന്നും ദേശീയ അധ്യക്ഷൻ പ്രഫ. ഖാദർ മൊയ്തീൻ പ്രസ്താവിച്ചു. ചെന്നൈയിലെ മുസ്‌ലിംലീഗ് ആസ്ഥാന മന്ദിരം ഖാഇദേ മില്ലത്ത് മൻസിലിൽ അഡ്വ. ഹാരിസ് ബീരാനെ സ്വീകരിക്കുകയായിരിന്നു അദ്ദേഹം. രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ കോൺഗ്രസും 'ഇന്ത്യ' മുന്നണിയും കോൺസ്റ്റിറ്റ്യൂഷൻ ഉയർത്തിപ്പിടിച്ച് രാജ്യത്തെ ഫാസിസ്റ്റ ശക്തികൾക്കെതിരെ ഉറച്ച് നിൽക്കുമ്പോൾ ഭരണഘടനാ മൂല്യങ്ങളെക്കുറിച്ച് ധാരണയുള്ള, അഭിഭാഷകനായ ഹാരിസ് ബീരാന്റെ നിയോഗം എന്തുകൊണ്ടും പ്രസക്തമാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

മുൻ എം പിയും തമിഴ്നാട് വഖഫ് ബോർഡ് ചെയർമാനുമായ എം അബ്ദുറഹ്മാൻ, മുസ്‌ലിംലീഗ് സംസ്ഥാന ഭാരവാഹികളായ കെ.ടി കിസർ മുഹമ്മദ്, കായൽ മഹബൂബ്, കെ.എം നിസാമുദ്ദീൻ, അബ്ദുൽ ഖാലിക്, അപ്നൂർ സഫറുള്ള, മുഹമ്മദ് ഇബ്രാഹിം മാക്കേയ്, അബ്ദുൽ ഖാദർ ശരീഫ്, എം.എസ്.എഫ് ദേശീയ ജന.സെക്ര. എസ്.എച്ച് മുഹമ്മദ് അർഷദ്, യൂത്ത് ലീഗ് ദേശീയ ട്രഷറർ അൻസാരി മടർ, വനിതാ ലീഗ് ദേശീയ അധ്യക്ഷ ഫാത്തിമ മുസഫർ, എ.ഐ.കെ.എം.സി.സി ഭാരവാഹികളായ അബൂബക്കർ ശംസുദ്ദീൻ, സൈത്തൂൻ പോക്കർ ഹാജി, അബ്ദുൽ റഹിം, മുസ്‌ലിം ലീഗ് നേതാക്കളായ, എ.എച്ച് മുഹമ്മദ് ഇസ്മായിൽ, കോദർ ഷാഹ്, കെ ശംസുദ്ദിൻ, ഇർഫാൻ സുബൈർ, യൂസുഫ് ഗുലാം മുഹമ്മദ്, മുസഫർ അഹമ്മദ്, പീർ മുഹമ്മദ്, അബുബക്കർ, അഡ്വ. നൂർ മുഹമ്മദ്, ആലം ഖാൻ, പൂവയി മുസ്തഫ, ഇനായത്തുള്ള ശരീഫ്. അഡ്വ. ആയിഷ, എ.എം സൈത്തൂൻ, ജബീൻ എന്നിവർ പ്രസംഗിച്ചു.

മുസ്‌ലിം ലീഗ് സ്ഥാപക നേതാവും മുൻ പാർലിമെന്ററിയനുമായിരുന്ന ഖാഇദെ മില്ലത്ത് മുഹമ്മദ് ഇസ്മായിൽ സാഹിബിന്റെ ഖബറിടം സന്ദർശിച്ച ശേഷമാണ് ഹാരിസ് ബീരാൻ ചെന്നൈയിലെ മുസ്‌ലിംലീഗ് ആസ്ഥാന മന്ദിരത്തിലെത്തിയത്. മുസ്‌ലിം ലീഗ് ദേശീയ അധ്യക്ഷൻ പ്രഫ ഖാദർ മൊയ്തീൻ പ്രാർത്ഥനക്ക് നേതൃത്വം നൽകി. മുസ്‌ലിംലീഗ്, യൂത്ത് ലീഗ്, എം.എസ്.എഫ്, വനിതാ ലീഗ്, എ.ഐ.കെ.എം.സി. സി, ലോയേഴ്സ് ഫോറം നേതാക്കൾ അനുഗമിച്ചു.

കഴിഞ്ഞ ദിവസം ചെന്നൈയിലെ അപ്പോളോ ആശുപത്രിയിൽ അന്തരിച്ച മലപ്പുറം താനൂരിലെ ഇശ ഫാത്തിമയുടെ കുടുംബത്തെ ഹാരിസ് ബീരാൻ ആശുപത്രിയിൽ സന്ദർശിച്ചു.

CLICK നിയുക്ത രാജ്യസഭാംഗം അഡ്വ.ഹാരിസ് ബീരാൻ ചെന്നൈയിൽ ഖാഇദെമില്ലത്ത് മുഹമ്മദ് ഇസ്മായിൽ സാഹിബിന്റെ ഖബറിടം സന്ദർശിച്ച് പ്രാർത്ഥന നടത്തുന്നു. മുസ്‌ലിംലീഗ് ദേശീയ പ്രസിഡന്റ് പ്രൊഫ.കെ.എം ഖാദർ മൊയ്തീൻ, തമിഴ്നാട് വഖഫ് ബോർഡ് ചെയർമാൻ അബ്ദുറഹിമാൻ തുടങ്ങിയവർ സമീപം

CLICK ഏകപക്ഷീയവും വിദ്യാഭ്യാസ അവകാശ നിയമത്തിന് വിരുദ്ധവുമായ അക്കാദമിക കലണ്ടർ പിൻവലിക്കണമെന്നാവശ്യപ്പെട്ട് പൊതുവിദ്യാഭ്യാസ സംരക്ഷണ സമിതി നടത്തിയ നിയമസഭാ മാർച്ച് പ്രതിപക്ഷനേതാവ് വി.ഡി സതീശൻ ഉദ്ഘാടനം ചെയ്യുന്നു

പൊതു വിദ്യാഭ്യാസ കലണ്ടറിനെതിരെ അധ്യാപകരുടെ നിയമസഭാ മാർച്ച്

തിരുവനന്തപുരം: ഏകപക്ഷീയവും വിദ്യാഭ്യാസ അവകാശ നിയമത്തിന് വിരുദ്ധവുമായ അക്കാദമിക കലണ്ടറിനെതിരെ പൊതുവിദ്യാഭ്യാസ സംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ അധ്യാപകർ നിയമസഭയിലേക്ക് മാർച്ച് നടത്തി. നിയമസഭക്ക് മുന്നിൽ പൊലീസ് തടഞ്ഞ മാർച്ച് പ്രതിപക്ഷനേതാവ് വി.ഡി സതീശൻ ഉദ്ഘാടനം ചെയ്തു.

കേരളത്തിലെ പൊതുവിദ്യാഭ്യാസത്തെ തകർക്കുന്ന ഹൈസ്കൂൾ-ഹയർ സെക്കണ്ടറി ഏകീകരണ നീക്കം അനുവദിക്കാനാവില്ലെന്ന് അദ്ദേഹം പറഞ്ഞു. കാലങ്ങളായി തുടരുന്ന പൊതുവിദ്യാഭ്യാസ രംഗത്തെ കേരളാ മോഡലിന് തുരങ്കംവെക്കുന്ന ഏകീകരണമെന്ന തുഗ്ലക്കിയൻ പരിഷ്കാരത്തിൽ നിന്ന് സർക്കാറും വിദ്യാഭ്യാസ വകുപ്പും പിൻമാറണം. മികച്ച രീതിയിൽ മുന്നോട്ടു പോകുന്ന ഹയർ സെക്കണ്ടറി മേഖലയെ ഇല്ലാതാക്കാനുള്ള നീക്കം കേരളത്തിലെ പൊതു സമൂഹം അംഗീകരിക്കില്ലെന്നും ശക്തമായ പ്രക്ഷോഭത്തിന് അധ്യാപകർക്കൊപ്പം കേരളത്തിലെ പ്രതിപക്ഷവും ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.

പാഠ്യ പദ്ധതി പരിഷ്കരണത്തിലെ രാഷ്ട്രീയവൽക്കരണം അവസാനിപ്പിക്കുക, പന്ത്രണ്ടാം ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിക്കുക, ക്ഷാമബത്ത കുടിശ്ശിക അടക്കമുള്ള ആനുകൂല്യങ്ങൾ അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് നടത്തിയ നിയമസഭാ മാർച്ചിൽ എം.എൽ.എമാരായ ടി.വി ഇബ്രാഹിം, നജീബ് കാന്തപുരം, ആബിദ് ഹുസൈൻ തങ്ങൾ തുടങ്ങിയവർ പങ്കെടുത്തു. പൊതുവിദ്യാഭ്യാസ സംരക്ഷണ സമിതി ജനറൽ കൺവീനർ കെ അബ്ദുൽ മജീദ് അധ്യക്ഷത വഹിച്ചു. കോ ഓഡിനേറ്റർ കെ.എം അബ്ദുള്ള, ട്രഷറർ എ.വി ഇന്ദുലാൽ, വൈസ് ചെയർമാൻമാരായ ആർ അരുൺകുമാർ, അനിൽ എം ജോർജ്, കെ.ടി അബ്ദുൽ ലത്തീഫ്, ജോയിന്റ് കൺവീനർമാരായ എം.എ ലത്തീഫ്, സിജു കെ, ഡി.ആർ ജോസ് എന്നിവർ നേതൃത്വം നൽകി. അംഗസംഘടനാ സംസ്ഥാന നേതാക്കളായ പി.കെ അസീസ് (കെ.എസ്.ടി.യു), പി അരവിന്ദൻ (കെ.പി.എസ്.ടി.എ) എസ് മനോജ് , കെ വെങ്കിടമൂർത്തി, കെ കെ ആലിക്കുട്ടി , ടി. പി അബ്ദുൽ ഹഖ്,അനിൽ വട്ടപ്പാറ, സി. എ. എൻ. ശിബിലി, വർഗീസ് തുടങ്ങിയവർ സംസാരിച്ചു.

തീവണ്ടിയിലെ ബർത്ത് വീണ് മരണം

റെയിൽവേ മന്ത്രിയോട് നടപടി ആവശ്യപ്പെട്ട് സമദാനി

ന്യൂഡൽഹി: തീവണ്ടിയിലെ ബർത്ത് ശരീരത്തിൽ വീണതിനെ തുടർന്ന് ഗുരുതരമായി പരിക്കേറ്റ മാറഞ്ചേരി സ്വദേശി അലി ഖാൻ മരണപ്പെട്ട സംഭവത്തിൽ അന്വേഷണം നടത്താനും കുടുംബത്തിന് പരമാവധി നഷ്ടപരിഹാരം നൽകാനും അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഡോ.എം.പി അബ്ദുസ്സമദ് സമദാനി എം.പി റെയിൽവേ മന്ത്രി അശ്വനി വൈഷ്ണവിനോട് ആവശ്യപ്പെട്ടു. ബർത്ത് വീണ് യാത്രക്കാരൻ മരണപ്പെട്ട സംഭവം നിർഭാഗ്യകരവും ഖേദകരവും ഏറെ പ്രതിഷേധാർഹവുമാണെന്ന് മന്ത്രിക്കയച്ച അടിയന്തര സന്ദേശത്തിൽ സമദാനി പറഞ്ഞു. മില്ലേനിയം സൂപ്പർഫാസ്റ്റ് എക്സ്പ്രസിലുണ്ടായ ഈ അപകടത്തിൽ തന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട മാറഞ്ചേരി സ്വദേശിയാണ് മരണപ്പെടുകയുണ്ടായത്. അപകടത്തിൽ കഴുത്തിന് മാരകമായി പരിക്കേറ്റതിനെ തുടർന്നാണ് യാത്രക്കാരന്റെ ദാരുണ മരണം സംഭവിച്ചത് . കുടുംബത്തിന് ഇനിയുള്ള നീതി ലഭിക്കാനെങ്കിലും ഇടപെടണമെന്ന് സമദാനി മന്ത്രിയോട് ആവശ്യപ്പെട്ടു.

മന്ത്രി രാജേഷിന്റെ നിലപാടിൽ പ്രതിഷേധിച്ച് ബിൽഡിംഗ് ഓണേഴ്സ് കോൺഫെഡറേഷൻ

കോഴിക്കോട്: കേരളത്തിലെ കെട്ടിട ഉടമകൾക്ക് വേണ്ടി മുസ്‌ലിം ലീഗിലെ അഡ്വ.യു.എ. ലത്തീഫ് നിയമസഭയിലുന്നയിച്ച ക്രമ പ്രശ്നത്തെ വളച്ചൊടിച്ച് യാതൊരു പരിഗണനയും നൽകാതെ അപഹസിച്ച് ട്രോളിയ മന്ത്രി എം.ബി.രാജേഷ് നിലപാടിൽ കെട്ടിട ഉടമകൾ ജനാധിപത്യ രീതിയിൽ ശക്തമായി പ്രതികരിക്ക